# കുരിശിന്റെ പ്രതീകങ്ങൾ

## പൂർവ്വിക സുറിയാനി പിതാക്കന്മാരുടെ രചനകളിൽ

ഇഗ്നാത്യോസ് അഫ്രേം ദ്വിതീയൻ

FRIENDS OF
ANTIOCH

ഈ കൃതിയുടെ പ്രീ പ്രസ് കോപ്പി പ. ഇഗ്നാത്യോസ് അഫ്രേം ദ്വിതീയൻ ബാവാ നോക്കി സന്തോഷം പങ്കിടുന്നു. സംശോധകൻ ഡോ. കുര്യാക്കോസ് കോറെപ്പിസ്കോപ്പാ മൂലയിൽ സമീപം.

# കുരിശിന്റെ പ്രതീകങ്ങൾ

## പൂർവ്വിക സുറിയാനി പിതാക്കന്മാരുടെ രചനകളിൽ


**ഇഗ്നാത്യോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ്**

*പരിഭാഷകൻ*

**ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ**

*എഡിറ്റർ*

**ഡോ. കുറിയാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ**



*പ്രസാധകർ*

**ഫ്രണ്ട്സ് ഓഫ് ആന്റിയോക്**

വിതരണം

**മോർ ആദായി സ്റ്റഡി സെന്റർ**

**ചീരംചിറ, ചങ്ങനാശ്ശേരി 686106**

**KURISINTE PRATHEEKANGAL**
**Poorvika Suriyani Pithakkanmarude Rachanakalil** (Malayalam)
Author
**H.H. Patriarch Ignatius Aphrem II**
Translator
**Jacob Varghese Mannakkuzhiyil**
Editor
**Dr. Kuriakose Corepiscopa Moolayil**

Publishers : **Friends of Antioch**
Distribution : **Mor Adai Study Centre**
Cheeranchira, Changanacherry-686 106
Mob: +9446203002
Email: moolelachen@yahoo.com
web: moradaistudycenter.org

Typesetting : Priyam Graphics, Kurichy
Prepress: alenlayout@gmail.com

**Price: ₹ 100.00**

# പ്രസാധക കുറിപ്പ്

പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവാ യുടെ ഡോക്ടറൽ തീസിസ് ജോർജിയാസ് പ്രസ്, ന്യൂജേഴ്സി (യു.എസ്. എ.) 2004-ൽ പ്രസിദ്ധീകരിച്ചിരുന്നു. *'കുരിശിന്റെ പ്രതീകങ്ങൾ പൂർവ്വിക സുറിയാനി സഭാ പിതാക്കന്മാരുടെ രചനകളിൽ'* എന്നപേരിൽ മലയാള ത്തിലേക്കു പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയാണ്. ജോർജിയാസ് പ്രസ് ഡയറക്ടറും എന്റെ പ്രിയ സുഹൃത്തും സുറിയാനി സാഹിത്യത്തിനും സമകാലിക ലോകത്തിന് അത്യുദാത്തമായ സംഭാവനകൾ നൽകി ക്കൊണ്ടിരിക്കുന്ന ഡോ. ജോർജ് കിരാസ് 2004-ൽ പ്രസിദ്ധീകരിച്ച ഈ കൃതി ജേക്കബ് വർഗ്ഗീസ് മാന്നാക്കുഴിയിൽ മലയാളത്തിലേക്കു പരി ഭാഷപ്പെടുത്തി, 2015 ഫെബ്രുവരി 15-ാം തീയതി പരിശുദ്ധ പാത്രിയർ ക്കീസ് ബാവായുടെ പ്രഥമ മലങ്കര സന്ദർശനവേളയിൽ അദ്ദേഹത്തിനു സമർപ്പിച്ചതാണ്. (പരിശുദ്ധ ബാവാ ഈ കൃതി സാകൂതം പരിശോധി ക്കുന്ന ഒരു ചിത്രം ലഭ്യമായത് ഈ പുസ്തകത്തിന്റെ കവറിൽ ചേർത്തി ട്ടുണ്ട്. 'മാന്നാർ ഫോർഎസ്. ഡിജിറ്റൽ സ്റ്റുഡിയോ' ഉടമ മോനച്ചൻ ആണ് ഈ ചിത്രം പകർത്തിത്തന്നത്. (അവിചാരിതമായി നൽകിയ ഈ ചിത്രോപഹാരത്തിനു പ്രത്യേകം നന്ദി). പല സാങ്കേതിക കാരണങ്ങൾ മൂലം ഇപ്പോൾ മാത്രമാണ് അച്ചടിച്ചു പ്രസിദ്ധീകരിക്കുവാൻ സാധിച്ചത്. ഇതിന്റെ പ്രസിദ്ധീകരണ ചുമതല ഏറ്റെടുത്തിരിക്കുന്നത് മോർ ആദായി സ്റ്റഡി സെന്ററുമായി ചേർന്ന് ഫ്രണ്ട്സ് ഓഫ് ആന്റിയോക് ആണ്.

കുരിശ് ക്രൈസ്തവസഭയുടെ ശക്തമായ പ്രതീകമാണ്. ശാപമായി രുന്നത് രക്ഷയുടെ പ്രതീകമായി രൂപാന്തരപ്പെടുന്നു. സ്നേഹം, ത്യാഗം, ക്ഷമ, സഹിഷ്ണുത എന്നിവയുടെ പ്രതിരൂപമായി കുരിശ് മാറ്റപ്പെടുന്നു. ഏദനിലെ മരത്തിലൂടെ ഉണ്ടായ വീഴ്ചയും മരണവും കുരിശുമരത്തിലൂടെ രക്ഷയും ജീവനും വാഗ്ദത്തം ചെയ്യപ്പെടുന്നതായി തീരുന്നു. പഴയനിയ മത്തിൽ ഏദനിൽ തുടങ്ങി വളരെയധികം പ്രതിബിംബങ്ങളെ കുരിശുമായി ബന്ധപ്പെടുത്തുന്നുണ്ട്. വളരെ അർത്ഥഗർഭമായ ഈ പ്രതീക പഠന ങ്ങളിൽ ആദ്യകാല സുറിയാനി പിതാക്കന്മാർ ഉത്സുകരായിരുന്നു. അഫ്ര ഹാത്ത്, അപ്രേം, സ്രൂഗിലെ മോർ യാക്കൂബ്, പൗരസ്ത്യ സഭയിലെ മോർ നർസായി തുടങ്ങിയവരെ ഉദ്ധരിച്ച് ഈ കൃതിയുടെ സാംഗത്യം വളരെ സ്പഷ്ടമാക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധ അപ്രേം കരീം ബാവായുടെ പണ്ഡിതോചിതമായ ഈ പ്രബന്ധം സഭാ പഠിതാക്കൾക്കെല്ലാം ഉചിത മായ സ്രോതസ്സായിത്തീർന്നിരിക്കുന്നു.

അക്കാദമിക കൃതികളുടെ പരിഭാഷ വലിയൊരു യജ്ഞമാണ്. സൂക്ഷ്മ ശ്രദ്ധ എല്ലാ രംഗത്തും അനിവാര്യമാണ്. സുറിയാനി മൂലങ്ങളിൽ നിന്നുള്ള പരിഭാഷയ്ക്ക് സുറിയാനി ഭാഷാപരിജ്ഞാനം അനിവാര്യമാണ്. അതുകൊണ്ടുതന്നെ ശ്രീമാൻ ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ

ഏറ്റെടുത്ത ഈ പരിശ്രമം വളരെ സൂക്ഷ്മമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. മോർ ആദായി സ്റ്റഡി സെന്റർ ഡയറക്ടർ ബോർഡ് അംഗം കൂടിയായ പ്രിയപ്പെട്ട ജേക്കബ് വർഗീസ് ഇതിനുമുമ്പു പ്രസിദ്ധീകരിച്ച പല പുസ്തകങ്ങളും പരിഭാഷപ്പെടുത്തി മികവു തെളിയിച്ചിട്ടുണ്ട്. കൃത്യമായ പരിഭാഷ അദ്ദേഹത്തിന്റെ മുഖമുദ്രയാണ്. മൂലകൃതിയുമായി പരിശോധിച്ചു നോക്കേണ്ടി വരുന്ന ആശയ ക്ലിഷ്ടത ഇദ്ദേഹത്തിന്റെ പരിഭാഷയിൽ അശേഷവുമില്ല. പരിഭാഷ തന്നെ മൂലകൃതിയുടെ എല്ലാ സവിശേഷതയും ഉൾക്കൊള്ളുന്ന വിശിഷ്ടത ഇവിടെ നമുക്കു കാണുവാൻ കഴിയും. ലളിതമായ ഭാഷയ്ക്കും സവിശേഷമായ ആശയഗരിമയും ആദ്യന്തം നിലനിൽക്കുന്നു. സംശോധകൻ എന്ന നിലയിൽ ഇംഗ്ലീഷ് മൂലവും മലയാള പരിഭാഷയും ഒന്നിലധികം തവണ വായിച്ച എനിക്ക് ഈ കൃതിയുടെ ശ്രേഷ്ഠതയും പരിഭാഷാ മികവും സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

മോർ ആദായി സ്റ്റഡി സെന്റർ സ്ഥാപിതമായ കാലം മുതൽ തന്നെ മോർ കൂറീലോസ് അപ്രേം കരീം മെത്രാപ്പോലീത്താ എനിക്കു വലിയ പ്രോത്സാഹനം നൽകിയിരുന്നു. എല്ലാ കൃതികളും വാത്സല്യപൂർവ്വം സ്വീകരിക്കുകയും ഇംഗ്ലീഷ് കൃതികളെല്ലാം താൽപര്യപൂർവ്വം വായിച്ച് അഭിപ്രായം പറയുകയും ചെയ്യുമായിരുന്നു. പാത്രിയർക്കീസന്മാരായ അപ്രേം പ്രഥമൻ, യാക്കൂബ് തൃതീയൻ, സാഖാ പ്രഥമൻ എന്നിവരുടെ കൃതികൾ മോർ ആദായി സ്റ്റഡി സെന്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ പാത്രിയർക്കീസായിരിക്കുന്ന അപ്രേം ദ്വിതീയൻ ബാവായുടെയും ഈ കൃതി പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതിൽ വലിയ സന്തോഷം ഉണ്ട്.

ഫ്രണ്ട്സ് ഓഫ് ആന്റിയോക് സഹകരിക്കുന്നതുമൂലം ഈ കൃതി വളരെ വില കുറച്ച് (പ്രസിദ്ധീകരണ ചെലവുകളിലും താഴ്ത്തി) വിതരണം ചെയ്യുവാൻ സാധിക്കുന്നുണ്ട്. പ്രചാരണരംഗത്ത് ഇതു വളരെ പ്രയോജനപ്പെടും എന്നു വിശ്വസിക്കുന്നു.

സഭാവിശ്വാസപഠിതാക്കളായ എല്ലാവർക്കുംവേണ്ടി ഈ കൃതി ദൈവനാമത്തിൽ സമർപ്പിക്കുന്നു. പരിഭാഷാനുമതിയും പ്രസിദ്ധീകരണാവകാശവും നൽകിയ ജോർജിയാസ് പ്രസ്സിനും ഫ്രണ്ട്സ് ഓഫ് ആന്റിയോക് പ്രവർത്തകർക്കും നന്ദി. പ. ഇഗ്നാത്തിയോസ് അപ്രേം കരീം രണ്ടാമൻ ബാവായോടുള്ള നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു.

ദൈവനാമമഹത്വത്തിനായി

**കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**
ഡയറക്ടർ, മോർ ആദായി സ്റ്റഡി സെന്റർ

യൽദോബാവായുടെ ഓർമ്മദിനം 2017

# മോർ ആദായി സ്റ്റഡി സെന്റർ

സിറിയൻ ഓർത്തഡോക്സ് സഭാവിജ്ഞാനീയപഠനങ്ങൾക്കും പ്രചാരണങ്ങൾക്കും വിദ്യാഭ്യാസ സഹായങ്ങൾക്കും മുഖ്യലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ചിരിക്കുന്ന ഒരു സ്വമേധയാ സംഘമാണ് ഈ പഠനകേന്ദ്രം. 2001 ജനുവരിയിൽ *സത്യവിശ്വാസപഠനങ്ങൾ* എന്ന കൃതിയോടുകൂടി ആരംഭം കുറിച്ച് ഈ പ്രസ്ഥാനം ഇക്കഴിഞ്ഞ വർഷങ്ങളിലായി ആത്മസംതൃപ്തി നൽകുന്ന അനേകം കൃതികൾ പ്രസിദ്ധീകരിക്കുകയുണ്ടായി. എളിയ രീതിയിൽ ഈ സഭാസേവനം തുടരുവാൻ ആത്മാർത്ഥമായി സഹകരിച്ച് ഡയറക്ടർ ബോർഡ് അംഗത്വം സൗമനസ്യത്തോടെ സ്വീകരിച്ച് സഹായിച്ച മാന്യസഹകാരികൾക്കും ബുക്ക് ക്ലബ്ബ് അംഗത്വം സ്വീകരിച്ച സഹൃദയർക്കും സർവോപരി ആയുസ്സും ആരോഗ്യവും നൽകി അനുഗ്രഹിക്കുന്ന ദൈവകൃപയ്ക്കും നന്ദിയും കൃതജ്ഞതയും അർപ്പിക്കുന്നു.

**ഡയറക്ടർ ബോർഡ് അംഗത്വം**

ഈ പഠനകേന്ദ്രത്തിന്റെ ഡയറക്ടർ ബോർഡ് അംഗത്വം അധികാരങ്ങളൊ അവകാശങ്ങളൊ ഭരണച്ചുമതലയൊ അധികമായുള്ള ഒരാകർഷണസ്ഥാനം എന്നതിനേക്കാൾ ഈ പ്രസ്ഥാനത്തോടുള്ള കൂറും സഹകരണവും എന്ന നിലയിലാണ് എല്ലാവരും സമീപിച്ചിട്ടുള്ളത്. ഇവരുടെ ആത്മാർത്ഥമായ സഹകരണം ഇല്ലാതെ ഈ പ്രസ്ഥാനം മുന്നോട്ടുപോവുകതന്നെ അസാധ്യമാണ്. വ്യക്തമായ ദിശാബോധം നൽകി ഞങ്ങളെ നയിക്കുവാനും പുതിയ തലങ്ങളിലേക്ക് പ്രവർത്തന മേഖല വികസിപ്പിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കുവാനും കൂടുതൽ വ്യക്തികൾ പതിനയ്യായിരം രൂപയിൽ (U.S. $ 250.00) കുറയാത്ത സംഭാവനകൾ നൽകി മുന്നോട്ടുവരും എന്ന് പ്രത്യാശിക്കുന്നു. ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് പഠനകേന്ദ്രം വക എല്ലാ കൃതികളും സൗജന്യമായി ലഭിക്കുന്നതാണ്.

**പ്രീമിയം ബുക്ക് ക്ലബ്ബ്**

പഠനകേന്ദ്രം പ്രസിദ്ധീകരിക്കുന്ന മിക്ക കൃതികളും തികച്ചും സൗജന്യമായി ലഭിക്കുന്നതിന് 5000 രൂപാ (U.S. $ 150.00) നൽകി അംഗത്വമെടുക്കാവുന്നതാണ്.

## Board of Directors


H.H. Ignatius Aphrem II Patriarch of Antioch and all the East
H.B. Basalius Thomas I Catholicose
H.G. Mor Gregoriose Joseph
H.G. Mor Theethose Yeldho
H.G. Mor Aprem Mathew
H.G. Dr. Mor Coorilose Geevarghese
H.G. Zachariah Mor Polycarpos
V. Rev. Dr. Abraham Thomas Corepiscopa Vazhayil
V. Rev. Mathews Corepiscopa Edathara, Augusta
V. Rev. Mathews Corepiscopa Kavumkal, Velloor
V. Rev. Sabu T. Chorattil Corepiscopa, Los Angeles
V. Rev. Varkey Mundackal Corepiscopa, New York
Rev. Fr. Dr. Biji Chirathilattu, England
Rev. Fr. Eldose Chirangara
Rev. Prof. Joseph Kulathramannil
Rev. Fr. Martin Babu Vadakkedath, Houston

Rev. Fr. Mathew Varghese, Karuthalackal, Chicago
Rev. Fr. Shyjan Maruthala, Wynad
Rev. Dr. Varghese P. Manikkatt, MaryLand
Rev. Dn. Anup Kuruvilla, Boston
Rev. Dn. Money Jacob, Boston
Rev. Dn. T.S. Varghese, Houston
Mr. Abraham Eapen, Mineapolis
Comdr. Dr. E.C. Abraham Edathara, Arkansas
Mr. & Mrs. Abraham P. George, Poothicot
Chev. Babu Jacob, New York
Chev. Babu Mathew, Muscat
Mr. Biju K. Mathew Puthupally, New Jersey
Mr. Biju Cherian Parochalil, New York
Chev. Cherian Venkadath, Chicago
Chev. K.J. Daniel, Doha
Dr. Jacob Mathew Pullolickal, Ohio
Chev. C.K. Joy, New Jersey
Mr. George Varghese, Malaysia
Mr. Jacob Varghese, Mannakuzhiyil, Thadiyoor
Comdr. T. John. Ex. Minister, Bangalore
Mr. Jose Jacob, Chicago
Dr. Kurian Mani, Los Angeles
Dr. Leena George, Kuwait
Chev. Dr. Mathews Abraham, Sharjah
Mr. Mathews Mancha, New Jersey
Dr. Mathew Varghese, Mary Land
Mr. Mathew Ninan, Tampa
Mr. Ninan T. Varghese, Philadelphia
Comdr. Philip Jacob, Houston
Mr. Paul P. John, Tampa
Mr. Paul Philipose, Dallas
Mr. Perumanoo I. Mathew, New Jersey
Mr. Raju Varghese, Canada
Comdr. Dr. Roy P. Thomas, Chicago
Mr. Sabu Jacob Pukadiyil, Philadelphia
Mr. Shaji Peter, South Carolina
Mr. Shibin Philipose
Mr. Shinu Jesus Abraham, Kuwait
Mr. Suresh Ittoop Pukadiyil, Saudi Arabia
Mr. Thomas Chandy, Houston
Mr. & Mrs. Thomas George, Kelachandra
Dr. Thomas Joseph, Los Angeles
Mr. Vinod Abraham, Chicago
Comdr. Varghese Chamathil, Dallas
Chev. Varghese Parambath, Philadelphia
Mr. Varghese K. Paruthuvayalil, New York
*Malphono d' Marduthо* Dr. Kuriakose Corepiscopa Moolayil (Executive Director)

## പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങൾ

1. *സത്യവിശ്വാസപാഠങ്ങൾ* ₹ 100.00
 - ഡോ. ഗീവർഗീസ് മോർ കൂറിലോസ് &
 - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
2. *വിധി നടത്തൽ ഹർജി - വിധിയും വിശകലനവും**
 - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
3. *കാഴ്ചപ്പാടുകൾ - സഭയും സമൂഹവും**
 - ഡോ.ഗീവർഗീസ് മോർ കൂറിലോസ്
4. *മലങ്കരസഭയുടെ കാൽനൂറ്റാണ്ട്**** ₹ 350.00
 - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
5. *The Indian Church of St. Thomas**** - E.M.Philip ₹ 500.00
6. *Four Historic Documents**
 - Dr. Kuriakose Corepiscopa Moolayil (Editor)
7. *The Eucharist Service of the Jacobite Syrian Christians* ₹ 250.00
 - Dr. Poulose Mor Athanasius Metropolitan Kadavil
8. *The Book of Common Prayers for Ordinary, Great Lent and Holy Week Days* ₹ 50.00
 - Dr. Kuriakose Corepiscopa Moolayil (Editor) *8A. Malayalam Version* ₹ 35.00
9. *Morning Prayers for Sundays (Sleeba)** (English Translation in Syriac Tunes)
 - Dr. Kurian Archcorepiscopa Kaniamparampil
10. *സുറിയാനിസഭാ ചരിത്രം* ₹ 350.00
 - ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ്
11. *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം**** ₹ 200.00
 - പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ
12. *പൂർവിക പിതാക്കന്മാരും പൊതുസുന്നഹദോസുകളും* ₹ 200.00
 - പുതുശേരി യൗസേഫ് ശെമ്മാശൻ
13. *A Guide to the Altar Assistants* ₹ 75.00
 - Dr. Kuriakose Corepiscopa Moolayil
14. *The Syrian Orthodox Church:Its Religion and Philosophy* ₹ 200.00
 - Dr. Paulose Mor Athanasius Metropolitan Kadavil
15. *പൗരസ്ത്യ കാതോലിക്കാസ്ഥാപനത്തിന്റെ യഥാർത്ഥനില**
 - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ (എഡിറ്റർ)
16. *ജീവന്റെ അപ്പം**** (വി.കുർബാനാ വ്യാഖ്യാനം) ₹ 100.00
 - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
17. *മതോപദേശപാലനങ്ങൾ**
 - ഇ.എം.ഫിലിപ്പ്
18 *Quintessence of Religious Doctrines*
 - Vattasseril Geevarghese Mor Dionasius ; Prof. O.M. Mathew (Editor)
19. *വിശുദ്ധ ഗ്രന്ഥവായനക്കുറിപ്പ് ****
 - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
20. *മതോപദേശസാരങ്ങൾ* ₹ 60.00
 - വട്ടശ്ശേരിൽ ഗീവർഗീസ് മോർ ദീവന്നാസ്യോസ്
21. *Trilingual Eucharist Service Book of the Syrian Orthodox Church**
 - Dr. Kuriakose Corepiscopa Moolayil (Editor)
22. *ജീവജലം** ₹ 200.00
 - മോർ ക്രിസോസ്റ്റമോസ് മോശ സലാമ
23. *ഭാഗ്യനിക്ഷേപം* ₹ 75.00
 - മോർ ക്രിസോസ്റ്റമോസ് മോശ സലാമ
24. *മഹാപരിശുദ്ധനായ മഞ്ഞിനിക്കര ബാവ** ₹ 150.00
 - ഡോ.കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ

25. *വിശുദ്ധനാട് സന്ദർശനങ്ങൾ* ₹ 350.00
- ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
26. *പൗരസ്ത്യ സന്യാസപിതാക്കന്മാരുടെ മൊഴിമുത്തുകൾ**
- ഫാ. ഡോ. സ്റ്റീഫൻ പ്ലാത്തോട്ടം
27. *ചിതറിയ മുത്തുകൾ : സുറിയാനി ഭാഷാ-സാഹിത്യപഠനങ്ങൾ* ₹ 500.00
- പ.ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ്
- ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ (പരിഭാഷ)
28. *ഇന്ത്യയിലെ സുറിയാനി സഭാചരിത്രം**** ₹ 300.00
- പ. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്
- ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ (പരിഭാഷ)
29. *വി. കുർബാന തക്സ* (19 ക്രമങ്ങൾ)**
30. *The Blessed Virgin Mary* - Sara Knight ₹ 100.00
31. *The Syrian Orthodox Church of Kerala and The Church Missionary Society* ₹ 100.00
– Prof. O.M.Mathew
32. *വൈദിക ഗൈഡ്* ₹ 100.00
- തകിടിയിൽ യാക്കോബ് കശീശ
33. *A Collection of Articles by H.H.Ignatius Zakka I* ₹ 150.00
34. *വിശ്വാസസംരക്ഷകൻ ലേഖനങ്ങൾ* ₹ 100.00
- ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
35. *സമ്പൂർണ്ണ സുറിയാനി ബൈബിൾ (Syriac Peshitta Bible)* ₹ 1500.00
36. *സമുദായക്കേസിലെ സാക്ഷിമൊഴികൾ* ₹ 800.00
- ഡോ. കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പാ കണിയാമ്പറമ്പിൽ
37. *വി. ലൂക്കോസിന്റെ സുവിശേഷം: വഞ്ചിപ്പാട്ട്* ₹ 100.00
- സി. റ്റി. വർഗീസ്, നീണ്ടൂർശ്ശേരിൽ
38. *വീക്ഷണങ്ങൾ വിചിന്തനങ്ങൾ* ₹ 100.00
- റവ. പ്രൊഫ. ജോസഫ് കുളത്രാമണ്ണിൽ
39. *The Syrian Christians in India* – Dr. Claudius Buchanan and
*Were the Syrian Christians Nestorians?* – Archbishop Mor Ivanios ₹ 200.00
40. *പരിശുദ്ധാത്മാവ്: സുറിയാനി മാമോദീസാ ക്രമങ്ങളിൽ* ₹ 250 .00
- ഡോ. സെബാസ്റ്റ്യൻ ബ്രോക് ഓക്സ്ഫോഡ്
- ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ (പരിഭാഷ)
41. *സുറിയാനി ഓർത്തഡോക്സ് സഭയുടെ വിശുദ്ധ വിശ്വാസപ്രമാണം*
- ആർച്ച്കോർഎപ്പിസ്കോപ്പാ ഡോ. കുര്യൻ കണിയാമ്പറമ്പിൽ ₹ 50 .00
42. *കുരിശിന്റെ പ്രതീകങ്ങൾ:പൂർവിക സുറിയാനിപിതാക്കന്മാരുടെ രചനകളിൽ* - പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ₹ 100 .00
43. *മ്ശീഹൈക്യ സ്വഭാവം*
- സ്ലീബാ മോർ ഒസ്താത്തിയോസ്

* സ്റ്റോക്കില്ല (ആവശ്യക്കാർക്ക് പുസ്തക രൂപത്തിൽ ഫോട്ടോ കോപ്പി എടുത്തുകൊടുക്കുന്നതാണ്. ** അച്ചടിയിൽ *** ജെ.എസ്.സി. പബ്ലിക്കേഷൻസ്
available online - www.moradaistudycenter.org


പുസ്തകങ്ങൾക്കും ബുക്ക്ക്ലബ് അംഗത്വത്തിനും ബന്ധപ്പെടുക *

**ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**
ചീരംചിറ, ചങ്ങനാശ്ശേരി 686 106; **Mob: 944 620 3002**
email: moolelachen@yahoo.com; w.w.w.moradaistudycenter.org

* സഭയുടെ എല്ലാ പുസ്തകശാലകളിലും കോപ്പികൾ ലഭ്യമാണ്.

# ഉള്ളടക്കം


1. പ്രതീകങ്ങളുടെ ദൈവശാസ്ത്രത്തിലേക്ക് 11

2. സുറിയാനി പിതാക്കന്മാർ 26

ഒന്നാം ഭാഗം
**കുരിശ് ഏദൻ മുതൽ ഗോൽഗോത്താവരെ** 51-129

1. കുരിശും ഏദനിലെ പർദൈസായും 52

2. കുരിശും പഴയനിയമ ഗോത്രപിതാക്കന്മാരും 64

3. കുരിശും പ്രവാചകന്മാരും 88

4. പ്രകൃതിയിൽ കുരിശിന്റെ പ്രതീകങ്ങൾ 112

രണ്ടാം ഭാഗം
**കുരിശ് ഗോൽഗോത്തായിൽനിന്നും പറുദീസായിലേക്ക്** 131-192

5. കുരിശ് ഒരു ചരിത്രസംഭവം 132

6. കുരിശ് കൗദാശികമായ ഒരു സംഭവം 155

7. കുരിശ് ഒരു അന്ത്യദിന സംഭവം 176

ഉപസംഹാരം 188

Bibliography 193

# 1
# പ്രതീകങ്ങളുടെ ദൈവശാസ്ത്രത്തിലേക്ക്

## A. പ്രതീകങ്ങളുടെ ദൈവശാസ്ത്രത്തിന്റെ പുനർജന്മം

പാശ്ചാത്യലോകത്തിന് സുപരിചിതം അല്ലാത്ത ഒരു പ്രത്യേക ദൈവശസ്ത്രത്തിന്റെ പുനരുത്ഥാനത്തിന് ഇരുപതാം നൂറ്റാണ്ട് സാക്ഷ്യം വഹിച്ചു. ആദിമ സഭ പൊതുവെയും പൗരസ്ത്യ സഭകൾ പ്രത്യേകിച്ചും നൂറ്റാണ്ടുകളായി സ്വീകരിച്ച്, പണ്ടേ തന്നെ പ്രയോഗത്തിലാക്കിയിരുന്നതിനാലാണ് ഇതൊരു പുനരുത്ഥാനം ആയി ഭവിച്ചത്. ഈ ദൈവശാസ്ത്രം പ്രതീകങ്ങളുടെ ദൈവശാസ്ത്രം അഥവാ ചിലർ നാമകരണം ചെയ്തിരിക്കുന്നതുപോലെ, പ്രതീകാത്മ ദൈവശാസ്ത്രം (Symbolic Theology) എന്നറിയപ്പെടുന്നു.

പ്രാഥമികമായി, പ്രതീകങ്ങളെയും പ്രതിച്ഛായകളെയും അടിസ്ഥാനപ്പെടുത്തിയുള്ള ഈ ദൈവശാസ്ത്രം വിശ്വാസത്തെ ഉൾക്കൊള്ളുവാനുള്ള ഒരു പൗരസ്ത്യ ഉപായമാണ്. എന്നാൽ ഇത് അതിവ്യാപകമായി വികാസം പൂണ്ടത് സുറിയാനി ക്രിസ്തീയതയിലാണ്. സുറിയാനി സംസാരഭാഷയായുള്ള ലോകത്ത് ഇപ്രകാരമുള്ള ഒരു ദൈവശാസ്ത്രം വളർന്നു വികസിക്കുവാൻ, പ്രത്യേകമായും, അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കപ്പെട്ടത് രണ്ടു കാരണങ്ങളാലാണ്.

പ്രതിച്ഛായകളിലും പ്രതീകങ്ങളിലും ആസ്വാദ്യകരമായ അനുഭവം ദർശിച്ച സെമിറ്റിക് സമൂഹത്തിന്റെ പ്രത്യേകതയാണ് അതിൽ ഒന്നാമത്തേത്. ഈ ചിന്താഗതി തിരുവെഴുത്തുകളിൽ പ്രയാസമെന്യേ തിരിച്ചറിയുവാൻ സാധിക്കുന്നതാണ്. ഇതൊരു യഹൂദാ-ക്രിസ്ത്യൻ പാരമ്പര്യവും യഹൂദ മതത്തിൽ നിന്നും സുറിയാനി സഭകൾക്ക് വിലപ്പെട്ട പൈതൃകമായി ലഭ്യമായവയുടെ ഒരു ഭാഗമായി തുടർന്നു വന്നിരുന്നതുമാണ്.

രണ്ടാമതായി ഗ്രീക്ക്-റോമൻ സംസ്കാരവുമായി ബന്ധമുള്ള എന്തിനെയും അപ്രീതിയോടും അവിശ്വാസത്തോടും കൂടിമാത്രം നോക്കി കണ്ടിരുന്ന ഒരു സാമൂഹ്യപരിസ്ഥിതിയിലാണ് ഇപ്രകാരമുള്ള ഒരു ദൈവശാസ്ത്രം വളർച്ച പ്രാപിച്ചത്. രാഷ്ട്രീയമായും സാംസ്കാരികമായും ജനത ആദ്യം യവന മേധാവിത്വത്തിലും പിന്നീട് റോമാധിപത്യത്തിലും ആയിരുന്നു. ഒരു വൈദേശികാധിപത്യം സഭാപരമായി തങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുവാനുള്ള ശ്രമത്തെ അവർ ചെറുത്തു നിന്നിരുന്നു. തദ്ദേശീയമായ സുറിയാനി ഭാഷയും അധിനിവേശീയമായ ഗ്രീക്ക്, ലത്തീൻ

ഭാഷകളും തമ്മിലുള്ള പരസ്പര മത്സരം രൂക്ഷവുമായിരുന്നു; പില്ക്കാലത്ത് കൽക്കിദൂനിയ സഭയുമായും[1] ഈ മത്സരം അപ്രകാരം തന്നെയായിരുന്നു. ഈ മനോഭാവം പാശ്ചാത്യ സംസ്കാര-തത്ത്വശാസ്ത്രങ്ങളിൽ നിന്നും സുറിയാനി സഭയെ അകറ്റി നിർത്തി, തങ്ങളിലേക്ക് തന്നെ അതിനെ ഉൾക്കൊള്ളിച്ചു. എന്നാൽ, ഗ്രീക്ക് ഗ്രന്ഥസമുച്ചയങ്ങളെ സുറിയാനിയിലേയ്ക്ക് പരിവർത്തനം ചെയ്യുവാനും തുടർന്ന് അറബിയിലേക്കും ഭാഷാന്തരം ചെയ്ത് യവന തത്ത്വശാസ്ത്രത്തെ മറ്റുള്ളവരിലേക്ക്-പ്രത്യേകിച്ചും അറബിലോകത്തിലേക്ക് - വിനിമയം ചെയ്യുവാൻ ഇതൊരു തടസ്സമായിരുന്നില്ല. ജോലിയിലൂടെ കുറെയൊക്കെ പണം സമ്പാദിച്ചുകൊണ്ട്, ഇപ്രകാരം പരിഭാഷ നടത്തിയവർ സാധാരണക്കാരായിരുന്നു എന്ന് കാണുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. പക്ഷേ, ഗണിതശാസ്ത്രവും വൈദ്യവും പോലെയുള്ള ശാസ്ത്രവിഷയങ്ങളും ഗ്രീക്ക് തത്ത്വശാസ്ത്രവും പഠിക്കുന്നതിൽ വിരുതന്മാരായിരുന്ന സുറിയാനി പണ്ഡിതന്മാരുടെ ബുദ്ധിവൈഭവത്തെ അവഗണിക്കേണ്ടതില്ല. പരിഭാഷകരെ ആകർഷിക്കാതിരുന്ന ഒരേ ഒരു മണ്ഡലം ദൈവശാസ്ത്രം മാത്രമായിരുന്നു; നെസ്തോറിയർക്കെതിരെ എഴുതിയ അന്ത്യോഖ്യയുടെ സേവേറിയോസും അലക്സന്ത്രിയായിലെ കൂറീലോസും പോലുള്ള കല്കിദൂന്യ വിരുദ്ധരായ പിതാക്കന്മാരുടെ എഴുത്തുകൾ ഒഴിച്ചു നിർത്താമെന്നു മാത്രം.

മറിച്ച്, ദൈവശാസ്ത്രത്തോടുള്ള ഈ പ്രതീകാത്മ സമീപനത്തിന് കല്കിദൂന്യ വിവാദം ഒരു കനത്ത വെല്ലുവിളി തന്നെ ഉയർത്തി. സൂക്ഷ്മമായ ദൈവശാസ്ത്ര പദപ്രയോഗത്തിന് പ്രതീകങ്ങൾ മാത്രം അവയിൽ തന്നെ പൂർണ്ണമായ ഒരു അർത്ഥം നേടുവാൻ കഴിഞ്ഞില്ല. ആ സമയത്ത്, സത്യവിശ്വാസത്തെ പ്രതിരോധിക്കുവാൻ പൂർണ്ണമായ അർത്ഥവ്യാപ്തി ആവശ്യവുമായിരുന്നു. അഗാധമായ ദൈവശാസ്ത്ര സത്യങ്ങൾ സ്പഷ്ടമാക്കേണ്ടതിന് തത്ത്വശാസ്ത്രപരമായ ആശയങ്ങളിന്മേൽ ഉപവിഷ്ടമാക്കിക്കൊണ്ട് ഒരു ദൈവശാസ്ത്ര സംജ്ഞാപ്രയോഗം വികസിപ്പിച്ചെടുക്കേണ്ടത് അത്യന്താപേക്ഷിതമായിത്തീർന്നു. മാബൂഗിലെ പീലക്സിനോസിനെപ്പോലെയുള്ളവർ ഈ ആവശ്യം മനസ്സിലാക്കുകയും ഗ്രീക്ക് സംജ്ഞാപ്രയോഗങ്ങളോട് അവർ തങ്ങളെതന്നെ പരിചിതരാക്കുകയും ചെയ്തു; എന്നാൽ ദൈവശാസ്ത്രത്തോടുള്ള പ്രതീകാത്മ സമീപനം, നാം കാണാൻ പോകുന്നതുപോലെ, അവർ പൂർണ്ണമായി ഉപേക്ഷിച്ചില്ലതാനും.

---

1 വേദശാസ്ത്ര പണ്ഡിതനായിരുന്ന എഡേസായിലെ യാക്കോബ്, തന്റെ ഭദ്രാസനമായ എഡേസാ ഉപേക്ഷിച്ച ശേഷം അന്ത്യോഖ്യായ്ക്ക് സമീപമുള്ള ദയറായിൽ എത്തി. അവിടെ അദ്ദേഹം ദയറാ വാസികളെ ഗ്രീക്കു ഭാഷ പഠിപ്പിക്കുവാൻ ആരംഭിച്ചു. അക്കാരണത്താൽ ദയറായിൽ നിന്നു ബഹിഷ്കൃതനുമായി.

എന്നാൽ, ഈ സമീപനം, അനേകം സഭാ പിതാക്കന്മാരിൽ അനുകൂലമായ ഭാവത്തിൽ തുടർന്നുകൊണ്ടിരുന്നു പ്രത്യേകിച്ചും, കവിതാരൂപത്തിൽ എഴുതികൊണ്ടിരുന്നവരിൽ. അവരുടെ കവിതാസൃഷ്ടികൾ സുറിയാനി ആരാധനക്രമങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. സെബാസ്റ്റ്യൻ ബ്രോക്ക് സൂചിപ്പിക്കും പ്രകാരം ഈ അനുകൂല മനോഭാവം, അനേക സുറിയാനി സഭാ വിഭാഗങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പുസ്തകങ്ങളിൽ ഇന്നയോളം സംരക്ഷിക്കപ്പെട്ട് സജീവമാക്കിയിരിക്കുന്നു.

പാശ്ചാത്യരിൽ, ഈ ദൈവശാസ്ത്രത്തിന്റെ പുനഃസൃഷ്ടിക്ക് ശ്രദ്ധേയമായ സംഭാവന ചെയ്തവർക്ക് നേതൃത്വം നല്കിയത് തന്റെ അനേക കൃതികളിലൂടെ J. Danie'lou ആണ്. പ്രത്യേകിച്ചും തന്റെ കൃതികളായ *Primitive Christian Symbols*[2], *The Theology of Jewish Christianity*[3], *Sacramentam Futuri*[4] എന്നിവയിലൂടെ. എന്നാൽ ആധുനിക യൂറോപ്യൻ ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ട സുറിയാനി ഗ്രന്ഥങ്ങളുടെ പ്രകാശനത്താൽ സാധിതപ്രായമായ സുറിയാനി ക്രിസ്ത്യാനികളുടെ സാഹിതീ സൃഷ്ടികളോടുള്ള അഭിഗമ്യത ഈ ദൈവശാസ്ത്രത്തിന്റെ മൂലകങ്ങളെ ഗഹനമായി നോക്കി കാണാനും, ദൈവശാസ്ത്രത്തിന്റെ ചില പാശ്ചാത്യ മാമൂൽ രീതികളെ പുനഃപരിശോധനാവിധേയമാക്കുവാനും ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പണ്ഡിതന്മാരിൽ ഒരു പുതിയ ഉണർവ്വിന് പ്രോത്സാഹനമേകി[5].

## B. പ്രതീകാത്മ ദൈവശാസ്ത്രത്തിന്റെ സ്വഭാവം.

താത്ത്വികമായ വീക്ഷണത്തിലൂടെ ദൈവിക രഹസ്യങ്ങളെ നോക്കി കാണുന്ന ഗ്രീക്ക്-റോമൻ രീതിയെ പ്രതീകങ്ങളുടെ ദൈവശാസ്ത്രം പിന്തുടരണമെന്നില്ല; എന്നാൽ പഴഞ്ചനും യുക്തി രഹിതവുമായ ഒരു മനോഭാവത്തിന്റെ[6] അതിജീവനവുമല്ല അത്. ദൈവത്തെക്കുറിച്ചുള്ള ആധികാരിക അറിവിനെ വഹിക്കുവാനുള്ള സാധുവായ ഒരു സമാന്തര

---

2 J.Danielou: *Primitive Christian Symbols,* Compass Books (London Burns & Oates, 1964

3 J. Danielou: *The Theology of Jewish Christianity,* The Development of Christian Doctorine Befor the council of Nicea, Vol1, (London Darton, Longman, 7Todd,1964)

4 J. Danielou, *Sacramentum Futuri:* Eudes sur les origines de' la typologie Bilique (Paris, Beaycgesbe 1950)

5 ദൈവശാസ്ത്ര ഭാഷയുടെ യുക്തി കാരണം സൈദ്ധാന്തിക ദൈവശാസ്ത്രം പ്രതീകാത്മ ശാസ്ത്രത്തിന്റെ ഒരു മുറയായി വിളിക്കുവാൻ പോലും J. Macquarrie തുനിയുന്നു. J. Macquarrie: *Principles of Christian Theology* (London SCM press,1966) 178 കാണുക.

6 J. Danielou, *The problem of Symbolism*, Thought 25 (1950):430

മാർഗ്ഗമാണ്; കാരണം, ദൃശ്യവും അദൃശ്യവുമായ ലോകങ്ങൾ തമ്മിൽ സന്ധിക്കുന്ന ഒരു ബിന്ദുവാണത്. യുക്തിചിന്ത അർത്ഥ സംപൂർണ്ണമെന്നതുപോലെ തന്നെ, അർത്ഥത്തെ വിനിമയം ചെയ്യുന്നതിൽ പ്രതീകങ്ങൾ ഒരു യഥാർത്ഥ പങ്കു വഹിക്കുന്നു. B.Lonergan പറയുന്നതുപോലെ[7] "സങ്കല്പിക്കുന്നതിലൊ വിഷയം മനസ്സിലാക്കുന്നതിലൊ നിർവഹിക്കപ്പെടുന്ന മൂല അർത്ഥമാകാം അത്."

പ്രതീകങ്ങളുടെ ദൈവശാസ്ത്രത്തെക്കുറിച്ചുള്ള തന്റെ പ്രബന്ധത്തിൽ K. Rahner, പ്രതീകങ്ങൾ പ്രതിബിംബിപ്പിക്കുന്നവയുടെ സ്വയം സഫലീകരണങ്ങളായിട്ടാണ് പ്രതീകങ്ങളെ പരിഗണിച്ചിരിക്കുന്നത്.[8] വേറൊരു വിധത്തിൽ പറഞ്ഞാൽ പ്രതീകം അത് പ്രതീകപ്പെടുത്തുന്നതിന്റെ അന്തസത്തയുമായി പങ്കാളി ആയിരിക്കണം. ആകയാൽ പ്രതീകം സ്വയം അറിവിന്റെ ഒരു മാർഗ്ഗമാണ്. Rahner പറയും പ്രകാരം,[9] പിതാവാം ദൈവത്തെ നമുക്ക് അറിയപ്പെട്ടവനാക്കി തീർത്ത ഒരുവനാണ്[10] ക്രിസ്തു എന്നതിനാൽ, ക്രിസ്തു ദൈവത്തിന്റെ പരിപൂർണ്ണമായ പ്രകാശനമാണ്, അഥവാ ലോകത്തിൽ ദൈവത്തിന്റെ അനാദിയിലെ പ്രതീകമാണ് ക്രിസ്തു. മനുഷ്യവർഗ്ഗത്തിന്റെ കൂടി പരിപൂർണ്ണമായ ഒരു പ്രതീകമാണ്[11] എന്നത്, പക്ഷേ, Rahner പരാമർശിച്ചിട്ടില്ല. മനുഷ്യാവതാരം ദൈവപുത്രനെ നമ്മോട് സാരാംശപൂർണ്ണനാക്കി തീർത്തു, ആകയാൽ വീഴ്ചയ്ക്ക് മുമ്പ് നാം ആയിരുന്ന അവസ്ഥയിൽ പൂർണ്ണമായ മനുഷ്യ സ്വഭാവത്തിന്റെ പരിപൂർണ്ണ പ്രതീകമായി ക്രിസ്തു ഭവിച്ചു.

പ്രതീകാത്മക ചിന്തയുടെ രണ്ടു ഇനങ്ങൾക്കിടയിൽ പ്രതീകങ്ങളുടെ ദൈവശാസ്ത്രം സൂക്ഷ്മമായി നിലകൊള്ളുന്നു. അതിലൊന്ന്, ഗ്രീക്ക് - റോമൻ ലോകവും ആധുനിക പ്രതീക കർത്താക്കളും (Cousins, Jung) സ്വീകരിച്ചിരിക്കുന്ന സൂക്ഷ്മ (abstract)ങ്ങളായ പ്രതീകങ്ങളുടെ തത്ത്വശാസ്ത്രപരമായ ഭാഷയും, മറ്റത് പ്രകൃതിയിലെ മതങ്ങളുടെ പ്രപഞ്ച പ്രതീകാത്മതയും.

---

7 B. Lonergan, *Method in Theology* (London, Darton Longmans & Todd, 1972)66-67

8 L. Rahner *The Theology of the symbol* Theological Investigations, Vol.4 (London): Darton, Longman & Todd, 1966)

9 K. Rahner, *The Theology of the Symbol*, 230

10 യോഹന്നാൻ 1:18

11 1) J.H.P Wong: *Logos Symbol in Christology of Karl Rahner* Studi di teleogia dogmatica 2/ Biblioteca di Scienze Religiose bo (Rome:LAS 1984), 82,106,119.
2) A.C Bridge, *Images of God: An essay on the life and Death of symbols* (LondonO Hodder & Stoughton, 1960), 82

'ജലം' എന്ന പദം ഇതിനൊരു ഉദാഹരണമാണ്. നിറമില്ലാത്ത, മണമില്ലാത്ത, രുചിയില്ലാത്ത ദ്രാവകം - ഓക്സിജനും ഹൈഡ്രജനും ചേർന്നുണ്ടായ ഒരു സംയുക്തം - ഇതാണ് ജലം എന്ന പദത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്നത്. വേറൊരു വിധത്തിൽ ചിന്തിച്ചാൽ, പ്രകൃതിയിലെ ചില മതങ്ങളിൽ അത് ജീവനൊ മരണമൊ എന്ന് അർത്ഥമാക്കാൻ കഴിയും. ഭയത്താലൊ ആദരവാലൊ ഒരു ആരാധനാ വസ്തുവായി ജലം മാറിയേക്കാം. പ്രതീകാത്മ ദൈവശാസ്ത്രത്തിൽ ജലത്തിന് ജീവനും മരണവും എന്ന അർത്ഥം സങ്കല്പിക്കുവാൻ സാധിച്ചേക്കാം; എന്നാൽ അത് തികച്ചും വ്യത്യസ്തമായ ഒരു സാഹചര്യത്തിലെന്നു മാത്രം. ജീവന്റെ പ്രതീകമായി ജലം മാറേണ്ടതിന് ശുദ്ധീകരണത്തിന്റെ ഒരു പ്രക്രിയയിലൂടെ അതിന് കടന്നു പോകേണ്ടിയിരിക്കുന്നു- വെളിവാക്കപ്പെട്ട ഒരു സത്യവുമായി അതിനെ ബന്ധിപ്പിക്കണം. മാമോദീസായുടെ ബന്ധത്തിലൂടെ മാത്രമെ ജലം ജീവദായകമാകയുള്ളൂ. ആരാധനാ സമയത്തെ വിശുദ്ധ വാചകങ്ങളിലൂടെ ഈ കൃത്യം നിർവ്വഹിക്കപ്പെടുന്നു. ആ സമയത്ത്, യോർദാൻ നദിയിലെ കർത്താവിന്റെ മാമോദീസയുമായി, മാമോദീസ ഏറ്റ ക്രിസ്ത്യാനിയുടെ വെള്ളം പറുദീസായിൽ കൈകൊള്ളപ്പെടുന്നു; കാരണം മാമോദീസാ വെള്ളത്തിൽ ക്രൂശിന്റെ സൂക്ഷ്മമായ വീണ്ടെടുപ്പിൽ നിന്നും ചേർക്കപ്പെട്ടിരിക്കുന്ന അന്ത്യവിധിയുടെ അംശം ആവാഹിച്ചിരിക്കുന്നു.

ദൈവശാസ്ത്രം വിശ്വാസത്തെ മനസ്സിലാക്കുന്നതിനുവേണ്ടിയുള്ളത് മാത്രമാണ്. വിശ്വാസം, വി. ഗ്രന്ഥം, ആകമാനസൃഷ്ടി എന്നിവയുടെ സുറിയാനി പിതാക്കന്മാരുടെ ധാരണ പ്രതീകങ്ങളാലും സാദൃശങ്ങളാലും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അവരുടെ ധാരണയ്ക്ക് അവ സ്പഷ്ടീകരണം നൽകുന്ന ഹേതുവാണ്.[12] സാദൃശപരമായ ഭാഷ്യത്തിലൂടെ പ്രതീകങ്ങളും പ്രതിരൂപങ്ങളും ഉപയോഗപ്പെടുത്തി പഴയ-പുതിയ നിയമങ്ങളെ തമ്മിലും ഈ ലോകവും സ്വർഗ്ഗലോകവും തമ്മിലും ബന്ധിപ്പിക്കുന്ന ഒരു സംവിധാനം അവർ രൂപപ്പെടുത്തി. അവർക്ക് പ്രതിരൂപങ്ങളും പ്രതീകങ്ങളും വെറും ചൂണ്ടുപലകകൾ മാത്രമായിരുന്നില്ല; പ്രതീകങ്ങൾ അവയിൽ തന്നെ അവ പ്രതിബിംബിപ്പിക്കുന്നവയുടെ സജീവ സാന്നിദ്ധ്യം ഉൾകൊണ്ടിരുന്നു.[13] സാദൃശ്യത്തിന്റെ ഇരുസരണികൾ: പഴയ-പുതിയ നിയമങ്ങൾ തമ്മിലുള്ള തിരശ്ചീനമായതും (horizontal) ഭൂമിയും സ്വർഗ്ഗവും തമ്മിലുള്ള ലംബ (Vertical)മായതും ലോകത്തെ കൗദാശികമായി പരിഗണിക്കുന്നതിനുള്ള വഴി പിതാക്കന്മാർക്ക് തുറന്നു കൊടുത്തു. ഈ

---

12 S.P. Brock, *the Harp of the Spirit: Twelve Poems of St. Ephrem*, Studies Supplementary to sobornost 4 (London: Fellowship of St. Alban and St Sergius, 1975).

13 S.P. Brock: *"The Poets as Theologian"* Sobornost 7:4(1977):245

കൗദാശിക ലോകത്ത് നമുക്ക് രണ്ടു വിധത്തിലുള്ള സമയം ഉണ്ട്: ദൈവ പുത്രന്റെ അവതാരത്തിന്റെ നിറവേറലിന്റെ മുന്നോടിയായി സംഭവിച്ച പഴയനിയമത്തിലെ സംഭവങ്ങളും എഴുത്തുകാരും അടങ്ങുന്ന ചരിത്രപര മായ സമയം (historical time) ആണ് ആദ്യത്തേത്. രണ്ടാം വിധത്തിലുള്ള സമയമാകട്ടെ, മനുഷ്യാവതാരം എന്ന സംഭവം തുടക്കം കുറിക്കുന്ന സമയം അതായത് വിശുദ്ധമായ അഥവാ ആരാധനാപരമായ സമയം (The Sacred or liturgical time). ഈ സമയത്തിനുള്ളിലേക്കാണ് വിശ്വാസികൾ കൂദാശകളിൽ കൂടെ - പ്രത്യേകിച്ചും മാമോദീസ, വി. കുർബാന - പറു ദീസായിലെ ആ കൂദാശകളുടെ നിറവേറലിനായി കാത്തിരിക്കുന്നത്. ഈ വിശുദ്ധ സമയത്താണ് മനുഷ്യാവതാരം പ്രാബല്യത്തിലാക്കി പ്രയോജന പ്രദമാക്കുന്നത്. മനുഷ്യാവതരം സംഭവിക്കുന്നതിനുമുമ്പ് ചരിത്രസമയത്ത് മരിച്ചു പോയവർക്കുപോലും ഈ സമയം പ്രയോജകീഭവിക്കുന്നു. അപ്പോൾ ചരിത്രകാലത്തിനും വിശുദ്ധകാലത്തിനും മദ്ധ്യേ മനുഷ്യാവതാരം സംഭവിച്ചു നിൽക്കുന്നു.

"പ്രതീകാത്മ ദൈവശാസ്ത്രം" (Symbolic Theology) എന്ന് സെബാ സ്റ്റ്യൻ ബ്രോക്ക്[14] ശരിയായി നാമകരണം ചെയ്തിരിക്കുന്ന ദൈവശാസ്ത്ര ത്തിലാണ് സുറിയാനി പിതാക്കന്മാർ ഇപ്രകാരമുള്ള പ്രതീകങ്ങളും പ്രരൂപങ്ങളും ഉപയോഗിച്ചു തങ്ങളുടെ ദൈവശാസ്ത്രം പ്രാവർത്തിക മാക്കിയിരിക്കുന്നത്. ഇപ്രകാരമുള്ള ദൈവശാസ്ത്ര സ്വാതന്ത്ര്യത്തിന് ശക്തിമത്തും സൃഷ്ടിപരവുമായ ഭാവന അത്യന്ത്യാപേക്ഷിതമെന്നതിന് സംശയം ഒട്ടും വേണ്ട. ചിലപ്പോൾ അവ കേൾവിക്കാരുടെ മനസ്സിൽ യുക്തിവാദങ്ങളാൽ സാധിക്കുന്നതിനുപരി സ്ഥിരപ്രതിഷ്ഠ ലഭ്യമാക ത്തക്ക പ്രതിരൂപങ്ങളിലും പദ പ്രയോഗങ്ങളിലും വാർത്തെടുക്കപ്പെട്ടവയു മാണ്. അഫ്രേമിനെ സംബന്ധിച്ചിടത്തോളം നിസിബിസിലെയും എഡേ സ്സായിലെയും സാധാരണ മനുഷ്യരായിരുന്നു അവ. പക്ഷേ, ഇവ യ്ക്കെല്ലാം തന്നെ, ഇപ്രകാരമുള്ള ദൈവശാസ്ത്രത്തിന് ഒരു ക്രമാനുസൃത രീതിയോ പൊരുത്തമോ ആകമാനം നഷ്ടപ്പെടണമെന്നില്ല.[15]

ഈ പ്രതീകാത്മ ദൈവശാസ്ത്രത്തിൽ ഭാഷ ഒരു പ്രധാന പങ്ക് വഹി ക്കുന്നു. കൂടാതെ പേരുകളും സംഖ്യകളും സുപ്രധാനമാണ്. അവയ്ക്കു ള്ളിൽ, കാണുവാനും മനസ്സിലാക്കുവാനും ഉതകുന്ന പ്രത്യേകമായ ഒരു കണ്ണ് - വിശ്വാസത്തിന്റെ കണ്ണ് - ആവശ്യമായ, ഗോപ്യമായ ഒരു അർത്ഥം മറഞ്ഞു കിടക്കുന്നുണ്ട്. ഓരോരുവനും താന്താന്റെ വിശ്വാസത്തിന്റെ നിലയ്ക്കനുസരിച്ച്, വ്യത്യസ്തമായ ജനം വ്യത്യസ്തമായ രീതിയിൽ

14 S.P. Brock: *"The Poets as Theologian"* Sobornost 7:4(1977):243
15 R. Murray, *"A Hymn of St.Eprem to Christ"*, Sobornost 1:1 (1979):50

മനസ്സിലാക്കത്തക്കവണ്ണമുള്ള ദൈവിക യാഥാർത്ഥ്യങ്ങളെ വിനിമയം ചെയ്യുന്നതിനായുള്ള യാനവാഹികളാണ് പദങ്ങളും അക്ഷരങ്ങളും.[16]

സുറിയാനി പിതാക്കന്മാരെ സംബന്ധിച്ചിടത്തോളം, ഒരു ദൈവ ശാസ്ത്ര പ്രതീകമാകാൻ ആ പ്രതീകത്തിന് - അത് ഒരു അടയാളമൊ ഒരു പ്രരൂപമോ ഒരു സംഭവമോ ആകട്ടെ - താഴെ പറയുന്ന സവിശേഷ തകൾ ഉണ്ടായിരിക്കണം.

### ഒരു പ്രതീകം അതിനെയല്ലാതെ മറ്റൊന്നിനെ ചൂണ്ടിക്കാണിക്കുന്നതായിരിക്കണം

ഒരു ദൈവശാസ്ത്ര പ്രതീകത്തിന്റെ കർത്തവ്യം അതിന്റെ നില നില്പിന്റെ യാഥാർത്ഥ്യത്തെ മാത്രം ഉറപ്പിക്കുന്ന ഒന്നായിക്കൂടാ. എന്നാലൊ അത് എന്തിനെ പ്രതീകപ്പെടുത്തുന്നുവൊ അതിനെ പ്രതിബിംബിപ്പിക്കു ന്നതായിരിക്കണം. നമ്മിൽ നിന്നും മറ്റു വിധത്തിൽ മറച്ചുവയ്ക്കപ്പെട്ടി രിക്കുന്ന മതപരമായ യാഥാർത്ഥ്യങ്ങളെ അവ ചൂണ്ടി കാട്ടണം. ഈജി പ്റ്റിലെ പെസഹ ചരിത്രപരമായി എബ്രായക്കാരക്ക് ഒരു രക്ഷണ്യസംഭ വമായിരുന്നു; എന്നാൽ ക്രിസ്തുവാകുന്ന പുതിയ പെസഹയുടെ വെളി ച്ചത്തിൽ നാം വീക്ഷിക്കുമ്പോൾ അത് നമ്മെയെല്ലാം രക്ഷിക്കുന്ന കുരി ശിലേക്ക് വിരൽ ചൂണ്ടുന്ന ഒരു പ്രതീകമായി തീരുന്നു. ക്രിസ്തുവിന്റെ കുരിശുമരണത്തെ സ്വീകരിക്കുവാൻ യോഗ്യമാകത്തക്കവണ്ണം ഈജി പ്റ്റുകാരിൽ നിന്നുള്ള വിടുതലിനെ സ്മരിക്കുവാൻ പെസഹ ആചരണം പ്രായോഗികമാക്കുവാൻ ദൈവം എബ്രായക്കാരോട് കല്പിച്ചു.

### ഒരു പ്രതിരൂപം യാതൊന്നിനെ പ്രതിരൂപ്പെടുത്തുന്നുവൊ അതിൽ പങ്കാളിയാവുന്നു

ഒരു ദൈവശാസ്ത്ര പ്രതീകം, അത് പ്രതിരൂപപ്പെടുത്തുന്നതിനെ ഓർമ്മിപ്പിക്കുന്ന ഒന്നു മാത്രമല്ല, അത് പ്രതിരൂപപ്പെടുത്തുന്നത് തത്സമയം വാസ്തവവും സാന്നിദ്ധ്യമുള്ളതുമാക്കി തീർക്കുന്നു. മോശ തന്റെ വടി യാൽ അനേക അത്ഭുതങ്ങൾ പ്രവർത്തിച്ചു.ചെങ്കടലിനെ അടിച്ച് എബ്രാ യക്കാർക്ക് കടന്നു പോകത്തക്കവണ്ണം അതിനെ വിഭജിച്ചു; പാറയെ അടിച്ച് അവർക്ക് കുടിക്കത്തക്കവണ്ണം അതിൽ നിന്നും വെള്ളം ഒഴുക്കി. വടിയുടെ ശക്തിയാലല്ല ഈ അത്ഭുതങ്ങൾ സാധിതപ്രായമാക്കി തീർത്തത്; എന്നാലൊ വടി പ്രതിരൂപപ്പെടുത്തിയ കുരിശിന്റെ ശക്തിയാലാണ്.

---

16 M. Lawler വിശ്വാസത്തെ, മനസ്സിലാക്കുവാനും വിശുദ്ധമായതിനെ പ്രതീകങ്ങളിലൂടെയും പ്രതീകങ്ങളിലും പൂർണ്ണമാക്കി സജീവമാക്കുന്നതി നാവശ്യമായ പ്രവണത എന്ന് വിളിക്കുന്നു. M. Lawler, *Symbols and Sacrament: A contemperorary Sacremental Theology* (New York: Paulist Press, 1987),25

മോശയുടെ വടിയും ക്രിസ്തുവിന്റെ കുരിശുംപോലെ, പ്രതീകം അത് പ്രതിരൂപപ്പെടുത്തുന്നതിന്റെ അതേ സ്വഭാവം ഉള്ളതായിരിക്കാം. ഇവിടെ രണ്ടും മരം കൊണ്ടുണ്ടാക്കിയതായിരുന്നു. എന്നിരുന്നാലും പ്രതീകം അത് പ്രതിരൂപപ്പെടുത്തിയതിന്റെ ശക്തിയിലും പ്രവൃത്തിയിലും പങ്കെടുക്കേണ്ടിയിരുന്നു എന്നതാണ് പ്രാഥമിക കാര്യം. അമാലേക്കിനെതിരെ യുദ്ധം ചെയ്യുവാൻ തന്റെ കൈ മോശ നീട്ടിയപ്പോൾ അദ്ദേഹം കുരിശിന്റെ അടയാളത്തിന് രൂപം നൽകുകയായിരുന്നു. അങ്ങനെ, യുദ്ധക്കളത്തിൽ ജനം യഥാർത്ഥ നേട്ടം ഉണ്ടാക്കി, കുരിശിന്റെ പ്രതീകം യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ കുരിശിന്റെ അജയ്യമായ ശക്തി അവരിലേക്ക് പകരുകയായിരുന്നതിനാലാണ് അവർ വിജയം കൈവരിച്ചത്.

## പ്രതീകം ശുദ്ധീകരണത്തിന്റെ ഒരു പ്രക്രിയയിലൂടെ കടന്നു പോകുന്നു

ഒരു പ്രതീകം ദൈവശാസ്ത്രപരമായ ഒന്നായി കരുതണമെങ്കിൽ, അതിന്റെ സ്വന്തം ഇരിപ്പിടത്തിനും സമയത്തിനും അപ്പുറത്തേക്ക് പോകുവാൻ ഇട നൽകുന്ന വിശുദ്ധ സമയ (sacred time)ത്തിന്റെ അംശം അതിനുണ്ടായിരിക്കണം. ഈ പ്രക്രിയ, പ്രതീകത്തിന് അതിന്റെ ചരിത്ര സ്വഭാവത്തിനൊപ്പം അനന്തതയുടെ ഒരു ഘടകം കൂടെ നൽകുന്നു. പഴയ നിയമത്തിലെ കഥാപാത്രങ്ങളും സംഭവങ്ങളും പുതിയ നിയമത്തിൽ സംഭവിക്കുന്ന യാഥാർത്ഥ്യങ്ങളിലേക്ക് വിരൽചൂണ്ടുന്നു; എന്നാൽ സമയ വിശുദ്ധത (sacredness of time)യിലൂടെയാണ് രണ്ടും തമ്മിൽ ബന്ധിക്കപ്പെട്ടിരിക്കുന്നത്. പുതിയനിയമ സംഭവങ്ങളും അന്ത്യവിധി സമയത്ത് പ്രാവർത്തികമാകേണ്ടതിന്റെ പ്രതീകങ്ങളായി നിലകൊള്ളുന്നു; എന്നിരുന്നാലും സമയത്തിന്റെ വിശുദ്ധത (sacramentality) അവ വർത്തമാന കാലത്തിൽ പങ്കുവയ്ക്കുവാൻ നമുക്ക് സഹായമേകുന്നു. യഹൂദന്മാരുടെ പെസഹ, കുരിശിലെ യഥാർത്ഥ പെസഹായുടെ ദൈവശാസ്ത്ര പ്രതീകമായിരുന്നു. അതിന്റെ അനുഗ്രഹങ്ങൾ ദൈവരാജ്യത്തിലാണ് നാം പൂർണ്ണമായി ആസ്വദിക്കുന്നത്. എന്നാൽ ഇപ്പോൾ തന്നെ ആ രക്ഷയിൽ നാം ജീവിക്കുന്നു; കാരണം, ഒരു വശത്ത് നാം, ഈജിപ്റ്റും ഗോൽഗോത്തായും തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്ന ആരാധനാ സമയത്തും (liturgical time or sacred time), മറുവശത്ത് ഗോൽഗോത്തായും സ്വർഗ്ഗവും തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്ന അതേസമയത്തും ജീവിക്കുന്നു എന്നതാണ്.

## C. പ്രതീകവും അടയാളവും (Symbol and Sign)

'പ്രതീക'വും 'അടയാള'വും തമ്മിലുള്ള ബന്ധത്തെ അനേക ആധുനിക ദൈവശാസ്ത്രജ്ഞർ കൈകാര്യം ചെയ്തിട്ടുണ്ട്. അടയാളം പ്രതീകത്തിൽ നിന്നു വ്യത്യസ്തമാണോ, ആണെങ്കിൽ അവയെ എങ്ങനെ

തിരിച്ചറിയാം, ഈ ചോദ്യത്തിനു ഉത്തരം കണ്ടെത്തുവാനാണ് അവർ ശ്രമിച്ചിട്ടുള്ളത്.

അടയാളവും പ്രതീകവും തമ്മിലുള്ള അന്തരം സമ്പൂർണ്ണമല്ല എന്ന് F.W. Dillistone അവകാശപ്പെടുന്നു.[17] ഇവ രണ്ടും അന്യോന്യം ചിന്താ കുഴപ്പം സൃഷ്ടിക്കുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് തന്റെ അഭിപ്രായം അദ്ദേഹം രൂപപ്പെടുത്തിയിരിക്കുന്നത്; എന്നാൽ ഈ അന്തരത്തിന്റെ സാധുത അവ ശരിയാം വണ്ണം ഉപയോഗപ്പെടുത്തുമ്പോളാണ് എന്ന് അദ്ദേഹം ഉറപ്പിക്കുന്നു. മറ്റു പലരും ഇവ തമ്മിൽ യഥാർത്ഥ അന്തരം ഉണ്ടെന്ന് കാണുന്നു. അടയാളവും പ്രതീകവും വ്യത്യസ്ത കാര്യങ്ങൾക്കായി അവർ നിർണ്ണയിക്കുന്നു. അടയാളങ്ങളെ രണ്ടു വകുപ്പുകളിലായി J. Maritain വിഭജിക്കുന്നു: സന്ദിഗ്ധപരവും (speculative) പ്രായോഗികപരവും (practical). സന്ദിഗ്ധപരമായവ നിർമ്മലവും ലളിതവുമായ സത്യങ്ങളെ പ്രതി കൂടുതൽ ജാഗ്രതപ്പെടുമ്പോൾ പ്രായോഗികമായവ ശരിയായ പ്രവർത്തനങ്ങളിലേയ്ക്ക് നയിക്കുന്ന സത്യങ്ങളെ കുറിച്ച് ജാഗ്രത കാട്ടുന്നു.[18]

മറിച്ച്, K. Rahner രണ്ടു തരം പ്രതീകങ്ങളെ തിരിച്ചറിയുന്നു.[19] പ്രാഥമികവും യഥാർത്ഥപരവുമായ പ്രതീകങ്ങളെ അദ്ദേഹം 'പ്രതീകാത്മക യാഥാർത്ഥ്യങ്ങൾ' (symbolic reality) എന്ന് വിളിക്കുന്നു. യാഥാർത്ഥ്യം വെളിപ്പെടുത്തുന്നവയാണ് ഇപ്രകാരമുള്ള പ്രതീകങ്ങൾ. ദ്വിതീയമായവയെ, അതായത് ഉത്പന്നമായവയെ (secondary, derivative symbols) അദ്ദേഹം പ്രതീകാത്മ ചിത്രീകരണം (symbolic representation) എന്ന് വിളിക്കുന്നു. അവ തികച്ചും അടയാളങ്ങളും സംഹിതകളും (signs and codes) ആണ്. ഈ ദ്വിതീയമാന പ്രതീകങ്ങൾക്ക് മൂന്നാമതൊരാൾ–ഒരു മാനുഷിക നിരീക്ഷകൻ–പ്രതീകങ്ങളും അവ പ്രതിരൂപ്പെടുത്തുന്നവയും തമ്മിൽ നിലനില്ക്കുന്ന സാമ്യത്തെ ശ്രദ്ധിച്ച് ഗ്രഹിക്കുവാനായി ആവശ്യമാണ്.

Rahnerനെ സംബന്ധിച്ചിടത്തോളം അടയാളങ്ങൾ രണ്ടാം തരം പ്രതീകങ്ങളാണ്. മറിച്ച്, പ്രതീകങ്ങൾ എന്ന ആശയത്തിൽ, അടയാളങ്ങളെക്കാൾ കുറെക്കൂടി അഗാധവും ധാരണാബലവും അടങ്ങിയിരിക്കുന്നതായി K. Rahner കാണുന്നു. ആകയാൽ, അദ്ദേഹം ഓരോ പ്രതീകവും ഓരോ അടയാളമാകുന്നു എന്ന് തീർപ്പ് കല്പിക്കുന്നു; എന്നാൽ ഓരോ അടയാളവും ഓരോ പ്രതീകമല്ല താനും.[20] ഈ സൈദ്ധാന്തികർ പ്രതി

---

17 F.W. Dillisstone, *Traditional Symbols and the Contemporary World* (London: Epworth Presss,1973)163

18 J Martin, *Sign and Symbol*, Journal of the Warburg Institute, 1 (1937):2

19 J.H.P Wong, *Logos-Symbol in the Christology of Karl Rahner*, 75

20 K.Ritcher: *The Meaning of the Sacramental symbols, Answers to Today's Question* (Collegeville, MN: Liturgical Prss, 1990), 13-14

വാദങ്ങളുടെ എതിർസ്ഥാനങ്ങളിൽ നിൽക്കുന്നതായി പ്രത്യക്ഷീഭവിച്ചേക്കാം; എന്നാൽ രണ്ടുപേരും അടയാളങ്ങളും പ്രതീകങ്ങളും തമ്മിലുള്ള അന്തരത്തെ ഊന്നി പറയുന്നുണ്ട്. ഈ അന്തരം താഴെ പറയുംവിധം നിരീക്ഷിക്കാവുന്നതാണ്.

1. അടയാളവും അത് പ്രതിനിധാനം ചെയ്യുന്നതും തമ്മിലുള്ള ബന്ധം നിഷ്പ്രയാസം തിരിച്ചറിയാവുന്നതാണ്. പദാർത്ഥം, നിറം, ഏതെങ്കിലും സമാനത എന്നീ രൂപത്തിൽ അത് കാണപ്പെടാം. പ്രതീകങ്ങളുടെ കാര്യത്തിൽ ഈ ബന്ധം അത്രമാത്രം വ്യക്തമൊ, ദൃശ്യമൊ ആകണമെന്നില്ല.[21] അത് തിരിച്ചറിയുവാൻ കുറെ ശ്രമം നടത്തേണ്ടിയിരിക്കുന്നു. ചരിത്രപരമൊ കൗദാശിക പരമൊ ആയ ചുറ്റുപാടുകളുമായി ബന്ധപ്പെട്ടാണ് ഈ ബന്ധം രൂപപ്പെട്ടിരിക്കുന്നത്.
2. തങ്ങൾ ദ്യോതിപ്പിക്കുന്നവയുടെ[22] സാന്നിദ്ധ്യം പ്രഖ്യാപിക്കുക എന്നത് മാത്രമാണ് അടയാളങ്ങളുടെ കർത്തവ്യം. മറിച്ച്, പ്രതീകങ്ങളാകട്ടെ, അവ പ്രതിരൂപപ്പെടുത്തുന്നവയുടെ യാഥാർത്ഥ്യ സാന്നിദ്ധ്യം ഉറപ്പാക്കുന്നു. ആ യാഥാർത്ഥ്യത്തിന്റെ യഥാർത്ഥ ശക്തി അവ പങ്കുവയ്ക്കുന്നു. ചലനാത്മകമായ രീതിയിൽ തത്സമയം അതിന്റെ സാന്നിദ്ധ്യം വെളിവാക്കുന്നു.

സുറിയാനി സാഹിതീ രൂപങ്ങളിൽ ഈ അന്തരം കണ്ടെത്തുക അസാദ്ധ്യമാണ്. തങ്ങളുടെ ദൈവശാസ്ത്രം വികസിപ്പിച്ചെടുക്കുന്നതിൽ പ്രതീകങ്ങളെ അവർ കുടുതൽ ആശ്രയിച്ചിരിക്കുന്നതിനാൽ സുറിയാനി പിതാക്കന്മാർ അടയാളങ്ങളും പ്രതീകങ്ങളും തമ്മിൽ യഥാർത്ഥ അന്തരം കല്പിക്കുന്നില്ല. അവർക്ക്, അടയാളങ്ങളും പ്രതീകങ്ങളും ഈ ലോകത്തിൽ ദൈവിക യാഥാർത്ഥ്യങ്ങളുടെ സാന്നിദ്ധ്യവും ആ യാഥാർത്ഥ്യങ്ങൾ നമ്മുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനവും വെളിപ്പെടുത്തുന്ന ഉപകരണങ്ങൾ ആണ്. ഈ അന്തരത്തെ കുറെക്കൂടി കഠിനതരമാക്കുന്നതാണ് സുറിയാനി ഭാഷ. ആ ഭാഷ ഈ വിഷയത്തിൽ സഹായകമെ അല്ല.[23]

---

21 J. Baldock, *The Elements of Christian Symbolism* (Shaftesbury, Dorset: Elements, 1990)9

22 M. Lawler: *Symbol and Sacrament*,14

23 ܐܬܐ (ഓതോ) ܪܐܙܐ (റോസോ) എന്നീ ഇരുപദങ്ങൾക്കും അടയാളം, പ്രതീകം എന്നർത്ഥമാണ്:
J. Payne Smith, ed, *A Compendious Syriac Dictionary founded upon the Thesauraus Syriacus of R. Payne Smith* (Oxford, clarendon Press,1903), L.Costaz: *Syriac-English Dictionary* (Beyrouth: Imprimerie Catholique, 1963 ഇവ കാണുക.

പക്ഷേ, അടയാളങ്ങളിലും പ്രതീകങ്ങളിലും, അവ ഓരോന്നും ദ്യോതിപ്പിക്കുന്നതൊ പ്രതിരൂപപ്പെടുന്നതൊ ആയവയിൽ അവയുടെ ഭാഗഭാഗിത്വത്തിന്റെ അളവിൽ അന്തരമുണ്ട്. ഉദാഹരണത്തിന്, അഫ്രേം പേരുകൾ അടയാളങ്ങളായി ഉപയോഗപ്പെടുത്തിയിരിക്കുന്നതിന് മറ്റ് പ്രതീകങ്ങൾക്കൊപ്പമുള്ള ശക്തി ഇല്ല. അദ്ദേഹം പേരുകളെ അവ ദ്യോതിപ്പിക്കുന്നവയെ മാത്രം പ്രതിനിധീകരിക്കുന്നതായി കാണുന്നു. അതേ സമയം പെസഹായെയും ഇസഹാക്കിന്റെ ബലിയെയും മറ്റും ക്രിസ്തുവിന്റെ കുരിശിൽ നിന്നുള്ള യഥാർത്ഥ ശക്തി കൈവരിക്കുന്ന പ്രതീകങ്ങളായി പരിഗണിച്ചിരിക്കുന്നു.

## D. പ്രതീകങ്ങളും സാദൃശ്യങ്ങളും (Symbols & Types)

പ്രാഥമികമായി വി. ഗ്രന്ഥാധിഷ്ഠിത ദൈവശാസ്ത്രമായതിനാൽ, സുറിയാനി പിതാക്കന്മാരുടെ പ്രതീകാത്മദൈവശാസ്ത്രം, ദൃഷ്ടാന്ത ശാസ്ത്ര(typology)ത്തിൽ അഗാധമായി ആശ്രയിച്ചിരിക്കുന്നു. ഒരു ദൃഷ്ടാന്തം എന്നാൽ ചരിത്ര ബന്ധമുള്ള[24] ഒരു പ്രതീകം - പ്രധാന മായും തിരുവെഴുത്തുകളുമായി ബന്ധപ്പെട്ടത് - ആണ്. J. Danie'louന്റെ വാക്കുകളിൽ പറഞ്ഞാൽ അത് "ബൈബിളിന്റെ പ്രതീകാത്മകത ആകുന്നു, അതിന്റെ സാരാംശപരമായ സ്വഭാവം ചരിത്രപരമായ പ്രതീ കാത്മകതയാണ്".[25]

ദൃഷ്ടാന്തം സാധാരണഗതിയിൽ ഒരു സംഭവമാണ്. അല്ലെങ്കിൽ പുതിയനിയമത്തിൽ യാഥാവിധിയുള്ള ഒരു യാഥാർത്ഥ്യത്തിന്റെ മുൻ കുറിയായി പഴയനിയമത്തിൽ ഉള്ള ഒരു ആശയം. ആ പുതിയ നിയമ യാഥാർത്ഥ്യത്തെ ആന്റി ടൈപ്പ് [പൊരുൾ, (anti type)] എന്ന് വിളിക്കപ്പെ ടുന്നു. (അതായത്, ദൃഷ്ടാന്ത രൂപേണ പഴയനിയമത്തിൽ പറഞ്ഞിരിക്കു ന്നവയുടെ നിറവേറലെന്ന നിലയിലുള്ള സംഭവമാണ് antitype അഥവാ പൊരുൾ).[26] ദൃഷ്ടാന്ത (type)ങ്ങളുടെയും അവയുടെ പൊരുളുകളു ടെയും (antitype) തത്തുല്യത ആവിർഭവിച്ച്, അത് സ്വയം പരിപാലിക്ക പ്പെടുന്നത് അവയെ തമ്മിൽ ബന്ധിപ്പിക്കുന്ന സമയ വിശുദ്ധത (sacra-mentality of time) യിലൂടെയാണ്. പഴയ നിയമത്തിൽ വെളിവാക്കപ്പെട്ടി രിക്കുന്ന ഭൂതകാലത്തെ സംഭവങ്ങളും വ്യക്തികളും പുതിയ നിയമത്തിൽ

24 ഒരു സാദൃശ്യം (type) അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രതീകം (symbol) അല്ല. എന്തെന്നാൽ അതിൽ പ്രതീകമാക്കിയിരിക്കുന്ന യാഥാർത്ഥ്യം അതി ലില്ല എന്നു J.H.P Wong പറയുന്നു. J.H.P Wong: *Logo s-symbol in the Christology of Karl Rahner*, 41.

25 J Danie'lou, *The Problem of Symbolism*, 434

26 സാദൃശ്യങ്ങളും (Types) പൊരുളുകളും (antitypes) തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള ഒരു ചർച്ചയ്ക്ക് J. Baldlock: *Elements Christitian Symbolism*, Chapter 4 കാണുക.

സംഭവിച്ചിരിക്കുന്ന സംഭവങ്ങളിലെ ബാഹ്യരൂപങ്ങളാണ്. ചരിത്രസമയ (historical time)ത്തിലൂടെയാണ് അവ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, ദൃഷ്ടാന്തങ്ങൾ അവയുടെ സ്വഭാവത്തിൽ സാരാംശമായി അന്ത്യവിധിപരമായതിനാൽ ആ സംഭവങ്ങളുടെ നിറവേറലുകൾ വരുവാനിരിക്കുന്ന ലോകത്തിലാണ് സംഭവിക്കുന്നത്. സമയ വിശുദ്ധത (sacramentality of time)യിലൂടെയാണ് അത് സാധിതപ്രായമാകുന്നത്; ആ സമയത്ത് സഭയുടെ കൂദാശകൾക്ക് ഒരു പങ്കുണ്ട്. ഇപ്രകാരമാണ് സുറിയാനി പിതാക്കന്മാർ ദൃഷ്ടാന്തങ്ങളെയും (types) അവയുടെ പൊരുളുകളെയും (antitypes) ഉപയോഗപ്പെടുത്തിയത്. വാസ്തവത്തിൽ, അവരുടെ ദൈവശാസ്ത്രം ദൃഷ്ഠാന്തങ്ങളുടെ ദൈവശാസ്ത്രമെന്ന് (theology of types) ആർക്കും സുഖപ്രദമായി പറയാം.

## E. കുരിശിന്റെ പ്രതീകങ്ങൾ

സുറിയാനി ദൈവശാസ്ത്രത്തിൽ കേന്ദ്രസ്ഥാനം ഉള്ളതിനാൽ കുരിശ് പഠനവിഷയമായി തിരഞ്ഞെടുത്തിരിക്കുന്നു. സഭയുടെ ജീവനത്തിന്റെ ഹൃദയത്തിൽ ക്രിസ്തുവിന്റെ കുരിശുമരണം കുരിശിന് അത്യുന്നത സ്ഥാനം ഏകിയിരിക്കുന്നു. വാസ്തവത്തിൽ, ക്രിസ്തുവിന്റെ മരണത്തിന്റെ ഒരു പ്രതീകം മാത്രമല്ല കുരിശ്, രക്ഷയുടെ ആകമാന വ്യയത്തിന്റേതു കൂടിയാണ്. തന്റെ പ്രബന്ധങ്ങളിൽ *(Dissertations)* മാബൂഗിലെ പീലക്സിനോസ് ഇപ്രകാരമെഴുതിയിരിക്കുന്നു.

> മരണത്തിന്റെ നാമം രണ്ടു കാര്യങ്ങൾ
> തെളിയിക്കുന്നു: അതിന്റെ തന്നെ
> യാഥാർത്ഥ്യവും മനുഷ്യാവതാരത്തിന്റെ യാഥാർത്ഥ്യവും
>
> *Disseretations* VIII[27]

ക്രിസ്തുവിന്റെ മരണം കുരിശ് സുദൃഢമാക്കുന്നു; കൂടെ, തന്റെ മനുഷ്യാവതാരത്തെയും; കാരണം കുരിശിൽ മരിക്കുന്ന ഒരുവൻ ആദ്യമെ തന്നെ ശരീരം പൂണ്ടിരിക്കണം. ജനിക്കാത്ത ഒരുവനെ മരണം സ്പർശിക്കുവാൻ കഴിയുകയില്ല. ആകയാൽ, ക്രിസ്തുവിന്റെ മനുഷ്യാവതാരവും കുരിശും പരസ്പരം സാക്ഷികളായി ഭവിക്കുന്നു. പീലക്സിലോസ് പറയുംപ്രകാരം:

> ദൈവത്തിന്റെ മനുഷ്യാവതാരം ആര് നിഷേധിക്കുന്നുവൊ,
> അയാൾ തന്റെ ദൈവത്തിന്റെ മരണത്തെയും വ്യക്തമായി
> നിഷേധിക്കുന്നു: കാരണം മനുഷ്യാവതാരം

---

27 *Sanct Philoxeni Episcopi Mabbugenesis, Dissertations Decem De Uno et-sancta Trinitate Incorporata et Passo,* Patrologia Orientalis t.39 M.Briere & F. Graffin, eds (Turnhout: Brepols, 1979)68.

> ആദ്യമെ തെളിയിക്കപ്പെട്ടിട്ടില്ലെങ്കിൽ മരണത്തെ
> വിശ്വസിക്കുവാൻ കഴിയുകയില്ല. *Dissertations VIII* [28]

ഈ കാര്യം J. Moltmann, *The Crucified God* എന്ന തന്റെ ഗ്രന്ഥത്തിൽ സൂക്ഷ്മമായി എഴുതിയിരിക്കുന്നു.

> വചനത്തിന്റെ മനുഷ്യാവതാരം കുരിശിൽ പൂർത്തീ
> കരിച്ചിരിക്കുന്നു...
> ആകയാൽ ഈ അനുമാനം, വീക്ഷണകോണിലില്ലാതെ
> ദൈവത്തിന്റെ മനുഷ്യാവതാരത്തെ കുറിച്ച് സംസാരിക്കുവാൻ
> കഴികയില്ല. കുരിശിന്റെ ദൈവശാസ്ത്രം ആകാത്ത ഒരു മനു
> ഷ്യാവതാര ദൈവശാസ്ത്രം ഉണ്ടാകുവാൻ കഴികയില്ല.[29]

തുടർന്ന് അദ്ദേഹം, ക്രിസ്തുവിന്റെ കുരിശിൽ ആണ് ക്രസ്തീയ ദൈവ ശസ്ത്രം അതിന്റെ വ്യക്തിത്വം (അനന്യത) കണ്ടെത്തുന്നത് എന്ന് ഉറപ്പിച്ചു പറയുന്നു.[30] L.Morris പറയും പ്രകാരം, കുരിശ് ക്രിസ്തുവിന്റെ ദൈവിക പുത്രത്വം[31] വെളിപ്പെടുത്തുന്നതിനാലാണ് അപ്രകാരം ഭവിച്ചത്. അപ്പോൾ, സഭയുടെ ജീവിതത്തിലെ സുപ്രധാന സംഭവമായി പരിഗണിച്ച് കുരിശിനെ സഭ ബഹുമാനിക്കുന്നത് കാണുന്നതിൽ ആശ്ചര്യപ്പെടേണ്ടതില്ല. യറുശലേമിലെ കൂറിലോസിന്റെ വചനപ്രകാരം:

> ക്രിസ്തുവിന്റെ എല്ലാ പ്രവർത്തനങ്ങളാലും
> കാതോലിക സഭ മഹത്വമുള്ളതായിരിക്കുന്നു;
> എന്നാൽ അവളുടെ മഹത്ത്വത്തിന്റെ മഹത്ത്വം കുരിശിനാണ്.[32]

ആദിപിതാക്കന്മാരുടെ ദൈവശാസ്ത്രത്തിൽ, കൂരിശിന് അതി പ്രധാനമായ ഒരു സ്ഥാനമാണുള്ളത്; എന്തെന്നാൽ, അതിൽ ദൈവശാസ്ത്രത്തിന്റെ എല്ലാവശങ്ങളും അടങ്ങിയിരിക്കുന്നു. ഒരു പ്രത്യേക മാർഗ്ഗത്തിൽ, പുനരുത്ഥാനത്തിന്റെ രഹസ്യങ്ങൾ കുരിശിൽ ഉൾക്കൊണ്ടിരിക്കുന്നു.

---

28 Sanct Philoxeni Episcopi Mabbugenesis, *Dissertations Decem De Uno e sancta Trinitate Incorporata et Passo,* Patrologia Orientalis t 39, 666.

29 J. Moltman: *The Crucified God: The Cross of Christ as the Foundation and Criticism of Christian Theology* 2nd ed. (London, SCM, 1973),204,

30 J. Moltman: *The Crucified God: The Cross of Christ as the Foundation and Criticism of Christian Theology* 2nd ed. (London, SCM, 1973),204,24

31 L.Morris, *The Cross in the New Testament* (England: Patermoster Press, 1965),37

32 L.Mccauley & A. Stephenson, *The Works of Saint Cyril of Jerusalem,* 2 vols, The Fathers of the Church, vol.64 (Washington, DC: The Catholic University of America Press, 1970), 2O4

എന്തുകൊണ്ട് ക്രിസ്തു കുരിശിൽ മരിക്കേണ്ടതായി വന്നു എന്ന് അപ്രേം നിരൂപണം ചെയ്തു പറയുന്നു:

> അവൻ കുരിശിന്റെ മരണം മരിച്ചു; അതിൽ ഒരു
> രഹസ്യം ഗ്രഹിക്കേണ്ടതിനായിട്ടു തന്നെ. അതായത്
> തന്റെ മരണത്തിലൂടെ, മരിക്കുന്നവരെല്ലാം എഴുന്നേല്ക്കണം.
> കാരണം, തന്റെ ക്രൂശാരോഹണ സമയത്തും
> അവൻ എഴുന്നേറ്റു നിൽക്കുകയായിരുന്നു.
> ദിയോത്തസ്സറോണിന്റെ വ്യാഖ്യാനത്തിൽ XXI, 1:14[33]

പുനരുത്ഥാനത്തിന്റെ ശക്തിയുടെ വാഹിനി എന്ന നിലയിലുള്ള കുരിശിന്റെ സങ്കല്പം പൊതുവെ ക്രിസ്ത്യൻ ദൈവശാസ്ത്രത്തിന്റെ മുഖ്യമായ ഒരു മുഖഭാവം ആണ്. ഫ്രഞ്ച് ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞനായ O. Clement ഇതിനെ പരാമർശിച്ചുകൊണ്ട് ഇപ്രകാരമാണ് എഴുതിയിരിക്കുന്നത്. നരകത്തിലേക്കുള്ള അവരോഹണം, പുനരുത്ഥാനം, പിതാവിന്റെ വലതു ഭാഗത്തേക്കുള്ള ആരോഹണം എന്നിവയുമായി കരുശിനെ വേർപെടുത്താനാകാത്തതിനാൽ മൗലികമായി കുരിശ് ജീവദായകമായിട്ടാണ് വീക്ഷിക്കപ്പെടുന്നത്.[34] നമ്മുടെ വീണ്ടെടുപ്പിൽ കുരിശിന്റെയും പുനരുത്ഥാനത്തിന്റെയും യഥാക്രമമുള്ള പങ്കിനെ ചൂണ്ടികൊണ്ട് പീലക്സിനോസ് ഈ കാര്യം വീണ്ടും വ്യക്തമാക്കുന്നു. അദ്ദേഹം എഴുതുന്നു:

> നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്താലല്ല മരണ
> ത്തെ നീക്കി കളഞ്ഞത്, പിന്നെയൊ, അവന്റെ മരണ
> ത്താലാണ് എന്നു നാം വിശ്വസിക്കുന്നു. പുനരുത്ഥാനം
> മരണത്തെ ഇല്ലായ്മ ചെയ്തില്ല,
> മരണത്തെ ഇല്ലായ്മ ചെയ്തു എന്ന് അനാവരണം ചെയ്യു
> കയും വ്യക്തമാക്കപ്പെടുകയുമാണ് അത് (പുനരുത്ഥാനം)
> ചെയ്തത്. Dissertations XI[35]

---

33 *St. Ephrem: Commentaire de l'evange'le concordant, Text Syriaque* (MS Chester Beatty 709), Chestee Beatty Monographs 8 (Dublin Hodges Figgis, 1963)68

34 O.Clement, *The Roots of Christian Mysticism* (Dublin: New city 1993), 47

35 *Sancti Philoxeni Episcopi Mabbugensis Dissertationes Decem De Uno e Sancta Trinitate Incorporato et passo*, Patrologia Orientalis t.39,600. ക്രൂശാരോഹണവും പുനരുത്ഥാനവും ഒരു സംഭവത്തിന്റെ ആരംഭവും അന്ത്യവും ആകുന്നു എന്ന് A.C Bridge വാദിക്കുന്നു. A.C Bridge: Images of God, 94 കാണുക

ക്രിസ്തീയ പ്രതീക[36]ങ്ങളിൽ എല്ലാറ്റിലും വച്ച് അതി വ്യാപകമായി ഉപയോഗിച്ചിരിക്കുന്നത് കുരിശാകയാൽ, അതിന്റെ പ്രതീകാത്മകതയുടെ ഉപയോഗത്തെകുറിച്ചുള്ള ഏത് വിപുലമായ ചർച്ചയ്ക്കും വാല്യങ്ങൾ വേണ്ടി വരും. ആദിമ ക്രിസ്ത്യാനികൾ കുരിശിന്റെ അടയാളം ഉപയോഗിച്ചു തുടങ്ങിയതിന്റെ ഉത്ഭവത്തെക്കുറിച്ച് J. Dani'elou, അതിന്റെ ഉത്ഭവം ക്രിസ്തുവിന്റെ നാമത്തിലും മഹത്ത്വത്തിലും ആയിരുന്നു എന്നും അല്ലാതെ തന്റെ കഷ്ടാനുഭവത്തിലായിരുന്നില്ല[37] എന്നും അനുമാനിച്ചിരിക്കുന്നു. യവനലോകത്തിൽ ഈ പ്രതീകാത്മകതയുടെ സ്പഷ്ടതകാരണം കർത്താവിന്റെ നാമത്തിൽ നിന്നും അദ്ദേഹത്തിന്റെ മഹത്ത്വത്തിലേക്ക് അതിന്റെ ഊന്നൽ മാറ്റപ്പെട്ടു എന്ന് Dani'lou തുടർന്ന് യുക്തിപൂർവ്വം പ്രസ്താവിക്കുന്നു. അപ്പോൾ മുതൽ കുരിശിന്റെ രണ്ടു രൂപങ്ങൾ ഉപയോഗിച്ചു തുടങ്ങി: **+** എന്ന രൂപം ക്രിസ്തുവിന്റെ മരണത്തെ പ്രതിനിധാനം ചെയ്യുന്ന ഉപകരണത്തിന്റെ ആകൃതിയായും, ക്രിസ്തുവിന്റെ ഗ്രീക്കു നാമമായ Χριστος (ക്രിസ്തോസ്)ന്റെ ആദ്യക്ഷരമായ Χ-ന്റെ നാമത്തെ പ്രതിനിധാനം ചെയ്യുന്ന രൂപമായും.[38]

കുരിശിന്റെ അടയാളത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ച ഈ രണ്ട് വ്യത്യസ്ത വ്യാഖ്യാനങ്ങളുടെ അസ്തിത്വത്തെ ആർക്കും നിഷേധിക്കാനാവില്ല; കാരണം വിശുദ്ധത്രിത്വത്തിലെ മൂവരുടെ നാമങ്ങൾ ഉച്ചരിക്കുമ്പോഴെല്ലാം ഇപ്പോഴും നാം കുരിശുവരയ്ക്കുന്നു. വാസ്തവത്തിൽ, കുരിശിന്റെ അടയാളത്തെ കുറിച്ചുള്ള നമ്മുടെ വ്യാഖ്യാനം പ്രാഥമികമായി വി. ത്രിത്വവുമായി ബന്ധപ്പെടുത്തിയാണ്; എന്നാൽ, കുരിശിനെ പരാമർശിക്കുമ്പോഴും "ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ" എന്നു പറയുമ്പോഴും നാം കുരിശുവരയ്ക്കാറുണ്ട്.

ക്രിസ്തുവിന്റെ നാമത്തിൽ വിശ്വാസി കൂദാശ ചെയ്യപ്പെട്ടു എന്ന വസ്തുതയിൽ നിന്നാണ് ഈ ഇരട്ട ബന്ധം വന്നെത്തിയത് എന്നതിന് സാദ്ധ്യതയുണ്ട്; എന്നാൽ വി. ത്രിത്വത്തിന്റെ[39] നാമത്തിൽ നാം മാമോദീസ ഏൽക്കുമ്പോഴാണ് ഈ കൂദാശ (മാമോദീസ) സംഭവിക്കുന്നത്. മാമോദീസ എന്നത് ക്രിസ്തുവിനോടുകൂടിയുള്ള മരണവും[40] ഉയിർത്തെഴുന്നേല്പും ആകയാൽ, കുരിശ്, അപ്പോൾ ക്രിസ്തുവിന്റെ (വി.ത്രിത്വത്തിൽ രണ്ടാമൻ) നാമത്തിൽ മാമോദീസ ഏല്ക്കുന്നവരെ കൂദാശ ചെയ്യുന്ന അടയാളമാകുന്നു.

---

36 J.H. Miller, "Cross" in *The new Catholic Encyclopedia* Vol.4 (New York: Mc grew-Hill, 1967)457

37 J. Danie'lou: *Primitive Christian Symbols,* 145

38 J. Danie'lou: *Primitive Christian Symbols,* 142

39 മത്തായി 28:19

40 റോമർ 6:3-4

വ്യക്തിഗത ഭക്തി എന്ന രീതിയിലും അഥവാ, വി. കുർബാനാനുഭവവുമായി ബന്ധപ്പെട്ടും[41] കുരിശടയാളം രണ്ടാം നൂറ്റാണ്ടുമുതൽ തന്നെ പ്രയോഗത്തിലുണ്ടായിരുന്നു. കുരിശിന്റെ അടയാളത്തിന്റെ ഉപയോഗം യഥാർത്ഥത്തിൽ, ശ്ലൈഹിക പാരമ്പര്യത്തിൽ നിന്നായിരുന്നു എന്ന് മൂന്നാം നൂറ്റാണ്ടിന്റെ പ്രഥമാർദ്ധത്തിൽ തെർത്തുല്യൻ ഉറപ്പിച്ചു പറയുന്നുണ്ട്.[42] എന്തെങ്കിലും ചെയ്യുന്നതിനു മുമ്പ് തങ്ങളുടെ നെറ്റിയിൽ ക്രിസ്ത്യാനികൾ കുരിശുവരച്ചിരുന്നു എന്ന് അദ്ദേഹം നമ്മോടു പറയുന്നു.

എന്നാൽ, നാലാം നൂറ്റാണ്ടുവരെ ആരാധന ചടങ്ങുകളുടെ ഒരു അടയാളം ആയി കുരിശ് ആയി തീർന്നിരുന്നില്ല. വി. കുർബാന മദ്ധ്യേ ബലിപീഠത്തിൽ അഞ്ചാം നൂറ്റാണ്ടിൽ സിറിയായിലാണ് ഒരു കുരിശ് സ്ഥാപിച്ചതെന്ന് J.H. MIller ചൂണ്ടി കാട്ടുന്നു. ഈ ആചാരം പാശ്ചാത്യ ലോകത്ത് വളരെ കാലത്തിനുശേഷവും തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ല.[43]

# 2
# സുറിയാനി പിതാക്കന്മാർ

## A. സുറിയാനിക്കാരനായ അഫ്രേം

"സുറിയാനിക്കാരുടെ പ്രവാചകനും സൂര്യനും", "പ.റൂഹായുടെ കിന്നരം", "സിറിയായുടെ സിംഹം", "സഭയുടെ തൂണ്"[44], -മോർ അഫ്രേമിന് തന്റെ സുറിയാനി സഖാക്കളാലും (സ്രൂഗിലെ മോർ യാക്കോബ്) ഗ്രീക്ക്, ലത്തീൻ പിതാക്കന്മാരായ (വലിയ മോർ ബസേലിയോസ്, നീസായിലെ ഗ്രിഗോറിയോസ്, സ്വർണ്ണനാവുകാരൻ ഈവാനിയോസ്, ജെറോം, സോസൊമെൻ)[45] അദ്ദേഹത്തിന്റെ അധ്യേതാക്കളാലും നല്കപ്പെട്ടിട്ടുള്ള വിശേഷണങ്ങളാണിവ. തന്റെ രചനകളുടെ ആസ്വാദനം സുറിയാനി സംസാരിക്കുന്ന തന്റെ തദ്ദേശീയ ലോകത്തിൽ മാത്രമായി ഒതുങ്ങാതെ അർമ്മീനിയൻ, കോപ്റ്റിക്, എത്യോപൻ, ഗ്രീക്ക്, ലത്തീൻ എന്നിവ സംസാരിക്കുന്ന നാടുകളിലേക്കും വ്യാപിച്ചു; കാരണം, തന്റെ ജീവിത

---

41 A.O' Rahilly, *The Crucified* (Dublin: The Kingdom, 1985),222

42 K.Ritcher: *The Meaning of the Sacramental Symbols,* 132

43 J.H. Miller, "Cross",475

44 Ignatius Aphrem, *Histore des Sciences et de la Litterature Syriaque* (ചിതറിയ മുത്തുകൾ) (Holland: St. Ephrem der syrer Kloster, 1987): 196 and J.B Segal, *Edessa: The Blessed city* (Oxford: clarendon Press, 1970),89

45 Iganatius Zakka Iwas, *Seerat Mar Aphrem Al-Syriani,* (Cairo, 1990) 18-22.

കാലത്തു തന്റെ കൃതികളുടെ പരിഭാഷകൾ ഈ ഭാഷകളിലേക്കും ചെയ്തിരുന്നു.[46] അഫ്രേമിന്റെ മരണശേഷം പത്തൊൻപതു വർഷങ്ങൾ കഴിഞ്ഞ് എഴുതപ്പെട്ട വി. ജെറോമിന്റെ ഗ്രന്ഥപ്രകാരം അഫ്രേമിന്റെ ഗീതങ്ങൾ പൗരസ്ത്യ സഭകളിൽ ആരാധനയ്ക്കായി നാലാം നൂറ്റാണ്ടു മുതൽ ഉപയോഗിച്ചിരുന്നു.

ഇത്രമാത്രം ഖ്യാതിയുള്ള ദേഹത്തെ അനേക പൗരസ്ത്യ പണ്ഡിതന്മാർ ആകർഷിച്ചു എങ്കിലും അവരെല്ലാവരും തന്നെ അദ്ദേഹത്തിന്റെ ജീവിതത്തിലായിരുന്നു ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്; അദ്ദേഹത്തിന്റെ ദൈവശാസ്ത്രത്തെ കുറിച്ചുള്ള പഠനത്തിലൊ അന്വേഷണത്തിലൊ ശ്രദ്ധിച്ചിരുന്നില്ല. പാശ്ചാത്യ ലോകത്താകട്ടെ, അദ്ദേഹത്തിന്റെ കൃതികൾ അപ്രാപ്യമായിരുന്നതിനാൽ, അദ്ദേഹത്തോട് താല്പര്യം കാണിക്കുവാൻ ബുദ്ധിമുട്ടേണ്ടി വന്നു. മോർ അഫ്രേമിന്റെ രചനകളുടെ, നല്ലതും കൂടുതൽ ആധികാരികവുമായ പതിപ്പുകൾക്കായി സമകാലിക പണ്ഡിതന്മാർ ആകാംക്ഷയോടെ നോക്കിപ്പാർക്കുന്നതായി 1943 ൽ അഫ്രേം ബർസോം പാത്രിയർക്കീസ് എഴുതിയിരിക്കുന്നു. Corpus Scriptorum Christianorum Orientalium ത്തിൽ ജർമ്മൻ പരിഭാഷയോടുകൂടെ അഫ്രേമിന്റെ മിക്ക കൃതികളും Dom E. Beck പ്രസിദ്ധീക്രിച്ചതോടുകൂടെ ആ ആഗ്രഹം സാധിത പ്രായമായി.[47]

ഈ ഭാഗത്ത് മൂന്ന് കാര്യങ്ങളാണ് സംക്ഷിപ്തമായി കൈകാര്യം ചെയ്യുന്നത്: അഫ്രേമിന്റെ ജീവചരിത്രം, അദ്ദേഹത്തിന്റെ സഭാപരവും രാഷ്ട്രീയവുമായ സാഹചര്യം, അദ്ദേഹത്തിന്റെ രീതികളും രചനകളും.

## 1. മോർ അഫ്രേമിന്റെ ജീവചരിത്രം

തന്റെ രണ്ടു ശിഷ്യന്മാർ, എഡേസ്സായിലെ ശെമ്മാശനായിരുന്ന സെനോബിയോസ്, ശെമഊൻ[48] എന്നിവർ അഫ്രേമിന്റെ ജീവചരിത്രത്തിന്റെ വിവരണങ്ങൾ എഴുതിയിട്ടുണ്ട്. നിർഭാഗ്യവശാൽ ഇവ രണ്ടും ലഭ്യമല്ല.[49] സുറിയാനിയിൽ പരിരക്ഷിച്ചിരിക്കുന്ന ഏറ്റവും പഴയ ജീവചരിത്രം ആറാം നൂറ്റാണ്ടോളം[50] വൈകി എഴുതിയതായിരിക്കണം; എന്നാൽ ഈ ജീവചരിത്ര കർത്താവാകട്ടെ മുൻകാലങ്ങളിൽ എഴുതപ്പെട്ടിട്ടുള്ള വിവരങ്ങളെയാണ് കൂടുതൽ ആശ്രയിച്ചിരിക്കുന്നത്. 521 ൽ നിര്യാതനായ സ്രൂഗിലെ

---

46 I.A. Barsaum, *Historie des Sciences,* 202

47 J Gwynn, tr., *A Select library of Nicene and post-Nicene Fathers of the Christian Churches,* Second Series, Vol.XIII, P. Schaff & H.Wace, eds (Grand Rapids, MI: Eerdmans, 1969).147

48 I.A. Barsaum: *Historie de Sciences*, 201

49 I.A. Barsaum: *Historie de Sciences*, 203

50 S.P. Brock, *St. Ephrem the Syrian, Hymns on Paradise* (Crestwood, NY: St. Vladmir's Seminary Press, 1990)20-21

യാക്കോബിനാൽ വിരചിതമായ അഫ്രേമിനെക്കുറിച്ചുള്ള പ്രശംസാകവിത ഇപ്പോഴും ലഭ്യമാണ്; ആയത് സുറിയാനിയിലുള്ള ജീവചരിത്രത്തേക്കാൾ പഴയതായിരിക്കണം.

വിശ്വസനീയമായ സ്രോതസ്സുകൾ പ്രകാരവും അദ്ദേഹത്തിന്റെ തന്നെ *വേദവിപരീതങ്ങൾക്കെതിരെയുള്ള ഗീതങ്ങൾ (Hymns against Heresies)*" XXVI[51] പ്രകാരവും ക്രിസ്തീയ മാതാപിതാക്കളിൽ അദ്ദേഹം ഭൂജാതനായി (അദ്ദേഹത്തിന്റെ മാതാപിതാക്കൾ പ്രാകൃതർ (അവിശ്വാസികൾ)[52] ആയിരുന്നു എന്ന് സുറിയാനി ജീവ ചരിത്രത്തിൽ സൂചന ഉണ്ടെങ്കിൽ പോലും) ജനന വർഷത്തെക്കുറിച്ച് അഭിപ്രായ ഐക്യം ഇല്ല, എന്നാൽ പല പണ്ഡിതന്മാരും[53] 303-ാം വർഷം എന്ന് ഉറപ്പിക്കുന്നു. ജനനസ്ഥലം നിസിബിസ് നഗരമൊ അതിന്റെ ചുറ്റുപാടകളൊ എന്ന് ഏതാണ്ട് സ്ഥിരീകരിക്കാം.

തന്റെ എപ്പിസ്കോപ്പാ ജീവിതകാലത്തും അതിനു മുമ്പും തികഞ്ഞ വ്രതാനുഷ്ഠാന ജീവിതം നയിച്ചിരുന്ന നിസിബിസിന്റെ മെത്രാൻ മോർ യാക്കോബിനോട്[54] യുവാവായിരുന്ന അഫ്രേം ചേർന്നു. അദ്ദേഹത്തിൽ നിന്നും അഫ്രേം സന്യാസസമൂഹ ജീവിതം സ്വീകരിച്ചു.[55] 325 ൽ

---

51 *Des Heiligen Ephraem des Syrers Aymnen Contra Haereses,* CSCO 169, Ser. Syri76, E. Beck ed. (Louvain: L. Durbec1q, 1957), 103-108

52 Ignatius Zakka Iwas: *Secrat Mar Aphram AC*-Syriani,23.

53 Ignatius Aphrem Barsaum: *Historie Abre'gee' de L'Eglise* (Homs, Syria: 1940),523; I.Z. Iwas, *Secrat Mar Aphrem Al-Syriani,* 23; Ignatus Yacoub, *History of the Syrian Church of Antioch* (Losser, Holland: Bar Hebraeus Verlag, 1989,),241

54 F. Gabrial and K. Boustany, *Al-Adaad Al Syrianieh* Vol.2 p.128

55 ഒരു ക്രിസ്തീയ ഗുരു, വിശ്വാസസംരക്ഷകൻ, കവിതകളിലൂടെ ജനത്തെ നയിച്ച ഭാവനാസമ്പന്നനായ കവി എന്നീ നിലകളിലുള്ള തന്റെ തീവ്രവും യഥാർത്ഥവുമായ പ്രവർത്തനം ഒരു സന്യാസി എന്ന നിലയിലുള്ള അഫ്രേമിന്റെ പരമ്പരാഗത പ്രതിരൂപത്തിനു നിരക്കുന്നതല്ല എന്ന് T.Stylianopoulos വാദിക്കുന്നു. (T. stylianopoulose *Ephraem of Syria* in *The Encyclopedia of Religion* vol.5, M. Eliade ed. (New York: Macmillan, London: Collier, Macmillan, 1987) കാണുക. നാലാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ, ഭംഗിയായി സംഘടിക്കപ്പെട്ടിരുന്ന നിസിബിസിലെ സന്യാസ ജീവിതവുമായി അഫ്രേമിന്റെ ജീവിതം സമരസപ്പെടുത്തുവാൻ സാദ്ധ്യമല്ല എങ്കിലും അഫ്രേം ഏതെങ്കിലും വിധത്തിലുള്ള ഒരു സന്യാസ ജീവതിം നയിച്ചിരുന്നു എന്ന് ഉറപ്പിച്ചു പറയുവാൻ കഴിയും- ഉടമ്പടിയുടെ പുത്രന്മാർ (ܒܢܝ ܩܝܡܐ = ബ്നായ്ക്യോമൊ) ആകുവാനാണ് സാദ്ധ്യത.' proto-monasticism' എന്നാണ് സെബാസ്റ്റ്യൻ ബ്രോക്ക് അഫ്രേമിന്റെ സന്യാസ ചർച്ചയെ കുറിച്ച് പറയുന്നത്. (S.P. Brock: *The Luminous Eye: The Spiritual World Vision of St. Ephrem*

നിഖ്യായിൽ കൂടിയ പൊതുസുന്നഹദോസിൽ മോർ യോക്കോബിനൊപ്പം സംബന്ധിച്ചശേഷം നിസിബിസിൽ പുതുതായി ആരംഭിച്ച പാഠശാലയിലെ അദ്ധ്യാപകനായി നിയമിതനായി.[56] മുപ്പത്തി എട്ടു വർഷത്തിൽ കൂടുതൽ അവിടെ അദ്ദേഹം പ്രധാനാദ്ധ്യാപകനായിരുന്നു. അക്കാലത്താണ് അനേക കവിതകൾ അദ്ദേഹം രചിച്ചത് - പ്രത്യേകിച്ചും *നിസിബിസിൻ ഗീതങ്ങൾ (Carmina Nisibena)*.[57] വി.ഗ്രന്ഥത്തിലെ മിക്ക പുസ്തകങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ അധികൃത രചനകളായി പഠനത്തിന് ഉപയുക്തമായി.[58] അതേസമയം അദ്ദേഹം, മോർ യാക്കോബിന്റെ പിൻഗാമികളെ -ബോബോയ് (338-50), വോലോഗിസ് (350-61), അബ്രഹാം (361-?) - സേവിച്ചുകൊണ്ട് തുടർന്നു. ഈ കാലത്ത് പേർഷ്യൻ സൈന്യത്താൽ മൂന്നു വ്യത്യസ്ത സമയങ്ങളിൽ നിസിബിസ് ആക്രമിക്കപ്പെട്ടു; എന്നാൽ അഫ്രേം പറയും പ്രകാരം ദൈവിക ഇടപെടലാലും എപ്പിസ്കോപ്പാമാരുടെ പ്രാർത്ഥനയാലും അവയിൽനിന്നും രാജ്യം രക്ഷപ്പെട്ടിരുന്നു.

പേർഷ്യക്കാർക്കെതിരെയുള്ള 363 ലെ അവസാനത്തെ ആക്രമണത്തിൽ, തന്റെ പടയെ പേർഷ്യൻ പ്രദേശങ്ങളുടെ ഉള്ളിലേക്ക് നയിച്ചശേഷം ജൂലിയൻ ചക്രവർത്തി കൊല്ലപ്പെട്ടു. റോമൻ പടയെ മോചിപ്പിക്കുവാനായി, സസാനിദ് (Sassanid) ശഹാൻഷാ ആയിരുന്ന ശാബോർ II ന് നിസിബിസ് വിട്ടുകൊടുത്തു. ചരിത്രകാരനായ Ammianua Marcellimus[59] പറയുന്നത്, ക്രിസ്ത്യാനികളെല്ലാം നഗരം വിട്ടു പോകണമെന്നുള്ളത് ശാബോറിന് നിർബന്ധമായിരുന്നു എന്നാണ്. അഫ്രേമും തന്റെ സഹാദ്ധ്യാപകരും വിദ്യാർത്ഥികളും അഭയായർത്ഥികളായി. അദ്ദേഹം തന്റെ

---

(home: C.I.I.S, 1985) അദ്ധ്യായം 8, പുനഃപ്രകാശനം, മൂവാറ്റുപുഴ, ഇൻഡ്യ കാണുക) നിസിബിസ്, എഡേസാ, എന്നീ സമൂഹങ്ങളിലെ അഫ്രേമിന്റെ പ്രവർത്തനങ്ങൾ വീക്ഷിക്കുമ്പോൾ, ഒരു സന്യാസിക്ക് അദ്ദേഹത്തിന് ആവശ്യം തോന്നുമ്പോൾ തന്റെ അറ വിട്ട് വെളിയിൽ പോകുക എന്നത് അതിശയകരമായ ഒന്നല്ല. വാസ്തവത്തിൽ ക്രിസ്ത്യൻ സന്യാസ ജീവിതത്തിലെ അത്യുന്നതനായിരുന്നു വി. അന്തോനീയോസ്, അറിയൂസുകാർക്കെതിരെ പോരാടുന്നതിന് വി. അത്താനാസിയോസിനെ സഹായിക്കാൻ മരുഭൂമി വിട്ട് അലക്സന്ത്രിയായിലേക്ക് പോയിരുന്നു. സുറിയാനി സന്യാസിമാരുടെ പിതാവായിരുന്ന വി. ബർസൗമാ കല്കദൂന്യ കലഹസമയത്ത് സുറിയാനി സഭയെ താങ്ങിനിർത്താൻ തന്റെ ദയറാ വിട്ട് പ്രവർത്തിച്ചത് വേറൊരു ഉദാഹരണമാണ്.

56 A. Voobus: *History of the School of Nisibis,* (SCo 266, Subs (Llouvain: Secretariat du corpus SCO,1965) ഈ ഗ്രന്ഥം ഈ പഠനശാലയെക്കുറിച്ചുള്ള വിവരങ്ങൾക്ക് ഏറ്റവും നല്ല സ്രോതസ്സാണ്.

57 I.A. Barsaum, *Historie des Sciences,* 196

58 A. Voobus; *History of the School of Nisibis,*14

59 S.P. Brock, *St. Ephrem the Syrian*, *Hymns on paradise*,11

മാതാവിന്റെ ജന്മദേശമായിരുന്ന ആമീദ് (Dyar Baker)ലേക്ക് ആദ്യം പോകയും അവിടെ നിന്നും എഡേസായിൽ എത്തിച്ചേരുകയും ചെയ്തു.[60]

എഡേസായിൽ അഫ്രേം തന്റെ ജീവിതത്തിന്റെ അവസാന ദശാബ്ദം സുപ്രസിദ്ധമായ എഡേസാ സ്കൂളിൽ[61] പഠിപ്പിച്ചുകൊണ്ട് ചിലവഴിച്ചു; ചിലപ്പോഴൊക്കെ അവിടുത്തെ വിശുദ്ധ പർവ്വതത്തിലെ ഗുഹയിലേക്ക് മാറി താമസിക്കുകയും ചെയ്തു. മാനി, മാർക്കിയാൻ, ബർദൈസ്വാൻ, അറിയൂസ്, മുതലായവരുടെ വേദവിപരീതങ്ങൾ വ്യാപകമായി പ്രചരിച്ചിരുന്ന എഡേസായിൽ, അവയെ ധ്വംസിക്കത്തക്കവണ്ണം അവിടെ വച്ച് അദ്ദേഹം തന്റെ അനേക കവിതകളും ഗദ്യകൃതികളും രചിച്ചു. അദ്ദേഹത്തിന്റെ സുറിയാനി ജീവചരിത്രം, ഈ കാലഘട്ടത്തിൽ ഈജിപ്റ്റിലെ മോർ ബിഷോയിയെയും കപ്പദോക്യയിലെ മോർ ബസേലിയോസിനെയും സന്ദർശിച്ചതായി ആരോപിക്കുന്നുണ്ടെങ്കിലും ചരിത്രപരമായി ഈ സന്ദർശനങ്ങളുടെ രേഖകൾ കണ്ടെത്തുവാനാവതില്ല.

ആറാം നൂറ്റാണ്ടിൽ എഴുതപ്പെട്ട എഡേസൻ വൃത്താന്ത (*Edessene Chronicle*) പ്രകാരം 373 ജൂൺ 9-ാം തീയതി അഫ്രേമിന്റെ മരണം സംഭവിച്ചു. പല രേഖകളിലും വർഷം സംബന്ധിച്ച് ഐക്യം ഉണ്ടെങ്കിലും തീയതി ജൂൺ 15,18,19 എന്നാണ് വിവിധ സ്രോതസ്സുകൾ പറയുന്നത്. തന്റെ ജീവതത്തിന്റെ അന്ത്യവർഷം മുൻകാലങ്ങൾ പോലെ തന്നെ തികച്ചും പ്രവർത്തനോന്മുഖവും ജീവകാരുണ്യപ്രവർത്തനങ്ങളാൽ നിറഞ്ഞതുമായിരുന്നു. 372-373-ൽ എഡേസാ നഗരത്തെ ഒരു ക്ഷാമം ബാധിച്ചു. ദരിദ്രരെ പരിരക്ഷിക്കേണ്ടത് തന്റെ ചുമതലയെന്ന് അനുഭവപ്പെട്ട അഫ്രേം ധനികരിൽനിന്ന് പണവും ഭക്ഷണവും സംഭരിച്ച് പാവങ്ങൾക്ക് വിതരണം ചെയ്തു. ക്ഷാമത്തെതുടർന്ന് മഹാമാരികൾ പൊട്ടിപ്പുറപ്പെടുകയും അഫ്രേം രോഗികളെ സംരക്ഷിക്കുകയും അവസാനം താൻ തന്നെ മഹാമാരിക്കടിമപ്പെട്ട് നിര്യാണം പ്രാപിക്കുകയും ചെയ്തു.

അഫ്രേമിന്റെ വിശുദ്ധജീവിതവും നിര്യാണവും എല്ലാ പൗരസ്ത്യ സഭകളും അംഗീകരിച്ച് ആചരിക്കപ്പെട്ടു. സുറിയാനി സഭ വലിയ നോമ്പിന്റെ ഒന്നാം ശനിയാഴ്ച വിശുദ്ധന്റെ ഓർമ്മപെരുനാൾ കൊണ്ടാടുന്നു.[62] പാശ്ചാത്യ സഭകളും അഫ്രേമിന്റെ പ്രാധാന്യം അംഗീകരിക്കുവാൻ

60 I.Z. Iwas, *Secerat Mar Aphram Al-syriani*,39

61 G. Florovsky പറയുന്നത് ഈ പഠനശാല അഫ്രേം തന്നെ സ്ഥാപിച്ചു എന്നാണ്. (G.Florovsky, *The Eastern Fathers of the Fourth Century*) അഫ്രേമാണ് അത് സ്ഥാപിച്ചതെന്നതിന് നേരിൽ തെളിവില്ല എന്നു മറ്റുള്ളവർ പറയുന്നു. എന്നാലും, അഫ്രേമിന് അതുമായി ബന്ധമില്ലായിരുന്നു എന്നു പറയുന്നത് വിസ്മയകരമാണ് എന്ന് J.B. Segal പറയുന്നു. (J.B. Segal, *Edessa, The Blessed City*, 87 കാണുക)

62 ഏതാനും വർഷം മുമ്പ് പെരുനാൾ അടുത്തദിവസത്തേക്കു മാറ്റി- അതായത് വലിയ നോമ്പിലെ രണ്ടാം ഞായറാഴ്ചത്തേക്ക്.

തയ്യാറായി. ആകയാൽ 1920 ൽ പോപ്പ് ബനഡിക്റ്റ് XV സാർവ്വത്രിക സഭയുടെ മല്പാനായി (Doctor of the Universal Church) അദ്ദേഹത്തെ പ്രഖ്യാപിച്ചു.[63] അദ്ദേഹത്തിന്റെ പെരുനാൾ എല്ലാ വർഷവും ജൂൺ 18-ാം തീയതി ആചരിച്ചു പോരുന്നു.

## 2. അഫ്രേമിന്റെ സഭാപരവും രാഷ്ട്രീയവുമായ സാഹചര്യങ്ങൾ

ഓരോരുത്തരുടെയും ജീവിതത്തിൽ സമൂഹം അതിന്റേതായ സ്വാധീനാഘാതം ഉണ്ടാക്കാറുണ്ട്. സമൂഹത്തോട് വളരെ വികാര വിക്ഷുബ്ധരാകുന്ന രചയിതാക്കളെയും കവികളെയും സംബന്ധിച്ചിടത്തോളം ഇത് വളരെ സൂക്ഷ്മമായി ശരിയാണ്. തങ്ങളുടെ രചനകളിൽ, സാഹചര്യങ്ങളുമായുള്ള അവരുടെ ബന്ധം അവർ പ്രകടിപ്പിക്കാറുണ്ട്. ഈ രചയിതാക്കളെയും അവരുടെ കൃതികളെയും മനസ്സിലാക്കുവാനും ആസ്വദിക്കുവാനും അവരുടെ സാഹചര്യങ്ങളെക്കുറിച്ച്, അവ അവരുടെ കൃതികളിൽ ഉളവാക്കിയ സ്വാധീനങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കണം. നമ്മുടെ കഥാകൃത്ത് തന്റെ ജീവിതം നയിച്ച നാലാം നൂറ്റാണ്ടിലെ മെസപ്പൊട്ടോമിയായിലേക്കും പ്രത്യേകിച്ചും നിസിബിസ്, എഡേസ്സാ നഗരങ്ങളിലേക്കും ദൃഷ്ടി പതിപ്പിക്കേണ്ടത് ആവശ്യമാണ്. ഇത് നമ്മെ രണ്ടു ദിശകളിലേക്കു നയിക്കും: ഒന്ന് രാഷ്ട്രീയവും മറ്റത് സഭാപരവും.

അഫ്രേമിന്റെ കാലത്ത്, റോമൻ, പേർഷ്യൻ സാമ്രാജ്യങ്ങളുടെ അതിർത്തി നഗരമായിരുന്നു നിസിബിസ്.[64] ആകയാൽ ഈ രണ്ടു സാമ്രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തിൽ പലപ്പോഴും ഈ നഗരം കഷ്ടതയിൽ വീണുപോയിട്ടുണ്ട്. പ്രത്യേകിച്ചും 313 ൽ റോമാ സാമ്രാജ്യത്തിൽ ക്രിസ്തുമതത്തെ നിയമാധിഷ്ഠിതമാക്കിയ ശേഷം ശണ്ഠ, മതപരവും രാഷ്ട്രീയപരവും ആയി ഭവിച്ചു.[65] അതിനുമുമ്പും മൂന്നും നാലും നൂറ്റാണ്ടുകളിൽ മുഴുവൻ തന്നെ, മെസപ്പോട്ടോമിയ മേലുള്ള നിയന്ത്രണത്തിനുവേണ്ടി പാർത്ഥ്യരും റോമാക്കാരും തമ്മിലും തുടർന്ന് സസാനിദ് പേർഷ്യക്കാ

---

63 R, Murary: *Ephrem Syrus in A Catholic Dictionary of Theology* vol II (London: Nedson,1967) andd I.Z. Iwas, *Secerat Mar Aphrem Al-syriani*, 60

64 പേരിന്റെ സുറിയാനി രൂപം ܢܨܝܒܝܢ = *ന്സിബിൻ* എന്നാണ്. അത് ܢܨܒ= ന്സാബ്= നടുക എന്ന ക്രിയാരൂപത്തിൽ നിന്നും ഉത്ഭൂതമായതാണ്. ഈ പേരിൽ ഇതറിയപ്പെടാൻ കാരണം അവിടെ വളരെ ഏറെ തോട്ടങ്ങളും കൃഷിയിടങ്ങളും ഉണ്ടായിരുന്നതുകൊണ്ടാണ്. അതുവഴി കടന്നുപോകുന്ന മാസിഡോണിസ് നദി മൂലം മാസിഡോണിയായിലെ അന്ത്യോഖ്യാ എന്നാണ് ഗ്രീക്കുകാർ ഇതിനെ വിളിച്ചിരുന്നത്. ഇപ്പോൾ ഈ പട്ടണം നുസായ്ബിൻ (Nusaybin) എന്ന പേരിൽ സിറിയായുടെ അതിർണ്ടത്തിയിൽ ടർക്കിയുടെ അധീനതയിലുമാണ്. (I.Z. I was, *Seeret Mar Aphram Al-Suryani* 28 കാണുക.

65 J,B, Segal, *Edessa, The Blessed City*,87

രുടെ ഇടയിലും പാൽമിയരും റോമാക്കാരും തമ്മിലുള്ള മത്സരങ്ങളിലും[66] നിസിബിസ് ഒരു അമൂല്യ പാരിതോഷികം ആയിരുന്നു. പൗരാണിക ലോകത്ത് വാണിജ്യപരമായ ഇടപാടുകളുടെ ഒരു കേന്ദ്രം എന്ന നിലയിൽ തന്ത്രപരമായ ഒരു സ്ഥാനമായിരുന്നു നിസിബിസ് എന്നത് പ്രാധാന്യമർഹിക്കുന്നു. തന്റെ ചില ഗീതങ്ങൾ രചിക്കുന്നതിൽ അഫ്രേമിന് പ്രചോദനമേകിയ ഉറവിടം നിസിബിസിന്റെ രാഷ്ട്രീയ അനിശ്ചിതത്വമായിരുന്നു; അവയിൽ ദൈവസഹായത്താലും മെത്രാന്മാരുടെ പ്രാർത്ഥനയാലും, നഗരത്തിന്മേലുള്ള ആക്രമണത്തെ ചെറുത്തു നിൽക്കുന്നതിനെ അദ്ദേഹം വർണ്ണിക്കുന്നുണ്ട്.

പ്രാകൃതരുടെയും (അവിശ്വാസികളുടെയും) യഹൂദന്മാരുടെയും ന്യൂനപക്ഷമായ ക്രിസ്ത്യാനികളുടെയും സഭാകേന്ദ്രമായിരുന്നു നിസിബസ്. അഫ്രേമിന്റെ ഗുരുവായിരുന്ന മോർ യാക്കോബായിരുന്നു നഗരത്തിന്റെ മെത്രാൻ.[67] അപരിഷ്കൃതമായ, പ്രാകൃതരുടെ ആചാരങ്ങൾക്കു നേരെയും യഹൂദന്മാരുടെ അവിശ്വാസത്തിനു നേരെയും വേദവിപരീതികളുടെ തെറ്റായ പഠിപ്പിക്കുലുകൾക്കു നേരെയും തന്റെ രചനകളുടെ ദിശ തിരിച്ച അഫ്രേമിന് ഈ വസ്തുത ഒരു വെല്ലുവിളിയായി ഭവിച്ചു.

കുസ്തന്തീനോസിന്റെ മതപരിവർത്തനവും ക്രിസ്ത്യാനികളോട് അദ്ദേഹത്തിന് സഹിഷ്ണതയും ഉണ്ടായിരുന്നിട്ടുപോലും പ്രാകൃതത്വം മെസപ്പോട്ടേമിയായിൽ ശക്തമായിരുന്നു. ഉപേക്ഷിക്കപ്പെട്ടവയും പിന്നീട് നശിപ്പിക്കപ്പെട്ടവയും ഒഴികെ അനേക ക്ഷേത്രങ്ങൾ എല്ലായിടത്തും ഉണ്ടായിരുന്നു. കുസ്തന്തനീസ് പോലും 337 വരെ മാമോദിസ ഏറ്റിരുന്നില്ല. തന്റെ മരണത്തിനു തൊട്ടു മുമ്പുവരെയും "മഹാപുരോഹിതൻ" എന്നാണ് അദ്ദേഹം വിളിക്കപ്പെട്ടിരുന്നത്. അങ്ങനെ പ്രാകൃതർ (പുറജാതിക്കാർ, അഥവാ അവിശ്വാസികൾ) നിസിബിസിലെ ശക്തിമത്തായ ഒരു കക്ഷി ആയിരുന്നു. ക്രിസ്തുമതത്തിനുവേണ്ടി അഫ്രേമിന് അവരെയായിരുന്നു നേരിടേണ്ടിയിരുന്നത്. പ്രാകൃതമതങ്ങളെ പ്രോത്സാഹിപ്പിച്ച് അവയുടെ ബൗദ്ധിക ഉദ്ഗ്രഥനത്തെ പ്രതിരോധിക്കുകയും യറുശലേമിലെ യഹൂദ ദൈവാലയത്തെ പുനർനിർമ്മിക്കുവാൻ ശ്രമിക്കുകയും ചെയ്ത വിശ്വാസ വിപരീതിയായിരുന്ന ജൂലിയൻ ചക്രവർത്തിക്കുനേരെ '*ജൂലിയാനെതിരെയുള്ള ഗീതങ്ങൾ*' *(Hymns aganist Julian)* അദ്ദേഹം രചിച്ചത് ഈ പശ്ചാത്തലത്തിലായിരുന്നു.

ഒരു യഹൂദാ വിദ്യാലയം പൗരസ്ത്യ ദേശത്ത് ഏതാണ്ട് ആദ്യമായി ഉണ്ടായത് നിസിബിസിലായിരുന്നു.[68] ആകയാൽ, അവിടെ വളരെ

---

66 K.E. Mcvey, *Ephrem the Syrian, Hymns, Classics of Western Spirituality* (New York, Paulist Press, 1989,7)

67 I,A, Barsaum, *Histoire Abregee L' Eglist*,457

68 R. Murray, *Symbols of Church and Kingdom: A Study in Early Syriac Tradition*

ശക്തമായ ഒരു യഹൂദാ സ്വാധീനവും ഉണ്ടായിരുന്നു. യഹൂദന്മാർക്കു നേരെയുള്ള അഫ്രേമിന്റെ കടുത്ത ആക്രമണത്തിന്റെ കാരണം ഇത് അനല്പമായി വ്യക്തമാക്കുന്നു. വാസ്തവത്തിൽ പുറകോട്ട്, ക്രിസ്തുവിന്റെ ജീവിതകാലം വരെ എത്തുന്ന ക്രിസ്ത്യാനികളും യഹൂദന്മാരുമായുള്ള വളരെ പഴകിയ മത്സരത്തിൽ അഫ്രേം സ്വയമെ ഉൾപ്പെടുകയായിരുന്നു ചെയ്തത്.

അഫ്രേമിന്റെ നേതൃത്വത്തിൽ പഴയനിയമത്തെ, നിസിബിസിലെ യഹൂദാറബിമാരുടെ ശക്തമായ വ്യാഖ്യാനത്തിനെതിരെ ക്രിസ്തീയ ദൈവശാസ്ത്രപ്രകാരം വ്യാഖ്യാനിച്ചുകൊണ്ട് നിസിബിസിലെ വിദ്യാലയം ഈ മത്സരത്തിന് ആക്കം കൂട്ടി.

നിസിബിസിലെ ക്രിസ്തീയ വേദവിപരീതകളെ സംബന്ധിച്ചിടത്തോളം, അഫ്രേമിന്റെ രചനകൾ - പ്രത്യേകിച്ചും തന്റെ 'വിശ്വാസ പ്രഭാഷണങ്ങൾ' (Sermons on Faith), 'അറിയൂസുകാർക്കെതിരെ (Aganist Arians)' എന്നിവ - അറിയൂസ് വേദവിപരീതമായിരുന്നു പ്രബലമായി അവിടെ നിലനിന്നിരുന്നത് എന്ന് സൂചന നൽകുന്നു. നിസിബിസിലെ ഈ വേദവിപരീതങ്ങളെക്കാൾ ശക്തമായിരുന്നവയെ എഡേസായിൽ അദ്ദേഹം നേരിട്ടപ്പോൾ തന്റെ രചനകളുടെ കാഠിന്യം വർദ്ധിപ്പിക്കുകയും ചെയ്തു.

സാംസ്ക്കാരികവും മതപരവുമായ പൈതൃകങ്ങളെ സവിശേഷമായി കാത്തു പരിപാലിച്ചിരുന്ന എഡേസ നഗരത്തിൽ അഫ്രേം 363 ൽ എത്തിച്ചേർന്നു.[69] ഗ്രീക്ക്, പേർഷ്യൻ, എന്നീ രണ്ട് മഹത്തായ നാഗരികതകളുടെ അതിർത്തി പ്രദേശമായിരുന്ന എഡേസ, അതിന്റെ സെമിറ്റിക് സംസ്കാരം നിലനിർത്തിയിരുന്നു.[70]

രാഷ്ട്രീയമായി എഡേസ റോമൻ ഭരണാധികാരത്തിൻ കീഴിലായിരുന്നു എങ്കിലും നിസിബിസിനെപ്പോലെ തന്നെ, പേർഷ്യ, സസ്സാനിദ്, പേർഷ്യ, പൽമിറ[71] എന്നിവയുമായുള്ള റോമൻ സംഘർഷത്തിന്റെ ഒരു ഇരയായിരുന്നു അത്. മെസപ്പൊട്ടോമിയയിലെ സുപ്രസിദ്ധ നഗരമെന്ന അതിന്റെ ഖ്യാതിയിലും അറേബ്യയായും ഏഷ്യ മൈനറുമായുള്ള വ്യാപാരത്തിന്റെ കേന്ദ്രമെന്ന നിലയിലും ആണ് എഡേസായുടെ

---

*(London: Cambridge University Press,1975),18*

69 Selucus Nikanor (311-280 BC) പണിതതാണ് എഡേസ. BC 132 ൽ സുറിയാനിപേരായ ܐܘܪܗܝ = ഉർഹോയ് എന്ന പേരിൽ ഒരു രാജ്യമായി അത് പ്രഖ്യാപിക്കപ്പെട്ടു. AD 244 ൽ റോമാക്കാർ ഇത് പിടിച്ചെടുത്ത് തങ്ങളുടെ സാമ്രാജ്യത്തോടു ചേർത്തു. ഇപ്പോൾ ഇത് ഉർഫ (Urfa) എന്ന പേരിൽ ടർക്കിയുടെ അധീനതയിലുള്ള ഒരു ചെറിയപട്ടണമാണ്.

70 F.C. Burkit, *Early Christianity Outside Roman Empire* (London: Cam bridge University Press,1899),12

71 K.E. Mc Vey, *Ephrem the Syrian, Hymns,* 24

പ്രാധാന്യം അറിയപ്പെട്ടിരുന്നത്. അഫ്രേം അവിടെ എത്തിച്ചേർന്നപ്പോൾ അത് താരതമ്യേന ഒരു ഉറപ്പുള്ള നഗരമായിരുന്നു; കാരണം, റോമാക്കാരും പേർഷ്യക്കാരുമായുണ്ടായ 363 ലെ പുതിയ സന്ധി അനുസരിച്ച് അതിർത്തിയിൽ നിന്നും അകലത്തായി അത് നിലകൊണ്ടിരുന്നു. ആകയാൽ, പേർഷ്യൻ ആക്രമണ ഭീഷണിയിൽ നിന്നും ദൂരത്തായി തീർന്നു. അതേ സമയം പേർഷ്യൻ സംസ്കാരം അതിൽ നിന്നും തുടച്ചു നീക്കപ്പെട്ടിരുന്നില്ല; എന്നു തന്നെയല്ല, എഡേസായിലെ വിദ്യാലയത്തിൽ പഠിക്കുവാൻ വന്നു ചേർന്നു കൊണ്ടിരുന്ന പേർഷ്യക്കാരുടെ സംഖ്യ മൂലം അത് വർദ്ധിക്കുകയാണു ചെയ്തത്. ആ വിദ്യാലയം പേർഷ്യക്കാരുടെ വിദ്യാലയം എന്നറിയപ്പെടുന്ന സ്ഥിതിയിൽ വരെ എത്തിയിരുന്നു.[72]

സഭാപരമായി, മെസപ്പൊട്ടോമിയായിലെ സഭകളുടെ മാതാവ് (Mother of the Churches of Mesapotamia) ആയിട്ടാണ് എഡേസാ പരിഗണിക്കപ്പെട്ടിരുന്നത്. അന്ത്യോഖ്യാ സിംഹാസനത്തിൽ കീഴിലുള്ള മൂന്നാമത്തെ മെത്രാപ്പോലീത്തൻ സിംഹാസനമായിരുന്നു അത്. ഹാരാനും സ്രൂഗും[73] ഉൾപ്പെടെ പന്ത്രണ്ട് മെത്രാസനങ്ങളുടെ അദ്ധ്യക്ഷസ്ഥാനം അതിന്റെ മെത്രാപ്പോലീത്തായ്ക്കായിരുന്നു. [74]യൗസേബിയോസിന്റെ വൃത്താന്തം (Chronicle) V: 23 പ്രകാരം 197-ാമാണ്ടിനോടടുത്ത് മെസപ്പൊട്ടോമിയായിലെ അനേക മെത്രാന്മാർ എഡേസായിൽ ഒരുമിച്ചു കൂടി ക്യംതാ (Easter) പെരുനാളിന്റെ തീയതിയെക്കുറിച്ച് ചർച്ച ചെയ്തിരുന്നു.

ഒന്നാം നൂറ്റാണ്ടിൽ തന്നെ, ആദായി ശ്ലീഹായാൽ ക്രിസ്തീയവൽക്കരിക്കപ്പെട്ടതെന്ന് തദ്ദേശീയ പാരമ്പര്യംപ്രകാരം വിശ്വസിച്ചുപോരുന്ന നഗരമായ എഡേസായിൽ അഫ്രേം എത്തിച്ചേരുമ്പോൾ പ്രാകൃത ആചാരങ്ങളും യഹൂദാ ആരാധന ക്രമങ്ങളും അവിടെ നടമാടിയിരുന്നു. ദീയാത്തസറോണിന്റെയും തോമായുടെ സുവിശേഷത്തിന്റെയും ശലോമോന്റെ സങ്കീർത്തനങ്ങളുടെയും അതുപോലെയുള്ള പൗരാണിക സുറിയാനി കൃതികളുടെയും ജന്മദേശവും അഖണ്ഡ എപ്പിസ്കോപ്പൽ ശൃംഖലയുടെയും നാടായിരുന്നു എഡേസാ. ഇവിടെ അഫ്രേമിന്റെ കർത്തവ്യത്തിൽ പ്രധാനമായിരുന്നത് മാനി, മാർക്കിയൻ, ബർദൈസാൻ, അറിയൂസ് മുതലായ വ്യത്യസ്ത വേദവിപരീതികളുടെ അഭ്യസനത്തെ ചെറുക്കുക എന്നതായിരുന്നു. ഇവരുടെ അഭ്യസനം മൂലം സത്യ വിശ്വാസം (orthodoxy)

72 I,Z. Iwas: *Seerat Mar Aphram. Al-Syriani,* 42

73 I. Jacob: *History of the Syrian Church of Antoch*, 1:299

74 യൗസേബിയോസിന്റെ വൃത്താന്ത (Chronicle) പുസ്തകത്തിൽ, താൻ സഗരത്തിന്റെ പുരാവസ്തു ഗ്രന്ഥശേഖരത്തിൽ, എഡേസായിലെ രാജാവായിരുന്ന അബ്ഗാർ ഊക്കോമോ (Abgar Okama) യും യേശുവും തമ്മിലുള്ള കത്തിടപാട് വായിച്ചിട്ടുണ്ട് എന്ന് നമ്മെ അറിയിക്കുന്നു.

പാലൂഷ്യൻസ് (Palutions) എന്ന നാമത്തിൽ ഒരു ചെറു വിഭാഗത്തിലേക്ക് തള്ളപ്പെട്ടിരുന്നു.[75] (പാലൂത് എന്ന അവരുടെ മെത്രാന്റെ പേരിനോട നുബന്ധിച്ചാണ് ഈ പേരുണ്ടായത്). അതേസമയം വേദവിപരീതികൾ ക്രിസ്ത്യാനികൾ എന്നും പൊതുവായി അറിയപ്പെട്ടിരുന്നു. ഇങ്ങനെയു ള്ളൊരു സ്ഥിതിവിശേഷത്തിൽ, നിസിബിസിൽ വച്ച് അഫ്രേം രചിച്ച വേദവിപരീതികൾക്കെതിരെയുള്ള കൃതികൾ അമൂല്യങ്ങളായി ഭവിച്ചു. ആകയായൽ അദ്ദേഹം അവ ആവർത്തിച്ചു പ്രയോഗിച്ചു; എന്നാൽ വേദ വിപരീതികളോടുള്ള ഏറ്റുമുട്ടലിനേക്കാൾ വിശ്വാസികളെ പഠിപ്പിച്ചു കൊണ്ട് സത്യ വിശ്വാസത്തെ സംരക്ഷിക്കുവാൻ അദ്ദേഹം ശ്രദ്ധ കേന്ദ്രീ കരിച്ചു. എഡേസായിലെ പെൺകുട്ടികളെ സംഘടിപ്പിച്ച് ഒരു ഗായക സംഘത്തെ (ܒܢܬ ܩܝܡܐ എന്നറിയപ്പെടുന്ന Daughters of the Conventൽ നിന്നായിരിക്കാം ഇവരെ സംഘടിപ്പിച്ചത്.) രൂപീകരിച്ച് അവരെ തന്റെ കവിതകൾ ദൈവാലയങ്ങളിലും ഭവനങ്ങളിലും പാടാൻ അഭ്യസിപ്പിച്ചു.

ഇതു കൂടാതെ, താൻതന്നെ സ്ഥാപിച്ച സുപ്രസിദ്ധമായ എഡേസൻ വിദ്യാലയത്തിൽ പഠിപ്പിക്കുവാനും അഫ്രേം തുടങ്ങി. ചില പണ്ഡിതന്മാർ അഭിപ്രായപ്പെടും പ്രകാരം, അഞ്ചാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോളം ആ വിദ്യാലയത്തിന്റെ പാരമ്പര്യമായി അഫ്രേമിന്റെ അദ്ധ്യാപനം അംഗീകരി ക്കപ്പെട്ടിരുന്നു.[76] സുറിയാനി ലോകത്ത് സാഹിത്യത്തിന്റെയും തത്ത്വ ശാസ്ത്രത്തിന്റെയും സുപ്രധാന കേന്ദ്രമായി എഡേസ ആദരിക്കപ്പെടു വാൻ അഫ്രേമിന്റെ സംഭാവനകൾ ഇടയാക്കി എന്നതിൽ സംശയം വേണ്ട.

## 3. അദ്ദേഹത്തിന്റെ രീതികൾ

ഒരു ദൈവശാസ്ത്രജ്ഞന്റെ രചനകളെയും ദൈവശാസ്ത്രരീതി കളെയും കുറിച്ച് വിലയിരുത്തുന്നതിനായി ആ രചനകളുടെ സവിശേഷ തകൾക്കും രീതികൾക്കും സഹായഹേതുകങ്ങളായ വസ്തുതകളെ ക്കുറിച്ച് നാം ബോധവാന്മാരായിരിക്കണം. അഫ്രേമിന്റെ കൃതികളിൽ വിശ്വാസസംഹിതകളുടെ മൂലകങ്ങളൊ വാദങ്ങളൊ കണ്ടെത്തുവാൻ അനേക പണ്ഡിതൻമാർക്ക് കഴിഞ്ഞിട്ടില്ല.[77] അപ്പോളിനാറിയോസിനെ പ്പോലുള്ള വേദവിപരീതികളുമായി സംവാദം നടത്തുവാൻ അഫ്രേമിന് കഴിഞ്ഞിട്ടില്ലെന്നും, ആകയാൽ അയാളുടെ വാദങ്ങൾ അടിസ്ഥാനരഹി തങ്ങളെന്ന് സ്ഥാപിക്കുന്നതിനേക്കാൾ അയാളുടെ പുസ്തകത്താളുകളെ

---

75 A. Voobus, *Literary, Critical and Historical studies in Ephrem the Syrian*, papers of the Estonian Theological Society in Exile 10 (Stockholm: Etse, 1958),55

76 G. Florovsky. *The Eastern Fathers of the Fourth Centrury*, 267

77 O. Bardenhewer, *Patrology: The lives and works of the Fathers of the Church* (Freiburg: Herder, 1908),390; F.C. Burkitt, *Early Christianity Outside the Roman Empire*,16,54; J.B. Segal, *Edessa: The Blessed City*,89

അവഗണിക്കുകയായിരുന്നു അഫ്രേം ചെയ്തിരുന്നതെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. സത്യവിശ്വാസം ശരിയായി അഭ്യസിപ്പിച്ച്, വിശ്വാസത്തെ സംരക്ഷിച്ച്, വേദവിപരീതികളുമായി തർക്കിച്ച്, തന്റെ ജീവിതകാലം മുഴുവൻ ചിലവാക്കിയ ഒരു മനുഷ്യനോട് നീതി പുലർത്തുന്ന ഒരു നിലപാടല്ല ഇത്; അദ്ദേഹം തന്നെ, അവിശ്വസ്തരുമായി താൻ എപ്പോഴും മത്സരിക്കുകയായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. എന്നാലും അഫ്രേമിന്റെ രചനകളിൽ പ്രത്യക്ഷമായ വിശ്വാസാധിഷ്ഠിത സംവാദങ്ങൾ അപൂർവ്വമെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു; അതിനു കാരണം, അവ അദ്ദേഹത്തിൽ അപര്യാപ്തമായതുകൊണ്ടല്ല, പിന്നെയൊ, നിസിബിസിലെയും എഡേസായിലെയും സാധാരണ ജനങ്ങൾക്കുവേണ്ടിയാണ് അദ്ദേഹം രചനകൾ നടത്തിയിട്ടുള്ളത് എന്നതിനാലാണ്. അവരുടെ വിശ്വസത്തെ പുറജാതികളിൽ നിന്നും യഹൂദന്മാരിൽ നിന്നും വേദവിപരീതകളിൽ നിന്നും സംരക്ഷിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ഉത്കണ്ഠ. ഒരു ദയറായിൽ താമസിച്ചുകൊണ്ട് ദൈവശാസ്ത്ര സംവാദങ്ങളെക്കുറിച്ച് എഴുതുകയായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ലക്ഷ്യം വ്യത്യസ്തമാകുമായിരുന്നു. ഗദ്യത്തെക്കാൾ കൂടുതലായി കവിതകൾ രചിച്ചതിൽ അദ്ദേഹം സ്വീകരിച്ചിരുന്ന രീതികൾക്ക്, വിശ്വാസികളുടെ മനസ്സുകളെ നിഷ്പ്രയാസം സ്വാധീനിക്കത്തക്ക നിറമാർന്ന ഭാവനകളും പ്രതീകങ്ങളും ദൃഷ്ടാന്തങ്ങളും ആവശ്യമായിരുന്നു.

J. Labourt[78] പറയും പ്രകാരം, 1950 വരെ ലഭ്യമായ അഫ്രേമിന്റെ രചനകൾ എല്ലാം തന്നെ പരിഭാഷകളിലൂടെയാണ്. അതിനാൽ തന്നെ കവിതയുടെ പ്രത്യേകതയായ വശീകരണ ശക്തി അവയ്ക്ക് നഷ്ടപ്പെട്ടിരുന്നു എന്ന് നാം ഓർക്കണം. Murray[79] ചൂണ്ടിക്കാട്ടും പ്രകാരം, അഫ്രേമിന്റെ ദൈവശാസ്ത്രത്തെ കുറിച്ചുള്ള പഠനങ്ങൾ ഇപ്പോഴും അതിന്റെ ശൈശവാവസ്ഥയിലാണ്.

നിരൂപിക്കേണ്ട വേറൊരു വസ്തുത എന്തെന്നാൽ ഗ്രീക്ക് തത്ത്വശാസ്ത്രത്തിന് വൈദേശികമായ, വർണ്ണാഭമാർന്ന ഭാവനകളാലും ദൃഷ്ടാന്തപരമായ രീതികളാലും സവിശേഷതയാർന്ന ഒരു സെമിറ്റിക് സമൂഹത്തിലേക്ക് സെമിറ്റിക് രീതിയിൽ അഫ്രേം രചനകൾ നടത്തി എന്നതാണ്. ഇതായിരിക്കാം പാശ്ചാത്യ സമൂഹത്തിന് അവ അതിവിസ്തൃതവും മുഷിപ്പുണ്ടാകുന്നതും വർണ്ണപ്പകിട്ടല്ലാത്തതും മനോഞ്ജത ഇല്ലാത്തതും ആയി അനുഭവപ്പെടാൻ കാരണം.[80] ഇപ്പോൾ, അഫ്രേമിന്റെ

78 J. Labourt, *Ephraem in The Catholic Encyclopdeia* vol.5 (New York: Appleton),500

79 R. Murray, *Ephrem Syrus*, St 11:221

80 J. Labourt, *Ephraem*,499

കൃതികളുടെ വിശ്വസനീയമായ പതിപ്പുകൾ ലഭ്യമായതിനാലും, പ്രതീകാത്മ ദൈവശാസ്ത്രത്തിന്റെ പുനർജന്മത്തിന്റെ കാലിക പ്രസക്തി മൂലവും ഡാന്റെ (Dante)യ്ക്കൊപ്പം നിൽക്കുന്ന ഏക ദൈവശാസ്ത്ര കവിയായ അഫ്രേമിനെക്കുറിച്ച് മുമ്പത്തേതിനാക്കാൾ അധികം വ്യക്തമായും പ്രേരണാത്മകവുമായി മനസ്സിലാക്കുവാൻ സാധിക്കും.[81]

അഫ്രേമിന്റെ രചനകളിൽ എന്തെങ്കിലും പ്രത്യേകമായ ഒരു പാരമ്പര്യം കണ്ടെത്തുക എന്നത് ശ്രമകരമായ ജോലിയാണ്. ഗ്രീക്ക് സംസാരഭാഷയായുള്ള സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട ഒന്നിൽ അതീവമായി വികാസം പൂണ്ട യഹൂദാ-ക്രിസ്ത്യൻ പാരമ്പര്യം ആണ് അദ്ദേഹം പ്രതിബിംബിപ്പിക്കുന്നത്. അതേസമയം, വ്യാഖ്യാനപരമായ അദ്ദേഹത്തിന്റെ പാരമ്പര്യം പലപ്പോഴും തർഗൂമുകളെയും മിദ്രാസിമുകളെയും[82] പ്രതിധ്വനിപ്പിക്കുന്നു. പഴയ പുതിയ നിയമങ്ങൾ തമ്മിലുള്ള ദൃഷ്ടാന്തപരമായ സാമ്യത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിപത്തി വളരെ വലുതാണ്. ഈ പാരമ്പര്യങ്ങൾ അദ്ദേഹം ഉപയോഗപ്പെടുത്തുമ്പോൾ അവയെ വെറുതെ ആവർത്തിച്ചു പറയുകയല്ല ചെയ്തിരുന്നത്. സൃഷ്ടിപരമായി തന്റെ സ്വന്തമായ ബുദ്ധിവൈഭവം തനിക്ക് സൂചന നൽകുന്ന പ്രകാരം, പരമ്പരാഗത പ്രരൂപങ്ങളെയും സംജ്ഞകളെയും സ്വതന്ത്രമായും വിസ്തൃതമായും വികസിപ്പിച്ചു രൂപ കല്പന ചെയ്യുകയായിരുന്നു. ദൈവിക യാഥാർത്ഥ്യങ്ങളുടെ (Divine realilties) ചൂണ്ടു പലകകളായി, തന്റെ പ്രതീകങ്ങളുടെയും സംജ്ഞകളുടെയും ദൈവശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം, ഇത് സവിശേഷമായി തന്നെ ശരിയാണ്. ഇക്കാര്യത്തിൽ Iconodule പിതാക്കന്മാരുടെയും (Iconodule Fathers)[83] പൗരാണിക ബൈസന്റയിൽ പ്രതിരൂപാത്മക ആശയത്തിന്റെയും (Classical Byzantine iconographical theory) പ്രതീകാത്മ ദൈവശാസ്ത്രത്തെ ഇത് മുൻകൂട്ടി കാണിക്കുന്നു. തിരുവെഴുത്തുകളിൽ നിന്നുള്ള ഉദ്ധരണികൾ കൈകാര്യം ചെയ്യുമ്പോൾ അഫ്രേം അപൂർവ്വമായി മാത്രമെ പദാനുപദമായി ഉദ്ധരിക്കാറുണ്ടായിരുന്നുള്ളൂ. വി. വേദത്തിൽ നിന്നുള്ള പരാമർശനങ്ങളെന്ന് തിരിച്ചറിയുവാൻ പ്രയാസമാകും വിധം ചിലപ്പോഴൊക്കെ ആ ഉദ്ധരണികൾക്ക് രൂപാന്തരങ്ങളും വാസ്തവത്തിൽ വന്നിട്ടുണ്ട്.[84] എന്നാൽ ഇവയ്ക്കെല്ലാം തന്നെ വ്യാഖ്യാനത്തിന്റെ അന്ത്യോഖ്യൻ പാരമ്പര്യം അഫ്രേമിന്റെ സ്വതസിദ്ധമായ ശൈലിയിൽ

81 R. Murray, *Ephrem Syrus, st* 11:222

82 R. Murray, *Ephrem Syrus, st* 11:222.e

83 R. Murray *Symbols of Church and Kingdom*,166

84 N.El-jhoury: *The Use of Language by Ephraim the Syria* in *Studia Patristica* Vo;. XV-XVI: Papers presented to the seventh International Conference on Patristic studies Held in Oxford,*1975, E.A. Livingstone ed. (Berlin: Akademie,1985)94*

പരിരക്ഷിക്കപ്പെട്ടിരിക്കുന്നു. പഴയനിയമ സംഭവങ്ങൾക്ക് ആത്മീയമായ അർത്ഥം (ܪܘܚܢܐܝܬ – റൂഹോനോയിത് = spiritual) പുതിയനിയനത്തിൽ ലഭിക്കുവാൻ ഉതകും വിധം ആ സംഭവങ്ങളെ അദ്ദേഹം ശബ്ദാർത്ഥത്തിൽ (ܣܘܪܢܐܝܬ =സൂറോനോയിത്= literally) വ്യഖ്യാനിച്ചിരിക്കുന്നു. തുടർന്ന്, അന്തിമവിധി സമയത്ത് അവയുടെ നിറവേറലിനായി അവയിൽ തന്റെ സ്വന്ത വിശ്വാസങ്ങൾ അദ്ദേഹം കൂട്ടിച്ചേർത്തിരിക്കുന്നു. അങ്ങനെ, തന്റെ ദൈവശാസ്ത്രത്തിനു രണ്ടു മാനങ്ങൾ അദ്ദേഹം കല്പിച്ചിരിക്കുന്നു. ഒന്ന്, പഴയനിയമം മുതൽ പുതിയനിയമം വരെ തിരച്ഛീന (horizontal)മായതും; രണ്ട്, ഈ ലോകത്ത് നിന്ന് വരുവാനിരിക്കുന്ന ലോകത്തേക്ക് ലംബം (Vertical) ആയതും.

## 4. അദ്ദേഹത്തിന്റെ കൃതികൾ

സുറിയാനി രാജ്യത്തും ഗ്രീക്ക് - റോമൻ രാജ്യത്തും ഒരു രചയിതാവ് എന്ന് നിലയിലുള്ള വി. അഫ്രേമിന്റെ ഖ്യാതി അതിപ്രശസ്തമായിരുന്നു. അക്കാരണത്താൽ തന്നെ അദ്ദേഹത്തിന്റെ നാമത്തിൽ അജ്ഞാതവും വ്യാജവുമായി കൃതികൾ ധാരാളം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. - പ്രത്യേകിച്ചും ഗ്രീക്ക്, ലത്തീൻ ഭാഷകളിൽ പ്രചരിക്കപ്പെട്ടിട്ടുള്ളവ. അദ്ദേഹത്തിന്റെ കൃതികളിൽ ഇപ്പോൾ നിലനില്ക്കുന്നവ രണ്ടു പ്രകാരത്തിലുള്ളവയാണ്: ഗദ്യത്തിലും പദ്യത്തിലും.[85]

അഫ്രേമിന്റെ ഗദ്യകൃതികൾ മൂന്നു വിധത്തിലുള്ളവയാണ്: വ്യാഖ്യാന പരമായ കൃതികൾ, പ്രഭാഷണങ്ങൾ, ലേഖനങ്ങൾ. വി. ഗ്രന്ഥത്തിലെ മിക്കവാറും എല്ലാ പുസ്തകങ്ങൾക്കും അദ്ദേഹം വ്യാഖ്യാനങ്ങൾ എഴു തിയിട്ടുണ്ട്; എന്നാൽ ഉത്പത്തി, പുറപ്പാട്, പഴയനിയമത്തിലെ വിവിധ പുസ്തകങ്ങളുടെ ഏതാനും ഭാഗങ്ങൾ, എന്നിവയുടെ ഏതാനും വ്യഖ്യാ നങ്ങൾ മാത്രമെ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ. ദിയാത്തസറോണിന്റെ വ്യാഖ്യാനത്തിന്റെ മൂല സുറിയാനി പതിപ്പ്, ഈജിപ്റ്റിലെ അൽ - സുറി യാനി ദയറായിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. ഇതു കണ്ടെത്തുന്നതു വരെയും ആയതിന്റെ അർമ്മീനിയൻ പരിഭാഷ മാത്രമെ നിലവിലുണ്ടായി രുന്നുള്ളൂ എന്നതായിരുന്നു ദീർഘകാലത്തെ വിശ്വാസം. ഇപ്പോൾ അത് (സുറിയാനി പതിപ്പ്) ഡബ്ലിനിലെ (Dublin) Chester Beatty Library യിൽ പരിരക്ഷിച്ചിരിക്കുന്നു.[86]

---

85 അഫ്രേമിന്റെ കൃതികളുടെ വിശദമായ ഒരു വിവരണത്തിന് ഇഗ്നാത്യോസ് അഫ്രേം പ്രഥമന്റെ *ചിതറിയ മുത്തുകൾ* (മോർ ആദായി സ്റ്റഡി സെന്റർ, ചീരം ചിറ 2009) 284-290 കാണുക.

86 Carmenl McCarthy ഈ കൃതി ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. C.M carthy: *St. Ephrem's Commentary on Tatian's Diatessaron, An English Translation of Chester Beatty Syriac MS709 with Introduction and Notes* കാണുക.

പഴയ നിയമത്തിന്റെ ഏതാനും വ്യാഖ്യാനങ്ങളും പൗലോസിന്റെ ലേഖനങ്ങളുടെ ഏതാനും ഭാഗങ്ങളുടെ വ്യാഖ്യാനങ്ങളും അർമ്മീനിയൻ പരിഭാഷകളിൽ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. അഫ്രേം അനേക പ്രഭാഷണങ്ങളും എഴുതിയിട്ടുണ്ട്; അവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് *Sermo de Domino Nostro* ആണ്. അഫ്രേം എഴുതിയിട്ടുള്ള ലേഖനങ്ങളിൽ മൂന്നെണ്ണം ഇപ്പോൾ ലഭ്യമാണ്. അവയിലൊന്ന് ഡൊമിനൂസി (Domnus) നെഴുതിയ വേദവിപരീതികളെക്കുറിച്ചുള്ളതാണ്. രണ്ടാമത്തേത് ഹീബോത്യോസി (Hibatius)ന് മാനി, മാർക്കിയോൻ, ബർദൈസാൻ, എന്നിവരുടെ പഠിപ്പിക്കലുകൾക്കെതിരെ അയച്ചതാണ്. മൂന്നാമത്തേത് പർവ്വതങ്ങളിൽ പാർക്കുന്ന സന്യാസിമാർക്കുള്ളതാണ്.[87]

അഫ്രേമിന്റെ പദ്യകൃതികൾ മിക്കതും ഇപ്പോഴും അവശേഷിക്കുന്നുണ്ട്; എന്തെന്നാൽ നിത്യ പ്രാർത്ഥനകളിൽ തത്സമയം ഉപയോഗിക്കത്തക്കവണ്ണം ക്രോഡീകരിച്ചതായിരുന്നു അവ. അദ്ദേഹത്തിന്റെ പദ്യരചനകൾ രണ്ടു വിഭാഗങ്ങളിൽപ്പെടും. മിമ്രോകളും (മെമ്രോ) മദ്റോശോകളും. മിമ്രോകൾ അഥവാ പദ്യഗീതങ്ങളും, പ്രഭാഷണങ്ങളും 7+7 സിലബിലുകളുള്ള ഈരടികളിലാണ് അഫ്രേം ക്രോഡീകരിച്ചത്; അവയിൽ ചിലത് ആയിരങ്ങൾ അടങ്ങുന്നവരികൾ ഉള്ളതാണ്. ഈ കൃതികൾ *Sermones* എന്ന പേരിൽ Beck പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്ലോകരൂപത്തിലുള്ള ഗീതങ്ങളായി മദ്റോശോകളും അഫ്രേം രചിച്ചിട്ടുണ്ട്. മദ്റോശകളിൽ, ഒരു പ്രത്യേക ഗീതത്തിന്റെ എല്ലാ ശ്ലോകങ്ങളും, ലഭ്യമായ അനേക സിലബിൾ രീതികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏക സിലബിൾ രീതിയിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരമുള്ള മദ്റോശോകൾ ആദ്യമായി ക്രോഡീകരിച്ചത് ബർദൈസാനും തുടർന്ന് അഫ്രേം തന്റെ സ്വന്തമായ ശൈലിയിലും രചിച്ചു.

## B. പേർഷ്യൻ ഋഷിയായ അഫ്രഹാത്ത്

പൂർണ്ണമായും നമ്മുടെ പക്കലെത്തിച്ചേർന്നിട്ടുള്ള കൃതികളുടെ രചയിതാവായ അഫ്രഹാത്ത് ആദ്യത്തെ സുറിയാനി ക്രിസ്ത്യാനി രചയിതാവും പേർഷ്യയിൽ നിന്നുള്ള ക്രിസ്തീയ ഗ്രന്ഥകാരന്മാരിൽ അറിയപ്പെടുന്ന ആദ്യത്തെ ആളും ആണ്.[88] അദ്ദേഹം തന്നെ സമ്മതിക്കും പ്രകാരം,[89] ഒരു പുറജാതിക്കാരനായി മൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭൂജാതനായി; എന്നാൽ അദ്ദേഹത്തിന്റെ ജനനകാലം നമുക്കറിഞ്ഞുകൂടാ. ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്യുകയും ഒരുവിധമായ സന്യാസവ്രതം സ്വീകരിക്കുകയും (ബ്നയ് ക്യോമോ = Sons

---

87 I.Z. I was, *Seerat Mar Aphram Al-Syriani*, 65

88 I.Qrtizde Urbına, "Aphraates" in *The (New Catholic) Encyclopedia, Vol.1* (New York Mc Graw-Hill 1967),653

89 *Aphraatis Sapeintis persae demonstrationes*, Pathologia Syriaca Vols &II; Parisot ed (Paris)

of Covenant ആയിരിക്കാം) തന്റെ ശേഷമുള്ള ജീവിതം മുഴുവൻ സന്യാസിയായി ജീവിക്കുകയും ചെയ്തു. യാക്കോബ് എന്ന പേരിൽ ഇദ്ദേഹം അറിയപ്പെട്ടിരുന്നു. വടക്കേ ഇറാക്കിലെ മോർ മത്തായിയുടെ ദയറായിൽ മെത്രാനായിരുന്നു എന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ മെത്രാൻ സ്ഥാനത്തെകുറിച്ച് വ്യക്തമായ തെളിവുകളൊന്നും ഇല്ല.[90] മോർ മത്തായിയുടെ ദയറായുമായി അദ്ദേഹത്തിന്റെ ബന്ധം ശരിയാകുവാൻ സാദ്ധ്യത കുറവാണ്; കാരണം, ആ ദയറാ അപ്പോൾ സ്ഥാപിതമായിരുന്നില്ല. 346 ൽ അദ്ദേഹത്തിന്റെ മരണം സംഭവിച്ചു.

തന്റെ Demonstrations ൽ സത്യവിശ്വാസ (Orthodxy) പ്രതിപാദനം ഉണ്ടെങ്കിൽ പോലും ഒരു വിശുദ്ധനായി അഫ്രഹാത്തിനെ സഭ ഒരിക്കലും അംഗീകരിച്ചിട്ടില്ല. സഭാപിതാക്കന്മാരുടെ ഗണത്തിൽ സ്വീകൃതനും ആയിട്ടില്ല. ഭൂലോകം ആറായിരം സംവത്സരങ്ങൾ മാത്രമെ നിലനില്ക്കുകയുള്ളൂ എന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനമായിരിക്കാം ഒരു കാരണം.[91]

## അദ്ദേഹത്തിന്റെ കൃതികളും രീതികളും

തിരുവെഴുത്തുകളെകുറിച്ച് അഗാധമായ പരിജ്ഞാനം അഫ്രഹാത്ത് വെളിപ്പെടുത്തുന്നുണ്ട്. അഫ്രേമിനെപ്പോലെതന്നെ, അദ്ദേഹത്തിന്റെ കൃതികളിലും ഗ്രീക്ക് (Hellelnistic) സ്വാധീനം അശേഷം ഇല്ല. തത്യാന്റെ (Taitan) ദിയാത്തസ്സറോ (Diatessaron)ണും ഏതാനും യഹൂദ (rabbinical) രചനകളും അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ സ്രോതസ്സുകളായി ഉണ്ടായിരുന്നുവെന്ന് അനുമാനിക്കപ്പെടുന്നു. തന്റെ വി.ഗ്രന്ഥ വ്യാഖ്യാനങ്ങളിൽ, അഫ്രേമിനും അറിയാമായിരുന്ന ജൂത-ക്രിസ്ത്യൻ പാരമ്പര്യങ്ങളെ പിന്തുടർന്നിരുന്നു; എന്നാൽ അഫ്രേമിനോളം ഭാഷാ വൈദഗ്ധ്യം അദ്ദേഹത്തിനില്ലായിരുന്നു.

ഓരോന്നും സുറിയാനി അക്ഷരമാലയിലെ ക്രമമായ അക്ഷരങ്ങളിൽ ആരംഭിക്കുന്ന 23 പ്രഭാഷണങ്ങളുടെ രൂപത്തിലാണ് അഫ്രഹാത്തിന്റെ രചനകൾ നമുക്ക് ലഭ്യമായിരിക്കുന്നത്. അദ്ദേഹത്തിന് ലഭിച്ച കത്തുകളുടെ മറുപടി എന്നോണമാണ് അവ എഴുതപ്പെട്ടിട്ടുള്ളത്. ആദ്യത്തെ പത്തു പ്രഭാഷണങ്ങൾ 337 ലാണ് രചിക്കപ്പെട്ടത്; ബാക്കിയുള്ള പന്ത്രണ്ട് എണ്ണം 344 ലും, അവസാനത്തേത് 345 ലുമാണ്. ഇവ ലത്തീൻ പരിഭാഷയോടുകൂടെ J. Parisot, Patrologia Syriaca യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.[92]

---

90 ഇഗ്നാത്യോസ് അഫ്രേം I : *ചിതറിയ മുത്തുകൾ,* 282 കാണുക.

91 *Aphratis Sapientis Persae Demonstrationes,* 20,21 ഇഗ്നാത്യോസ് യാക്കോബ് തൃതീയന്റെ *History of the Syrian Orthodox Church of Antioch,* 1:233 കാണുക. (മലയാള പരിഭാഷ, മോർ ആദായി സ്റ്റഡി സെന്റർ, ചീരംചിറ)

92 *Aphratis Sapientis Persae Demonstrationes, Patrologia Syriac* Vol.I &II, J. Parisot

അഫ്രഹാത്തിന്റെ Demonstratiions അവ അനുബന്ധമാക്കിയിരിക്കുന്ന വിഷയങ്ങളാൽ ശീർഷകമാക്കപ്പെട്ടിരിക്കുന്നു.

1. വിശ്വാസത്തെകുറിച്ച്
2. സ്നേഹത്തെകുറിച്ച്
3. ഉപവാസത്തെകുറിച്ച്
4. പ്രാർത്ഥനയെകുറിച്ച്
5. യുദ്ധങ്ങളെകുറിച്ച്
6. ഉടമ്പടിക്കാരെകുറിച്ച് (സന്യാസികളെ കുറിച്ച്)
7. അനുതാപികളെകുറിച്ച്
8. മരിച്ചവരുടെ പുനരുത്ഥാനത്തെകുറിച്ച്
9. വിനയത്തെകുറിച്ച്
10. ഇടയന്മാരെ (Pastors) കുറിച്ച്
11. പരിച്ഛേദനയെകുറിച്ച്
12. പെസഹായെകുറിച്ച്
13. ശാബതിനെകുറിച്ച്
14. ഉദ്ബോധനത്തെകുറിച്ച്
15. ഭക്ഷ്യസാധനങ്ങളുടെ വൈവിധ്യത്തെകുറിച്ച്
16. ജാതികൾ യഹൂദന്മാരെ മാറ്റി പ്രതിഷ്ഠിക്കുന്നതിനെകുറിച്ച്
17. ക്രിസ്തു ദൈവപുത്രനാകുന്നു എന്നതിനെകുറിച്ച്
18. യഹൂദന്മാർക്കെതിരെയും കന്യാത്വത്തെയും വിശുദ്ധിയെയും കുറിച്ച്
19. യഹൂദന്മാർ വീണ്ടും ഒരുമിച്ചു കൂടും എന്നവകാശപ്പെടുന്നതിനെതിരെ
20. ദരിദ്രരെ സഹായിക്കുന്നതിനെകുറിച്ച്
21. പീഡകളെ കുറിച്ച്
22. മരണത്തെകുറിച്ചും ലോകാവസാനത്തെകുറിച്ചും
23. മുന്തിരിക്കുലയെകുറിച്ച്

## C. സ്രൂഗിലെ വി. യാക്കോബ്

അഫ്രേം കഴിഞ്ഞാൽ ഏറ്റവും പ്രസിദ്ധനായ രണ്ടാമത്തെ സുറിയാനി രചയിതാവാണ് സ്രൂഗിലെ യാക്കോബ്. സുറിയാനി സഭ ദ്രുതഗതിയിൽ തന്നെ അദ്ദേഹത്തിൽ അനിതര സാധാരണനായ ഒരു ദൈവശാസ്ത്ര കവിയെ കണ്ടെത്തി. അഫ്രേമിനു ശേഷമുള്ള[93] സ്ഥാനം കല്പിച്ചു കൊടുക്കുകയും ചെയ്തു. അദ്ദേഹത്തെ "മല്പാൻ, സ്തുതി ചൊവ്വാക്കപ്പെട്ട സഭയുടെ കിന്നരം, മല്പാന്മാരുടെ കിരീടം"[94] എന്നീ വിശേഷണങ്ങളാൽ നാമകരണം ചെയ്യുകയും ചെയ്തു.

93 S.P. Brock: *Jacob of Serug on the Veil of Moses* in *Studies in Syriac Spirituality*, The Syrian Church Series 13, J. Vellian ed (Kottayam,1984):20

94 I.A. Barsaum, *Histoire des Sciences,* 220

അനേക ഭാഷ്യങ്ങളിൽ അദ്ദേഹത്തിന്റെ ജീവിതകഥ നമ്മിൽ എത്തിയിരിക്കുന്നു. അവയിൽ രണ്ടെണ്ണമാണ് ഏറ്റവും വിശ്വസനീയം. അവയിൽ ആദ്യത്തേത് പന്ത്രണ്ടാം നൂറ്റാണ്ടിലെ ഹ്രസ്വമായ ഒന്നും, ദമാസ്കസിലെ സുറിയാനി ഓർത്തഡോക്സ് പാത്രിയർക്കേറ്റിൽ കൈയെഴുത്തായി പരിരക്ഷിക്കപ്പെട്ടിരിക്കുന്നതുമാണ്. രണ്ടാമത്തേത് മർദീനിലെ സഫ്രാൻ (കുർക്കുമ)[95] ദയറായിലെ ലൈബ്രറിയിൽ കൈയെഴുത്തായി സംരക്ഷിക്കപ്പെട്ടിരിക്കുന്ന സുദീർഘമായ ഒന്നും ആണ്.

യുഫ്രട്ടീസ് നദീ തീരത്ത് സ്രൂഗിനു സമീപം കുർത്താം (Cortam) ഗ്രാമത്തിൽ 451 ൽ യാക്കോബ് ഭൂജാതനായി. അദ്ദേഹത്തിന്റെ പിതാവ് ഒരു വൈദികനായിരുന്നു. എഡേസയിലെ സുപ്രസിദ്ധ വിദ്യാലയത്തിൽ പഠനം നടത്തിയ അദ്ദേഹം തന്റെ പതിനഞ്ചാം വയസ്സിൽ കവിതാ രചന ആരംഭിച്ചു.[96] ദയറാ ജീവിതം സ്വീകരിച്ച അദ്ദേഹം ഒരു സന്യാസിയായി ജീവിതം കഴിച്ചുകൂട്ടി. ഹാവ്റ (Haura)[97]യിലെ വൈദികനായി അഭിഷിക്തനായ അദ്ദേഹം യുഫ്രട്ടീസ് പ്രദേശങ്ങളുടെയും സിറിയായുടെ ഉൾപ്രദേശങ്ങളുടെയും സന്ദർശക വൈദികനായി (periodeuttes = ദേശത്തു പട്ടക്കാരൻ) നിയമിതനാകുകയും ചെയ്തു 519 ൽ തന്റെ ജീവിതാന്ത്യത്തിൽ സ്രൂഗിലെ ബത്നാൻ മെത്രാസനത്തിന്റെ മെത്രാനായി പട്ടാഭിഷേകം ചെയ്യപ്പെട്ടു. ഈ മെത്രാസനം എഡേസാ ഭദ്രാസനത്തിലെ ഒരു മെത്രാസന (episcopal diocese) മായിരുന്നു. 521 നവംബർ 29 -ാം തീയതി അദ്ദേഹം ദിവംഗതനായി. ഡയർ ബക്കറിലെ ദൈവമാതാവിന്റെ ദൈവാലയത്തിലേക്ക് അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ മാറ്റപ്പെട്ടു. സഭയുടെ ഒരു വിശുദ്ധനായി അദ്ദേഹം പ്രഖ്യാപിക്കപ്പെടുകയും ഓർമ്മപ്പെരുനാൾ നവംബർ 29 -ാം തീയതി ആചരിക്കപ്പെടുകയും ചെയ്യുന്നു.

യാക്കോബ് ഒരു കല്കിദൂന്യനൊ, കല്കിദൂന്യ വിരുദ്ധനൊ ആയിരുന്നു എന്നത് വിശാലമായ ഗവേഷണം അർഹിക്കുന്ന ഒരു വിഷയമാണ്. കല്കിദൂന്യ ഉപദേശങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ദൈവശാസ്ത്രപരമായ സംവാദങ്ങളിൽ അദ്ദേഹം ഒട്ടും താല്പര്യം പ്രകടിപ്പിച്ചിരുന്നില്ല. അഞ്ചാം നൂറ്റാണ്ടിലെ ക്രിസ്തു വിജ്ഞാനീയ വിവാദങ്ങളിൽ നിന്നും മനപ്പൂർവ്വം അകന്നു മാറി നിന്ന ശാന്തനായ ഒരുവനായിരുന്നു അദ്ദേഹമെന്നത് വ്യക്തമാണ്; പകരം തന്റെ കാവ്യരചനയിലേക്ക് മാത്രം ശ്രദ്ധ തിരിക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. എന്നാൽ, തന്റെ സമകാലി

---

95 ഗ്രിഗോറിയോസ് യോഹന്ന ഇബ്രാഹിം, *Mar Yacoub Al-Sarouji*, *The Patrianchal journal of the Syrian Orthodox Patriarchate* (Damascus)131-132 (January - February1994):20

96 G.Y. Ibrahim, *Mar Yacoub Al-Sarouji,* 23

97 ചിലർ Haura അദ്ദേഹത്തിന്റെ ജന്മസ്ഥലവും കൂടി ആണെന്ന കരുതുന്നു. ഇഗ്നാത്യോസ് അഫ്രേം പ്രഥമൻ: *ചിതറിയ മുത്തുകൾ* 312; O. Clement, *The Roots of Christian Mysticism,34)* ഇവ കാണുക.

കർക്ക് ഈ നിലപാട് തൃപ്തികരമല്ലാതിരുന്നതിനാൽ, അദ്ദേഹം അന്ത്യോഖ്യ പാത്രിയർക്കീസായിരുന്ന വലിയ മോർ സേവേറിയോസിന്റെ (+538) സന്നിധിയിലേക്ക് ആനയിക്കപ്പെടുകയും അദ്ദേഹം യാക്കോബിന്റെ സത്യ വിശ്വാസത്തെ (Orthodoxy) സാക്ഷ്യപ്പെടുത്തുകയും ചെയ്തു. എന്നിരുന്നാലും കല്കിദൂന്യ ക്രിസ്തു വിജ്ഞാനീയത്തിന്റെ തത്ത്വമായ "ഇരുസ്വഭാവത്തിൽ" എന്നതിനുപകരം "രണ്ടിൽ നിന്നുള്ള ഒരു സ്വഭാവത്തിൽ (one nature out of two)"[98] എന്നുപയോഗിക്കുന്നതിൽ താല്പര്യപ്പെട്ടുകൊണ്ട് അതിനെ തള്ളിപ്പറയുന്നവരോടൊപ്പം ആയിരുന്നു അദ്ദേഹം എന്നത് അദ്ദേഹത്തിന്റെ രചനകൾ ചൂണ്ടിക്കാട്ടുന്നു.

## കൃതികളും രീതികളും

തന്റെ കാലത്തെ ക്രിസ്തുവിജ്ഞാനീയ വിവാദങ്ങളിൽ അകപ്പെടാതിരിക്കുവാൻ തത്ത്വചിന്താപരമായ പദപ്രയോഗങ്ങൾ ഒഴിവാക്കിക്കൊണ്ട് ദൈവശാസ്ത്ര സത്യങ്ങളെ വിശദീകരിക്കുവാൻ പ്രതീകങ്ങളും ദൃഷ്ടാന്തങ്ങളും ഉപയോഗപ്പെടുത്തികൊണ്ടുള്ള ഒരു കാവ്യശൈലി യാക്കോബ് സ്വീകരിച്ചിരുന്നു എന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ സാദ്ധ്യത തള്ളിക്കളയാതെ തന്നെ, തന്റെ കവിതകളിലും ലേഖനങ്ങളിലും ഉൾകൊണ്ടിരിക്കുന്ന സ്ഫുടമായ ദൈവശാസ്ത്ര പദപ്രയോഗങ്ങളെ നാം അവഗണിച്ചുകൂടാ. തന്റെ ദൈവശാസ്ത്രത്തിൽ പ്രയോഗിച്ചിരിക്കുന്ന പ്രതീകങ്ങളിൽ അദ്ദേഹം മോർ അഫ്രേമിനെ അനുഗമിക്കുകയായിരുന്നു; ഒരു വ്യത്യസ്തശൈലിയിൽ ആയിരുന്നു എന്നു മാത്രം. അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ, ഉത്തേജനപരമായ സംവാദങ്ങളിൽ പങ്കെടുത്തുകൊണ്ട്, കുറെക്കൂടി ഉജ്ജ്വലരാണ്. അദ്ദേഹത്തിന്റെ വചനങ്ങൾ കൃത്യതയുള്ളതാണ്, അതേസമയം മനോഹാരിതയ്ക്ക് കുറവൊട്ടും ഇല്ലാത്തതും. സുദീർഘങ്ങളായ അദ്ദേഹത്തിന്റെ കവിതകൾ വായനകാർക്ക് വിരസത ഉളവാക്കുന്നതല്ല. എന്തെന്നാൽ, ഓരോ ശ്ലോകവും ഓരോ പുതിയ പ്രതീകത്തെയൊ പ്രതിരൂപത്തെയൊ ആനയിപ്പിക്കുന്നു; അവ ഓരോന്നും വിവിധങ്ങളായ അർത്ഥത്താലും സത്യത്താലും നിറഞ്ഞു നിൽക്കുന്നതുമാണ്.

യാക്കോബ് ധാരാളിത്തമുള്ള ഒരു രചയിതാവായിരുന്നു; അനേക വാല്യങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'സ്രൂഗിയൻ' എന്ന തന്റെ നാമത്തോടു ചേർന്ന് അറിയപ്പെടുന്ന രീതിയിൽ കവിതാരൂപത്തിലാണ് തന്റെ ഭൂരിഭാഗം രചനകളും ക്രോഡീകരിക്കപ്പെട്ടിട്ടുള്ളത്. ഓരോ ശ്ലോകവും നാലുവരികളുള്ള കവിതയും ഓരോ വരിയും പന്ത്രണ്ട് സിലബിളുകളുള്ളവയുമാണ്.

---

98 S.P. Brock. *Studies in Syriac Spirituality*,73 ഗ്രീഗോറിയോസ് യോഹന്ന ഇബ്രാഹിം: Mor Yacoub As-Sarouji,28 ഇവ കാണുക.

ദൈർഘ്യത്തിൽ വ്യത്യാസങ്ങളുള്ള എഴുനൂറ്റി അറുപതോളം[99] ഇപ്രകാരമുള്ള കവിതാ സമാഹാരങ്ങൾ അദ്ദേഹം എഴുതിയിട്ടുള്ളതായി ഗണിക്കപ്പെടുന്നു. അവയിൽ പ്രഥമമായത് യെഹസ്കേലിന്റെ രഥത്തെ കുറിച്ചുള്ളതും അവസാനത്തേത്, പൂർത്തിയാക്കാൻ കഴിയാതെ പോയ, ഗോൽഗാത്തായെ കുറിച്ചുള്ളതുമാണ്. ഈ കവിതകളിലെ പ്രസ്താവ വിഷയങ്ങൾ വി. ഗ്രന്ഥത്തിലെ സംഭവങ്ങളും കഥാപാത്രങ്ങൾ പഴയ പുതിയനിയമങ്ങളിൽ നിന്നുള്ളവരും സഭയിലെ ചില വിശുദ്ധന്മാരും ശ്ലീഹന്മാരും സഹദേന്മാരുമാണ്. ലോകമെമ്പാടുമുള്ള ലൈബ്രറികളിലായി, നാനൂറിലധികം കവിതാ സമാഹാരങ്ങൾ ഇപ്പോൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അവയിൽ 200 എണ്ണം അഞ്ചു വാല്യങ്ങളിലായി Paul Bedjan പ്രസിദ്ധീകരിച്ചിട്ടുണ്ട്.[100]

ഗദ്യത്തിലുള്ള അദ്ദേഹത്തിന്റെ രചനകൾ പലർക്കായി അയച്ചകത്തുകളുടെ രൂപത്തിലാണ് അവശേഷിക്കുന്നത് . അവയിൽ , തന്റെ മുമ്പാകെ ഉന്നയിച്ചിട്ടുള്ള സിദ്ധാന്തപരമായ ചോദ്യങ്ങൾക്കുള്ള മറുപടികളാണ് ഉൾക്കൊള്ളുന്നത്. ഈ കത്തുകളിൽ, തന്റെ അഗാധമായ ദൈവശാസ്ത്ര വീക്ഷണങ്ങളും യുക്തി ന്യായങ്ങളും നമുക്കു ദർശിക്കാം. മുന്നു കൈയെഴുത്തു പ്രതികളിലായി ഇവയിൽ നാല്പത്തിമൂന്നെണ്ണം മാത്രമെ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ. അവയിൽ ഏറ്റവും പഴയത് 603 ൽ എഴുതപ്പെട്ടതാണ്. G. Olinder അവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.[101]

യാക്കോബിന്റെ പ്രഭാഷണങ്ങളിൽ പതിനൊന്നെണ്ണം ഇപ്പോൾ അവശേഷിക്കുന്നുണ്ട്. സഭാപെരുനാളുകളെ കുറിച്ചുള്ളവായാണ് അവ. അവയിൽ ആറെണ്ണം F.Rilliet[102] പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്രൂഗിലെ യാക്കോബിന്റെതായി രണ്ട് അന്നഫോറ (കുർബാന തക്സാ)കളും ഒരു മാമോദീസ ക്രമവും നമ്മുടെ പക്കലുണ്ട്.

## D. മാബൂഗിലെ മോർ പീലക്സീനോസ്

ആധുനിക ഇറാക്കിലെ നഗരമായ താഹേലിൽ (Tahel) അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ മാബൂഗിലെ മോർ പീലക്സിനൊസ് ഭൂജാതനായി. 'വിദേശി' എന്നർത്ഥമുള്ള അക്സിനോയൊ (Axinoio)

---

99 ഇഗ്നാത്യോസ് അഫ്രേം: I *ചിതറിയ മുത്തുകൾ* 313

100 *Homiliae Selectae Mar-jacobi Sarugensis,* 5 Vols. P. Bedjan ed. (Paris Leipzig: Otto Harrassowitz 1905-10

101 *Jacobi Sarugensis Epistulae Quotquot Super sunt,* CSCO 110, Scr.Syr 57; G. Olinder ed.

102 *Jacques de Saroug, Six Homelies Festivals En Prose,* Patrologia Orientalist. t. 43 fasc 4, no. 196 F. Rilliet, ed (Turnout: Brepols, 1896)

എന്നായിരുന്നു അദ്ദേഹത്തിന്റെ സുറിയാനി നാമം. തുറബ്ദീനിലേക്ക്[103] അദ്ദേഹത്തിന്റെ കുടുംബം താമസസ്ഥലം മാറ്റുകയും അവിടെ കർത്ത മിൻ[104] ദയറായിൽ സുറിയാനിയും ഗ്രീക്കും അഭ്യസിക്കുന്നതിനായി അദ്ദേഹം പ്രവേശിക്കുകയും ചെയ്തു. പിന്നീട്, എഡേസായിലേക്ക് മാറി അവിടുത്തെ പ്രസിദ്ധമായ വിദ്യാലയത്തിൽ പഠനം നടത്തുകയും ചെയ്തു. എഡേസായിൽ നിന്നും മഹത്തായ തലാദ (Tell'Ada)[105] ദയറാ യിലേക്ക് താമസം മാറ്റി അവിടെ വിദ്യാഭ്യാസം തുടർന്നു. സന്യാസവ്രതം സ്വീകരിച്ച് ഒരു വൈദികനാകുകയും പിന്നീട് 485 ൽ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന പത്രോസ് രണ്ടാമനിൽ നിന്ന് കോറെപ്പിസ്കോപ്പ സ്ഥാനവും അദ്ദേഹം തന്നെ മാബൂഗി (Heirapolis)[106]നുവേണ്ടി മെത്രാ നായി വാഴിച്ച് പീലക്സിനോസ് (സുറിയാനി നാമത്തിന്റെ ഗ്രീക്ക് ഭാഷ്യം) എന്ന് നാമകരണം ചെയ്യുകയും ചെയ്തു.

കല്കിദൂന്യാവിരുദ്ധരുടെമേൽ യുസ്തിനോസ് (Justin 1) ഒന്നാമൻ ചക്രവർത്തിയാലുണ്ടായ കഠിനപീഡന കാലയളവിൽ പീലക്സിനോസിനെ ത്രാസി (Trace)ലെ പിലിപ്പോപോലിസിലേക്കും തുടർന്നു ഗംഗാറ (Gangara)യിലേക്കും നാടുകടത്തി. അവിടെ അദ്ദേഹത്തെ പുകച്ചുകൊണ്ടിരുന്ന ഒരു ഇരുട്ടുമുറിയിലാക്കി. 523 ഡിസംബർ 10-ാംതീയതി ശ്വാസംമുട്ടി അദ്ദേഹം മരിച്ചു. സുറിയാനി ഓർത്തഡോക്സ് സഭയിൽ അദ്ദേഹത്തിന്റെ ഓർമ്മപെരുനാൾ അതേ ദിവസം ആചരിക്കുന്നു.[107]

---

103 ആധുനിക ടർക്കിയുടെ തെക്ക് കിഴക്കുള്ള സുറിയാനിക്രിസ്ത്യാനികളുടെ ഒരു ശക്തി കേന്ദ്രമായ തുറബ്ദീൻ സുറിയാനി ദയറാ പ്രസ്ഥാനത്തിന്റെ ഒരു സുപ്രധാന കേന്ദ്രം ആയിരുന്നു. ഇപ്പോൾ സുറിയാനി സംസാരിക്കുന്ന ഏതാനും ആയിരം ജനങ്ങൾ, ഒരു മെത്രാനും പുരാതന ദയറാകളിൽ ഏതാനും സന്യാസിമാരുമായി അവിടെ പാർക്കുന്നു.

104 കർത്തമീൻ, തുറബ്ദീനിൻ 397 ൽ സ്ഥാപിച്ച ഒരു ദയറ ആയിരുന്നു. ഇന്ന് അത് മോർ ഗബ്രിയേൽ ദയറ എന്നറിയപ്പെടുന്നു. അവിടെയാണ് തുറബ്ദീൻ മെത്രാപ്പോലീത്ത പാർക്കുന്നത്.

105 തലാദ (Tell Ada), 340-ന് മുമ്പ് അമിയാനോസ് (Amianus) അന്ത്യോഖ്യാ പ്രദേശത്ത് സ്ഥാപിച്ചു. സുറിയാനി സഭയിൽ അതൊരു ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി തീർന്നു. മറ്റുള്ളവരൊപ്പം, ഏഴാം നൂറ്റാണ്ടിലെ ശ്രേഷ്ഠ പണ്ഡിതനായിരുന്ന എഡേസായിലെ യാക്കോബ് ഇവിടെ അദ്ധ്യാപനം നടത്തിയിരുന്നു. അദ്ദേഹത്തെ ഇവിടെയാണ് കബറടക്കിയിരിക്കുന്നത്. 1987ൽ സുറിയാനി ഓർത്തഡോക്സ് സഭ ഇത് തിരികെ കൈവശപ്പെടുത്തി. അത് പുനർനിർമ്മിച്ച് അതിന്റെ സന്യാസ പാരമ്പര്യം പുനരുദ്ധരിക്കാൻ തീവ്രശ്രമം നടത്തികൊണ്ടിരിക്കുന്നു.

106 മാബൂഗ് അഥവാ ഹീറാപ്പോലിസ് ഇന്ന് സിറിയായിൽ ആലപ്പോയ്ക്ക വടക്ക കിഴക്കുള്ള ഒരു ചെറിയ പട്ടണമാണ്.

107 ഇഗ്നാത്യോസ് അഫ്രേം പ്രഥമൻ : *ചിതറിയ മുത്തുകൾ.* 320

## അദ്ദേഹത്തിന്റെ കൃതികളും രീതികളും

സുറിയാനിയും ഗ്രീക്കും വശമായിരുന്ന സുറിയാനി പിതാക്കന്മാരിൽ ഒരുവനായിരുന്നു പീലക്സിനോസ്. ഈ രണ്ടു ഭാഷകളിലും ഉണ്ടായിരുന്ന അറിവ്, ഗ്രീക്ക് ചിന്താ ധാരയുടെയും തത്ത്വശാസ്ത്രരീതികളുടെയും ശക്തിയായ സ്വാധീനം ഉള്ള തന്റേതായ ഒരു ദൈവശാസ്ത്ര ഭാഷ്യം വികസിപ്പിച്ചെടുക്കുവാനും യവന പിതാക്കന്മാരുടെ ഗ്രന്ഥസമുച്ചയങ്ങൾ വായിച്ചു മനസ്സിലാക്കുവാനും ഇടയാക്കി. അഫ്രേമിന്റെയും യാക്കോബിന്റെയും സെമിറ്റിക് രീതികളിൽ നിന്നും വിദൂരസ്ഥനായിരുന്ന അദ്ദേഹം അഫ്രേമിന്റെ ഭാഷയെയും അദ്ദേഹത്തിന്റെ ചില ദൈവശാസ്ത്ര ബോധനങ്ങളെയും വിമർശിച്ചിട്ടുമുണ്ട്; എന്നാൽ പീലക്സിനോസ് ആ ശൈലിക്ക് കടകവിരുദ്ധമായിരുന്നില്ലതാനും. പ്രത്യേകിച്ചും തന്റെ വേദ വ്യാഖ്യാനങ്ങളിൽ.

അനേക വിഷയങ്ങളിൽ വ്യാപിച്ചു കിടക്കുന്നതാണ് പീലക്സിനോസിന്റെ കൃതികൾ. വ്യാഖ്യാനങ്ങൾ, ദൈവശാസ്ത്ര പ്രബന്ധങ്ങൾ, സദാചാരം, വ്രതാനുഷ്ഠാനം, ആരാധനാഗ്രന്ഥങ്ങൾ എന്നീ വിഷയങ്ങൾ എല്ലാം കൈകാര്യം ചെയ്തുകൊണ്ട് അദ്ദേഹം എഴുതിയിട്ടുണ്ട്. പഴയ പുതിയ നിയമ പുസ്തകങ്ങളുടെ വ്യാഖ്യാനങ്ങൾ അദ്ദേഹം എഴുതിയിട്ടുള്ളതായി അദ്ദേഹത്തിന്റെ ജീവചരിത്ര കർത്താവ് സൂചിപ്പിക്കുന്നുണ്ട്. കൂടാതെ കത്തുകളും വേദവിപരീതികൾക്കെതിരെയുള്ള രചനകളും അദ്ദേഹം നടത്തിയിട്ടുണ്ട്. മാബൂഗിൽ വച്ച് 511 ൽ വിരചിച്ച മത്തായി, ലൂക്കോസ്, യോഹന്നാൻ എന്നിവരുടെ സുവിശേഷങ്ങളുടെ വ്യാഖ്യാനത്തിന്റെ ചില ഭാഗങ്ങൾ കൈയെഴുത്തായി ഇപ്പോഴും ലഭ്യമാണ്. അവ ബ്രിട്ടീഷ് ലൈബ്രറിയിലെ ശേഖരത്തിൽ പരിരക്ഷിക്കപ്പെട്ടിരിക്കുന്നു.

അദ്ദേഹത്തിന്റെ രണ്ട് ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ ഇപ്പോഴും ലഭ്യമാണ്. അവയിലൊന്ന് ത്രിത്വത്തെക്കുറിച്ചും മനുഷ്യാവതാരത്തെ കുറിച്ചുമാണ്. രണ്ടാമത്തേത് മനുഷ്യാവതാരവും ത്രിത്വത്തിലൊരുവന്റെ കഷ്ടാനുഭവത്തെ കുറിച്ചുമാണ്. നാലു വിശ്വാസപ്രമാണങ്ങളും പീലക്സിനോസ് എഴുതിയിട്ടുണ്ട്. നെസ്തോറിയെർക്കെതിരെ ആറു പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ടെങ്കിലും അവയിൽ രണ്ടു മാത്രമെ അവശേഷിക്കുന്നുള്ളൂ. കല്കിദൂന്യർക്കെതിരെ പതിമൂന്നു ലേഖനങ്ങൾ എഴുതിയിട്ടുള്ളവയിൽ രണ്ടെണ്ണം മാത്രമെ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ.

പീലക്സിനോസ് ഒരു സന്യാസിയും വ്രതാനുഷ്ഠാനിയും ആയിരുന്നു; സന്യാസജീവിതത്തിന്റെ ചട്ടങ്ങൾ അദ്ദേഹം ക്രോഡീകരിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ ഗ്രന്ഥം ക്രിസ്തീയ പൂർണ്ണതയെ കുറിച്ചുള്ള ഒന്നാണ്. തന്റെ ആത്മീയ അനുഭവങ്ങൾ, എങ്ങനെ കർത്താവിനെ പിന്തുടരാം, വിശ്വാസം, ലാളിത്യം,

ദാരിദ്ര്യം, ആരാധന, മറ്റു ആത്മീയ കാര്യങ്ങൾ എന്നിവയെല്ലാം ആ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഒരു ഇംഗ്ലീഷ് പരിഭാഷയോടുകൂടെ പ്രസ്തുതഗ്രന്ഥം, 1894 ൽ E.A.W. Budge ലണ്ടനിൽ[108] പ്രസിദ്ധീകരിച്ചിട്ടുണ്ട്; പിന്നീട് 1975 ൽ അത് ബാഗ്ദാദിൽ സുറിയാനി അക്കാഡമി (Syriac Academy in Bagdad)[109] പുനരായി പ്രസദ്ധീകരിച്ചു.

ആരാധനാക്രമങ്ങളുടെ മണ്ഡലത്തിൽ, പീലക്സിനോസ് രണ്ട് അന്നഫോറാകളും (കുർബാന തക്സാ) മരണാസന്നരായ കുട്ടികൾക്കു നല്കാവുന്ന മാമോദീസായുടെ ഒരു ഹ്രസ്വക്രമവും ക്രോഡീകരിച്ചിട്ടുണ്ട്. തന്റെ ദൈവശാസ്ത്രപരവും ചരിത്രപരവും വ്രതാനുഷ്ഠാനപരവുമായ വീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ഇരുപത്തിമൂന്നു കത്തുകൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. സഭാപെരുനാളുകളെ സംബന്ധിക്കുന്ന പ്രഭാഷണങ്ങളുടെ അഞ്ച് പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. എന്നാൽ അവയിൽ ഭൂരിഭാഗവും നഷ്ടപ്പെട്ടുപോയി. അവശേഷിക്കുന്ന രണ്ടിൽ ഒന്ന് ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ചും മറ്റേത് യൽദോ (Christmas) പെരുനാളിനെക്കുറിച്ചുമാണ്.

## E. നർസായി

നർസിസ് എന്നു കൂടി അറിയപ്പെടുന്ന നെസ്തോറിയൻ ദൈവശാസ്ത്രജ്ഞനായ നർസായി അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യാർദ്ധത്തിൽ ജനിച്ചു. ഒരു വിദ്യാർത്ഥിയായി എഡേസായിലെ വിദ്യാകേന്ദ്രത്തിൽ ചേർന്നു. പിൽക്കാലത്ത് അതേ സ്കൂളിൽ അദ്ധ്യാപകനായി. 434 ൽ ആ വിദ്യാലയത്തിന്റെ അദ്ധ്യക്ഷ പദവിയിലെത്തി. നെസ്തോറിയൻ വിശ്വാസത്തെ അദ്ദേഹം ആശ്ലേഷിച്ചു എന്നു വെളിവായപ്പോൾ 457 ൽ എഡേസായിൽ നിന്നു പുറന്തള്ളപ്പെട്ടു.[110] അവിടെ നിന്നും നിസിബിസിലെത്തിയ അദ്ദേഹം ഒരു നെസ്തേറിയൻ വിദ്യാലയം സ്ഥാപിക്കുകയും അതിന്റെ അദ്ധ്യക്ഷനായി 502 ലോ 503 ലോ സംഭവിച്ച തന്റെ മരണം വരെയും തുടരുകയും ചെയ്തു.

### അദ്ദേഹത്തിന്റെ കൃതികളും രീതികളും

സുറിയാനി ഭാഷയിൽ അഗാധ പാണ്ഡിത്യവും ഗ്രീക്കു ഭാഷ അറിയാവുന്നവനുമായിരുന്ന നർസായി ഒരു തദ്ദേശീയ സുറിയാനി രചയിതാവായിരുന്നു. തന്റെ രചനകളിൽ അഫ്രേമിന്റെയും സ്രൂഗിലെ

---

108 *The Discourses of Philoxenos,* Bishop of Mabbog, AD485-519, E.A.W. Budge. tr. (London, Asher&Co.1894)

109 Tariq al-kamal/ *Sharbe de al marteyonitho d dubore/Discourses of Philoxenus,* Bishop of Mabbog (Bagdad)

110 "Narsai" in *Oxford Dictionary of the Christian Church*, 2nd ed. F.L. Cross, ed (London)

യാക്കോബിന്റെയും കാലടികൾ വി.ഗ്രന്ഥാധിഷ്ഠിത ദൃഷ്ടാന്തശാസ്ത്രത്തി (Typology) ന്റെ പ്രയോഗത്തിൽ അദ്ദേഹം പിന്തുടർന്നിരുന്നു എങ്കിലും അവരുടെ കല്പനാശക്തി അദ്ദേഹത്തിനില്ലായിരുന്നു. ചിലപ്പോഴൊക്കെ അഫ്രേമിനെ പദാനുപദം അദ്ദേഹം ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം, യാക്കോബിനോടായിരുന്നു മമത കൂടുതൽ കാട്ടിയിരുന്നത്. നെസ്തോറിയൻ വിശ്വാസത്തിന്റെ ഉപജ്ഞാതാക്കളായ തേവോദോറയുടെയും തേവോദോറോത്തോസിന്റെയും സ്വാധീനം അദ്ദേഹത്തിന്റെ കൃതികളിൽ വ്യക്തമായിരുന്നു.

പൗരസ്ത്യ സുറിയാനി സഭയിൽ നെസ്തോറിയൻ വിശ്വാസത്തിന്റെ ഉദയത്തിന് ഉത്തമ സാക്ഷി എന്ന നിലയിൽ നർസായിയുടെ രചനകൾ പ്രത്യേകമായി പ്രാധാന്യം അർഹിക്കുന്നു. പഴയ നിയമത്തിലെ പല പുസ്തകങ്ങൾക്കും നർസായി വ്യഖ്യാനങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും അവയിലൊന്നും ഇപ്പോൾ ലഭ്യമല്ല. താൻ രചിച്ച കവിതകളിലും വൃത്താടിസ്ഥാനത്തിലും ഗീതങ്ങളിലൂടെയുമാണ് നർസായിയുടെ പ്രസിദ്ധി നിലനില്ക്കുന്നത്. അവയിൽ പലതും ഇപ്പോഴും അവശേഷിക്കുന്നുണ്ട്.

## 3. ഈ പ്രബന്ധരചനയിൽ അവലംബിച്ചിരിക്കുന്ന രീതിശാസ്ത്ര മുറകൾ (Methodological notes)

ഞാൻ ഈ പഠനം നിർവ്വഹിച്ച മാർഗ്ഗം അസാധാരണവും വിചിത്രവുമായി ചിലർക്കെങ്കിലും അനുഭവപ്പെട്ടേക്കാം; കാരണം, വിമർശനാത്മകമായ പാശ്ചാത്യപഠനം അല്ല ഞാൻ ഗാഢമായി അവലംബിച്ചിരിക്കുന്നത്. ഇന്ന് ഈ ഭാഷ (സുറിയാനി) എത്രത്തോളം മനസ്സിലാക്കിയിരിക്കുന്നുവൊ ആ രീതിയിൽ, പിതാക്കന്മാരുടെ ദൈവശാസ്ത്രത്തിന്റെ സമൃദ്ധിയും സഭാപിതാക്കന്മാരുടെ അഗാധമായ ചിന്താധാര അവരുടെ തന്നെ ഭാഷയിലും മുറയിലും അനാവരണം ചെയ്യുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം എന്നതിനാൽ ഞാൻ മനഃപൂർവ്വമായി തന്നെ വേറൊരു ക്രമം പിന്തുടരുകയാണ്. അങ്ങനെ ചെയ്തുകൊണ്ട് ആ പിതാക്കന്മാർക്ക് ഇന്നത്തെ ജനത്തെ നേരിൽ അഭിസംബോധന ചെയ്യുവാനുള്ള ഒരു അവസരം ഒരുക്കുവാനുള്ള ശ്രമം ആണ് ഞാൻ നടത്തിയിരിക്കുന്നത്. കൂടാതെ, അവരുടെ പദപ്രയോഗങ്ങൾ എത്രത്തോളം ഇപ്പോൾ സാധുവും പ്രയോജനപ്രദവും ആണ് എന്ന് കണ്ടെത്തുവാനുമുള്ള ഒരു ശ്രമം കൂടിയാണിത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ആ പിതാക്കന്മാരും ഇന്നത്തെ ലോകവും തമ്മിലുള്ള, ധാരണാശക്തിയുടെയും ആത്മീയതയുടെയും പൂർവ്വാപരബന്ധം തുടർന്നുകൊണ്ടിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ആകയാൽ, ഈ പഠനത്തിന് ഞാൻ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗം ഉചിതവും സാധുവും എന്ന് ഞാൻ കരുതുന്നു.

അനേക ഉദ്ധരണികൾ മോർ അഫ്രേമിൽ നിന്നാണ് സ്വീകരിച്ചിരിക്കുന്നത്. ആധികാരികമായ സുറിയാനി ചിന്താധാരയുടെയും ആത്മീയതയുടെയും യഥാർത്ഥ പ്രതിനിധി ആയതിനാൽ മോർ അഫ്രേമിനെ ഞാൻ വളരെ അധികമായി ആശ്രയിക്കുന്നു. ഗ്രീക്ക് (Hellenic) സ്വാധീനം ഒട്ടും ഇല്ലാതെയുള്ള അദ്ദേഹത്തിന്റെ രചനകൾ ബഹുലമായി നമ്മുടെ പക്കൽ എത്തിച്ചേർന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതം, രചനകൾ, രീതികൾ എന്നിവയെ ആമുഖത്തിൽ വിശദമായി ഞാൻ വിവരിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം ഇതാണ്. സുറിയാനി സാഹിത്യത്തിന്റെയും ആത്മീയതയുടെയും സുവർണ്ണകാലഘട്ടമായി പരിഗണിക്കപ്പെടുന്ന നാലുമുതൽ ആറുവരെയുള്ള നൂറ്റാണ്ടുകളിൽ നിന്നുള്ളവരാണ് ഞാൻ ഉദ്ധരിക്കുന്ന ശേഷം പിതാക്കന്മാർ.

ഈ പഠനത്തിന് ഞാൻ ഉദ്ധരിച്ചിരിക്കുന്ന ഗ്രന്ഥങ്ങളിൽ ചിലത് പണ്ഡിതന്മാരുടെ ഇടയിൽ വിവാദവിഷയമാണ്; അവ എഴുതപ്പെട്ടത് അതിന്റെ കർത്താക്കളെന്നു കരുതുന്ന പിതാക്കന്മാരോ അതോ അവരുടെ ശിഷ്യന്മാരോ എന്ന കാര്യമാണ് തർക്കവിഷയം. അഫ്രേമിനെ സംബന്ധിച്ചിടത്തോളം ഇത് പ്രത്യേകമായും വാസ്തവമാണ്. എനിക്ക് ഇതൊരു അപ്രസക്ത കാര്യമാണ്; കാരണം, സുറിയാനി ദൈവശാസ്ത്രത്തെയും ആത്മീയതയെയും പ്രതിനിധീകരിക്കുന്ന പിതാക്കന്മാരെയാണ് ഞാൻ കൈകാര്യം ചെയ്യുന്നത്. ഈ പിതാക്കന്മാരിൽ ഓരോരുത്തരും അവരിൽ തന്നെ ഓരോരോ ചിന്താസ്ഥാപനമാണ്; അവരുടെ ശിഷ്യന്മാർ വിശ്വസനീയമാംവിധം അവരുടെ ആശയങ്ങളെ സാധാരണഗതിയിൽ പ്രതിബിംബിപ്പിക്കുന്നവരുമാണ്.

മോർ അഫ്രേമിന്റെ ദിയത്തസ്സറോണിന്റെ വ്യാഖ്യാന (*Commentary on the Diatessaron*)ത്തിൻ നിന്നുള്ള ഉദ്ധരണികൾ ഡബ്ലിനി(Dublin)ലെ Chester Beatty Library യിലെ 709-ാം നമ്പർ കൈയെഴുത്തു പ്രതിയിൽ നിന്നു എടുത്തിട്ടുള്ളതാണ് - കൈയെഴുത്തുപ്രതിയിൽ നഷ്ടപ്പെട്ടുപോയ ഭാഗത്തുള്ള ഒന്നോ രണ്ടോ ഒഴികെ. ഈ ഒന്നോ രണ്ടോ ഉദ്ധരണികൾ, അർമ്മീനിയൻ പതിപ്പിനെ ആധാരമാക്കി Louis Leloir ലത്തീനിലേക്ക് ഭാഷാന്തരം ചെയ്തതിൽ നിന്നും Carmel Mc Carthy ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയതിൽ നിന്നാണ് ഞാൻ എടുത്തിരിക്കുന്നത്.

ഈ പഠനത്തിന് ഞാൻ ആധാരമാക്കിയിരിക്കുന്ന പ്രാഥമിക ഉറവിടങ്ങളിൽ ചിലത് യൂറോപ്യൻ ഭാഷകളിലേക്കുള്ള തർജ്ജമകളോടുകൂടി പ്രസിദ്ധീകരിച്ചിട്ടുള്ള പതിപ്പുകളാണ്. പ്രത്യേകിച്ച് എടുത്തുപറഞ്ഞിട്ടില്ലെങ്കിൽ, ഉദ്ധരിക്കപ്പെട്ടിരിക്കുന്ന ഭാഗങ്ങൾ എന്റെ തന്നെ പരിഭാഷകളാണ്. അപ്രകാരമുള്ള പരിഭാഷയ്ക്ക് പദാനുപദ തർജ്ജമയാണ് അവലംബിച്ചിരിക്കുന്നത്. പിതക്കന്മാരുടെ ചിന്താധാരയുടെ മൂലാർത്ഥത്തോട് എന്നാലാവതോളം വിശ്വസ്തതപുലർത്തതക്കവണ്ണം ആശയങ്ങളുടെ ഗതി നഷ്ടപ്പെടാതിരിക്കാനും ഞാൻ ശ്രമിച്ചിട്ടുണ്ട്.

ഒന്നാം ഭാഗം

# കുരിശ്
# ഏദൻ മുതൽ ഗോൽഗോത്താവരെ

## അദ്ധ്യായം ഒന്ന്

# കുരിശും ഏദനിലെ പർദൈസായും

### 1.1 ആമുഖം

സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ മനുഷ്യജീവിതത്തിൽ കുരിശിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. സുറിയാനി പിതാക്കന്മാരെ സംബന്ധിച്ചിടത്തോളം സൃഷ്ടിയും ക്രൂശാരോഹണവും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. അവർക്ക് ക്രൂശാരോഹണം ആദാമിന്റെ പതനത്തിനുമുമ്പുള്ള ആദിമ മനുഷ്യപ്രകൃതിയുടെ പൂർവ്വവൽക്കരണം ആണ്. അനേക പിതാക്കന്മാരുടെ രചനകളിൽ ഇത് കാണാം. - പ്രത്യേകിച്ചും സുറിയാനിക്കാരനായ അഫ്രേമിന്റെ എഴുത്തുകളിൽ. P.Yousif[1] എഴുതിയിരിക്കുന്നു:

"ആദാമിന്റെ വാസസ്ഥലമായി ഏദനിലെ പറുദീസ ദൈവം സൃഷ്ടിച്ചപ്പോൾ, ദൈവം അതിന്റെ മദ്ധ്യത്തിൽ അറിവിന്റെ വൃക്ഷവും ജീവന്റെ വൃക്ഷവും നട്ടു. യേശുവിന്റെ കുരിശും മരം കൊണ്ട് ഉണ്ടാക്കിയതാകയാൽ, ഈ രണ്ടു വൃക്ഷങ്ങളും കുരിശിന്റെ സമ്പൂർണ്ണ സാദൃശ്യങ്ങളാ (types)യി പരിണമിക്കുന്നു."[2] കുരിശുണ്ടാക്കിയിരിക്കുന്ന പദാർത്ഥത്തോടു മാത്രം ഈ സാദൃശ്യം അനുരൂപപ്പെടുത്തുന്നത് മതിയാകയില്ല; കാരണം, ഈ രൂപസാദൃശ്യത്തിന് മറ്റു ഘടകങ്ങളും പങ്കുവഹിക്കുന്നുണ്ട്. ഇവ തമ്മിൽ വൈരുദ്ധ്യപരമായ ഒരു സാദൃശ്യം ഉണ്ട്; അറിവിന്റെ വൃക്ഷത്തിന്റെ ഫലം ഭക്ഷിച്ചതുമൂലം മരണം നമ്മിലേക്ക് എത്തി എന്ന വസ്തുത മരണത്തെ നാം കീഴടക്കുകയും ജീവന്റെ വൃക്ഷത്തിലൂടെ മാത്രം ലഭ്യമാകുന്ന നിത്യജീവൻ നാം പ്രാപിക്കുകയും ചെയ്ത കുരിശിന്റെ സാദൃശ്യമായി ആ വൃക്ഷത്തെ ആക്കിത്തീർക്കുന്നു. പിന്നാലെ ഈ അദ്ധ്യായത്തിൽ ഈ രണ്ട് ആശയങ്ങൾക്കും വിശദീകരണം നൽകുന്നതാണ്.

ഈ മര-കുരിശുബന്ധം വേറൊരു സാദൃശ്യത്തിന് വഴി വയ്ക്കുന്നു എന്ന് പ്രസ്താവിക്കുന്നത് യോഗ്യമാണ്; കരിശിനാലും പറുദീസായിലെ വൃക്ഷങ്ങളാലും രക്ഷപ്രാപിച്ച് വിശ്വാസികളെ ഏകോപിപ്പിക്കുന്ന ഒന്ന്. ഈ സാദൃശ്യം വി.ഗ്രന്ഥാധിഷ്ഠിതവും ഒന്നാം സങ്കീർത്തനത്തിൽ പ്രതിപാദിച്ചിരിക്കുന്നതുമാണ്.

---

1 P. Yousif, *La Croix de Je'sus et te Paradis d' Edm dams ;a typologie biblique de saint Ephrem Parole de l' Orient* VI-VIII (1975-6):37

2 കുരിശും മരവും തമ്മുലുള്ള ബന്ധത്തെക്കുറിച്ചുള്ള ബഹുലമായ ചർച്ചയ്ക്ക് അദ്ധ്യായം 4.3 കാണുക

അവർ (അവൻ) ആറ്ററികത്ത് നട്ടരിക്കുന്നതും
തക്കകാലത്ത് ഫലം കായ്ക്കുന്നതും ഇല വാടാത്തതു
മായ വൃക്ഷം പോലെ ഇരിക്കും.[3]

ആകയാൽ വിശ്വാസികൾ രൂപസാദൃശ്യപ്പെടുത്തുന്ന ഈ വൃക്ഷം കുരിശു തന്നെയാണ്. സ്രൂഗിലെ യാക്കോബ് ചില സന്യാസികൾക്കയച്ച ഒരു കത്തിൽ ഒരു ഭാഗത്ത്, കുരിശിന്റെ ശാഖകളിൽ തൂങ്ങിക്കിടക്കുന്ന ഫലങ്ങ ളായിട്ടാണ് വിശുദ്ധന്മാരായ ജനത്തെ വർണ്ണിച്ചിരിക്കുന്നത്.

നിങ്ങളും നിങ്ങളെ പോലയുള്ള വിശുദ്ധജനവും
കുരിശിന്റെ ഉത്പന്നങ്ങളാകുന്നു.
കുരിശിന്റെ ശാഖകളിൽ പൂവിട്ട്, വിളഞ്ഞ്
മധുരം പ്രാപിച്ച ഫലങ്ങളാകുന്നു നിങ്ങൾ

കത്ത് 13[4]

ഈ ആശയം യാക്കോബിനേക്കാൾ വളരെ മുമ്പേതന്നെ നമുക്ക് ദർശി ക്കാൻ കഴിയും. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് തന്റെ ത്രാല്യർ ക്കുള്ള കത്തിൽ അന്ത്യോഖ്യയുടെ ഇഗ്നാത്യോസ് ഇപ്രകാരം എഴുതിയി രിക്കുന്നു.

ആകയാൽ തിന്മയുടെ മുളകളെ ഉപേക്ഷിക്കുക -
അവ പിതാവിന്റെ ചെടിയല്ല. അവ അങ്ങ
നെ ആയിരുന്നു എങ്കിൽ കുരിശിന്റെ ശാഖകളായി
കാണപ്പെട്ടേനേ! അവയുടെ ഫലങ്ങൾ അനശ്വ
രവുമായേനേ! കുരിശാലും തന്റെ കഷ്ടാനുഭവ
ത്താലും ആണ് അവന്റെ അംഗങ്ങളായ നിങ്ങളെ
ക്ഷണിച്ചിരിക്കുന്നത്. അംഗങ്ങളില്ലാതെ തലയ്ക്ക്
ജനിക്കുവാൻ കഴികയില്ലല്ലോ.[5]

വിശുദ്ധനായ പൗലോസിന്റെ, ക്രിസ്തുവിന്റെ രഹസ്യ പൂർണ്ണമായ ശരീരം എന്ന ആശയത്താൽ ഇഗ്നാത്യോസ് സ്വാധീനിക്കപ്പെട്ടിരിക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. ക്രിസ്തു തലയായിരിക്കുന്ന ഒരു ശരീരത്തിലെ അംഗങ്ങളാകുന്നു നാം.[6] ശാഖകൾ വൃക്ഷത്തോട് ബന്ധിപ്പിച്ചിരിക്കുന്ന

---

3 സങ്കീർത്തനം 1:1-3

4 *Jacobi Sarugensis Epistulae Quotquot Supersunt* CSCO 110, Scr. Syci 57 G. olinder, ed (Louvain: Durbecq, 1452),57

5 F.X. Glimm, J,M.F Marique, g.G. Walsh, *The Apostolic fathers.* The fathers of the Church Vol.1. (Washington, D.e. the Catholic University of America press, 1969)

6 1 കൊരിന്ത്യർ 12:27 എഫേസ്യർ 4:15-16

പോലെ കുരിശിനോടുള്ള ബന്ധത്തിലൂടെയാണ് നമ്മുടെ അംഗത്വം പ്രത്യക്ഷമായിരിക്കുന്നത്. മറിച്ച്, സ്രൂഗിലെ യാക്കോബ്, വൃക്ഷത്തിന്റെ ഫലത്തോടാണ് കൂടുതൽ തല്പരത കാട്ടുന്നത്.

മുകളിൽ കാണിച്ചിരിക്കുന്ന തന്റെ കത്തിന്റെ ഭാഗത്ത്, പ്രബലമായ പ്രതിരൂപം ജീവന്റെ വൃക്ഷമാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നാം, ജീവന്റെ വൃക്ഷമായ കുരിശിന്റെ ശാഖകളിൽ നിന്നും പുറപ്പെടുന്ന മധുരഫലങ്ങളാണ്. ഇപ്രകാരം അദ്ദേഹം പ്രസ്താവിക്കുന്നു.

> കുരിശിന്റെ ശാഖകളിൽ നിന്നും വീണു കിടക്കുന്ന
> മധുര ഫലങ്ങളാണ് നിങ്ങൾ.[7]

## 1.2 കുരിശും അറിവിന്റെ വൃക്ഷവും

സൃഷ്ടിയുടെയും നിയമലംഘനംമൂലം വീണുപോയ മനുഷ്യവർഗ്ഗത്തിന്റെയും കഥ, സുറിയാനി പിതാക്കന്മാരുടെ കുരിശിനോടും ലോകത്തിനു പൊതുവെയുള്ള രക്ഷയോടും ഉള്ള സമീപനത്തിന് പ്രചോദനം ഏകി. വീഴ്ചയ്ക്ക് മുമ്പുള്ള മനുഷ്യപ്രകൃതിയുടെ മഹത്വത്തെ വീണ്ടെടുക്കുവാനായി കുരിശിലെ സംഭവങ്ങൾ ഇടയാക്കി. ഇത് മനസ്സിൽ നിരൂപിച്ചുകൊണ്ട്, മനുഷ്യവർഗ്ഗത്തിന് മരണം എത്തിച്ച അറിവിന്റെ വൃക്ഷത്തിന്റെ പങ്ക് ഉറപ്പിക്കുന്നതിനായി തന്റെ ഭാവനയ്ക്ക് അഫ്രേം പൂർണ്ണസ്വാതന്ത്ര്യം നൽകുന്നു.[8] ഈ വൃക്ഷവും മരമായതിനാൽ, മരം മരണത്തെ വിവക്ഷിക്കുന്നു; അതിനാൽ മരണത്തെ മറി കടക്കൽ മരണത്താൽ തന്നെ സാധിതമാകേണ്ടിയിരിക്കുന്നു. അഫ്രേം പറയുന്നതിപ്രകാരമാണ്.

> ഒരു കൊലയാളിയായി തീർന്ന ആദ്യമരത്തിന്
> കൃപ ഒരു പുത്രനെ നല്കി.
> തന്റെ പൂർവ്വിക്കനതിരെ
> യുദ്ധം ചെയ്ത മരത്തിന്റെ സന്താനമാകുന്നു
> കുരിശ്! മരം മരണത്തിന്റെ പ്രഭവം ആയി തീർന്നു;
> കുരിശ് ജീവന്റെയും പ്രഭവമായി.
>
> നിസിബിൻ ഗീതങ്ങൾ XIV, 8[9]

---

7 Jacobi Sarugensis *Epistualae Qutaquot Supersunt*, 136

8 Ephraem's Commentaries on Genesis and parts of Exodus have been published in: *Sancti Ephraem Syri in Genesim et in Exodum Commentarii*, CSCO 152, SCr. Syri 71, R.M. Tonneau, ed. (Louvain: Durbecq,1955). His Hymns on Paradise have been translated in to English by: S.P. Brock, *St. Ephraem the Syrian on Paradise* (Crestwood, NY: St. Vladimir's Seminary Press, 1990)

9 *Des Heiligen Ephraem des Syrers Carmina Nisibena* ,I, CSCO218, Scr. Syri 92, E. Beck, ed. (Louvin: Secretariat du CorpusSCO, 1961)38. The translation is taken from: J. Gwynn, tr., A Select Library of Nicene and Post Nicene Fathers

എല്ലാറ്റിന്റെയും മരണത്തിന് കാരണഭൂതമായ അറിവിന്റെ വൃക്ഷമാകുന്ന മരത്തിന്റെ ഫലമാണ് മേലുദ്ധരിച്ചിരിക്കുന്നതിലെ കുരിശ്. ആകയാൽ കുരിശെന്നത്, തന്റെ പൂർവ്വികനെതിരെ യുദ്ധം ചെയ്യുന്നതിനായി കൃപയാൽ കൊണ്ടുവരപ്പെട്ട അറിവിന്റെ വൃക്ഷത്തിന്റെ ഫലമാകുന്നു. യുദ്ധം, അറിവിന്റെ വൃക്ഷവും അതിന്റെ സന്താനമായ കുരിശും തമ്മിലാണ്; ആ കുരിശ് അതിൽ വിശ്വസിക്കുന്നവന് ജീവന്റെ ഉറവിടം[10] ആണ്.

തങ്ങളുടെ പിതാവായ 'മര'ത്തിന് എന്താണ് തങ്ങളിൽ ഒരോരുത്തരും അർപ്പിക്കുന്നത് എന്ന് കാണിച്ചുകൊണ്ട് തമ്മിലുള്ള വൈരുദ്ധ്യപരമായ ഈ സാദൃശ്യത്തെ അഫ്രേം തുടർന്നും വരച്ചുകാട്ടുന്നു:

> മരണത്തിനു ഒരു പുത്രൻ പിറന്നു,
> അവനെ ശപിക്കാനായി എല്ലാ വായ്കളും തുറക്കപ്പെട്ടു.
> അയാൾ ശരീരങ്ങളെയും ആത്മാക്കളെയും കാർന്നു തിന്ന്
> തന്റെ പിതാവിന്റെ അപകീർത്തിയെ ഗുണീഭവിപ്പിച്ചു.
> കുരിശ്, അതിന്റെ പിതാവായ ആദ്യമരത്തിന്റെ അധിക്ഷേപത്തെ
> നീക്കികളയുവാൻ കാരണമായി ഭവിച്ചു.
>
> തങ്ങളെ വഹിച്ച ഇരുമാതാക്കളയും പോലെ തന്നെ,
> എന്നേക്കും, രണ്ടു മക്കളും ആയിരുന്നു.
> അഗ്നി ജനിപ്പിച്ച കിടാവ് ജനമദ്ധ്യത്തിൽ
> തീ കൊളുത്തി. കൃപയുടെ സന്തതിയായ
> കുരിശാകട്ടെ എല്ലാ സൃഷ്ടികൾക്കും നല്ല ദാന
> ങ്ങളെ ഭാഗിച്ചുകൊടുത്തു.
>
> നിസിബിൻ ഗീതങ്ങൾ XIV,9-10[11]

ഈ രണ്ടു ശ്ലോകങ്ങളിൽ തങ്ങളുടെ പിതാവിന് 'മരത്തിന്റ' രണ്ടു പുത്രന്മാരിൽ നിന്നുള്ള അനന്തര ഫലങ്ങളെ അഫ്രേം കൈകാര്യം ചെയ്തിരിക്കുന്നു. അറിവിന്റെ വൃക്ഷം എല്ലാ വായ്കളാലും ശപിക്കപ്പെട്ടു; ഈ ശാപത്താൽ ആവർത്തനം 21:22 ൽ പ്രസ്താവിച്ചിരിക്കുന്നതിനെ അഫ്രേം വ്യക്തമായി പരാമർശിച്ചിരിക്കുന്നു. തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ

---

*of the Christian Church*, Second Series, Vol.XIII, P. Schaff & H.Wace, eds. (grand Rapids, MI: Eerdmans, 1969), 182.

10 The "Legend of the True Cross" which brings together some events and characters from the Old Testament in a very exciting story is recounted in: J. Baldock, *The Elements of Christian Symbolism* (Shaftesbury, Dorset: Elements,1990). Despite some similarities between theis legend and the syriac Fathers approach to the cross, it is unlikely that this legend has influenced in any way the Syriac treatment of the cross.

11 *Des Heliligen Ephraem des syres Carmina Nisiibena* I,38

ശാപഗ്രസ്ഥനാകുന്നു. ഈ ശാപഗ്രസ്ഥമായ വൃക്ഷം തന്റെ പിതാവായ 'മര'ത്തിന് അപമാനം വരുത്തിവച്ചു. ആയത് ശരീരങ്ങളുടെയും ആത്മാക്കളുടെയും മരണത്തിന് കാരണഭൂതമായി, മറിച്ച്, 'മര'ത്തിന്റെ രണ്ടാം പുത്രനായ കുരിശാകട്ടെ, തന്റെ പിതാവായ 'മര'ത്തിന്റെ അധിക്ഷേപം നീക്കി കളഞ്ഞു. വി.പൗലോസ് പറയും പ്രകാരം ഇനിയും അപമാനിതമൊ ശാപഗ്രസ്ഥമൊ ആകാതെ അത് അഭിമാന കാരണമായി ഭവിച്ചു.[12]

'മര'ത്തിൽ നിന്നുള്ളതാകായാൽ അഫ്രേമിന് കുരിശ് വളരെ പ്രാധാന്യമുള്ളതാണ്. കുരിശിന്റെ ഉറവിടത്തിന്റെ പങ്ക് ബോദ്ധ്യപ്പെടുത്തുവാനായി പുറപ്പാട് 32 ൽ നിന്നുള്ള ഒരു ഉദാഹരണം അദ്ദേഹം നൽകുന്നു. ജനത്തിന്റെ കാതിലെ പൊൻകുണുക്കുകളിൽ നിന്നും തീയിൽ വാർത്തെടുത്ത് രൂപം നൽകിയ കാളക്കുട്ടി ജനമദ്ധ്യത്തിൽ തീ കൊളുത്തിയതിനെ കാട്ടി കൊണ്ടാണ് ആ ഉദാഹരണം അദ്ദേഹം നൽകുന്നത്. ഈ രണ്ടാമത്തെ തീ ദൈവത്തിന്റെ കോപത്തിന്റെ ഒരു പരാമർശം ആണ് - "കോപം അവർക്കു വിരോധമായി ജ്വലിച്ചു അവരെ ഞാൻ ദഹിപ്പിക്കേണ്ടതിന്"[13]- ഇത് പിന്നീട് മൂവായിരം ഇസ്രായേല്യരുടെ വധമായി ചുരുങ്ങി - കുരിശും, അത് കൃപയുടെ പുത്രനാകയാൽ, സകലസൃഷ്ടിക്കും നല്ല ദാനങ്ങളെ വിഭജിച്ചു നൽകുന്നു.

ഒരു വശത്ത് കാളക്കിടാവും തീയുമായുള്ള ബന്ധവും മറുവശത്ത് കുരിശും കൃപയുമായുള്ള ബന്ധവും വിവരിക്കുമ്പോൾ അഫ്രേം പിതാവ് (=ആബോ) എന്നതിനേക്കാൾ മാതാവ്(=ഏമോ) എന്ന പദമാണ് ഉപയോഗിക്കുന്നത്: ആദ്യത്തെ രണ്ടു ശ്ലോകങ്ങളിൽ ആബോ ആണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ കാരണം, തീ (നൂറോ)യും കൃപ (തൈബൂതോ)യും സുറിയാനിയിൽ സ്ത്രീലിംഗമാണ്. അതേ സമയം, അറിവിന്റെ വൃക്ഷത്തിന്റെയും കുരിശിന്റെയും പിതാവായ 'മരം' (=കൈസോ) പുല്ലിംഗമാണ്.

ആദിയിൽ ആദാമിനെ കൊന്ന അറിവിന്റെ വൃക്ഷവും ഗോൽഗോത്തായിൽ പാപത്തെ കൊന്ന ജീവന്റെ വൃക്ഷം - കുരിശിന്റെ മരവും തമ്മിലുള്ള സമാന്തരത സ്രൂഗിലെ യാക്കോബും ദർശിക്കുന്നുണ്ട്. ഒരു ഗീതത്തിൽ അദ്ദേഹം എഴുതുന്നു.

> ആദിയിൽ മരത്താൽ പാപം ആദാമിനെ കൊന്നു,
> അപ്രകാരം തന്നെ മനുഷ്യപുത്രൻ പാപത്തെ മരത്താൽകൊന്നു.
> ജീവന്റെവൃക്ഷം അറിവിന്റെ വൃക്ഷത്തെ ഉന്മൂലനാശം ചെയ്തു.
> ഗീതം 53[14]

---

12 ഗലാത്യർ 6:14

13 പുറപ്പാട് 22:10

14 *Homiliae Selectae Mar- Jacobi Sarugensis,* 5 vols, P. Bedjam

അഥവാ, അഫ്രേം പറഞ്ഞിരിക്കുന്നതുപോലെ, വൃക്ഷത്തിന്റെ മരത്താൽ ആദാം കരഗതമാക്കിയ കടബാദ്ധ്യതകൾ കൊടുത്തു തീർത്തത് കുരിശിന്റെ മരമാണ്. ദിയാത്തസ്സറോണിന്റെ വ്യാഖ്യാനത്തിൽ അദ്ദേഹം എഴുതുന്നു:

> മനുഷ്യവർഗ്ഗം കടബാദ്ധ്യത വരുത്തിവച്ചത് മരത്തി
> ലൂടെയാണ്; തൽഫലമായി നമ്മുടെ കർത്താവ് വന്നപ്പോൾ
> അദ്ദേഹം അത് വീട്ടിയത് മരത്തിലൂടെയാണ്
>
> ദിയാത്തസറോണിന്റെ വ്യാഖ്യാനം XX 32.[15]

നാം മുകളിൽ കണ്ടതുപോലെ മരണത്തിന്റെ ഉറവിടം മാത്രമല്ല മരം; അത് അതായിതന്നെ മരണം തുടരെ കൊന്നുകൊണ്ടിരിക്കുന്ന ഫലമായി തീരുന്നു. അഫ്രേം കൂട്ടി ചേർത്തിരിക്കുന്നു:

> വിജയത്തോടുകൂടി ഞാൻ എല്ലാവരെയും അടക്കി ഭരിച്ചിരുന്നു.
> നിന്റെ കുരിശിന് എങ്ങെനെ എന്നെ കീഴ്പ്പെടുത്തുവാൻ
> കഴിയും? നോക്കൂ, മരത്താൽ ഞാൻ
> വിജയശ്രീലാളിതാനായി, കഴിഞ്ഞകാലത്തെ സകല
> തിനെയും ഞാൻ കീഴ്പ്പെടുത്തിയിരിക്കുന്നു.
>
> നിസിബിൻ ഗീതങ്ങൾ XXVI,9[16]

അപ്പോൾ, എല്ലാവരെയും അടക്കി ഭരിക്കുവാനുള്ള മരണത്തിന്റെ ഒരു ഉപകരണമാണ് മരം.[17] ആകയാൽ മരണത്തിന്റെ ഒരു ഉപകരണമെന്ന നിലയിൽ ഉള്ള മരത്തെ നീക്കി കളയുക മാത്രമല്ല കുരിശ് ചെയ്തത്, പിന്നെയൊ, മരത്തിന്റെ ഫലത്തിൽ നിന്നും തിന്നതിനാൽ മനുഷ്യവർഗ്ഗത്തെ അടക്കിവാണിരുന്ന മരണത്തെ മറികടക്കുകയും ചെയ്തു. *(Hymns on Abraham Kidnaya11,24)*[18]

---

15 *Saint Ephrem's Commentary on Tatian's Diatessaron- An English Translation of Chester Beatty, Syriac MS* 709

16 *Des Heiligen Ephraem Syrers Carmina Nisibena II* CSCO 240

17 L.Mc Cauley & A. Stephenson, The Works of Cyril of Jerusalem, Vol 1.2 യറുശലേമിലെ കൂറീലോസ്, ഇതേ ആശയത്തെ സൂചിപ്പിക്കുന്നു, എന്നാൽ നാടകീയത അല്പം കുറഞ്ഞ ഭാഷയിലാണെന്നുമാത്രം. അദ്ദേഹം എഴുതുന്നു:
"ആദാമും ഹവ്വായും അവർ ഭക്ഷിച്ചതായ മരം മൂലമാണ് പറുദീസായിൽ നിന്ന് പുറത്താക്കപ്പെട്ടതെങ്കിൽ വിശ്വാസികൾ യേശുവിന്റെ മരം മൂലം നിഷ്പ്രയാസം പറുദീസയിൽ പ്രവേശിക്കില്ലയോ?"

18 *Des Heiligen Ephraem des syrers Hymnen auf Abraham kidunaya and Jublian Saba* CSCO 322.

## 1.3 കുരിശും ജീവന്റെ വൃക്ഷവും

സുറിയാനി പിതാക്കന്മാരെ സംബന്ധിച്ചിടത്തോളം പറുദീസായിൽ നട്ടിരുന്നതും ആദാമിന്റെ പതനത്തിനുശേഷം ക്രോബേ[19]ന്മാരാൽ കാത്തു സൂക്ഷിക്കപ്പെട്ടിരുന്നതുമായ ജീവന്റെ വൃക്ഷം, സൃഷ്ടിയുടെ കഥ[20]യുടെ ബാക്കി ഭാഗങ്ങൾ പോലെ ഒരു യാഥാർത്ഥ്യമാണ്. ഈ മരം ക്രിസ്തുവിന്റെയും കുരിശിന്റെയും ഒരു സദൃശ്യമായി നിലകൊള്ളുന്നു. എന്തുകൊണ്ട് ജീവന്റെ വൃക്ഷം നട്ടിരുന്നു, എന്തുകൊണ്ട് അതിൽനിന്നുള്ള ഫലം ആദാമിന് നിഷേധിച്ചിരുന്നു എന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം അഫ്രേമിന്റെ *ഉത്പത്തിയുടെ വ്യാഖ്യാനത്തിൽ* കാണാം.

> ജീവന്റെ വൃക്ഷത്തിൽ നിന്നും ലഭിച്ചിട്ടുണ്ടായിരുന്ന
> ജീവദായകമായ ദാനം കഷ്ടപ്പാടിനായി ഭവിക്കാ
> തിരിക്കുകയും അറിവിന്റെ വൃക്ഷത്തിലൂടെ
> ആർജ്ജിതമായതിനെക്കാൾ ഉപദ്രവകരമായി
> തീരാതിരിക്കുക എന്നതും ആയിരുന്നു ദൈവത്തിന്റെ
> ഉദ്ദേശ്യം. കാരണം, അറിവിന്റെ വൃക്ഷത്തിൽ
> നിന്നും അവർ ലൗകിക ദുരിതങ്ങൾ ആർജ്ജിച്ചു.
> അതേ സമയം, ജീവന്റെ വൃക്ഷം ആ ദുരിതങ്ങളെ
> നിത്യമാക്കുമായിരുന്നു. തങ്ങളുടെ
> ദുരിതങ്ങളുടെ കെട്ടുപാടുകളിൽ നിന്നും മോചനമേകുമായിരുന്ന
> മരണം അവർ അറിവിന്റെ വൃക്ഷത്തിൽ നിന്നും
> ആർജ്ജിച്ചു. അതേസമയം, ജീവന്റെ വൃക്ഷം അവരുടെ
> ജീവിതം മുഴുവൻ തന്നെ കുഴിച്ചു മൂടപ്പെട്ട് അവരുടെ
> ദുരിതങ്ങളാൽ എന്നന്നേക്കുമായി കഠോരവേദന
> അനുഭവിക്കുന്നവരായി അവശേഷിപ്പിക്കുമായിരുന്നു.
>
> *ഉത്പത്തിയുടെ വ്യഖ്യാനം* II 35[21]

അങ്ങനെ, എന്നന്നേക്കുമായി പാപപങ്കിലമായ ജീവിതം നയിപ്പാൻ ഇടയാകാതിരിക്കുവാനായി, വീഴ്ചയ്ക്കുശേഷം ജീവന്റെ വൃക്ഷഫലം തിന്നുന്നതിൽ നിന്നും ആദാമിനെ വിലക്കി. അറിവിന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിക്കുന്നതിനുമുമ്പ് ആദാമിന് ആ വൃക്ഷം (ജീവന്റെ) പ്രാപ്യ

---

19 ഉത്പത്തി 2:9. 3:42

20 ഈ ധാരണയെപ്പറ്റി, സുറിയാനി പിതാക്കന്മാരുടെ ഏദനിലെ പറുദീസായെ കുറിച്ച് വിശദവും സമ്പൂർണ്ണവുമായ ഒരു വിശകലനത്തിന് S.P. Borck, *St. Ephraem the Syrian, Hymns on Paradise* 49-74 കാണുക.

21 *Sancti Ephraem syri In Genesim in Exodus Commentari;* CSCO 152-തർജ്ജമ S.P.Brock sâ St. Ephraem the Syrian, *Hymns on Paradise* 222 ൽ നിന്നാണ്.

മായിരുന്നുവോ? ദൈവം ജീവന്റെ വൃക്ഷം സൃഷ്ടിച്ച് അതിനെ ആദാമിൽ നിന്നും ഹവ്വായിൽ നിന്നും മറച്ചുവച്ചിരുന്നു എന്ന് അഫ്രേം അഭിപ്രായപ്പെടുന്നു; കാരണം `കൃപയിലൂടെ ദൈവം സകലതും നല്കിയിരുന്നു എങ്കിലും നീതിയിലൂടെ ജീവന്റെ വൃക്ഷത്തിൻ നിന്നുള്ള ഭക്ഷ്യത്താൽ നല്കപ്പെടുന്ന അനശ്വര ജീവിതം അവർക്ക് ആകാൻ ദൈവം ആഗ്രഹിച്ചിരുന്നു' (ഉത്പത്തിയുടെ വ്യാഖ്യാനം II 17)[22] സർപ്പത്തിന്റെ നിർദ്ദേശത്തെ നിരസിക്കുന്നതിലൂടെ പ്രലോഭനത്തെ ചെറുത്ത് അവർ കടന്നുപോകേണ്ടിയിരുന്നു. തൽഫലമായി, അഫ്രേം പറയും പ്രകാരം, അവർക്ക് ജീവവൃക്ഷഫലം പാരിതോഷികമായി ലഭിച്ചേനേം.

പാപത്തോടൊപ്പം സർപ്പത്തെയും ത്യജിച്ചിരുന്നു എങ്കിൽ
അവർ ജീവന്റെ വൃക്ഷത്തിൽ നിന്നും ആർജ്ജിച്ചേനേ.
അറിവിന്റെ വൃക്ഷവും അവരിൽ നിന്നു മേലിൽ
എടുത്തുമാറ്റപ്പെടുകയില്ലായിരുന്നു. ഒന്നിൽ
നിന്നും അവർക്ക് അപ്രമാദിത്വമുള്ള അറിവും മറ്റേതിൽ
നിന്നും അനശ്വരജീവിതവും ലഭ്യമായേനേ.
മനുഷ്യത്വത്തിൽ അവർ ദൈവത്വം കൈവരിച്ചേനേ.
അങ്ങനെ അവർ അപ്രമാദിത്ത അറിവും
അനശ്വരജീവിതവും നേടിയിരുന്നവെങ്കിൽ അവർ
ഈ ശരീരത്തിൽ തന്നെ അപ്രകാരം ചെയ്തേനേ

*ഉത്പത്തി വ്യാഖ്യാനം* 11, 23[23]

എന്നാൽ മറിച്ച് സംഭവിച്ചുപോയതുകൊണ്ട് ജീവവൃക്ഷത്തിൽ നിന്നും ഭാഗഭാക്കാകുവാൻ ദൈവം അവരെ തടഞ്ഞു: കാരണം ശാപത്തിന്റെ നാട്ടിൽ പ്രശോഭിത ജീവിതം ഏകുന്നതൊ ക്ഷണികമായ ലോകത്ത് അനശ്വര ജീവതം നേടുന്നതൊ യോഗ്യമായിരുന്നില്ല (ഉത്പത്തി വ്യാഖ്യാനം 11:35)[24]

പാപത്തിന്റെയും മരണത്തിന്റെയും പ്രശ്നപരിഹാരം, തന്റെ കുരിശാൽ താൻ രക്ഷിച്ചെടുത്തവരുടെമേൽ നിത്യജീവൻ പ്രദാനം ചെയ്യുവാനായി തന്റെ ഏകജാതനായ പുത്രനെ അയയ്ക്കുക എന്നതായിരുന്നു. അപ്പോൾ ക്രിസ്തു ജീവന്റെ വൃക്ഷമാകുന്നു എന്ന ആശയം സുറിയാനി ക്രിസ്ത്യാനികളിൽ ഒരു സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സ്രൂഗിലെ

---

22 *Sancti Ephraem Syri In Genesim in Exodus Commentari;* CSCO 152-തർജ്ജമ S.P.Brockന്റെ *St. Ephraem the Syrian, Hymns on Paradise* 209ൽ നിന്നാണ്.

23 *Sancti Ephraem Syri In Genesim in Exodus Commentari;* CSCO 152-തർജ്ജമ S.P.Brockന്റെ *St. Ephraem the Syrian, Hymns on Paradise 214 ൽ* നിന്നാണ്.

24 *Sancti Ephraem Syri In Genesim in Exodus Commentari;* CSCO 152-തർജ്ജമ S.P.Brock ന്റെ *St. Ephraem the Syrian, Hymns on Paradise 223-224 ൽ* നിന്നാണ്.

യാക്കോബിന്റെ അന്ത്യന്യായവിധിയെ സംബന്ധിച്ച പ്രബന്ധത്തിൽ Michael Guinan കൃത്യമായി നിരീക്ഷിക്കുംപ്രകാരം[25] അഫ്രേം ഇപ്രകാരം എഴുതിയിരിക്കുന്നു:

ജീവനുള്ളവന്റെ പുത്രന്റെ പ്രതീകമാകുന്നു
ജീവവൃക്ഷം

*സഭയെക്കുറിച്ചുള്ള ഗീതങ്ങൾ* XLIX,16[26]

അഫ്രേമിന്റെ രചനകളിൽ 'പ്രതീകം' എന്ന പദത്തിന്റെ പ്രത്യേക പ്രയോഗത്തെ മനസ്സിൽ കരുതികൊണ്ട്, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ക്രിസ്തു തന്നെ ജീവന്റെ വൃക്ഷം ആകുന്നു എന്ന് കണ്ടെത്തുവാൻ കഴിയും. (അത് പ്രതിരൂപപ്പെടുത്തുന്ന ആത്മീയ യാഥാർത്ഥ്യത്തോടുകൂടെ അതിനെ ശക്തമായി ഉപയോഗപ്പെടുത്തിയിരിക്കുന്ന സഭാ പിതാക്കന്മാർ ചെയ്തിരിക്കുന്നതുപോലെ തന്നെ.)[27]

വാസ്തവത്തിൽ, തന്റെ ജീവന്റ ഫലങ്ങളെ വിതരണം ചെയ്യുവാനായി ഗോൽഗോത്തായിൽ മുളച്ചുപൊങ്ങിയ ജീവന്റെ വൃക്ഷമാകുന്നു കുരിശ് എന്ന് കുറെക്കൂടി ശക്തമായി സ്രൂഗിലെ യാക്കോബ് വാദിച്ചുകൊണ്ട് തന്റെ ഗീതങ്ങളിൽ ഇപ്രകാരം എഴുതി.

ഗോൽഗോത്തായിൽ നിന്നും മുളച്ചുപൊങ്ങേണ്ടതായി
തനിക്ക് ആവശ്യമായിരുന്ന ജീവന്റെ വൃക്ഷത്താൽ
കൈയ്പുള്ള അറിവിന്റെ വൃക്ഷം ഇല്ലായ്മ ചെയ്യപ്പെട്ടു.
ശാഖകൾപോലെ ക്രൂശാരോഹണസമയത്ത് അവന്റെ
കൈകൾ നീട്ടപ്പെട്ടു. ; അവന്റെ ഫലങ്ങൾ മരണമടഞ്ഞ
വരുടെ ദേശത്ത് വാടി വീണു; അത് അവിടെ
ജീവൻ ധരിച്ചു.

ഗീതം 53[28]

യുസ്തിൻ (Justin, Dialogue with Trypho Lxxx VI, I), അലക്സന്ത്രയിലെ ക്ലീമീസ് (Stromate III, 1034,4NV,II, 72,2), ഓറിജൻ (commentary on the Gospel of John XX,36), മെതോഡിയോസ് (The Symposium of the Ten Virgins, IX,3)[29] എന്നിവരുൾപ്പെടുന്ന അനേക പിതാക്കന്മാരുടെ രചനചകളിൽ ക്രിസ്തു ജീവന്റെ വൃക്ഷമാകുന്നു എന്ന ആശയം കാണാൻ സാധിക്കും. തന്റെ '*പറുദീസഗീത*'ങ്ങളിൽ അഫ്രേം, പറുദീസായിലെ

25 M. Guinan *The Escatology of James of Sarug*, 121. See also R. Murray, *Symbols of Church and Kingdom:* A study in Early Syriac Tradition.

26 *Des Heiligen, Ephraem Syrers Hymnen Ecclesia* CSCO 198

27 S.P. Brock, *Ephraem the Syrian, Hymns on Paradise,* 60-61.

28 *Homiliae Selectae Mar-Jacobi Sarugenisis II*

29 J. Danielou, *Primitive Christian Symbols.*

ആദാമിന്റെയും ഹവ്വായുടെയും ആദ്യത്തെ സഭയെയും കുരിശിന്റെ ഫലത്താൽ സ്ഥാപിതമായ രാജ്യങ്ങളുടെ (ജാതികളുടെ) രണ്ടാമത്തെ സഭയെയും തമ്മിൽ താരതമ്യപ്പെടുത്തിയിരിക്കുന്നു:

> ദൈവം സുന്ദരമായ ഒരു തോട്ടം നട്ടുണ്ടാക്കി.
> അവൻ നിർമ്മലമായ സഭയെ പണിതു;
> അറിവിന്റെ വൃക്ഷത്തിന്മേൽ അവൻ നിരോധനം കല്പിച്ചു.
> അവൻ ആനന്ദം നല്കി; എന്നാൽ അവർ സന്തുഷ്ടരായില്ല.
> അവൻ മുന്നറിയിപ്പു നല്കി. അവർ ഭയപ്പെട്ടില്ല.
> സഭയിൽ അവൻ ആനന്ദത്തിനു കാരണഭൂതമായ
> തന്റെ വാഗ്ദത്തങ്ങളുടെയും
> ഭയത്തിനു കാരണഭൂതമായ തന്റെ മുന്നറിയിപ്പിന്റെയും
> വചനത്തെ പാകി. വചനത്തെ അവഗണിക്കു
> ന്നവൻ നശിച്ചുപോകും;
> അതിനെ മാനിച്ചു പാലി
> ക്കുന്നവൻ നിത്യജീവൻ വരിക്കും.
> വിശുദ്ധന്മാരുടെ കൂട്ടം പറുദീസായെ സാദൃശ്യമാക്കുന്നു;
> സകലത്തിനും ജീവൻ നൽകുന്ന അവന്റെ (ദൈവത്തിന്റെ)
> ഫലം ഓരോ ദിവസവും
> അതിൽ നിന്ന് പറിച്ചെടുക്കപ്പെടുന്നു;
> അതിൽ എന്റെ സഹോദരന്മാരേ!
> ജീവന്റെ ഔഷധമായി തീരുവാൻ മുന്തിരക്കുലകൾ കശക്കി
> പിഴിഞ്ഞെടുക്കുന്നു.
> ശാപത്താൽ കെട്ടപ്പെട്ടും നടുവൊടിഞ്ഞും സർപ്പം അതിലുണ്ട്.
> ഹവ്വായുടെ വായ് അടയ്ക്കപ്പെട്ടിരിക്കുന്നു;
> പ്രയോജന പ്രദമായവിധത്തിൽ
> അവൾ മൗനം പൂണ്ടിരിക്കുന്നു - എന്തെന്നാൽ, അവളുടെ
> സ്രഷ്ടാവിനെ സ്തുതിച്ചു പാടുവാൻ കിന്നരമായി അതു വീണ്ടും
> ഉപകരിക്കും.
>
> *പറുദീസാ ഗീതങ്ങൾ* VI, 7-8[30]

ഈ രണ്ടു ശ്ലോകങ്ങളിൽ വചനമായ ക്രിസ്തു, ജീവന്റെ ഫലമായി തന്റെ ശരീരവും ജീവന്റെ ഔഷധമായി തന്റെ രക്തവും നല്കി കൊണ്ട് പറുദീസയുടെ കേന്ദ്രമായി ഭവിച്ചിരിക്കുന്നു. ജീവന്റെ വൃക്ഷത്തിൽ നിന്നും

---

30 *Des Heiligen Ephraem des Syrers Hymnen de Paradiso and Contra Julianum* CSCO 174. തർജ്ജമ S.P. Brock: *St. Ephraem the Syrian, Hymns on the Paradise* ൽ നിന്നും.

ജീവന്റെ ഫലം വാഗ്ദാനം ചെയ്തിരിക്കുന്നതിനാൽ ക്രിസ്തു ജീവ വൃക്ഷമാകുന്നു.

ക്രിസ്തുവും ജീവന്റെ വൃക്ഷവുമായിട്ടുള്ള സ്വാംശീകരണം ജീവന്റെ വൃക്ഷത്തിന്റെ ഫലത്തിൽ നിന്നു നിത്യജീവൻ ലഭ്യമാകുന്ന പറുദീസായിലെ വൃക്ഷങ്ങളുമായി ക്രിസ്ത്യാനികളെ സാമ്യപ്പെടുത്തുന്നതിന് വഴി തുറന്നു. ശലോമോന്റെ കീർത്തനങ്ങൾ (Odes of Solomon XIV)[31] ചില കുമ്റാൻ രേഖകൾ (Manual of Discipline XI,8), ഹൊദായൊത് (VII, 9)[32] എന്നിവകളിലും ഈ സ്വാംശീകരണം കാണാം.

സുറിയാനി പിതാക്കന്മാരെ സംബന്ധിച്ചിടത്തോളം ജീവവൃക്ഷം ക്രിസ്തുവാകുന്നു എന്നു മനസ്സിലാക്കി കഴിഞ്ഞ നാം അത് കുരിശിന്റെ ഒരു സാദൃശ്യമായി എപ്രകാരം പരിഗണിക്കപ്പെട്ടിരിക്കുന്നു എന്നു ശ്രദ്ധിക്കാം.

ദൈവം ജീവവൃക്ഷത്തെ സൃഷ്ടിച്ചു; എന്നാൽ അത് ആദാമിൽ നിന്നും മറച്ചുവയ്ക്കപ്പെട്ടിരിക്കുന്നു. ക്രൂശാരോഹണത്തോടുകൂടി മാത്രമെ അന്തിമമായി അതു വെളിവാക്കപ്പെട്ടുള്ളൂ.[33] അഫ്രേം പറയുന്നു:

ആദാം തന്നിൽ നിന്നും മോഷ്ടിച്ചതിനാൽ
ജീവവൃക്ഷം കഠിനമായി ദുഃഖിച്ചു. അത്
വീണ്ടും പൊട്ടിമുളച്ച് ഗോഗുൽത്തായിൽ
പുനരായി പ്രത്യക്ഷപ്പെടത്തക്കവണ്ണം
കന്നി മണ്ണിൽ മുങ്ങി മറഞ്ഞിരുന്നു. വേട്ട
യാടപ്പെടുന്ന പക്ഷികൾപോലെ മനുഷ്യവർഗ്ഗം
അതിൽ ശരണപ്പെട്ടു. അവയുടെ യഥാർത്ഥ
വസതികളിലേക്ക് അവയെ തിരികയെത്തിക്കുവാനായി
തന്നെ. വേട്ടക്കാരനെ ഓടിച്ചുകളഞ്ഞു;
വേട്ടയാടപ്പെട്ട പ്രാവോ പറുദീസായിൽ
ഓടി കളിച്ചു നടക്കുന്നു.

*കന്യത്വത്തെ കുറിച്ചുള്ള ഗീതങ്ങൾ* XVI,10[34]

അപ്പോൾ, തന്റെ ഫലം ഏവർക്കും ആയി സമർപ്പിക്കപ്പെട്ടിരിക്കുന്ന ജീവവൃക്ഷം[35] സത്യമായും കുരിശാണ്. ഈ സാദൃശ്യം രണ്ടു സമാന്തര വരികളിൽ ദൃശ്യമാകുന്നു; ആദ്യത്തേത്, രണ്ടും ജീവൻ ആർജ്ജിക്കുന്നതി

31 R. Harris & A. Mingana, eds, *The Odes of Solomon* II: 278-279
32 J. Dani'elou: *Primitive Christian Symbol*, 28
33 S.P. Brock: *Ephraem the Syrian, Hymns on Paradise*,60
34 *Des Heiligen Ephraem des syrers, Hymnen de Virginitate* CSCO 23.
35 O. Cle'ment, *The Roots of Christian Mysticism*,48.

നുള്ള മാർഗ്ഗങ്ങളാണ്. രണ്ടാമത്തേത്, അവ ആർക്കായി ഉദ്ദേശിക്കപ്പെടുന്നുവൊ അവർക്ക് വിപരീതഫലങ്ങൾ രണ്ടും പ്രദാനം ചെയ്യുന്നു. നിത്യജീവൻ നല്കപ്പെടുവാനായി ജീവവൃക്ഷം നട്ടു; എന്നാൽ അത് ആദാമിന് നിഷേധിക്കപ്പെട്ടപ്പോൾ മരണം സമ്മാനിച്ചു. ശിക്ഷയ്ക്കും മരണത്തിനും ഉദ്ദേശിക്കപ്പെട്ടിരുന്ന കുരിശ് ജീവന് സ്രോതസ്സായി ഭവിച്ചു.[36]

ഇവിടെ, ഗോഗുൽത്തായിൽ സ്ഥാപിച്ചതും പറുദീസായിൽ മനുഷ്യവർഗ്ഗത്തിന്റെ യഥാർത്ഥ വാസസ്ഥലത്തേക്ക് അതിനെ തിരിച്ചെത്തിച്ചതുമായ കുരിശാകുന്നു ജീവവൃക്ഷം എന്നതിൽ സംശയമില്ല. കൂടാതെ, നാം പിന്നീട് കാണാൻ പോകുന്നതുപോലെ, പറുദീസായുടെ വാതിൽ തുറക്കുന്ന താക്കോലായി കുരിശ് പ്രത്യേകമായി പരിഗണിക്കപ്പെടാം.[37]

36 P. Yousif: *La croix de Jesus et le Paradis d' Eden*

37 37. അദ്ധ്യായം 7.2.2. കാണുക.

## അദ്ധ്യായം രണ്ട്

# കുരിശും പഴയനിയമ ഗോത്രപിതാക്കന്മാരും

### 2.1 ആമുഖം

സുറിയാനി പിതാക്കന്മാർക്ക് പഴയനിയമം വരികളിലൂടെ ആഴമായി പരിശോധിച്ച് അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾക്ക്, പ്രത്യേകിച്ചും ഉതകുന്ന ആശയങ്ങളും സാദൃശ്യങ്ങളും കണ്ടെത്തുവാൻ മഹത്തായ പ്രചോദനം ഏകുന്നു. അവർ എഴുതുന്ന വിഷയങ്ങളിലെ മിക്കവാറും എല്ലാം ആശയങ്ങൾക്കും പിൻബലമായി പഴയനിയമം അവർ ഉപയോഗപ്പെടുത്തുന്നു. പഴയനിയമം അവർക്ക് പുതിയ നിയമത്തിന്റെ ഘന സമ്പൂർണ്ണമായ ഒരു പശ്ചാത്തലമാണ്.

പഴയനിയമത്തിന്റെ നിറവേറലാണ് പുതിയനിയമം. ദൈവവചനം എല്ലാ തിരുവെഴുത്തികളിലും ഏകവും അഭിന്നവുമാണ്. ആകയാൽ, പഴയനിയമം പുതിയ നിയമത്തിൽ നിന്നു അവിഭാജ്യമാണ്- പ്രത്യേകിച്ചും വി. ഗ്രന്ഥങ്ങളിലെ എല്ലാ പുസ്തകങ്ങൾക്കും വ്യാഖ്യാനം എഴുതിയിട്ടുള്ള അഫ്രേമിനെ പോലുള്ള ഒരാൾക്ക്.

അഫ്രേമിന്റെ ദൈവശാസ്ത്ര വിവരണങ്ങളുടെ രീതി, സെബാസ്റ്റ്യൻ ബ്രോക്കിന്റെ ഭാഷ്യത്തിൽ "സാരാംശമായി വി. ഗ്രന്ഥാധിഷ്ഠിതവും സെമിറ്റിക്കും"[1] ആണ്. സാദൃശ്യങ്ങളാലും (ܛܘܦ̈ܣܐ, തുഫ്സേ) പ്രതീകങ്ങളാലും (ܪ̈ܐܙܐ റോസേ) ഉള്ള പഴയ ഉടമ്പടിയുടെ, വേദലിഖിതങ്ങൾ ക്രിസ്തുവിന്റെ മനുഷ്യാവതാരത്താൽ വെളിപ്പെടേണ്ട ദൈവത്തിന്റെ ഗുപ്തതയെ വെളിവാക്കുന്നു. സെബാസ്റ്റ്യൻ ബ്രോക്ക് പറയുന്നു;

"പഴയ നിയമ രചയിതാക്കളെ സംബന്ധിച്ചിടത്തോളം മനുഷ്യാവതാരത്തിന്റെ യാഥാർത്ഥ്യം തന്നെ മറച്ചുവയ്ക്കപ്പെട്ടിരിക്കുന്നു. ഈ യാഥാർത്ഥ്യങ്ങളെ കുറിച്ചുള്ള അവരുടെ ക്ഷണിക ദർശനം 'റോസേ' അഥവാ പ്രതീകങ്ങളായി പ്രകാശനം ചെയ്യപ്പെട്ടിരുന്നവ സാധിതമായത് അവയുടെ ചില വശങ്ങൾ ദൈവം അവർക്ക് വെളിപ്പെടുത്തി കൊടുത്തിരുന്നതുകൊണ്ട് മാത്രമാണ്. അപ്രകാരം തന്നെ, ദൈവം കൂദാശയിൽ, സമയത്തിനും കാലത്തിനും അപ്പുറം പറുദീസായിൽ മാത്രം പൂർണ്ണമായി വെളിപ്പെടുത്തുന്ന, നിഗൂഢവും വസ്തുനിഷ്ഠവുമായ യാഥാർത്ഥ്യത്തിന്റെ അല്പാംശം വെളിപ്പെടുത്തിയിരിക്കുന്നു."[2]

1 S.P. Brock: St. Ephraem the Syrian, *Hymns on Paradise* 40
2 S.P. Brock: St. Ephraem the Syrian, *Hymns on Paradise* 43

ആകയാൽ, മറ്റു വിധത്തിൽ നിഗൂഢമാക്കപ്പെട്ടിരിക്കുന്ന യാഥാർത്ഥ്യങ്ങളുടെ വിവിധ മുഖങ്ങൾ വെളിപ്പെടുത്തുന്നതിനായുള്ള സുറിയാനി പിതാക്കന്മാരുടെ ലളിതമായ ഉപകരണങ്ങളാണ് സാദൃശ്യങ്ങളും പ്രതീകങ്ങളും. കുരിശ്, വെളിപാടിന്റെ മുഖങ്ങളിൽ ഒന്നാണ്. അത് പഴയ നിയമത്തിലെ സംഭവങ്ങളാലും കഥാപാത്രങ്ങളാലും അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു. കുരിശും വൃക്ഷവുമായുള്ള ബന്ധം നാം കണ്ടുകഴിഞ്ഞതിനുശേഷം ഈ ആശയത്തെ നാം കൈകാര്യം ചെയ്യുമ്പോൾ, കുരിശും പഴയനിയമ കഥാപാത്രങ്ങളും-പ്രധാനമായും മൂന്നു ഗോത്രപിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവർ തമ്മിലുള്ള ബന്ധം - സുറിയാനി പിതാക്കന്മാർ സ്ഥാപിച്ചിരിക്കുന്നതിനെ മനസ്സിലാക്കേണ്ടത് പ്രാധാന്യമർഹിക്കുന്നു.

## 2.2 കുരിശും അബ്രഹാമും

സുറിയാനി പിതാക്കന്മാർക്ക്, അബ്രഹാം വിശ്വാസത്തിന്റെയും വിശ്വാസികളുടെയും പിതാവ് മാത്രമല്ല, ദൈവം തന്റെ രക്ഷണ്യ പ്രവർത്തനങ്ങളുടെ (ܡܕܒܪܢܘܬܐ, മ്ദബറോനൂതോ) നിഗൂഢ യാഥാർത്ഥ്യങ്ങൾ വെളിവാക്കുന്നതിന്റെ ആരംഭത്തിന് തുടക്കം കുറിക്കുന്ന പ്രഭവകേന്ദ്രം കൂടിയാണ്. തന്റെ ദിയാത്തസറോണിന്റെ വ്യാഖ്യാനത്തിൽ അഫ്രേം എഴുതുന്നു:

> വൃക്ഷത്തിന്റെയും കുഞ്ഞാടിന്റെയും പ്രതീകങ്ങൾ
> അബ്രഹാമിൽ നിന്നും രൂപം കൊള്ളാൻ ആരംഭിക്കുന്നു.
> *Commentary on the Diatessaron* XXI.1, p[3]

കുരിശുമായി ബന്ധപ്പെട്ട രണ്ട് വ്യത്യസ്ത അവസരങ്ങൾ അബ്രഹാമിന്റെ ജീവിതത്തിൽ നമുക്ക് കണ്ടെത്താൻ കഴിയും.

### 2.2.1 വാഗ്ദത്ത ഭൂമിയിലൂടെയുള്ള നടത്തം

തന്റെ അനന്തരവനായ ലോത്തുമായി പിരിഞ്ഞശേഷം കർത്താവ് അബ്രഹാമിനു പ്രത്യക്ഷപ്പെട്ട്, വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുവാൻ കല്പിക്കുന്നു. ആ ദേശം അബ്രഹാമിനും സന്തതിക്കും നൽകുമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് എഴുന്നേറ്റ് നെടുകെയും കുറുകെയും നടക്കുവാൻ കർത്താവ് കല്പിച്ചു.[4] ഈ സംഗതി വ്യാഖ്യാനിച്ചുകൊണ്ട് യാക്കോബ് (സ്രൂഗിലെ) തന്നെ യഹൂദർക്കെതിരെയുള്ള കവിതയിൽ പറയുന്നു.

---

3 Ephrem de Nisibi, *Commentatire de L'Evangile Concordant on Diatessaron: traduit du syriaque et l'armaenien* (Paris Edition),37

4 ഉത്പത്തി 13:14-18

ദേശത്തിനു നെടുകെയും കുറുകെയും നടക്കുവാൻ
ദൈവം അബ്രഹാമിനോടു പറഞ്ഞു.
ക്രൂശാരോഹണത്തിനുള്ള സ്ഥലം മുദ്രയിടാൻ
ഭൂമിയിൽ കുരിശുരൂപം വരയ്ക്കുന്നത്
എപ്രകാരമെന്ന് അവൻ അബ്രഹാമിനു കാണിച്ചുകൊടുത്തു.

കവിത IV[5]

യാക്കോബിന്റെ വ്യാഖ്യാനം പൊതുവായ ഒന്നാണെങ്കിൽ - ക്രിസ്തുവിന്റെ ക്രൂശാരോഹണം നടക്കേണ്ടുന്ന സ്ഥലം ഭൂമിയിൽ സമർപ്പിതമായിരിക്കുന്നു എന്ന പൊതുവായ പ്രസ്താവന - നർസായി അതിനെ കുറെകൂടി വസ്തുനിഷ്ഠമായി വ്യാഖ്യാനിച്ചിരിക്കുന്നു. അബ്രഹാമും സന്തതികളും ദേശത്തെ അവകാശമാക്കുമെന്ന ദൈവത്തിന്റെ അബ്രഹാമിനോടുള്ള വാഗ്ദാനം കുരിശിന്റെ അടയാളത്താൽ സാധിതപ്രായമാകുമെന്ന് അദ്ദേഹം പരിഗണിച്ചുകൊണ്ട് എഴുതുന്നു:

തന്റെ (ദൈവത്തിന്റെ) വെളിപാടിൽ
ദൈവം അബ്രഹാമിനെ ദേശം കാണാൻ
വെളിയിൽ കൊണ്ടുപോയി, ഒരു
ഭൂവുടമയെപ്പോല അതിലൂടെ നടക്കുവാൻ
കല്പിച്ചു. അതിന്റെ നെടുകെയും കുറുകെയും
എങ്ങനെയാണ് നടക്കേണ്ടത് എന്ന് ദൈവം അവനെ
പഠിപ്പിച്ചു. താൻ (അബ്രഹാം) അതിനെ
അവകാശമാക്കേണ്ട അടയാളം വെളിപ്പെടു
ത്തുവാനായിട്ടുതന്നെ. അതിനെ അവകാശമാ
ക്കേണ്ട നടത്തത്താൽ അവൻ കുരിശുരൂപം ഉണ്ടാക്കി,
ഈ അടയാളത്താൽ അവൻ ദേശത്തെ അവകാശ
മാക്കുമെന്ന് അവനെ മനസ്സിലാക്കേണ്ടതിനായി തന്നെ

കവിത 30[6]

അബ്രഹാം ദേശം അവകാശമാക്കുവാൻ പോകുന്നു എന്നതിന്റെ അടയാളമാകുന്നു കുരിശ് എന്ന നിർവ്വചനം നർസായിക്കുമാത്രമായുള്ളതല്ല. നാം നേരത്തെ കണ്ടതിനേക്കാൾ കുടുതലായി ഒന്നിനും പോകാതെ തന്നെ, അഫ്രേമിന്റെ കൃത്യമായ വാചകങ്ങൾ വാസ്തവത്തിൽ, നർസായി ഉപയോഗപ്പെടുത്തിയിരിക്കുന്നു. മറിച്ച് അഫ്രേം രണ്ടിന്റെയും അനന്തര ഫലങ്ങളെ താരതമ്യപ്പെടുത്തികൊണ്ട് ഈ സംഭവം ക്രൂശാരോഹണവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ആദ്യത്തേത്,

5 *Jacques de saroug, Home'lies centre les Juifs,* 185-188
6 *Narsai Homiliae et carmina,* 2 Vols A. Mingana (Mosul, Iraq)

വാഗ്ദത്തനാട് അവകാശമാക്കുവാൻ ജാതിക്ക് (Nation) വാതിൽ തുറന്നുകൊടുക്കുന്നു; രണ്ടാമത്തേത്, കർത്താവിന്റെ ക്രൂശാരോഹണത്തിൽ വിശ്വസിക്കുന്ന ജാതികൾക്ക് (Nations) വേണ്ടി അതിനെ അവർ നഷ്ടപ്പെടുത്തുവാൻ ഇടയാക്കുന്നു. തന്റെ *ഉൽപത്തിയുടെ വ്യാഖ്യാന*ത്തിൽ അദ്ദേഹം എഴുതുന്നു:

> ലോത്ത് അബ്രഹാമിനെ വിട്ടുപിരിഞ്ഞശേഷം
> കർത്താവ് അബ്രഹാമിന് പ്രത്യക്ഷപ്പെട്ട്
> അവനോട് പറഞ്ഞു: എഴുന്നേറ്റ് ദേശത്തിന്
> നെടുകെയും കുറുകെയും നടക്കുക; ഞാൻ
> അതിനെ നിനക്കു തരും, ഇവിടെ, വ്യക്തമായും
> കുരിശ് രൂപീകൃതമായി. കുരിശിന്റെ അടയാളത്താൽ
> ആദിപിതാക്കന്മാർക്ക്, അങ്ങനെ, ദേശം നല്കപ്പെട്ടു.
> കുരിശാൽ തന്നെ അതിനെ (ദേശത്തെ) അതിന്റെ
> പിൽക്കാല പിതാക്കന്മാർക്ക് നഷ്ടപ്പെടുകയും ചെയ്തു
>
> Commentary on Genesis X,2[7]

### 2.2.2 കർത്താവിന്റെ ദിവസം കാണപ്പെടുന്നു.

യോഹന്നാൻ 8.56 ൽ ക്രിസ്തു യഹൂദന്മാരോട്, അവരുടെ പിതാവായ അബ്രഹാം ക്രിസ്തുവിന്റെ ദിവസം കാണ്മാൻ ആഗ്രഹിച്ചിരുന്നു എന്നു പറയുന്നതായി നാം കാണുന്നു; അദ്ദേഹം അതുകണ്ട് സന്തോഷിച്ചു. യേശു അബ്രഹാമിനേക്കാൾ മുമ്പെ ഉണ്ടായിരുന്നു എന്നും അദ്ദേഹം പിതാവിനൊപ്പം നിത്യനായിരിക്കുന്നുവെന്നും ഈ അവസരം ഉപയോഗപ്പെടുത്തി സുവിശേഷകർ സ്ഥാപിക്കുന്നു.[8] എന്നിട്ടും, അബ്രഹാം ക്രിസ്തുവിന്റെ ദിവസം കാണുന്നതിനെക്കുറിച്ചുള്ള ജനക്കൂട്ടത്തിന്റെ ആകാംക്ഷയെ തൃപ്തിപ്പെടുത്തുവാൻ ഒരു ശ്രമവും നടത്തുന്നില്ല.

സുറിയാനി പിതാക്കന്മാർക്ക് ഈ ഭാഗം വളരെ വ്യക്തമാണ്; ഈ കുരിശുമരണം ഇസഹാക്കിന്റെ ബലിയുടെ മുൻകുറി ആയിരുന്നു. നർസായി എഴുതിയിരിക്കുന്നു:

> അബ്രഹാം എന്നെ കണ്ടു, എന്റെ മരണത്തിന്റെ ദിവസത്തിൽ
> അവൻ ആഹ്ളാദിച്ചു എന്ന് പറഞ്ഞുകൊണ്ട്,
> ഇസഹാക്കിനെ രക്ഷപ്പെടുത്തിയ മൂകനായവൻ
> അവന്റെ (കർത്താവിന്റെ) മരണത്തിന് വഴിയൊരുക്കി.
> യഥാർത്ഥത്തിൽ അവന്റെ (കർത്താവിന്റെ) മരണത്തിന്റെ
> ദിവസം അബ്രഹാം

7 Sancti ephraem Syri In Genesim in Exodus Commentarii CSCO 152

8 യോഹന്നാൻ 1:1

കണ്ടില്ല; വെളിപാടിൽ കൂടെ മാത്രമെ അവൻ അതു കണ്ടുള്ളൂ.
കവിത 19,[9]

ഈ പൊതുവായ വ്യാഖ്യാനം സ്വർണ്ണനാവുകാരൻ ഈവാനിയോസിലും[10] നാം കാണുന്നു, എന്നാൽ അഫ്രേം അതുകൊണ്ട് അവസാനിപ്പിക്കുന്നില്ല - അബ്രഹാം കണ്ടതും ഇസഹാക്കിന്റെ ബലിദിവസത്തിൽ താൻ ആഹ്ളാദഭരിതനാകുവാൻ ഇടയായതുമായ കൃത്യമായ ഐക്യരൂപങ്ങളെ അദ്ദേഹം വിശദീകരിക്കുവാൻ ശ്രമിച്ചിരിക്കുന്നു. ദിയോത്തസ്സറോണിന്റെ വ്യാഖ്യാനത്തിൽ ഇപ്രകാരം നാം വായിക്കുന്നു

ബന്ധിതനായിരുന്ന ഇസഹാക്കിന്റെ കെട്ടുകളെ
അഴിച്ച മരത്തിലെ ആട്ടിൻകൊറ്റനിലൂടെ
'അബ്രഹാം എന്റെ ദിവസം കണ്ട് ആനന്ദിച്ചു'
കുരിശിലൂടെ ജാതികളുടെ ചങ്ങലകൾ അഴിച്ച
നമ്മുടെ കർത്താവിനെപ്പോലെ.
Commentary on the Diatessaron XVIII,1.1[11]

ദൈവത്തിന്റെ ഏക പുത്രന്റെ മരണത്തിലൂടെയുണ്ടായ ജാതികളുടെ രക്ഷയിലായിരുന്നു അബ്രഹാമിന്റെ ആഹ്ളാദം. ആയതിന് തന്റെ ഏക ജാതന്റെ ബലി ഒരു സാദൃശ്യമായിരുന്നു.

ഇസഹാക്കിന്റെ ബലി അബ്രഹാമിന് സന്തോഷദായകമായിരുന്നു എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് (സ്രൂഗിലെ) യാക്കോബ് കുറേക്കൂടി മുമ്പോട്ടുപോകുന്നു. ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ ഏകജാതനായ പുത്രനെ അയക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് ബോധ്യപ്പെടുത്തി എന്നതുകൊണ്ട് മാത്രമല്ല അത്. കന്യകയിലൂടെയുള്ള ക്രിസ്തുവിന്റെ ജനനത്തിലൂടെ മനുഷ്യാവതാരത്തിന്റെ സാദ്ധ്യത ബലിയിലൂടെ വെളിവാക്കപ്പെട്ടു എന്നതിനാലും അദ്ദേഹം സന്തോഷവാനായിരുന്നു. മരത്തിൽ നിന്നും ഉണ്ടായ ആട്ടുകൊറ്റൻ ഇവിടെ ഒരു സാദൃശ്യമാകുന്നു; കുരിശിലുണ്ടായ തന്റെ മരണത്തിന്റെയും സാദൃശ്യമായിരുന്നു അത്. (സ്രൂഗിലെ) യാക്കോബ് എഴുതുന്നു.

തന്റെ മകനിലൂടെ കണ്ടതായ പുത്രന്റെ ദിവസത്തിൽ
അബ്രഹാം സന്തോഷിച്ചു; ക്രൂശാരോഹണത്തിന്റെ
എല്ലാ സംഭവങ്ങളും അദ്ദേഹത്തിനു മനസ്സിലായി.
മരത്താലും അതിന്റെ ശാഖയിൽ കുരുങ്ങി കിടന്ന

---

9 *Narsai Homiliae et Carmina,* 1:22

10 J. Danielou, *Sacramentum Futuri, Etudes sur les Orignies de la Typologie Biblique* (Paris,1950),110

11 *Ephraem de Nisibe, Commentaire de L' Evangile Concordant on Diatessaron,*315

ആട്ടിൻകൊറ്റനാലും ഗർഭധാരണം, ജനനം
കൊല, മരണം ഇവയെല്ലാം അവന് വെളിവാക്കപ്പെട്ടു.
കവിത 109[12]

## 2.3 കുരിശും ഇസഹാക്കും

തന്റെ പിതാവിന്റെ ഇഷ്ടപ്രകാരം ക്രിസ്തുവിന്റെ ബലി എന്ന യാഥാർത്ഥ്യത്തെ വെളിവാക്കിയ ഒരു സാദൃശ്യമായിരുന്നു തന്റെ പിതാവായ അബ്രഹാമിലുണ്ടായ ഇസഹാക്കിന്റെ ബലി. ഇസഹാക്കിന്റെ ജീവിതവുമായി ബന്ധപ്പെട്ട പലഭാഗങ്ങളിലും ഈ സാദൃശ്യം ദൃശ്യമാണ്.[13]

### 2.3.1 മരണത്തിൽ നിന്നും ഇസഹാക്കിനെ രക്ഷിച്ച ആട്ടിൻകൊറ്റൻ

നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ അഫ്രേം എഴുതുന്നു:

അബ്രഹാമിന്റെ കത്തിയിൽ നിന്നും
ഇസഹാക്കിനെ രക്ഷിച്ചവൻ ഞാനാകുന്നു.
ഇന്നത്തെ പെസഹായ്ക്ക് ഞാൻ ആട്ടിൻകൊറ്റനായി
ഭവിച്ചിരിക്കുന്നു.
കണ്ടാലും, കരുശിൽ തൂക്കപ്പെടുന്ന കുഞ്ഞാട് ഞാനാകുന്നു
എന്ന് എന്നെക്കുറിച്ച്, മരവും മരത്തിൻമേൽ
കുരുങ്ങികിടന്ന ആട്ടിൻകൊറ്റനും പ്രവചിച്ചിരിക്കുന്നു.
Sermones in Hebdomadam Sactum[14] II:445-452

ഈ ഭാഗത്ത്, ഇസഹാക്കിനെ മരണത്തിൽ നിന്നും രക്ഷപ്പെടുത്തിയ ആട്ടിൻകൊറ്റനെന്ന് സ്വയം വിളിക്കുന്ന ക്രിസ്തുവായി 'ഞാനാകുന്നു' എന്ന പ്രയോഗം നിലനിൽക്കുന്നു. ബലിയുടെ സാരാംശം ഇവിടെ വളരെ വ്യക്തമാണ്. ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുന്ന യഥാർത്ഥ ബലിയിലേക്ക് വിരൽചൂണ്ടുന്ന രണ്ടുവിധമുള്ള ബലികളെ അഫ്രേം സ്തുത്യർഹമാം മാർഗ്ഗത്തിൽ ഏകോപിപ്പിച്ചിരിക്കുന്നു. മരണത്തിൽ നിന്നും ആട്ടുകൊറ്റൻ ഇസഹാക്കിനെ രക്ഷിച്ചപോലെയും മരണത്തിൽ നിന്നും മിസ്രേമിൽ ഇസ്രായേൽകാരെ പെസഹാകുഞ്ഞാടു രക്ഷിച്ച പ്രകാരവും നിത്യമായ മരണത്തിൽ നിന്നും ക്രിസ്തു സകല സൃഷ്ടികളെയും രക്ഷിച്ചു. ആകയാൽ ക്രിസ്തു ആട്ടിൻകൊറ്റനും പെസഹ കുഞ്ഞാടുമാകുന്നു.[15]

---

12 *Homiliae Selectae Mar-Jacobi sarugensis* 5 Vol P. Bdejan (Paris) IV:101

13 ഉത്പത്തി 22

14 *Des Heiligen Ephraem des Syers Sermones in Hebdomadam Sanctum,* CSCO 412,16

15 അദ്ധ്യായം 3.2.3 കാണുക

എന്നാൽ കുരിശിൽ തൂക്കപ്പെടേണ്ട കുഞ്ഞാടും അദ്ദേഹമാകുന്നു. ക്രിസ്തുവിനെ വർണ്ണിക്കാൻ 'കുഞ്ഞാട്' എന്ന പദം ഉപയോഗിക്കുന്നതിലൂടെ, പഴയ ഉടമ്പടി ബലികളിൽ കുഞ്ഞാട് അത്യന്താപേക്ഷിതമായ ഒരു ഘടകം ആയിരുന്നതിനാൽ അഫ്രേം ക്രിസ്തുവിന്റെ ത്യാഗപൂർണ്ണമായ മരണത്തെ സൂചിപ്പിക്കുന്നു എന്നതിൽ സംശയമില്ല. യോഹന്നാന്റെ സുവിശേഷത്തിൽ ഈ പദത്തിന്റെ പ്രയോഗത്തെ കുറിച്ചുള്ള വ്യക്തമായ പരാമർശത്തെ നാം തള്ളിക്കളയേണ്ടതില്ല.[16] നർസായി ആ ആശയത്തെ, വാസ്തവത്തിൽ, കൂടുതൽ വ്യക്തമാക്കിക്കൊണ്ട് പറയുന്നു:

> മരത്തിൻമേൽ അവന് കാണപ്പെട്ട
> കുഞ്ഞാട് തൂക്കപ്പെട്ടിരുന്നു. ആണികൾക്കുപകരം
> മരത്തിന്റെ ചില്ലകൾ അതിന്റെ ശരീരത്തിൽ തറ
> ച്ചിരുന്നു. യഥാർത്ഥമായവന്റെ (Real One)
> യാഥാർത്ഥ്യത്തിന്റെ സാദൃശ്യമായ കുരിശ് അത് (ആട്ടിൻ
> കൊറ്റൻ) വാഹനമാക്കി. മരണത്തിനു
> തയ്യാറെന്നവണ്ണം പൂർണ്ണമായി അവൻ കെട്ടപ്പെട്ടി
> രുന്നു. നമ്മുടെ വർഗ്ഗത്തിന്റെ കുഞ്ഞാടായി രക്ഷകനെ
> യോഹന്നാൻ വിളിക്കുന്നു; എന്തെന്നാൽ തന്റെ മരണ
> മാകുന്ന ബലിയിലൂടെ നമ്മുടെ ജീവനെ രക്ഷിക്കു
> വാൻ അവൻ ഒരുങ്ങുന്നു....
>
> Homily 1[17]

മോർ അഫ്രേമിന്റെ ഉത്പത്തിവ്യാഖ്യാനത്തിൽ ഇതേ ആശയം നാം കാണുന്നു.

"മല മരത്തെ ഉത്പാദിപ്പിച്ചു, മരം ആട്ടിൻകൊറ്റനെ ഉത്പാദിപ്പിച്ചു. അബ്രഹാമിന്റെ മകനു പകരമായി കൊല്ലപ്പെടേണ്ട മരത്തിൻമേൽ കുരുങ്ങികിടന്ന ആട്ടിൻ കൊറ്റനാൽ, ആട്ടിൻ കൊറ്റനായ മരത്തിന്മേൽ തൂക്കപ്പെടേണ്ടവന്റെ ദിവസവും ലോകത്തിനുവേണ്ടി മരണം രുചിക്കേണ്ടതിനും, ഇപ്പോൾ അവന്റെ ദിവസം ചിത്രീകരിച്ചിരിക്കുന്നു.

Commentary on Genesis XX,3[18]

തന്റെ മരണത്താൻ ഇസഹാക്കിനെ മരണത്തിൽ നിന്നും രക്ഷിച്ച ആട്ടിൻകൊറ്റനെപ്പോലെ തന്റെ കുരിശുമരണത്താൽ ലോകം മുഴുവനെയും രക്ഷിക്കുന്ന കുഞ്ഞാടാകുന്നു ക്രിസ്തു എന്നതാണ്, വീണ്ടും, ഇതിലെ ആശയം

---

16 യോഹന്നാൻ 1:29

17 *Narsai Homiliae Carmina* 1:22

18 Sancti Ephraem Syri In Genesium et in Exodus Commentariti,84

ഒരു വ്യക്തിയുടെ രക്ഷയിൽ നിന്നും മുന്നോട്ട് നീങ്ങി ഒരു സംഘത്തിന്റെ രക്ഷയിലേക്കും തുടർന്ന് ലോകത്തിന്റെ രക്ഷയിലേക്കും അഫ്രേം നിരീക്ഷിക്കുന്ന മാർഗ്ഗം രസകരമാണ്. ലോകത്തിന്റെ ആകമാനത്വം എന്നത് അഫ്രേമിന്റെ രചനകളുടെ ഒരു പ്രധാന ആശയമാണ്. വ്യക്തിഗതമായതിൽ നിന്നും സാമൂഹ്യപരമായതിലേക്ക് അഫ്രേം എല്ലായ്പോഴും ചലിച്ചുകൊണ്ടിരിക്കും. വ്യക്തിഗത രക്ഷയിൽനിന്നും സൃഷ്ടി ആസകലമുള്ള രക്ഷയിലേക്ക് അദ്ദേഹം നീങ്ങിക്കൊണ്ടിരിക്കുന്നു.

### 2.3.2 ആട്ടിൻകൊറ്റനെ വഹിച്ച വൃക്ഷം

നാം ഇനിയും കാണാൻപോകുന്നതുപോലെ,[19] സുറിയാനി പിതാക്കന്മാർക്ക് മരം പൊതുവായി കുരിശിന്റെ ഒരു സാദൃശ്യമാണ്, പ്രത്യേകിച്ചും ഈ മരം ഒരു വൃക്ഷത്തിന്റെ ആകൃതിയിൽ ഫലം ഏന്തുന്നവയെങ്കിൽ. കാരണം, അങ്ങനെയെങ്കിൽ അത് ക്രിസ്തുവിനെ വഹിക്കുന്നു. കുരിശിനോട് അടുത്ത സാമ്യം പ്രകടിപ്പിക്കുന്നു.

Sermones in Hebdomadan Sanctum II:44-5 ൽ ഇസഹാക്കിനെ രക്ഷിച്ച ആട്ടിൻ കൊറ്റൻ ലോകത്തെ രക്ഷിച്ച ക്രിസ്തുവാണെന്നും ആട്ടിൻ കൊറ്റനെ വഹിച്ച മരം ക്രിസ്തുവിന്റെ കുരിശാണെന്നും നാം കണ്ടുവല്ലോ. കൂടാതെ, മുകളിൽ ഉദ്ധരിച്ച അഫ്രേമിന്റെ *ഉത്പത്തി വ്യാഖ്യാനം* XX:3ൽ മരം ഉത്പാദിപ്പിച്ച ആട്ടിൻ കൊറ്റൻ, കന്യകയിൽ നിന്നും ജനിച്ച മരത്തിൻ മേൽ തൂക്കപ്പെട്ട ക്രിസ്തുവാകുന്നു എന്നും മല ജന്മം നൽകിയ മരം കന്നി മണ്ണിൽ മറയ്ക്കപ്പെട്ടിരുന്നതും പിന്നീട് ഗോൽഗോത്തായിൽ പ്രത്യക്ഷപ്പെട്ട കുരിശായിരുന്നു എന്നും (Hyms on Virgnity XVI,10) നാം കാണുന്നു.[20] എന്നാൽ നർസായിയിൽ നിന്നും ഉദ്ധരിച്ചിരിക്കുന്ന മുൻ വിഭാഗത്തിലെ അവസാനഭാഗം ഈ വസ്തുത വെളിവാക്കുന്നതിൽ കുറെക്കൂടി നേരായ മാർഗ്ഗം അവലംബിച്ചിരിക്കുന്നു.

### 2.3.3 വിറകു ചുമക്കുന്ന ഇസഹാക്ക്

ഇസഹാക്കും കുരിശും തമ്മിലുള്ള ബന്ധത്തിന്റെ ഈ മൂന്നാമത്തെ ഘടകം, ക്രിസ്തുവിന്റെ കുരിശ് മരത്താൽ ഉണ്ടാക്കപ്പെട്ടതായിരുന്നു എന്ന വസ്തുതയെ വീണ്ടും ആശ്രയിച്ചിരിക്കുന്നു. അഫ്രേം എഴുതുന്നു:

'നിന്റെ പ്രതിരൂപം ശേമിനു സന്തോഷകരമായിരുന്നു (happy). നിന്റെ ആഹ്ളാദം അബ്രഹാമിൽ ഉണ്ടായിരുന്നു. ഇസഹാക്ക് നിന്റെ കുരിശു ചുമന്നു. ആദ്യത്തെയാളും അവസാനത്തെയാളും നിന്റെ പ്രതിരൂപങ്ങളാൽ അങ്കിതരായിരുന്നു." Hymns on virginity VIII 16[21]

---

19 അദ്ധ്യായം 4.3 കാണുക.

20 *Des Heiligen Ephraem des Syrers Hymnen de Virginitate* CSCO 223,57

21 *Des Heiligen Ephraem des Syrers Hymmen de Virginitate,*30

ഇവിടെ അഫ്രേം ക്രിസ്തുവിനെ അഭിസംബോധന ചെയ്തിരിക്കുന്നു. ശേമിനെ പരാമർശിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്, എന്തെന്നാൽ പഴയ നിയമത്തിൽ നിന്നുള്ളവരുമായി ബന്ധപ്പെടുത്തി ക്രിസ്തുവിന്റെ പ്രതിരൂപങ്ങളെ കുറിച്ച് പ്രസ്താവിക്കുവാൻ അഫ്രേം ഇവിടെ കടപ്പെട്ടിരിക്കുന്നു. പ്രശ്നം 'സന്തോഷകരം' (happy) എന്ന പദമാണ്. ഇവിടെ അത് നിരർത്ഥകമാണ്. ദോസ്ത് (ܕܨܬ) എന്നതിന്റെ മൂലരൂപം ദോലദ്, സോദേ, താവ് എന്ന അക്ഷരങ്ങൾ ചേർന്നതാണ്. ആ പദത്തിന്റെ അർത്ഥം (അവൾ) സന്തോഷവതി ആകുന്നു എന്നാണ്. അപ്പോൾ, മൂലരൂപം ܨܪܬ സോറത്ത് (സോദേ, റീശ്, താവ്)എന്നാകാനാണ് സാധ്യത. അങ്ങനെയെങ്കിൽ അർത്ഥം 'ചിത്രീകരിച്ച്' (You portrayed) എന്നാകും. അതാണ് കൂറെക്കൂടി സ്വീകാര്യം. അപ്പോൾ അർത്ഥം, ക്രിസ്തു തന്റെ പ്രതിരൂപം ശേമിൽ ചിത്രീകരിച്ചു എന്നാകും. ആയത് തന്റെ പിതാവായ നോഹിൽ നിന്ന് ശേമിന് ലഭ്യമായ അനുഗ്രഹങ്ങളുടെ പരാമർശമാകുകയും ചെയ്യും.[22]

അബ്രഹാമിന്റെ ആഹ്ലാദം, ക്രിസ്തു അദ്ദേഹത്തെകുറിച്ചും പരാമർശിച്ചിരിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത് -ക്രിസ്തുവിന്റെ ദിവസം അബ്രഹാം കാണുമെന്നും കണ്ടുകഴിഞ്ഞു സന്തോഷിച്ചുവെന്നും അതിനാൽ അബ്രഹാം ആഹ്ലാദഭരിതനായി[23] എന്നുമുള്ള പ്രസ്താവന മൂന്നാമത്തെ പദപ്രയോഗത്തിൽ, ഒരു ബലിയായി[24] ഹോമിക്കുവാനുള്ള വിറക് സ്വയം ചുമക്കുന്ന ഇസഹാക്കിനെയാണ് അഫ്രേം പരാമർശിച്ചിരിക്കുന്നത്. ലോകത്തിനു ജീവനുവേണ്ടി ബലിയായി സ്വയം സമർപ്പിക്കുന്നതിനായി ഗോൽഗോത്തായിലേക്കുള്ള തന്റെ വഴിയിൽ കുരിശിന്റെ മരം ചുമക്കുന്ന ക്രിസ്തുവിന്റെ വ്യക്തമായ സാദൃശ്യമാണ് ഇത്.

(സ്രൂഗിലെ) യാക്കോബിലേക്ക് നാം തിരിഞ്ഞാൽ ഈ ആശയം അദ്ദേഹവും പ്രകടിപ്പിക്കുന്നത് നമുക്ക് കാണാം. ക്രിസ്തു തന്റെ മരണത്തിനായി കുരിശു ചുമന്നതുപോലെ തന്നെ ഇസഹാക്ക് മരം ചുമന്നു. അദ്ദേഹം എഴുതുന്നു:

> മലയിലേക്ക് പോകുമ്പോൾ ഇസഹാക്ക് തന്റെ
> ബലിക്കായി വിറക് ചുമന്നു;
> തന്റെ വഴിയിൽ കുരിശു ചുമന്ന പുത്രനെപ്പോലെ
>
> Homily 80[25]

ഇതു ഉറപ്പിക്കാനായി ഇതേ കവിതയിൽ ഈ സാദൃശ്യത്തെക്കുറിച്ച് യാക്കോബ് തികച്ചും ന്യായമായ ഒരു ചോദ്യം ഉന്നയിക്കുന്നുണ്ട്. ഈ ബലിയിൽ ഈ പ്രതീകം മറച്ചുവച്ചിട്ടില്ലായിരുന്നുവെങ്കിൽ തന്റെ പിതാവിന്റെ

---

22 ഉത്പത്തി 9:26

23 യോഹന്നാൻ 8:56

24 ഉത്പത്തി 22:6

25 *Homiliae Selectae Mar Jacobi Sarugensis* II:312

രണ്ട് യൗവനക്കാരായ ഭൃത്യർ അകമ്പടി സേവിക്കുമ്പോൾ എന്തുകൊണ്ട് മലയിലേക്ക് ഇസഹാക്ക് തന്നെ വിറക് ചുമക്കണമായിരുന്നു?

### 2.3.4 മോറിയായിലേക്കുള്ള യാത്ര

മൂന്നു ദിവസത്തെ യാത്ര കഴിഞ്ഞ്, ബലി അർപ്പിക്കുവാനുള്ള മോറിയായിൽ അബ്രഹാമും ഇസഹാക്കും എത്തിച്ചേർന്നതായി ഉത്പത്തി 22:4ൽ നാം വായിക്കുന്നു. (സ്രൂഗിലെ) യാക്കോബിനെ സംബന്ധിച്ചിടത്തോളം ഈ മൂന്നു ദിവസങ്ങൾ ക്രൂശാരോഹണവും പുനരുത്ഥാനവും പൂർത്തിയാക്കിയ മൂന്നു ദിവസങ്ങളാണ്. അദ്ദേഹം പറയുന്നു:

> പുത്രന്റെ (യേശുവിന്റെ) മരണത്തിന്റെ പ്രതിരൂപം
> വരച്ചു കാട്ടാനായി തന്റെ പിതാവിനാൽ മൂന്നു
> ദിവസം ഇസഹാക്ക് ശുശ്രൂഷിക്കപ്പെട്ടു.
> മൂന്നാംദിവസം മരണമടഞ്ഞവരിൽ
> നിന്നും ഉയിർത്തെഴുന്നേറ്റ
> പുത്രനെപ്പോലെ മൂന്നാം ദിവസം അവൻ (ഇസ്ഹാക്ക്)
> മരണത്തെ ജയിച്ച് രക്ഷപ്പെട്ടു. Homily 30[26]

### 2.3.5 മോറിയായും ഗോഗുൽത്തായും

സുറിയാനി ക്രിസ്ത്യാനി പാരമ്പര്യത്തിൽ ക്രിസ്തു സ്വയം ബലിയർപ്പണം നടത്തിയ ഗോൽഗോത്ത അബ്രഹാം തന്റെ മകനായ ഇസഹാക്കിനെ ബലിയായി സമർപ്പിക്കപ്പെട്ട മോറിയ എന്നറിയപ്പെടുന്ന പ്രദേശം തന്നെയാണ് എന്നത് സുപ്രസിദ്ധമാണ്. തന്റെ ഒരു കവിതയിൽ 'സ്രൂഗിലെ' യാക്കോബ് ഇപ്രകാരമാണ് അതിനെ വിവരിച്ചിരിക്കുന്നത്.

> അവർ പറയുംപോലെ ഗോൽഗോത്ത ഇസഹാക്കിന്റെ
> മലയാകുന്നു. ക്രൂശാരോഹണത്തിന്റെ ആ സ്ഥലത്ത്
> അവന്റെ പിതാവ് അവനെ ബന്ധിച്ചു. പ്രതീകത്തെ
> വഹിച്ചതായ മരം പുത്രനെ കുരിശിക്കാനായി
> സീയോൻ നട്ട മരത്തിന്റെ അതേ സ്ഥാനത്ത് മുളച്ചു പൊങ്ങിയതാണ്.
> ദുരൂഹപരമായി, അവൻ (ദൈവം) ഇസഹാക്കിനെ
> ഗോഗുൽത്തായിൽ ബലി കഴിക്കുവാൻ
> അവന് (അബ്രഹാമിന്) സൂചന നല്കി. ക്രൂശാ
> രോഹണമലയിൽ ആ പ്രതീകം സംഭവിക്കുവാനായിതന്നെ
> Homily 80[27]

---

26 *Homiliae Selectae Mar Jacobi Sarugensis* II:312

27 Homiliae Selectae Mar Jacobi Sarugensis II:312

അബ്രഹാം തന്റെ കണ്ണുകൾകൊണ്ട് കണ്ടതും തന്റെ മനസ്സിൽ വെളിപ്പെട്ട തുമായതും തമ്മിലുള്ള വിഭിന്നത വ്യക്തമാക്കികൊണ്ട് നർസായിയിൽ ഇതേ പാരമ്പര്യം നാം കാണുന്നു.

ശരീരത്തിലെ കണ്ണുകളിലൂടെ, അവൻ (ദൈവം)
അവന്റെ (അബ്രഹാമിന്റെ) പുത്രനെ ബലികഴി
ക്കുവാനുള്ള സ്ഥലം കാണിച്ചുകൊടുത്തു. അതേസമയം
അവന്റെ (അബ്രഹാമിന്റെ) മനസ്സിൽ അവൻ (ദൈവം)
ഭാവി പ്രത്യക്ഷമാക്കി, ഈ സ്ഥലത്ത് ക്രിസ്തു ക്രൂശിക്ക
പ്പെടുവാൻ പോകുന്നു.

Homily 5[28]

## 2.4 കുരിശും യാക്കോബും

പഴയനിയമ നിയമത്തിൽ, കുരിശ് പ്രത്യക്ഷമാക്കപ്പെട്ട ഒരു ഉപ കരണമായിട്ടാണ്, സുറിയാനി പിതാക്കന്മാർക്ക് യാക്കോബിന്റെ ജീവിതം. ഈ പ്രത്യക്ഷത യാക്കോബിനു തന്നെ സുഗ്രാഹ്യമല്ലാതായിരിക്കണം. എന്നാൽ, ജീവിതത്തിലെ സാധാരണസംഭവങ്ങൾ പുതിയ നിയമ ത്തിൽ നിറവേറപ്പെടുവാനുള്ള സാദൃശ്യങ്ങളും പ്രതീകങ്ങളും ആയി പ. ആത്മാവ് ഉപയോഗപ്പെടുത്തുന്നു. യാക്കോബിന്റെ ജീവിതത്തിൽ കുരിശിന്റെ സാദൃശ്യങ്ങളായി അനേക സംഭവങ്ങൾ കണ്ടെത്താം. അപ്രേം എഴുതുന്നു;

രാത്രിയിൽ താൻ ഉറങ്ങുമ്പോൾ കണ്ട
ഗോവണിയാൽ നീതിമാനായ യാക്കോബ്
കുരിശിനെ വരച്ചുകാണിച്ചു; തന്റെ ഭുജങ്ങൾ
മാറ്റികൊണ്ടും വെള്ളത്തിലിട്ട തന്റെ വടികളാലും
കുരിശിനെ യാക്കോബ് കാട്ടി തന്നു.
വിശ്വാസിനിയായ സഭ തന്നെ
രക്ഷിച്ചെടുത്ത പുത്രന്റെ കുരിശിനെ വണങ്ങുന്നു.

Hymn Dispersi XX,16[29]

ഇവിടെയും, തന്റെ ഇഷ്ട ആശയമായ വരയ്ക്കലും ചായം പൂശലും അപ്രേം ഉപയോഗപ്പെടുത്തിയിരിക്കുന്നു. പ്രവാചകന്മാരാലും മറ്റു കഥാ പാത്രങ്ങളാലും ചിത്രലേഖനം ചെയ്ത, പുതിയനിയമത്തിന്റെ ഒരു ഛായാ ചിത്രമാണ് പഴയനിയമം. യാക്കോബ് തന്റെ ജീവിത സംഭവങ്ങളിലൂടെ

28 Narsai Homiliae et Carmina, 1:20

29 *Sancti Ephraem Syri Hymni* et Sermones, 4 Vols. T.J. Lamy ed. (Machliniae: H. Dessian, Sumnai, Pontificia, S. Congregations) IV:766

തന്റേതായി കുരിശിനെ ചിത്രലേഖനം ചെയ്തിരിക്കുന്നു. ബെഥേലിൽ[30] താൻ സ്വപ്നം കണ്ട ഗോവണി, സ്വർഗ്ഗത്തിനും ഭൂമിയ്ക്കും ഇടയിൽ, ജനത്തിന് തങ്ങളുടെ നഷ്ടഭവനമായ പറുദീസായിലേക്ക് മടങ്ങാനായി ഒരുക്കിയിരിക്കുന്ന കുരിശല്ലാതെ മറ്റൊന്നുമല്ല. ഈ ഗോവണി കുരിശിന്റെ പ്രതീകമായി പരിഗണിക്കപ്പെടുന്ന പാരമ്പര്യത്തെ ബലപ്പെടുത്തുന്നത് ആ സ്ഥലത്തെ പറുദീസായുടെ വാതിലായി യാക്കോബ് ഗൗനിച്ചിരിക്കുന്നു എന്നതാണ്. അഫ്രേമിനെ സംബന്ധിച്ചിടത്തോളം അത് കുരിശു തന്നെ യാണ്.

മേലുദ്ധരിച്ചിരിക്കുന്ന ഗീതത്തിൽ 'ഭുജങ്ങൾ മാറ്റികൊണ്ട്' എന്ന പ്രയോഗം യാക്കോബ് യൗസേഫിന്റെ[31] മകനെ അനുഗ്രഹിക്കുന്ന തിനെയാണ് പരാമർശിച്ചിരിക്കുന്നത്. യാക്കോബ് തന്റെ കൈകൾ വിലങ്ങനെ പിടിച്ച്, ഇളയവനായ എഫ്രേമിന്റെ മേൽ വലങ്കൈയ്യും ആദ്യ ജാതനായ മനശ്ശെയുടെ മേൽ ഇടംകൈയും വച്ചു. കൃത്യമായി ഇതു തന്നെയാണ് കുരിശും ചെയ്തത്; ആദ്യജാതനായ ജാതി (nation, ഇസ്ര യേൽ)യെ മാറ്റി നിർത്തി, വിശ്വാസത്തിൽ ഇളയവനായിരുന്ന ജാതികളെ (nations) സ്വീകരിച്ചു. യാക്കോബിന്റെ ജീവിതത്തിൽ കുരിശിന്റെ മൂന്നാമത്തെ സാമ്യത, താൻ വെള്ളത്തിലിട്ടതും വരയും പുള്ളിയും മറുകു മുള്ള ആട്ടിൻ കുട്ടികളെ തനിക്കു പ്രതിഫലമായി[32] ലഭ്യമാക്കിയതുമായ കൊമ്പുകളാണ്. ഇതേ രീതിയിൽ കുരിശ്, മാമോദീസാ വെള്ളത്തിലൂടെ സഭയിലേക്കെത്തുന്ന ആത്മാക്കളുടെ സംഖ്യ വർദ്ധിപ്പിക്കുന്നു

തുടർന്നു വരുന്ന ഭാഗത്ത്, യാക്കോബിന്റെ ജീവിതത്തിലുള്ള കുരിശിന്റെ സാദൃശ്യങ്ങളിൽ ചിലത് ഞാൻ കണ്ടെത്തുവാൻ ശ്രമിക്കുക യാണ്.

### 2.4.1 ജാതി (Nation)യും ജാതികളും (Nations)

സുറിയാനി പിതാക്കന്മാർക്ക് 'ജാതി' (the Nation)എന്നത് ഉടമ്പടി ജനത അഥവാ ക്രിസ്തുവിന്റെ മനുഷ്യാവതാരം വരെ ദൈവവുമായി തങ്ങളുടെ ബന്ധം നിലനിർത്തിയിരുന്ന ആദ്യ ജാതൻ ആണ്. ജാതികൾ (the Nations) ക്രിസ്തുവിന്റെ സുവിശേഷം സ്വീകരിച്ച് വിശ്വാസികളായി തീർന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനതയുമാണ്.[33] ഈ പുനഃസ്ഥാപനത്തിന്റെ സൂചികയാണ് കുരിശ്: തിരഞ്ഞെടുക്കപ്പെട്ട ജാതി തന്നിൽ വിശ്വസിക്കാതെ ക്രിസ്തുവിനെ ക്രൂശിച്ചപ്പോൾ കുരിശ് അവരെ

---

30 ഉത്പത്തി 28:10-22

31 ഉത്പത്തി 48:821

32 ഉത്പത്തി 30:37-40

33 See Chapter I in : R. Murray, *Symbols of Church and Kingdom. A study in Early Syriac Tradition* (London)

ഛിന്നിപ്പിച്ചുകളയുകയും എല്ലായിടത്തും നിന്ന് ക്രിസ്തുവിൽ വിശ്വസിച്ച ജനതകളെ കൂട്ടി ചേർക്കുകയും ചെയ്തു.

ആദ്യജാതന്റെ അവകാശമായ പിതാവിന്റെ അനുഗ്രഹങ്ങളുമായി ബന്ധപ്പെടുത്തി യാക്കോബിന്റെ രണ്ട് ജീവിതാനുഭവങ്ങൾ പ്രത്യേകമായ ഉദ്വേഗത്തോടെ ഈ വിഷയം അഫ്രേം കൈകാര്യം ചെയ്യുന്നു. ഒന്നാം സംഭവം, തന്റെ സഹോദരനായ ഏശാവിനൊപ്പം ഗർഭപാത്രത്തിൽ ആയിരിക്കുമ്പോൾ യാക്കോബുമായി തന്നെ ബന്ധപ്പെട്ടതാണ്.[34] രണ്ടാമത്തേത് യൗസേഫിന്റെ മക്കളായ ഏഫ്രേയിമും മനാശയുമായി ബന്ധപ്പെട്ടതാണ്.[35]

> ഗർഭപാത്രത്തിൽ ശിശുക്കൾ തമ്മിൽ മത്സരിച്ചു.
> അഗ്രജൻ വെളിയിൽ വരാൻ ധൃതികൂട്ടി.
> ഇളയവൻ ജന്മാവകാശം കാംക്ഷിച്ചുകൊണ്ട്
> തന്റെ മൂത്തവന്റെ കുതികാൽ പിടിച്ചിരുന്നു.
> ജന്മത്താൽ അവന് ലഭിക്കാതെ പോയത്
> പായസത്താൽ സമ്പാദിച്ചു.[36]

ഈ മൂന്നു ശ്ലോകങ്ങളിൽ, യാക്കോബ് ജനിച്ചപ്പോൾ സംഭവിച്ചവയും കുരിശിൽ സംഭവിച്ചവയും തമ്മിൽ അഫ്രേം താരതമ്യപഠനം നടത്തുന്നു. കുരിശിന്റെ ചരിത്രങ്ങൾ (histories) അഥവാ കഥകൾ (stories) ക്രൂശാരോഹണ സമയത്തോ അതിനു ശേഷമൊ സംഭവിച്ചവയാണ്. ഈ സാഹചര്യത്തിൽ വിശ്വാസത്തിൽ അഗ്രജനായിരുന്ന ജാതിക്ക് (nation)ലഭ്യമായിരുന്ന അനഗ്രഹങ്ങൾക്കും കൃപകൾക്കും തങ്ങളെ അർഹരാക്കി തീർക്കുന്ന ജന്മാവകാശം പ്രാപിക്കുവാൻ മത്സരിക്കുന്ന ജനതകളുടെ കഥകളാണ് അവ. യാക്കോബ് പാകം ചെയ്ത ചുവന്ന പായസത്തിനു വേണ്ടി[37] ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തിയ ഏശാവ് വിശ്വാസത്തിൽ ജ്യേഷ്ഠാവകാശമുള്ള ഇസ്രായേൽ ജാതി (nation)യുടെ സാദൃശ്യമാണ്. ദൈവത്തോട് വിശ്വസ്തപുലർത്തി ജ്യേഷ്ഠാവകാശം സമ്പാദിക്കുവാൻ മത്സരിച്ച ജാതികളുടെ (nations) സാദൃശ്യമാണ് യാക്കോബ്. എന്നാൽ ഇസ്രയേൽക്കാർ ദൈവത്തെ തങ്ങളുടെത് മാത്രമായി അവകാശമാക്കിയിരുന്നു. പില്ക്കാലത്ത്, കുരിശിൽ നിന്നും ഒഴുകിയ ക്രിസ്തുവിന്റെ ചുവന്ന രക്തത്താൽ ആ അവകാശം ജാതികൾക്ക് (nations) ലഭ്യമായി. ആകയാൽ കുരിശ് ജാതിയിൽ നിന്ന് ആ ജന്മാവകാശം എടുത്ത് അത് ആഗ്രഹിച്ചിരുന്ന ജാതികൾക്ക് നല്കി.

---

34 ഉത്പത്തി. 25:22-26

35 ഉത്പത്തി 48: 8-21

36 *Des Heiligen Ephraem des syrers Carmina Nisibene I*, CSCO 218,182

37 ഉത്പത്തി 25: 29-34

തന്റെ ചെറുമക്കളായ എഫ്രേയിമനെയും മനശെയെയും അനുഗ്രഹിക്കുമ്പോൾ യാക്കോബിന്റെ നടപടികളെ പരാമർശിച്ചുള്ള തന്റെ പഠിപ്പിക്കലിൽ അഫ്രേം ഈ ആശയം കുറെക്കൂടി വ്യക്തമാക്കുന്നു: തന്റെ ഉത്പത്തിയുടെ വ്യാഖ്യാനത്തിൽ അഫ്രേം എഴുതുന്നു:

> അവരെ (എഫ്രയിമിനെയും മനശെയും)അനുഗ്ര
> ഹിക്കുവാനായി തന്റെ പക്കൽ കൊണ്ടുവരുവാൻ
> അവൻ(യാക്കോബ്)
> പറഞ്ഞു. ആദ്യജാതനായ മനശെ മൂലം
> ഇസ്രായേൽ അവന്റെ (യാക്കോബിന്റെ)
> വലതുകരം ഇളയവനായ എഫ്രേയേമിന്റെ മേൽ വച്ചു.
> ആദ്യജാതനായ മനശെ വെളിയിൽ പോയതുപോലെ
> ജാതികൾ വലുതാക്കപ്പെടുന്ന രഹസ്യത്തെ
> ചിത്രീകരിക്കുവാനായി കുരിശ് ഇവിടെ
> വ്യക്തമായും സൂചിക്കപ്പെടുന്നു.
>
> Commentary on Genesis XYL,4[38]

ഇവിടെ ആദ്യജാതനിൽ നിന്നും ഇളയവനിലേക്കുള്ള ജ്യേഷ്ഠാവകാശ മാറ്റത്തിൽ മാത്രമല്ല കുരിശിന്റെ സാന്നിദ്ധ്യം, പിന്നെയൊ, യാക്കോബിന്റെ കൈകൾ വിലങ്ങനെ പിടിക്കുന്നതിലും പ്രകടമായി ചിത്രീകരിച്ചിരിക്കുന്നു. വിവരണപ്രകാരം, മനശെയുടെ സന്തതിയിൽ നിന്നും മശിഹാ പുറപ്പെട്ടുവരും എന്നതുൾപ്പെടെയുള്ള ആദ്യജാതന്റെ അനുഗ്രഹങ്ങൾ അരുളാനായി യാക്കോബിന്റെ വലതുകരത്തിൻകീഴിൽ ആദ്യജാതനായ മനശെയെ യൗസേഫ് എത്തിച്ചു.[39] യാക്കോബാകട്ടെ, തന്റെ കൈകൾവിലങ്ങനെ പിടിച്ച്, തന്റെ ഇടതു ഭാഗത്ത് നിൽക്കുന്ന എഫ്രേയിമിന്റെ മേൽ തന്റെ വലതുകരം വയ്ക്കുകയും വലതുഭാഗത്ത് നിൽക്കുന്ന മനശെയുടെ മേൽ ഇടതുകരം വയ്ക്കുകയും ചെയ്തു. അപ്രകാരം ചെയ്തതോടുകൂടെ യാക്കോബ് കുരിശിന്റെ അടയാളം രൂപീകരിച്ചു. ആകയാൽ ജാതികളെ ജാതിക്കു പകരമായി പ്രതിഷ്ഠിക്കുന്നത്, കുരിശിന്റെ അടയാളത്താലും ജന്മാവകാശത്താലുമാണ്. ജന്മാവകാശമാറ്റം കുരിശാൽ ആണ് സാധിച്ചിരിക്കുന്നത്.

ബർണബാസിന്റെ കത്തിലും ഈ ആശയം നമുക്കു കാണാം; എന്നാൽ വളരെ സംക്ഷിപ്തമായും അഫ്രേം അതിനാൽ സ്വാധീനിക്കപ്പെട്ടു എന്ന അവകാശപ്പെടുവാൻ കഴിയാത്തവിധത്തിലുമാണ്. ബർണബാസിന്റെ കത്ത്, കുരിശിനെക്കുറിച്ച് പരാമർശിക്കുന്നതേ ഇല്ല-

---

38 *Sancti Ephraem Syri In Genesium et in Exodus Commentatii*,110.

39 ഉത്പത്തി 48:14

യാക്കോബിന്റെ കൈകളുടെ വിലങ്ങനെയുള്ള പിടുത്തത്തിന്റെ അനന്തര ഫലങ്ങൾ അതായത്, പുതിയ ജനത ഉടമ്പടി അവകാശമാക്കുന്നത്, അത് പ്രകടിപ്പിക്കുന്നുണ്ടെങ്കിലും.[40]

അഫ്രേമിനെപ്പോലെതന്നെ, അതേ വിശദമായ രൂപത്തിൽ, യാക്കോബ് അനുഷ്ഠിച്ചതായ അനുഗ്രഹത്തിന്റെ ഈ ആചാരത്തെക്കുറിച്ചും, അതിന്റെ ഫലത്തെക്കുറിച്ചും നർസായി എഴുതിയിരിക്കുന്നു:

> വെളിപാടിലൂടെ നാം മനസ്സിലാക്കുന്ന പ്രകാരം,
> യാക്കോബ് യൗസേഫിന്റെ മക്കളെ അനുഗ്രഹിച്ചു;
> അതിലൂടെ ക്രൂശാരോഹണത്തിന്റെ രഹസ്യം
> അവർക്ക് കാണിച്ചുകൊടുത്തു.
> തന്റെ പിതാവിന്റെ സന്നിധിയിൽ യൗസേഫ് തന്റെ
> മക്കളെ എത്തിച്ചു; മനശെ അവന്റെ വലതു ഭാഗത്തും
> എഫ്രയിം ഇടതുഭാഗത്തും.
> അവൻ (യാക്കോബ്) കുരിശാകൃതിയിൽ തന്റെ കൈകൾ
> മാറ്റി; നമ്മുടെ പിതാവായ യാക്കോബ് വലതുകര
> ത്താൽ എഫ്രേയിമിനെ ഉയർത്തി, ആദ്യജാതനായ
> എഫ്രേയിമിന്റെ സഹോദരനെ ഇടതുകര
> ത്താൽ താഴ്ത്തി.
> തന്റെ നാമത്തിൽ, മാമോദീസ ഏറ്റ നിന്ദിതരായ ജാതികളെ
> ഉയർത്തിയ ക്രൂശിതനായ മനുഷ്യനിൽ[41] കൂടെ ഈ രഹസ്യം
> വിശദീകരിക്കപ്പെട്ടു. തങ്ങളുടെ മഹത്വത്താൽ
> ആദ്യജാതനായ ജാതി കുരിശാൽ കുറവുള്ള
> രാക്കപ്പെട്ട്, അവരുടെ ധിക്കാരത്താൽ നിന്ദിതനായി.
> കുരിശിലൂടെയല്ലാതെ അനുഗ്രഹങ്ങൾ നല്കാനാവില്ല
> എന്ന് എല്ലാവർക്കും മുന്നറിയിപ്പ് നൽകാനായി
> വൃദ്ധനായ യാക്കോബ് കുരിശാൽ തന്റെ അനുഗ്രഹ
> ങ്ങൾ വർഷിച്ചു. Homily 30[42]

---

40 Glimm, F.X, J. M-F Marique, G.G. Walsh: *The Apostolic Fathers, The fathers of the Church* Vol.I (Washingotn. D.C.) 213

41 ക്രിസ്തുവിനെ "ക്രൂശിതനായ മനുഷ്യൻ" എന്ന് നർസായി സംബോധന ചെയ്യുന്നത് ശ്രദ്ധിക്കുന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. കർത്താവിന്റെ ആളത്തത്തിലെ (Person) വിഭജനം ഈ പ്രയോഗത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. അതിനാൽ, സുറിയാനി ഓർത്തഡോക്സ് പിതാക്കന്മാരുടെ രചനകളിൽ ഈ പ്രയോഗം കണ്ടെത്താൻ സാധ്യമല്ല. നമ്മുടെ കർത്താവിൽ രണ്ട് ആള ത്വങ്ങളും (ക്നൂമാ) രണ്ട് സ്വഭാവങ്ങളും ഉണ്ട് എന്ന വിശ്വാസമുള്ള നെസ് തോറിയൻ ഉപദേശങ്ങളെ ആശ്ലേഷിച്ചതുകൊണ്ടാണ് നർസായി ഇങ്ങനെ ഉപയോഗിച്ചിരിക്കുന്നത്.

42 *Narsai Homiliae et Carmina* 11:123

തന്റെ കന്യാത്വത്തെകുറിച്ചുള്ള ഗീതങ്ങളിൽ (*Hymns on Virginity* XX, 7-9)[43] യറുശലേമിലേക്കുള്ള[44] തന്റെ യാത്രയിൽ യേശു കടന്നുപോയ യറീഹൊ[45] ഉൾപ്പെടുന്ന എഫ്രേമിന്റെ പ്രദേശവും കുരിശുമായുള്ള ബന്ധത്തെ വരച്ചു കാട്ടികൊണ്ട് അഫ്രേം ഈ ആശയത്തെ കൂടുതലായി അന്വേഷിക്കുന്നു. ജാതികളുടെ പ്രതീകമായ എഫ്രേയിമിന് ഈജിപ്തിൽ കുരിശാൽ ആദ്യ ജാതന്റെ അവകാശം നൽകപ്പെട്ടതായി അഫ്രേം പറയുന്നു. കുരിശിലേക്കുള്ള തന്റെ യാത്രയിൽ നമ്മുടെ രക്ഷകൻ എഫ്രേയിം നാട്ടിലൂടെ സഞ്ചരിച്ചപ്പോൾ 'ഊശാന' എന്ന് ആർത്തുകൊണ്ട് ജാതികൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു

തന്റെ *Hymns on virginity*ൽ അഫ്രേം സൂചന നൽകുന്ന എഫ്രേയിമും കുരിശും ആയുള്ള വേറൊരു സാമ്യത ഇവിടെ പരാമർശിക്കുന്നത് പ്രാധാന്യമർഹിക്കുന്നു. അക്കങ്ങൾ പരിലാളിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

> എഫ്രേയിമിന്റെ പേര് നിങ്ങൾ കണക്ക് കൂട്ടിനോക്കിയാൽ
> അത് മുന്നൂറ്റി മുപ്പത്തി ഒന്നായിരിക്കും. ഈ
> കണക്കിനാണ് കുരിശ് ചിത്രീകരിച്ചിരക്കുന്നത്.
> ക്രൂശിതരൂപം ചായം പൂശിയിരിക്കുന്നതും ഈ കണ
> ക്കിലാണ്. കൈകളിലാണ് കുരിശ് അവനെ
> ധരിപ്പിച്ചത്. അവന്റെ നാമം കുരിശിനോടും
> ക്രൂശിതരൂപത്തോടും ബന്ധപ്പെട്ടിരിക്കുന്നു.
> അല്ലയോ ശിശുവേ! ഞാൻ എത്രത്തോളം
> നിന്നെ ആദരിക്കുന്നു. നിന്നിൽ നിന്നു
> കുരിശുകൾ എന്നിൽ മുഴുവനായും പ്രകാശിക്കുന്നു.
>
> Hymns on Virginity XXI, 8[46]

സുറിയാനിയിൽ എഫ്രേയിം എന്ന പേരിന്റെ അക്ഷരങ്ങളുടെ മൂല്യം (numerical value) 331 ആണ്. കുരിശ് (ܨܠܝܒܐ=സ്ലീബൊ) എന്നതിന്റെയും ക്രൂശിതൻ (ܙܩܝܦܐ=സ്കീപ്പൊ) എന്നതിന്റെയും അക്ഷരങ്ങളുടെ ആകെ തുകയും 331 ആണ്. ആകയാൽ, യാക്കോബിൽ നിന്നു കുരിശടയാളത്താൽ ലഭ്യമായ ജ്യേഷ്ഠാവകാശം സിദ്ധിച്ച എഫ്രയിം, ദൈവത്തിൽ നിന്നു ക്രിസ്തുവിന്റെ കുരിശിനാൽ ജ്യേഷ്ഠാവകാശം ലഭിച്ച ജാതികളുടെ ഒരു സാദൃശ്യമാകുന്നു.

---

43 *Des Heiligen Ephraem des syrers Hymnen de Virginitate* 69-70

44 യോശുവ 16

45 മത്തായി 20:29

46 *Des Heiligen Ephraem des syrers Hymnen de Virginitate* 73

### 2.4.2 യാക്കോബ് ബെഥേലിൽ

ബഥേൽ (ܒܝܬ ܐܝܠ) സുറിയാനിയിലും, ഹീബ്രുവിലും 'ദൈവ ഭവനം' എന്നാണർത്ഥം. സുറിയാനി ക്രിസ്ത്യാനികൾക്ക് 'ദൈവവചനം' സഭയ്ക്കുള്ള വേറൊരു നാമമായതിനാൽ സുറിയാനി പിതാക്കന്മാർ സഭയുടെ ഒരു സാദൃശ്യമായി ബെഥേലിനെ കണ്ടിരുന്നു. യാക്കോബ് തൂണിനെ തൈലം കൊണ്ടഭിഷേകം ചെയ്തത് ദൈവാലയത്തെ വിശുദ്ധതൈലം (ܡܘܪܘܢ = Myron = Chrism)കൊണ്ട് ശുദ്ധീകരിക്കുന്ന ഒന്നാണ്.

കുരിശ് നടുവിൽ നിൽക്കാത്ത ഒന്നിനെ സഭയായി (ദൈവാലയമായി) കരുതുവാൻ കഴിയാത്തതിനാൽ, സുറിയാനി പിതാക്കന്മാർ ബെഥേലിൽ കുരിശ് കണ്ടെത്തുവാൻ ആരംഭിച്ചു. യാക്കോബ് സ്വപ്നത്തിൽ കണ്ട ഗോവണി അവരുടെ ഈ ജോലി ലളിതമാക്കിതീർത്തു. (സ്രൂഗീലെ) യാക്കോബ് എഴുതിയിരിക്കുന്നു:

> യാക്കോബിന് മല ദൈവഭവനമായി ഭവിച്ചു. ഗോവണിപോലെ കുരിശ് വന്നു നേരേനിന്നു. സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിൽ നിന്ന ഗോവണി, ആദാമിന്റെ വംശത്തിന് ഉന്നത പീഠമായി തീർന്ന കുരിശാകുന്നു. Homily 135[47]

അഫ്രഹാത്തിന്, യാക്കോബ് സ്വപ്നത്തിൽ കണ്ട ഗോവണി ഒരു ഇരട്ട പങ്കു വഹിക്കുന്നു-ക്രിസ്തുവിനും കുരിശിനും പ്രതീകമായി നിന്നു കൊണ്ട്.

> യാക്കോബ് കണ്ട ഗോവണി നമ്മുടെ രക്ഷകന്റെയും ഒരു പ്രതീകമാണ്; അതിലൂടെ നീതിമാന്മാരായവർ താഴെ നിന്നും മുകളിലോട്ട് കയറുന്നു. ഒരു ഗോവണിയെപ്പോലെ ഉയർത്തപ്പെട്ട അത് നമ്മുടെ രക്ഷകന്റെ കുരിശിന്റെയും പ്രതീകം ആകുന്നു.
> *Demonstrations* IV:De oratione[48]

ഗോവണി ക്രിസ്തുവിന്റെ പ്രതീകം എന്ന പരാമർശിക്കുന്നതിലൂടെ അറിയോസിന്റെ വേദവിപരീതം ആരോപിക്കപ്പെടുന്ന ആപത്തിൽ അഫ്രഹാത്ത് വീഴുകയാണ്; കാരണം, ഗോവണിയുടെ മറ്റേ അറ്റത്ത് കർത്താവ് നിൽക്കുന്നതായിട്ടാണ് വേദഭാഗം പറയുന്നത്. സുറിയാനി പിതാക്കന്മാർ ഈ വിധത്തിലുള്ള വ്യാഖ്യാനം ഗോവണിയെ കുറിച്ച് ഉന്നയിക്കാതിരുന്നതിന്റെ കാരണം ഇതാവാം. എന്നാലും, ക്രിസ്തു ഏവരുടെയും തലയാകുന്നു എന്നും ദൈവം ക്രിസ്തുവിന്റെ തലയാകുന്നു[49] എന്നുമുള്ള വി. പൗലോസിന്റെ വചനങ്ങളിൽ അഫ്രഹാത്ത് ആശ്വാസം കണ്ടെത്തുന്നു.

---

47 *Homiliae Selectae Mar-Jacobi Sarugensis*, IV:797

48 *Aphraatis Sapientis Persae Demonstrationes* (Paris)37

49 1 കൊരിന്ത്യർ 11:3

ഒരു പാവനചിത്രം നൽകികൊണ്ട് അഫ്രഹാത്ത് തന്റെ വ്യാഖ്യാനം സംക്ഷിപ്തമായി നൽകുന്നു. അതിൽ, ആകമാനസംഭവം സഭയുടെയും അതിന്റെ ദൗത്യത്തിന്റെയും പ്രതീകമായി അദ്ദേഹം ചിത്രീകരിച്ചു കൊണ്ടെഴുതുന്നു:

> പ്രിയ സഹോദരാ, നോക്കൂ! യാക്കോബ് കണ്ട ദർശനത്തിൽ എത്രയൊ രഹസ്യങ്ങൾ മറച്ചുവച്ചിരിക്കുന്നു! അവൻ ക്രിസ്തുവാകുന്ന സ്വർഗ്ഗീയ വാതിൽ കണ്ടു; കുരിശിന്റെ പ്രതീകമായ ഗോവണിയും അവൻ കണ്ടു; ജാതികളുടെ സാദൃശ്യമായ നിലയിൽ അവൻ കല്ലിനെ അഭിഷേകം ചെയ്യുകയും ചെയ്തു.
>
> *Demonstrations IV*; De orations[50]

ഗോവണിയിൽ നർസായിയും ക്രിസ്തുവിന്റെയും കുരിശിന്റെയും പ്രതീകം കാണുന്നു.; എന്നാൽ ബുദ്ധിപൂർവ്വം അവ രണ്ടിനെയും അദ്ദേഹം ഏകോപിപ്പിക്കുന്നു. ദർശനം അദ്ദേഹത്തിന് ക്രൂശിതനായ മനുഷ്യന്റെ ഒരു രഹസ്യമാണ്. (ܪ̈ܐܙܐ =റോസേ = mysteries) അവന്റെ (ക്രൂശിതനായ മനുഷ്യന്റെ) കുരിശ് ഉന്നത് സ്വർഗ്ഗത്തിലേക്ക് ജനത്തെ ഉയർത്തുന്നു, അദ്ദേഹം പറയുന്നു.

> ഭൂമിയിൽ ഉറപ്പിച്ചതും തല സ്വർഗ്ഗത്തിലുമായ ഒരു ഗോവണി ദർശനത്തിൽ വൃദ്ധനായ യാക്കോബ് കണ്ടു. ക്രൂശിതനായ മനുഷ്യന്റെ[51] രഹസ്യമാകുന്നു ആ ദർശനം; കുരിശാൽ ജനം സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യപ്പെടുന്നു. Homily 30[52]

ഗോവണിയെക്കുറിച്ചുള്ള തന്റെ വ്യാഖ്യാനത്തിൽ (സ്രൂഗിലെ) യാക്കോബ് പരമ്പരാഗതമായ വ്യാഖ്യാനത്തിൽ പറ്റിച്ചേർന്ന് നിൽക്കുന്നു. ഗോവണിയിൽ അദ്ദേഹം ക്രിസ്തുവിന്റെ കുരിശിനെ കാണുന്നു: എന്നാൽ അവിടെ അദ്ദേഹം നിർത്തുന്നില്ല. ഗോവണിയുടെ കർത്തവ്യം കുരിശിൽ നിന്നുള്ള വാഴ്‌വിന്റേതുമായി സാമ്യപ്പെടുത്തി കാട്ടികൊണ്ട് താൻ പ്രയോഗിച്ചിരിക്കുന്ന സാദൃശ്യത്തെ അദ്ദേഹം ന്യായീകരിക്കുന്നു. യാക്കോബ് കണ്ട ഗോവണി കയറാനും ഇറങ്ങാനും ഉപയോഗപ്പെടുത്തിയിരിക്കുന്നു. ചിലരെ സ്വർഗ്ഗത്തിലേക്ക് ഉയർത്താനും മറ്റുള്ളവരെ നരകത്തിലേക്ക് താഴ്ത്താനും ഉള്ള ഒരു ഉപകരണവുമാണ് കുരിശ്. അദ്ദേഹം പറയുന്നു.

> ബെഥേലിൽ നീതിമാനായ യാക്കോബ് കണ്ട ഗോവണി, സ്വർഗ്ഗവാസികളുടെയും ഭൗമികരുടെയും ഇടയിലുള്ള കുരിശിന്റെ ഒരു പ്രതിരൂപത്തെ വരച്ചുകാട്ടുന്നു.

---

50 *Aphraatis sapientis persae Demonstrationes*

51 See foot note 41,P.59

52 *Homiliae Selectae Mar-Jacobi Sarugensis,* 11:123

ചിലർ അതിലൂടെ കയറുന്നതും ചിലർ ഇറങ്ങുന്നതും യാക്കോബ് കണ്ടു. വീണുപോയവർ ഇറങ്ങുകയും എഴുന്നേറ്റവർ പിതാവിന്റെ സന്നിധിയിലേക്കു കയറുകയും ചെയ്തിരുന്നു.

> കുരിശ് നിവർക്കപ്പെട്ടിരിക്കുന്നു, ലാളിത്യത്തോടെ അതിനെ സമീപിക്കുന്നവർ ജീവിക്കുന്നു. എഴുന്നേല്ക്കുക, കയറി ഉന്നതസ്ഥാനത്തു വാഴുക; സംശയങ്ങൾ ഉള്ളവരും ഭിന്നതയുടെ ആത്മാവിനാൽ നയിക്കപ്പെടുന്നവരും താഴെ വീണുപോകും, എന്തെന്നാൽ തന്റെ കർത്തവ്യത്തിൽ നിന്നും അവർ വ്യതിചലിച്ചിരിക്കുന്നു.
> Homily 166[53]

അപ്പോൾ, ഗോവണി കുരിശിന്റെ ഒരു സാദൃശ്യമാകുന്നു, എന്തെന്നാൽ കർത്താവിനൊപ്പം വാണരുളാൻ സ്വർഗ്ഗീയരാജ്യത്തിലേക്കു വിശ്വാസികളെ കുരിശ് ഉയർത്തുന്നതുപോലെ തന്നെ ഗോവണി ജനത്തെ കയറാനും ഇറങ്ങാനും അനുവദിക്കുന്നു. കുരിശിലുള്ള വിശ്വാസം നിഷേധിക്കുന്നവർക്ക് അതേ കുരിശ് ഒരു മഹാവലിയ പ്രതിബന്ധമായി ഭവിക്കുകയും ചെയ്യുന്നു.[54]

### 2.4.3 യാക്കോബ് ഹാരാനിൽ

ഹാരാനിലെ യാക്കോബിന്റെ ജീവിതം കുരിശിന്റെ വേറൊരു ദൃഷ്ടാന്തമാണ്. ഈ സാദൃശ്യത്തിന്റെ പ്രാധാന്യം രണ്ട് ആശയങ്ങളിലുള്ള അതിന്റെ പ്രയോഗത്തിൽ ദർശിക്കാൻ കഴിയും. ഒന്നാമത്തെ ആശയത്തെ സംബന്ധിച്ച്, യാക്കോബ് ഹാരാനിൽ പ്രവേശിച്ചതും അവിടം വിട്ടുപോയതും. യേശു പാതാളത്തിൽ പ്രവേശിച്ചതും അവിടം വിട്ടുപോയതും തമ്മിൽ കാണപ്പെടുന്ന സാമ്യത അഫ്രേം ചൂണ്ടിക്കാട്ടുന്നു. അഫ്രേം പറയുന്നു:

> അദ്ദേഹം (യേശു), യാക്കോബ് ഹാരാനിൽ പ്രവേശിച്ചതുപോലെ തന്നെ അതിൽ പ്രവേശിച്ചു, അവനെ (യാക്കോബിനെ)പ്പോലെ തന്നെ അദ്ദേഹവും അവിടം വിട്ടുപോന്നു.
>
> കയറിയതും ഇറങ്ങിയതുമായ യാക്കോബിന്റെ രഹസ്യങ്ങൾ (Mysteries) വിശദീകരിച്ചുതന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.
>
> തന്റെ വടിയല്ലാതെ മറ്റൊന്നുമില്ലാതെ യാക്കോബ് ഹാരാനിൽ പ്രവേശിച്ചു; അവൻ അത് വിട്ടിറങ്ങിയപ്പോൾ അവൻ അതിനെ കൊള്ളയടിച്ച് ഒട്ടേറെ മക്കളുമായി വെളിയിൽ വന്നു.

---

53 Homiliae Selectae Mar-Jacobi Sarugensis, 1:474

54 1 കൊരിന്ത്യർ 1:23

യഥാർത്ഥ ഹാരാനായ ശീയോളിൽ, സൃഷ്ടികളെ ഭരിക്കുന്ന വടിയാകുന്ന കുരിശിന്റെ അടയാളം പേറികൊണ്ട് തനിയെ യേശു പ്രവേശിച്ചു.അവൻ ഉയിർത്തെഴുന്നേറ്റ് അതിൽ നിന്നും വെളിയിൽ വന്നപ്പോൾ മൃതരായവരുടെ പൂഴിമണ്ണ് അതോടുകൂടി ഇളകി. ആദിമുതൽ അടക്കം ചെയ്യപ്പെട്ടിരുന്ന നിദ്രിതർ ഉയിർത്തെഴുന്നേറ്റു.
*Sermons in Hebdinadan Sanctum* VI,1333-1348[55]

തന്റെ കൈയിൽ വടിയോടുകൂടി[56] ഹാരാനിൽ പ്രവേശിക്കുന്ന യാക്കോബ്,[57] തന്റെ കൈയിൽ കുരിശടയാളത്തോടുകൂടി[58] ശീയോളിൽ പ്രവേശിക്കുന്ന ക്രിസ്തുവിന്റെ സാദൃശ്യമാകുന്നു. അഫ്രേമിന് ഹാരാൻ യഥാർത്ഥ ശീയോളാണ്. തന്റെ കാലത്ത് അസംഖ്യമായി ഹാരാനിൽ കാണപ്പെടുന്ന പ്രാകൃത ആചാരങ്ങൾ മൂലം ഹാരാനോടുള്ള അഫ്രേമിന്റെ വെറുപ്പ് മനസ്സിലാക്കാവുന്നതേയുള്ളൂ.

ഹാരാനിൽ തനിയെ ആണ് യാക്കോബ് പ്രവേശിച്ചതെങ്കിലും അനേക ഭാര്യമാരോടും കുട്ടികളോടും ഒപ്പമാണ് അവിടം വിട്ടത്. അപ്രകാരം തന്നെ, ക്രിസ്തു ശീയോളിൽ നിന്നും കയറിവന്നത് ദൈവത്തിൽ നിന്നുള്ള രക്ഷ പ്രതീക്ഷിച്ചുകൊണ്ടിരുന്ന പരേതരുടെ ആത്മാക്കൾക്കൊപ്പമായിരുന്നു- ക്രിസ്തു കുരിശിൽ മരിച്ച സമയത്ത് ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാരുടെ ശരീരങ്ങൾക്കു പുറമെയായിരുന്നു ഇത്.[59]

യാക്കോബിന്റെ വടി, ക്രിസ്തുവിന്റെ കുരിശുമായുള്ള താരതമ്യത്തിന് ശക്തമായ വേറൊരു ഉപകരണമായി സൂചിക്കപ്പെടുന്നു. ബെഥേലിൽ യാക്കോബ് കണ്ട ദർശനവുമായി ബന്ധപ്പെടുത്തി അതിനെ വീക്ഷിച്ചു കൊണ്ട് (സ്രൂഗിലെ) യാക്കോബ് എഴുതുന്നു:

ജ്ഞാനികളേ! ആ നീതിമാനായ മനുഷ്യന്റെ ശാന്തമായ ഉറക്കവും ദൈവപുത്രന്റെ ക്രൂശാരോഹണവും ശ്രദ്ധിക്കൂ. ഒരേ പ്രതിരൂപം നിങ്ങൾ കാണുന്നില്ലേ? അവിടെ വടിയും ഇവിടെ കുരിശും. രണ്ടും ഒന്നാകുന്നു. മലയിൽ യാക്കോബ് തന്റെ വടിമേലുറങ്ങി, ഗോഗുൽത്തായിൽ കുരിശിന്മേൽ മരിച്ച ദൈവപുത്രന്റെ പ്രതിരൂപം വരച്ചു കാട്ടി.
Homily 135[60]

---

55 *Des Heiligen Ephraem des Syrers Sermones in Hebdomadam Sanctum,* 65.

56 ഉത്പത്തി 29

57 ഉത്പത്തി പുസ്തകത്തിൽ വടിയെക്കുറിച്ച്, വാസ്തവത്തിൽ പ്രതിപാദിക്കുന്നില്ല; അത് ഒരു സുറിയാനി പാരമ്പര്യം ആയിരിക്കാം. അക്കാലത്ത്, ഇടയന്മാരുടെ ഒഴിച്ചു കൂടാനാവാത്ത സന്തത സഹചാരി ആയിരുന്നതിനാൽ യാത്രക്കാർക്ക് വടി എപ്പോഴും വലിയ ഒരു സഹായമായിരുന്നു.

58 ഈ സുറിയാനി പാരമ്പര്യം, കുരിശിന്റെ ചിഹ്നം തന്റെ കൈകളിൽ വഹിച്ചു കൊണ്ട് ക്രിസ്തു ശീയോളിലേക്ക് ഇറങ്ങി പോകുന്നത് ചിത്രീകരിച്ചിരിക്കുന്ന ചില സുറിയാനി ഛായ ചിത്രങ്ങളിൽ കാണാം.

59 മത്തായി 27:52

60 Homiliae Selectae Mar-Jacobi Sarugensis, IV: 797

യാക്കോബ് തന്റെ വടി പിടിച്ചുകൊണ്ട് ഗാഢനിദ്രയിലാണ്ടു; അപ്പോൾ ഗോവണിയുടെ ദർശനം അദ്ദേഹത്തിനുണ്ടായി. ആണികളാൽ തറയ്ക്കപ്പെട്ട് ക്രിസ്തുവും മരണനിദ്ര പൂണ്ടു. മരണത്തിന് മുമ്പ് വേറൊരു കർത്തവ്യവും നിർവഹിച്ചു; യാക്കോബാകട്ടെ, ദർശനത്തിനുശേഷമാണ് അത് നിർവഹിച്ചത്. ക്രിസ്തു തന്റെ കുരിശാൽ ജാതികളുടെ സഭയായ തന്റെ മണവാട്ടിയുമായി വിവാഹനിശ്ചയം ചെയ്തു. യാക്കോബ് സ്വയം തന്റെ മണവാട്ടിയായ ലാബാന്റെ മകളുമായി തന്റെ വടിയാൽ വിവാഹനിശ്ചയം ചെയ്തു. അതേ കവിതയിൽ യാക്കോബിന്റെ ദർശനത്തെപ്പറ്റി സ്രൂഗിലെ യാക്കോബ് പറയുന്നു:

> യാക്കോബല്ലാതെ ആര് ഒരു വടികൊണ്ടു മാത്രം ഒരു സ്ത്രീയെ വിവാഹനിശ്ചയം ചെയ്തിട്ടുണ്ട്? അദ്ദേഹം വിട്ടുപോയപ്പോൾ യാതൊന്നും തന്നെ തന്നോടൊപ്പം കൊണ്ടുപോയില്ല. ദൈവപുത്രനും ഒരു കുരിശുമാത്രം ലോകത്തിനു കാട്ടി. സൃഷ്ടികൾക്കെല്ലാം അതിൽ നിന്ന് മാത്രം സമ്പത്ത് ഒഴുക്കിക്കൊടുത്തു. അതിനാൽ തന്നെ, ഉപേക്ഷിക്കപ്പെട്ട ജാതികളുടെ സഭയെ വിവാഹനിശ്ചയം ചെയ്തു. Homily 135[61]

സാമ്യത ഇതുകൊണ്ടവസാനിക്കുന്നില്ല. ലാബാന്റെ പുത്രന്മാരുടെ ശ്രദ്ധയിൽ പെടാതെ യാക്കോബ് കനാനിലേക്ക് പാലായനം ചെയ്തതിനെ, തന്റെ ശരീരം കാക്കാൻ നിയോഗിതരായിരുന്ന പടയാളികളുടെ ശ്രദ്ധയിൽപെടാതെയുള്ള ക്രിസ്തുവിന്റെ ഉയിർത്തെഴുനേല്പുമായി അഫ്രേം താരതമ്യം ചെയ്യുന്നു. (*Sermons in Hebdomadam Sanctum* VI,1349-1352)[62]. ഒഴിഞ്ഞ കല്ലറയിൽ വന്ന് മാലാഖ കല്ലുരുട്ടി മാറ്റുന്നതുവരെ തന്റെ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ച് അവർ അറിഞ്ഞില്ല.[63] യാക്കോബ് ഹാരാനിൽ നിന്നും ഓടിപ്പോയതും യേശു ശീയോളിൽ നിന്നും കരേറിപോന്നതും തമ്മിൽ വേറൊരു സാമ്യതയും ഉണ്ട്. തന്റെ *Sermones in Hebdonmadam Sanctum* VI, 1353-1356[64] ൽ അഫ്രേം, യാക്കോബിന്റെ ബലത്തിൽ ആശ്രയിച്ചുകൊണ്ട് റാഹേൽ അവളുടെ പിതാവിന്റെ ദൈവങ്ങളെ മോഷ്ടിക്കുന്നതും യേശുവിന്റെ ബലത്തിൽ ആശ്രയിച്ചുകൊണ്ട് ശീയോളിൽ നിന്നും മരിച്ചവരെ മോഷ്ടിക്കുന്ന ഉയിർത്തെഴുന്നേല്പും തമ്മിൽ താരതമ്യം വരച്ചുകാട്ടുന്നു.

---

61 Homiliae Selectae Mar-Jacobi Sarugensis, IV: 797

62 Des Heiligen Ephraem des Syrers Sermones in Hebdomadam Sanctum, 65

63 മത്തായി 28:2-4

64 *Des Heiligen Ephraem des Syrers Sermones in Hebdomadam Sanctum,* 66

കുരിശും ഹാരാനിലെ യാക്കോബിന്റെ ജീവിതവും തമ്മിലുള്ള ബന്ധം സൃഷ്ടിക്കുന്ന രണ്ടാമത്തെ ആശയം യാക്കോബ് പുന്ന വൃക്ഷ ത്തിന്റെയും ബദാം വൃക്ഷത്തിന്റെയും അരിഞ്ഞിൽ വൃക്ഷത്തിന്റെയും പച്ചക്കൊമ്പുകൾ വെള്ളകാണത്തക്കവണ്ണം വെള്ളവരയായി തോലു രിഞ്ഞ ഇടുന്നതിലാണ്. ഉത്പത്തി പ്രകാരം, യാക്കോബിന്റെ വേലക്കൂലി യായി ആട്ടിൻപറ്റം വരയും പുള്ളിയും മറുകുമുള്ള ആട്ടിൻ കുട്ടികളെ പ്രസവിക്കത്തക്കവണ്ണം അവയുടെ മുമ്പാകെ വെള്ളത്തൊട്ടികളിൽ കൊമ്പുകളുടെ വെള്ളഭാഗം വച്ചു.[65] അപ്രകാരം തന്നെ, കുരിശ് സ്വർഗ്ഗ രാജ്യത്തിലേക്ക് ജനത്തെ സമ്പാദിക്കുന്നു. ദനഹാ ഗീതങ്ങളിൽ അഫ്രേം എഴുതുന്നു:

> യാക്കോബിന്റെ ആട്ടിൻപറ്റം വന്ന് കിണറിനു ചുറ്റും നിന്നു, കുരിശിന്റെയും രഹസ്യങ്ങളുടെയും ദൃഷ്ടാന്തങ്ങളാൽ ആവരണം ചെയ്യപ്പെട്ട മരത്തിന്റെ സാദൃശ്യം വെള്ളത്തിൽ അവർ ഇട്ടു. അവ യാൽതന്നെ ഉപമകൾ വ്യാഖ്യാനിക്കപ്പെടുന്നു.
>
> കൊമ്പുകളിൽ സാദൃശ്യവും ആട്ടിൻപറ്റത്തിൽ ഉപമകളും ദൃശ്യ മാക്കപ്പെട്ടിരിക്കുന്നു. കൊമ്പുകളിൽ കുരിശിനെയും ആട്ടിൻ പറ്റത്തിൽ ആത്മാക്കളെയും ചിത്രീകരിച്ചിരിക്കുന്നു. അവന്റെ മരം നമ്മുടെ മരത്തിന്റെ രഹസ്യവും അപ്രകാരം തന്നെ അവന്റെ ആട്ടിൻപറ്റം നമ്മുടെ പറ്റത്തിന്റെ രഹസ്യവുമായി ഭവിച്ചിരിക്കുന്നു.
>
> ക്രിസ്തുവിന്റെ ആട്ടിൻപറ്റം മാമോദിസായ്ക്കു ചുറ്റുമായി നിന്ന് ആഹ്ളാദിച്ചു. വെള്ളത്തിൽ അവർ ജീവന്റെയും പുണ്യത്തിന്റെയും കുരിശിന്റെ മാതൃക ഇട്ടു. അതിലേക്ക് സകല സൃഷ്ടികളും ദൃഷ്ടി പതിപ്പിച്ചു. അതിനാൽ അവയെല്ലാം മുദ്രയിടപ്പെട്ടു.
>
> *Hymns on the Epiphany VII* 1-3[66]

വീണ്ടും, ഇവിടെ അഫ്രേം കുരിശിന്റെ പദാർത്ഥം ഉപയോഗപ്പെടുത്തി യിരിക്കുന്നു. യേശുവിന്റെ കുരിശിൽ നിറവേറപ്പെടുന്ന രഹസ്യങ്ങളും സാദൃശ്യങ്ങളും കൊമ്പുകൾ വെളിപ്പെടുത്തുന്നു. അപ്പോൾ കൊമ്പുകൾ കുരിശാകുന്നു; വെള്ളത്തിലുള്ള കൊമ്പുകളിലേക്ക് നോക്കി ശതഗുണീ ഭവിക്കുന്ന ആട്ടിൻ പറ്റം, മാമോദീസായിലെ കുരിശിലേക്ക് നോക്കി

---

65 ഉത്പത്തി 30:37-40

66 Des Heiligen Ephraem des Syrers Sermones in Nativitate (Epiphania), CSCO 186, Scr. Syri 82, Beck,ed. (Loucain: du Corpus SCO, 1959),163-164. The translation (with some alterations) is from: J. Gwynn, *A select Library of Nicene and Post-Nicene Fathers,* 2:XIII,274

വർദ്ധിച്ചു പെരുകുന്ന വിശ്വാസികളുടെ കൂട്ടമാണ്. ഈ കവിത എഴുതുമ്പോൾ അഫ്രേമിന്റെ മനസ്സിൽ യോഹന്നാൻ പത്താം അദ്ധ്യായം ഉണ്ടായിരുന്നു എന്നത് നിസംശയമാണ്. മാമോദീസ നൽകുന്ന സമയത്ത് മാമോദീസ തൊട്ടിയിൽ ഒരു കുരിശ് വയ്ക്കുന്ന സുറിയാനി സഭയുടെ ആചാരം ഇവിടെ പ്രസ്താവയോഗ്യമാണ്. ക്രിസ്തുവിന്റെ മരണത്തിലേക്ക് സ്നാനം ഏറ്റ് അവനോടൊപ്പം മാമോദീസായിൽ മരിക്കുന്നു എന്ന് വി. പൗലോസ് റോമാർക്ക് എഴുതിയ ലേഖനത്തിന്റെ 6:1-4 ഭാഗത്ത് പറയുന്നതിനെ നടപടിയിലാക്കുകയാണ് ഇത് ചെയ്യുന്നത്.

ആകയാൽ ക്രിസ്തുവിന്റെ ആട്ടിൻപറ്റം കുരിശാൽ മാമോദീസ ഏറ്റ് മുദ്രയിടപ്പെടുന്നു. മൂറോൻ (Chrism, myron) കൂദാശയുടെ പരാമർശമാണിത്. സുറിയാനി ആരാധനക്രമത്തിൽ ഇതിനെ 'സത്യവിശ്വാസത്തിന്റെ മുദ്ര' എന്നാണ് വിളിക്കപ്പെടുന്നത്.

മാമോദീസാവെള്ളത്തിലേക്ക് നോക്കി കുരിശിന്റെ നിറം സ്വീകരിച്ചശേഷം, കുരിശാൽ സഭ പരിപോഷിക്കപ്പെടുന്നതിനെ സംബന്ധിച്ച് പറയുമ്പോൾ (സ്രൂഗിലെ) യാക്കോബ് ഈ ആശയം ചൂണ്ടി കാട്ടുന്നു. അദ്ദേഹം പറയുന്നു:

> കുന്തത്താൽ കുത്തിതുറക്കപ്പെട്ട ഉത്ഭവസ്ഥാനത്തിൽ ആട്ടിൻപറ്റം നിന്നു. അവിടെ നിന്നുള്ള നിറഞ്ഞ പാനീയം അവ കുടിച്ച് ആനന്ദിച്ച്, തടിച്ചുകൊഴുത്തു. പ്രകാശത്തിന്റെ കുരിശ് വെള്ളത്തിൽ അവ കണ്ടു, അവയ്ക്ക് അത് ഇഷ്ടമായി. അതിനാൽ അവ സ്വാധീനിക്കപ്പെടുകയും അതിനെ അവ കുടിക്കുന്നതിൽ താല്പര്യപ്പെടുകയും ചെയ്തു.
>
> വെള്ളത്തിൽ നിന്നും അവ അവന്റെ (ക്രിസ്തുവിന്റെ) നിറങ്ങൾ, സദൃശ്യമാക്കത്തക്കവണ്ണം ധരിച്ചു. സ്നേഹത്തോട് കൂടി അവ അതിലേക്ക് (നിറങ്ങളിലേക്ക്)നോക്കി, അവന്റെ പ്രതിരൂപം അവയുടെ അംഗങ്ങളിൽ ധരിച്ചു.
>
> ഇടയന്മാരായ ശിഷ്യന്മാർ ആട്ടിൻപറ്റത്തിനെ രക്തത്തിന്റെ അരുവി കാണിച്ചുകൊടുത്തു. അതിൽ കുരിശ് ഉണ്ടായിരുന്നു. അവ സൗരഭ്യം മണത്ത് ജീവൻ രുചിച്ചു. Homily 135[67]

തന്റെ വേറൊരു കവിതയിൽ, യാക്കോബ് ഈ ആശയത്തെ വിപുലീകരിച്ചിരിക്കുന്നു. വെള്ളത്തിലിട്ട കൊമ്പുകൾ നോക്കിക്കൊണ്ട് പ്രസവിച്ചതായ വരയുള്ളതും മറുകുള്ളതുമായ ആട്ടിൻകുട്ടികളെ മാമോദീസ വെള്ളത്തിലെ കുരിശും നോക്കിക്കൊണ്ട് രക്ഷപ്രാപിച്ച് വിവിധ രാജ്യങ്ങ

---

67 *Homiliae Selectae Mar-Jacobi sarugensis*, IV:789

ളിലും വർണ്ണങ്ങളിലുമുള്ള വിശ്വാസികളുടെ സാദൃശ്യമായി അദ്ദേഹം പരിഗണിക്കുന്നു. (Homily 80)[68] വളരെ വ്യക്തമായി അദ്ദേഹം പറയുന്നു:

> ദൈവപുത്രനുവേണ്ടി മാമോദീസ വരിച്ച മിശ്രിത ജാതികളെ യാക്കോബ് വ്യതിരിക്തമായ നിറങ്ങളാൽ ചിത്രീകരിച്ചിരിക്കുന്നു.
> *Homily XXX* VIII[69]

വേറൊരു കന്യാത്വത്തിന്റെ ഗീതങ്ങ*(Hymns on Virginity)*[70]ളിൽ അഫ്രേം, കുരിശിന്റെ വേറൊരു സാദൃശ്യമായി യാക്കോബിന്റെ കൊമ്പുകളുടെ ഉദാഹരണം നൽകുന്നു. ശെമവൂൻ കീപ്പായെ പുകഴ്ത്തികൊണ്ട് അഫ്രേം കീപ്പായുടെ ആട്ടിൻപറ്റത്തിന്റെ വർദ്ധനയെക്കുറിച്ച് സംസാരിക്കുന്നു; എന്തെന്നാൽ വെള്ളത്തിൻമേൽ അദ്ദേഹം കുരിശ് സ്ഥാപിക്കുകയും ആട്ടിൻപറ്റം കന്യാസ്ത്രീകളെയും വിശുദ്ധന്മാരെയും ഉത്പാദിപ്പിക്കുകയും ചെയ്തു.

അങ്ങനെ, തന്റെ ജനനം മുതലും ഹാരാനിലും തന്റെ രണ്ടു ചെറുമക്കളായ എഫ്രേയിമിനെയും മനശ്ശെയും അനുഗ്രഹിക്കുമ്പോൾ അവസാനകാലത്ത് ഈജിപ്റ്റ് വരെയും യാക്കോബിനൊപ്പം കുരിശ് അദ്ദേഹത്തെ അനുഗമിച്ചിരുന്നു. വെളിപാടിന്റെ ഈ എല്ലാ സംഗതികളും അവയുടെ നിറവേറലിനായി ക്രിസ്തുവിന്റെ ആഗമനത്തെയും അവന്റെ കുരിശിനെയും പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

---

68 *Homiliae Selectae Mar-Jacobi sarugensis*, III:311

69 *Jacques de Seroug, Homilies contre les ZJuifs,* I:207-208

70 *Des Heiligen Ephraem des Syrers Hymnen de Virginitate,* 53

## അദ്ധ്യായം മൂന്ന്

# കുരിശും പ്രവാചകന്മാരും

### 3.1 ആമുഖം

പ്രതീകങ്ങളെയും സാദൃശ്യങ്ങളെയും സംബന്ധിച്ചിടത്തോളം, സുറിയാനി പിതാക്കന്മാർക്ക് പഴയനിയമഗോത്രപിതാക്കൻമാരുടെതിനേക്കാൾ ലഘുവായതല്ല പ്രവാചകന്മാരുടെ പ്രാധാന്യം. പ്രവാചകന്മാർ ദൈവകരങ്ങളിലെ ഉപകരണങ്ങളും തന്റെ സത്യത്തെയും പുതിയ നിയമസംഭവങ്ങളെയും അവരിലൂടെയുമാണ് ദൈവം വെളിവാക്കുന്നത്.

ഗ്രീക്ക് സംസാരിക്കുന്ന ലോകത്തിൽ നിന്ന് വളരെ വ്യത്യസ്തമായി വികസിപ്പിച്ചെടുത്ത യഹൂദാ-ക്രിസ്ത്യൻ പാരമ്പര്യത്തെയാണ് പഴയനിയമവ്യാഖ്യാനത്തിന് സുറിയാനി പിതാക്കന്മാർ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. അവരുടെ വ്യാഖ്യാന പാരമ്പര്യം തർഗുമു (Targum)കളെയും മിദ്രാശിമു (mirdrashimu)കളെയും പലപ്പോഴും പ്രതിദ്ധ്വനിപ്പിക്കുമ്പോൾ തന്നെ ഇരുനിയമങ്ങളും (പഴയതും പുതിയതും) തമ്മിലുള്ള സാദൃശപരമായ സമാന്തരത വരച്ചുകാട്ടുവാൻ അവർ പ്രത്യേകം താത്പര്യം കാണിച്ചിരുന്നു. വ്യാഖ്യാനത്തിന്റെ അന്ത്യോഖ്യൻ പാരമ്പര്യം അതിന്റെ ശൈലിയിൽ തന്നെ വ്യാപകമായി സംരംക്ഷിക്കപ്പെട്ടിരുന്നു. അവർ പഴയനിയമസംഭവങ്ങളെ സാഹിത്യമയമായി (literally = ܣܘܪܢܐܝܬ സൂറോനോയിത്) വ്യാഖ്യാനിക്കുകയും ആയത്, ഈ സംഭവങ്ങളുടെ അർത്ഥം ആത്മീയമായി (spiritually= ܪܘܚܢܐܝܬ റൂഹോനോയിത്) കണ്ടെത്തുന്ന പുതിയനിയമത്തിന് സാദൃശ്യങ്ങളായി തീർക്കുകയും തുടർന്ന് അവർ കൗദാശികമായി (sacramentally =ܐܪܙܢܐܝܬ റോസോനോയിത്) വിശുദ്ധകാലത്തേക്ക് പ്രവേശിച്ച് അന്ത്യവിധി നാളിൽ നിറവേറത്തക്കവണ്ണം വ്യാഖ്യാനിക്കുകയും ചെയ്തു.

ഈ അദ്ധ്യായത്തിൽ, പ്രവാചകന്മാരുടെ ജീവിതത്തിൽ, പ്രത്യേകിച്ചും മോശയുടെ, കുരിശിന്റെ സാന്നിദ്ധ്യം ഞാൻ പരിശോധിക്കുകയാണ്.

### 3.2 കുരിശും മോശയും

സുറിയാനി ക്രിസ്തീയ ജനതയിൽ, മോശ പഴയനിയമത്തിൽ ഒരു പ്രത്യേക പങ്ക് വഹിക്കുന്നു. അദ്ദേഹം പ്രവാചകന്മാരിലെ മുഖ്യനാണ്, പഴയ ശിഷ്യന്മാരുടെ നേതാവാണ്, പ്രവചനത്തിന്റെ ഉത്ഭവസ്ഥാനവുമാണ്. മറ്റു പ്രവാചകന്മാരുടെയും പഴയനിയമത്തിലെ കഥാപാത്രങ്ങളെയും

പോലെ ജീവിതത്തിലെ ഏതാനും ചില സംഭവങ്ങളിൽ മാത്രമല്ല കുരിശ് മോശയുമായി ബന്ധപ്പെട്ടിരിക്കുന്നത്, തന്റെ ജീവിതം ആകമാനം കുരിശിന്റെ ഒരു സാദൃശ്യമായിരുന്നു; കുരിശിന് സമർപ്പിക്കപ്പെട്ടതുമായിരുന്നു ആ ജീവിതം. അഫ്രേം പറയുന്നു;

> അമ്രാമിന്റെ മകനായ വിനീതനായ പ്രവാചകൻ തന്റെ എല്ലാ പ്രവർത്തിയിലും കുരിശ് വരച്ചുകാണിച്ചു.
>
> *Hymni Disperi* XXI,17[1]

മോശയുടെ ലോകത്ത്, കുരിശ് തന്റെ ജീവിതത്തിലെ ഓരോരോ പ്രവൃത്തികളിലും വെളിപ്പെടുന്ന പ്രബലമായ ഒരു ആകാരമാണ്. താൻ പോകുന്നിടത്തെല്ലാം തന്റെ ജനത്തെ ചുറ്റിവളഞ്ഞ് നിൽക്കുന്ന ഒരു മതിലുപോലെ സന്തതസഹചാരിയായി, മോശയുടെ ജീവിത പങ്കാളിയായി പരിഗണിച്ചുകൊണ്ട് (സ്രൂഗിലെ) യാക്കോബ് പറയുന്നതും ഇതാണ്:

> കുരിശിന്റെ നിഴലിൻ കീഴിൽ ജനത്തിന് അപായമൊന്നുമില്ലാതെ വസിക്കത്തക്കവണ്ണം താമസിച്ച് എല്ലാസ്ഥലത്തും അവൻ (മോശ) കുരിശ് സ്ഥാപിച്ചു. കുരിശല്ലാതെ ഒന്നും അവനെ സംരക്ഷിച്ചിരുന്നില്ല. അത്, ഉള്ളിൽ പാർക്കത്തക്കവണ്ണം ഒരു മതിൽകെട്ടായി അവനു ഭവിച്ചു. Homily 4[2]

മോശയുടെ ദൗത്യത്തിന് മുഖ്യ പങ്ക് വഹിച്ചുകൊണ്ടും മോശയുടെ ജീവിതത്തിൽ കുരിശ് പ്രത്യക്ഷീഭവിപ്പിച്ച സവിശേഷ സംഭവങ്ങളെ അഫ്രഹാത്ത് കൈകാര്യം ചെയ്തുകൊണ്ടും എഴുതുന്നു.

> മോശ കുഞ്ഞാടിനെ കൊല ചെയ്തപ്പോൾ, മിസ്രേമ്യരുടെ ആദ്യജാതൻ കൊല്ലപ്പെട്ടു; യഥാർത്ഥ കുഞ്ഞാടായ യേശുവിനെ ക്രൂശിൽ തറച്ചപ്പോൾ അദ്ദേഹത്തെ വധിച്ചവർ അദ്ദേഹത്തിന്റെ കൊലയാൽ വധിക്കപ്പെട്ടു... മോശ തന്നെ മര(വടി)ത്താൽ കയ്പു വെള്ളത്തെ മധുരമാക്കി, യേശു തന്റെ കുരിശിന്റെ മരത്താൽ നമ്മുടെ കയ്പിനെ മധുരിപ്പിച്ചു. തന്റെ കൈ നിവർത്തിപ്പിടിച്ച് അമാലേക്കിനെ തോല്പിച്ചു, യേശു സാത്താനെ തന്റെ കുരിശിന്റെ അടയാളത്താൽ തോൽപിച്ചു. *Demonstrations* XXI, De Persecutione[3]

---

1 *Sancti Ephraem Syri Hymni et Sermones,* 4 vols. T. J. Lamy, ed. (Mechliniae: H. Dessain, Summi Pontificius, S. congregationis de Propaganda Fide et Archiepiscopatus Mechliniensis Typographus, 1882-1902), IV:766

2 *Homiliae Selectae Mar-Jacobi Sarugensis,* 5 vols. P. Bedjan, ed (Parris, ZLeipzig: Otto Harrassowitz, 1905-1910),1:50

3 *Aphraatis Sapients Persae Demonstrations,* Patrologia Syriaca, Vols.I &II, J. Parisot, ed, (Paris: Instituti Francici, 1894 & 1905)241.

മോശയുടെ ജീവിതത്തിൽ, കുരിശിനെ കുറിച്ചുള്ള അപ്രേമിന്റെ വിവരണത്തിൽ, കുരിശിന്റെ സാദൃശ്യമായ വടിയാൽ ചെങ്കടലിലെ വെള്ളം വിഭജിക്കപ്പെട്ട് ഇസ്രയേൽക്കാർ വീണ്ടെടുക്കപ്പെടുകയും മിസ്രേമ്യർ മുങ്ങിപോകുകയും ചെയ്തു[4] എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. കുരിശിന്റെ അടയാളത്താൽ ഇസ്രായേൽക്കാർ അമാലേക്യരെ പരാജയപ്പെടുത്തി. മോശയുടെ പ്രവൃത്തികൾ മാത്രമല്ല കുരിശിലേക്ക് ചൂണ്ടുന്നത്- ഒരു രക്ഷകനും നേതാവും എന്ന അദ്ദേഹത്തിന്റെ ആകമാന ജീവനവും ജീവിതവും, ഗ്രന്ഥങ്ങളും ആണ് കുരിശിനെ വെളിപ്പെടുത്തുന്നത്. അപ്രേമിന്റെ ഗീതങ്ങളിൽ ഈ അനുമാനം നമുക്ക് ദർശിക്കാം.

> നിന്നെ കുരിശിച്ചപ്പോൾ മോശയുടെ തിരുവെഴുത്തുകൾ ലോകത്തിന് അനാച്ഛാദനം ചെയ്യപ്പെടുമെന്ന് ശാസ്ത്രിമാർക്ക് അറിയാമായിരുന്നു. നിന്റെ മരം ആ പുസ്തകത്തെ വിശദീകരിച്ചു.
>
> *Hymns on Virginity* VIII 23[5]

അപ്പോൾ, മോശയുടെ പുസ്തകങ്ങളുടെ ലക്ഷ്യം കുരിശിന്റെ ദൗത്യം വെളിവാക്കുക എന്നതായിരുന്നു. മോശയുടെ പുസ്തകങ്ങളെ കുരിശ് നിറവേറ്റുന്നു; കാരണം, മോശയുടെ പഠിപ്പിക്കലുകൾ പഴയ ഉടമ്പടിയുടെ യാഗങ്ങളെകുറിച്ചായിരുന്നു, പുസ്തകങ്ങളുടെ നിറവേറലായ കുരിശിലെ യാഗത്തിന്റെ നിഴലായിരുന്നു. എന്നാലും, പ്രത്യേകമായ വിധത്തിൽ മോശയുടെ ജീവിതത്തിൽ കുരിശിന്റെ സാന്നിദ്ധ്യത്തിന്റെ പ്രത്യേക വിഷയങ്ങൾ നമുക്ക് ചർച്ച ചെയ്യാവുന്നതേയുള്ളൂ.

### 3.2.1 കുരിശും മോശയുടെ വടിയും

കുരിശും പ്രവാചകനുമായുള്ള ശക്തമായ ബന്ധത്തിൽ ഒരു മുഖ്യ പങ്ക് മോശയുടെ വടി വഹിക്കുന്നു. കുരിശിന്റെ ഒരു സാദൃശ്യമായിരുന്ന മോശയുടെ വടിക്ക് സുറിയാനി പിതാക്കന്മാർ മോശയുടെ അധികാരത്തിന്റെ നിജഗുണം കല്പിക്കുന്നു. ഈ അധികാരം, മൗലികമായി കുരിശിന്റെ അധികാരം, തന്റെ എല്ലാ അത്ഭുതകർമ്മങ്ങളും അനുഷ്ഠിക്കുവാൻ മോശയ്ക്ക് സഹായഭൂതമായി. വാസ്തവത്തിൽ (സ്രൂഗിലെ) യാക്കോബ്, മോശയോടൊത്ത് ജീവിതാന്ത്യം വരെ ഉണ്ടായിരുന്ന വടിയെ ക്രിസ്തുവും പ്രവാചകനുമായി നിരന്തരം നിലനിന്നിരുന്ന ബന്ധമായി പരിഗണിക്കുന്നു. ക്രിസ്തുവിനെ സംബോധന ചെയ്തുകൊണ്ട് യാക്കോബ് പറയുന്നു:

---

4 പുറപ്പാട് 14:15-29

5 Des Heiligen Ephraem des Syrers Hymne de Virginitate, CSCO 223, Scr. Syri 94,E. Beck, ed. (Louvain: Secretariat du Corpus SCO,1962)31.

> സീനായ് മലയിൽവച്ച് നിന്റെ പിതാവിൽ നിന്നും വടിയാൽ നിന്നെ അവൻ കൈകൊണ്ടു. അവൻ നിന്നെ പിൻഗമിച്ച് ഒരു മഹത്തായ ശരീരത്തിന്റെ നിഴലായി ഭവിച്ചു. മിസ്രേമിൽ ചെന്ന് അവിടെ അവൻ നിന്റെ അപമാനത്തിന്റെ കുരിശിനെ അവർക്ക് കാണിച്ചു കൊടുത്തു. അവർ അതിനെ ഭയപ്പെട്ട് അതിന്റെ ബലത്തിന് കീഴ്പ്പെട്ടു. Homily 4[6]

എബ്രായക്കാരെ പിൻതുടർന്ന എല്ലാ ശക്തിയേറിയ അത്ഭുതകർമ്മങ്ങളും കുരിശിന്റെ രഹസ്യം വഹിച്ചിരുന്ന മോശയുടെ വടിയിലൂടെ ദൈവത്തിന്റെ ശക്തിയാലാണ് അനുഷ്ഠിക്കപ്പെട്ടിരുന്നത് നർസായിയും അനുമാനിക്കുന്നു. അദ്ദേഹം പറയുന്നു:

> ഏബ്രായക്കാരുടെ പ്രവാചകനായ മോശയുടെ വടിയിലേക്ക് ശ്രദ്ധിക്കുക. ക്രൂശിതനായ മനുഷ്യന്റെ രഹസ്യങ്ങൾ എപ്രകാരം അതിൽ ആലേഖനം ചെയ്തിരിക്കുന്നു എന്നു കാണുക. ക്രൂശാരോഹണത്തിന്റെ മരത്തിന്റെ രഹസ്യം വഹിച്ചിരുന്ന നീതിമാന്റെ വടിയിലൂടെ സ്രഷ്ടാവ് വലിയ അത്ഭുതങ്ങളെ പ്രവർത്തിച്ചിരിക്കുന്നു. Homily 36[7]

ഈ ശരീര-നിഴൽ ബന്ധം വടിക്ക് മഹത്തായ ഒരു മൂല്യം നൽകുന്നു. ക്രൂശാരോഹണത്തിന്റെ എല്ലാ ശക്തിയും ഉൾക്കൊള്ളുന്ന രഹസ്യങ്ങളുടെ ഒരു ഭണ്ഡാരമായി അതിനെ ആക്കി തീർക്കുകയും ചെയ്യുന്നു. അതിനാൽ സകലതും പ്രവർത്തിക്കപ്പെടുകയും ചെയ്യുന്നു. (സ്രൂഗിലെ) യാക്കോബ് എഴുതിയിരിക്കുന്നു:

> തന്റെ, രഹസ്യങ്ങളുടെ വടി മോശ എല്ലായ്പോഴും വഹിച്ചിരുന്നു. ക്രൂശാരോഹണത്തിന്റെ നിഴലിൽ മഹത്തായ കാര്യങ്ങൾ അദ്ദേഹം ചെയ്തു. സമുദ്രത്തിൻമേൽ രൂപവൽക്കരിച്ച കുരിശാൽ അതിനെ ഉണങ്ങിയ നിലമാക്കി, അതിനാൽ ജനത്തിന് പെരുവഴി തുറന്നു കൊടുത്തു. മാറായിലെ വെള്ളത്തിലേക്ക് അദ്ദേഹം എറിഞ്ഞ മരം, ലോകം ആസകലത്തിന്റെയും കയ്പിനെ മധുരിപ്പിച്ച കുരിശിന്റെ ആകാരം അല്ലേ? Homily 80[8]

കുരിശ് മരംകൊണ്ട് ഉണ്ടാക്കിയതാകയാൽ വടി അതിന്റെ ഒരു സാദൃശ്യമായി പരിഗണിക്കപ്പെടുന്നു എന്നതിൽ സംശയം ഇല്ല. നാം പിന്നീട് കാണാൻ പോകുന്നതുപോലെ സുറിയാനി പിതാക്കന്മാർക്ക് ഓരോ

---

6 *Homiliae Selectae Mar-Jacobi Sarugensis,* I:49

7 *Narsai Homiliae et Carmina,* 2 vols.. A Mingana, ed. (Mosul, Iraq: Typis Fratrum Praedicatorum, 1905), II:123

8 *Homiliae Selectae Mar-Jacobi Sarugensis,* III:306-307

മരക്കഷണവും കുരിശിന്റെ സദൃശ്യമാണ്. അതുകൊണ്ടാണ്, മാറാ[9]യിലെ മരം, മോശയുടെ വടിയിൽ നിന്നും വ്യത്യസ്തമായിരിന്നിട്ടുപോലും കുരിശിന്റെ ഒരു സാദൃശ്യമായി പരിഗണിച്ചിരിക്കുന്നത്. 'പുറപ്പാടിന്റെ വ്യാഖ്യാന'ത്തിൽ അഫ്രേം പറയുന്നു:

> കടൽ കടന്നശേഷം, ജലദൗർലഭ്യത്താൽ ദൈവത്തിന് അവരെ പരീക്ഷിക്കേണ്ടിയിരുന്നു. മാറായിൽ അവർ പരാതിപ്പെടുകയും ചെയ്തു. ദൈവം മോശയ്ക്ക് ഒരു മരക്കഷണം കാണിച്ചുകൊടുത്തു. അത് അവൻ (മോശ) വെള്ളത്തിലെറിഞ്ഞു. വെള്ളം മധുരമുള്ള തായി. മരം കുരിശിന്റെ ഒരു രഹസ്യമായിരുന്നു. അതിനാൽ ജാതി കളുടെ കയ്പ് മധുരിക്കപ്പെടുവാൻ പോകുന്നു.
>
> *പുറപ്പാട് വ്യാഖ്യാനം* XVI,1[10]

ഇവിടെ ഉപയോഗിച്ചിരിക്കുന്ന മരക്കഷണം മോശയുടെ വടി അല്ലായി രുന്നു. എന്നാലും, വെള്ളത്തെ വ്യത്യാസപ്പെടുത്തുന്നതിൽ അതിനുള്ള ഉപയോഗക്ഷമതയാൽ അത് കുരിശിന്റെ ഒരു പ്രതീകമായി. അതുപോലെ തന്നെ, കുരിശ് അവിശ്വാസികളെ വിശ്വാസികളായി മാറ്റുന്നു.[11] ഇതേ സാദൃശ്യം നർസായി തന്റെ കവിതയിൽ ഉപയോഗിച്ചിരിക്കുന്നു.

> കയ്പുള്ള ഒരു മരത്താൽ മോശ മാറായിലെ ജലത്തെ മധുരപ്പിച്ചു. ജാതി (Nation ഇസ്രായേല്യർ) അതു കുടിച്ച് ദാഹനിവൃത്തി വരുത്തി. അപ്രകാരം തന്നെ യേശുവിന്റെ കുരിശ് കയ്പായ ജാതി കളെ മധുരിപ്പിച്ച് സ്രഷ്ടാവിന്റെ നാമത്തിന്റെ മധുരരുചി അവർക്ക് നല്കി.
>
> Homily30[12]

ആകയാൽ മോശയുടെ വടി മരം കൊണ്ടുള്ളതായതുകൊണ്ടു മാത്രമല്ല കുരിശിന്റെ സാദൃശ്യമായത്, വെള്ളത്തിന്റെ കയ്പ്സ്വഭാവം മധുരമാക്കി വ്യത്യാസപ്പെടുത്തി എന്നതു മൂലവുമാണ്-പുറജാതികളുടെ കയ്പ് സ്രഷ്ടാവിന്റെ മധുരിമയിലേക്ക് കുരിശ് വ്യത്യാസപ്പെടുത്തുന്നതു പോലെയും മോശ അതിനാൽ അത്ഭുതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന്റെ ഒരു മാധ്യമവും അതിനാൽ ശത്രുക്കളെ വെല്ലുന്നതിനാലും അത് കുരിശിന്റെ സാദൃശ്യമാകുന്നു.

---

9 പുറപ്പാട് 14:22-25

10 *Sancti Ephraem Syri In genesim et in Exodum Commentarri,* CSCO 152, Scr. Syri 71, R.M. Tonneau, ed, (Louviain: Durbecq,1955),76.

11 This typology is found in both Didymus and Ambrosius. See: J. Danielou, *Sacramentum Futuri sur les Origines de la Typologie Biblique,* Etudes de theologie historique (Paris: Beauchesne, 1950),148

12 Narsai *Homiliae et Carmina,* II:24-125

തന്റെ Sermones in Hebdomadam Sanctum I, 338[13] ൽ അഫ്രേം, മോശയുടെ വടി കുരിശിന്റെ സാദൃശ്യമായി കരുതുന്നു: കാരണം, വടി ജാതി (Nation, ഇസ്രയേൽ)യെ സംരക്ഷിച്ചു, കുരിശും അതിന്റെ ചിറകുകൾ ദൈവാലയങ്ങളിൽ വിടർത്തി അതിൽ വിശ്വസിക്കുന്നവരെ സംരക്ഷിക്കുന്നു. മോശ ഒരു ഇടയൻ എന്ന സ്ഥാനത്തു നിന്നാണ് ഈ സാമ്യത ഉത്ഭവിപ്പിക്കുന്നത് അഫ്രേമിന്റെ ഗീതങ്ങളിൽ പറയുന്നതുപോലെ:

> നിന്റെ ആടുകൾ, ഹാബേലിൽ അടയാളപ്പെടുത്തിയിരിക്കുന്ന നിന്റെ സഭ, നോഹയിൽ ചിത്രീകരിച്ചിരിക്കുന്നു. നിന്റെ ആട്ടിൻ പറ്റം യാക്കോബിലും നിന്റെ ആടുകളുടെ വടി, മോശയുടെ വടിയിലും അങ്കിതമായിരിക്കുന്നു. *Hymns on Virginity* VIII,14[14]

നോഹയുടെ പെട്ടകത്തിൽ പ്രതീകമാക്കപ്പെട്ടിരിക്കുന്ന ക്രിസ്തുവിന്റെ ആട്ടിൻ പറ്റമാണ് സഭ[15], അവളുടെ (ആട്ടിൻപറ്റത്തിന്റെ) ഉത്തമ ഇടയനാൽ ക്രിസ്തുമതത്തെ രക്ഷിക്കപ്പെടേണ്ട[16] യാക്കോബിന്റെ പറ്റത്തിന് മോശയുടെ വടി അത്യന്താപേക്ഷിതമാണ്.

മോശയുടെ വടിയാൽ പ്രവർത്തിക്കപ്പെട്ട അത്ഭുതകർമ്മങ്ങൾ മൂലവും അത് കുരിശിന്റെ ഒരു സാദൃശ്യമാകുന്നു. *പുറപ്പാടിന്റെ വ്യാഖ്യാനം* VII,4ൽ[17] അഫ്രേം അഹറോൻ നിലത്തിട്ടതും മിസ്രേമ്യരുടെ സർപ്പങ്ങളെ വിഴുങ്ങിക്കളഞ്ഞതുമായ വടിയെ കുറിച്ച് എഴുതിയിരിക്കുന്നു.[18] എല്ലാ വിഗ്രഹങ്ങളെയും നശിപ്പിക്കുവാൻ പോരുന്ന കുരിശിന്റെ ഒരു സാദൃശ്യമാണിത്. *പുറപ്പാടിന്റെ വ്യാഖ്യാനം* XIV,3 ൽ അഫ്രേം, കടലിനെ തന്റെ വടിയാൽ ഭാഗിക്കുവാൻ മോശയോട് ദൈവം കല്പിക്കുന്നതായി (പുറപ്പാട് 14:16) പറയുന്നു. ആ വടിയും കുരിശിന്റെ ഒരടയാളം ആണ്. ദിയാത്തസ്സറോണിന്റെ വ്യാഖ്യാനത്തിൽ അദ്ദേഹം (അഫ്രേം) ഇതാവർത്തിക്കുന്നു:

> കുരിശിന്റെ രഹസ്യത്താൽ മോശ കടലിനെ വിഭജിച്ചു.
> Commentary on the Diatessaron IV.II, 12[19]

---

13 *Des Heilegen Ephraem des Syrers Sermones in Hebdomadam Sanctum,* CSCO 412, Scr. Syri 181, E. Beck, ed. (Louvain: Secretariat du CorpusSCO,1979),7.

14 *Des Heiligen Ephraem des Syrers Hymnen dẹ Virinitate,*30.

15 പുറപ്പാട് 68

16 യോഹന്നാൻ 10:11

17 *Sancti Ephraem Syri In Genesim et in Exodum Commentarii,*136.

18 പുറപ്പാട് 7:813

19 *Ephraem de Nisibe, Commentaire de L'Evangile Concordant ou Diatessaron: traduit du syriaque et i;armenien,* Sources Chre'tiennes 121, L.Leloir, ed. (Paris Editions du Cerf,1966)100.

> വെള്ളം പുറപ്പെട്ടുവന്ന പാറമേൽ മോശ അടിച്ച വടിയെ[20] (സ്രൂഗിലെ) യാക്കോബ് ആത്മീയഫലങ്ങൾ ഉത്പാദിപ്പിക്കുന്ന കുരിശിന്റെ സാദൃശ്യമായി കരുതുന്നു. Homily 16[21]

മോശയുടെ വടിയെക്കുറിച്ച് G.Widengren[22] ഇപ്രകാരം സൂചിപ്പിക്കുന്നു. ക്രിസ്തീയ പാരമ്പര്യപ്രകാരം, പറുദീസായിലെ വിലക്കപ്പെട്ട വൃക്ഷങ്ങളിൽ ഒന്നിന്റെ ശാഖയായിരുന്നു മോശയുടെ വടി. യഥാർത്ഥ കുരിശിന്റെ ഐതിഹ്യത്തോട് (Legend of the True Cross) സമമായ ഈ പാരമ്പര്യം The Book of the Bee[23]യിലും കാണാം. അഫ്രേമിന് ഈ പാരമ്പര്യത്തെക്കുറിച്ച് അറിയുമായിരുന്നവൊ എന്നത് ഇനിയും കണ്ടറിയേണ്ടതാണ്. മോശയുടെ വടിയെക്കുറിച്ച് അഫ്രേം എഴുതുമ്പോൾ ആദാമിന്റെ

---

20 പുറപ്പാട് 17:6

21 *Homiliae Selectae Mar-Jacobi Sarugensis*,I:364

22 3 G. Widengren, *The King and Tree of Life in Ancient Near Eastern Religion (King and Saviour IV)*, Uppsala Universitets Arssskrift 1951:4 (Uppsala: Lundequistska bokhandeln,1951),38.

23 E.A.W. Budge: *The Book of the Bee*, Anecdota Oxoniensa Semitic, Series I, Part II (Oxford: clarendon Press, 1886), 56:
"താൻ ഒരിക്കലും പറുദീസായിലേക്ക് തിരകെ വരികയില്ല എന്ന് അറിഞ്ഞുകൊണ്ട് എന്ന പോലെ, ആദാമും ഹവ്വായും പറുദീസ വിട്ടു പോകുമ്പോൾ നന്മ തിന്മകളുടെ വൃക്ഷത്തിൽ നിന്നും (അതൊരു അത്തിവൃക്ഷം ആയിരുന്നു) ഒരു കൊമ്പു വെട്ടിയെടുത്തു തന്നോടുകൂടെ കൊണ്ടുപോയി. തന്റെ ജീവിതകാലം മുഴുവൻ അത് അവനൊരു വടിയായി ഭവിച്ചു. ആദാമിന്റെ മരണശേഷം തന്റെ മകൻ ശേത് അതുപയോഗിച്ചു- കാരണം, അക്കാലത്ത് ആയുധങ്ങളൊന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ലായിരുന്നു. ആ വടി കൈമാറി നോഹയുടെ കൈകളിലെത്തി. നോഹിൽ നിന്ന് ശേമിലേക്കും തുടർന്ന് ദൈവത്തിന്റെ പറുദീസായിലെ വാഴ്വ് എന്ന നിലയിൽ അബ്രഹാം വരെയും കൈമാറി..........അക്കാലത്ത് എല്ലായിടത്തും യുദ്ധങ്ങൾ വ്യാപിച്ചിരുന്നതിനാൽ ഒരു മാലാഖ ഈ വടിയെടുത്ത് മോവാബ് പർവ്വതത്തിലെ നിധികളുടെ ഗുഹയിൽ, മിദാൻ പണിയപ്പെടുന്നതുവരെ, സൂക്ഷിച്ചുവെച്ചു. മിദാനിൽ ദൈവത്തിനു മുമ്പിൽ നേരുള്ളവനും നീതിമാനുമായിരുന്ന ഒരു മനുഷ്യൻ - യിത്രോ എന്നായിരുന്ന അയാളുടെ പേര്- ഉണ്ടായിരുന്നു. തന്റെ ആട്ടിൻ പറ്റത്തെ പർവ്വതത്തിൽ മേയിച്ചു കൊണ്ടിരുന്നപ്പോൾ അയാൾ ഈ ഗുഹ കണ്ടെത്തുകയും ദൈവിക നടത്തിപ്പാൽ ആ വടി എടുത്ത്, തന്റെ വാർദ്ധക്യ കാലത്തോളം അതിനാൽ ആട്ടിൻ പറ്റത്തെ മേയിക്കുകയും ചെയ്തു. തന്റെ മകളെ മോശയ്ക്ക് നല്കിയപ്പോൾ അദ്ദേഹം മോശയോട്, 'പോകുക, എന്റെ മകനേ! ഈ വടിയെടുത്തുകൊണ്ട് നിന്റെ ജനത്തിന്റെ അടുക്കലേക്കു പോകുക' എന്നു പറഞ്ഞു. മോശ വാതിലിന്റെ ഉമ്മറപ്പടിമേൽ ചവിട്ടിയപ്പോൾ മാലാഖ വടി അനക്കി വിടുകയും അത് താനെ വെളിയിൽ വന്ന് മോശയിങ്കൽ എത്തുകയും ചെയ്തു. മോശ വടി എടുത്തു, ദൈവം സീനായിൽ മോശയോട് സംസാരിക്കുവോളം അത് അവനോടൊപ്പം ഉണ്ടായിരുന്നു.'

വീഴ്ചയുടെ വിവരണത്തിൽ ചിലപ്പോൾ സൂചിപ്പിക്കുന്നുണ്ടെങ്കിലും (ഉദാഹരണമായി *Hymns of Nativity* 1,27[24] മോശയുടെ വടിയും കുരിശുമായി താരതമ്യം ചെയ്യുമ്പോൾ) മോശയുടെ വടിയും അറിവിന്റെ വൃക്ഷവും ആയി ബന്ധിപ്പിച്ചുകൊണ്ട് അദ്ദേഹം ഒന്നും പറയുന്നില്ല. അതുകൊണ്ട്, ഈ പാരമ്പര്യത്തെകുറിച്ച് അദ്ദേഹത്തിന് അറിഞ്ഞുകൂടായിരുന്നു എന്നതിനാണ് കൂടുതൽ സാദ്ധ്യത.

### 3.2.2 കുരിശും പിത്തളസർപ്പവും

വിഷസർപ്പങ്ങളുടെ കടിയേറ്റവരെ സൗഖ്യമാക്കുവാൻ മരുഭൂമിയിൽ മോശ ഉയർത്തിസ്ഥാപിച്ച പിത്തളസർപ്പം[25] കുരിശിന്റെയും ക്രിസ്തുവിന്റെയും സാദൃശ്യമായിരുന്നു എന്ന വസ്തുത ക്രിസ്തു തന്നെ യോഹന്നാൻ 3:18 ൽ കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. ബർണബാസിന്റെ[26] കുരിശിനെക്കുറിച്ചുള്ള സാക്ഷ്യത്തിൽ ഇത് വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. യുസ്തിനിലും (Justin, Dialogue XCIV,3;CXXXI,4) തെർത്തുല്യനിലും (Adversus Marcionem III,18) ഇത് കാണുന്നുണ്ട്.

പിത്തളസർപ്പത്തിന്റെ കഥ വ്യാഖ്യാനിക്കുന്നതിൽ സുറിയാനി പിതാക്കന്മാർ ഇതേ പാത പിന്തുടരുന്നു. അവർക്ക്, സർപ്പം ക്രൂശിതനായ ക്രിസ്തുവും അവന്റെ കുരിശും ആണ്. (സ്രൂഗിലെ) യാക്കോബ് എഴുതുന്നു:

> അവൻ (മോശ) അവന്റെ (ക്രിസ്തുവിന്റെ) ശരീരത്തെ പിത്തള സർപ്പം ഉണ്ടാക്കിയതിലൂടെ വരച്ചുകാട്ടുന്നു; അതിനാൽ (സർപ്പത്താൽ) സർപ്പങ്ങൾ കടിച്ചവരെയെല്ലാം സൗഖ്യമാക്കുകയായിരുന്നു. ആ സർപ്പത്തിന് വിഷം ഇല്ലായിരുന്നു. നമ്മെപ്പോലെ ആയി തീർന്ന നമ്മുടെ കർത്താവിന്റെ ശരീരത്തിൽ പാപവും ഇല്ലായിരുന്നു.
> Homily 80[27]

ഇതേ വിധത്തിൽതന്നെ പിത്തളസർപ്പത്തെ അഫ്രേമും നോക്കി കാണുന്നു. അദ്ദേഹത്തിന്, കുരിശിന്റെ സാദൃശ്യമായ സർപ്പം, ശരീരപ്രകാരം അതിനെ നോക്കുന്നവരുടെ ശരീരങ്ങളെ അത് സൗഖ്യപ്പെടുത്തി. കുരിശിന്മേലുള്ള ക്രിസ്തുവിന്റെ ശരീരത്തെ ആത്മീയമായി ( ܪܘܚܢܐܝܬ =റുഹോനോയിത്) നോക്കുന്നവർ ആത്മീയമായി സൗഖ്യപ്പെടും. കൂടാതെ ഈ

---

24 *Des Heiligen Ephraem des Syrers Hymnen de nativitate (Epiphania)* CSCO 186, Scr. Syri 82, E.Beck, ed. (Louvain: Secretariat du CorpusSCO, 1959),4.

25 സംഖ്യാപുസ്തകം 21:49

26 J. Danielou, *The Theology of Jewish Christianity,* The Development of Christian Doctrine Before the Council of Nicaea, Vol.1 (London: Darton, Longman,& Todd,1964),271.

27 *Homiliae Selectae Mar-Jacobi Sarugensis,*III:306.

സർപ്പം തന്റെ കഷ്ടാനുഭവത്തെ നിഷേധിക്കുന്നവർക്കെതിരെയുള്ള തന്റെ കഷ്ടാനുഭവത്തിന്റെ തെളിവാണ്. അഫ്രേം എഴുതുന്നു:

> സ്വഭാവപ്രകാരം മരണമില്ലാത്തവനായ അവൻ കുരിശിന്മേൽ കഷ്ടം അനുഭവിക്കുമെന്ന് സ്വഭാവപ്രകാരം കഷ്ടത അനുഭവിക്കാത്ത പിത്തള സർപ്പത്താൽ തെളിയിക്കപ്പെട്ടിരിക്കുന്നു.
> commentary on the Diatessaron XVI,II.15[28]

സർപ്പങ്ങളുടെ കടിയിൽ നിന്നും ജനത്തെ രക്ഷ പെടുത്തിയ പിത്തള സർപ്പത്തെ, തിന്മയിൽ നിന്നും നമ്മെ രക്ഷിക്കുവാനായി തന്നെത്താൻ ഉയർത്തപ്പെട്ട ക്രിസ്തുവിന്റെ സാദൃശ്യമായി അഫ്രഹാത്തും കാണുന്നു. അദ്ദേഹം എഴുതുന്നു:

> പിത്തളസർപ്പത്തെ കാണുന്നവരെല്ലാം സർപ്പദംശനത്തിൽ നിന്നും രക്ഷപ്പെടുവാനായി മോശ അവർക്കുവേണ്ടി പിത്തള സർപ്പത്തെ ഉയർത്തി. സാത്താനാകുന്ന സർപ്പത്തിന്റെ കടിയിൽ നിന്നും അവനിലേക്ക് നോക്കുന്ന നാം രക്ഷ പ്രാപിക്കുവാനായി നമുക്കുവേണ്ടി യേശു സ്വയം ഉയർത്തപ്പെട്ടു. Demonstrations XII, De Paschate[29]

ഇവിടെ അഫ്രാഹാത്ത്, സർപ്പത്തിന്റെ വേഷം എടുത്ത് ഹവ്വായെ പരീക്ഷിക്കുന്ന പറുദീസായിലേക്ക് നമ്മെ നയിക്കുന്നു. ആദ്യത്തെ സർപ്പം മരണം കൊണ്ടുവന്നു. എന്നാൽ നിത്യമായ മരണത്തിൽ നിന്നു നമ്മെ രക്ഷിക്കുന്ന കുരിശ് ചെയ്യുന്നതുപോലെ. പിത്തളസർപ്പം മരണത്തിൽ നിന്നും ജനത്തെ രക്ഷപ്പെടുത്തി. സർപ്പമായിതീർന്ന അഹറോന്റെ വടി നാം ഗൗനിക്കുകയാണെങ്കിൽ, സുറിയാനി പിതാക്കന്മാർ പറയും പ്രകാരം, കുരിശുമായി ബന്ധപ്പെട്ട മൂന്നു സർപ്പങ്ങൾ നമ്മുടെ മുമ്പാകെയുണ്ട്.[30]

---

28 *Ephraem de Nisibe, Commentaire de L'Evangile Concordant ou Diatessaron,* 290.

29 *Aphraatis Sapientis Persae Demonstrationes,* 132.

30 P. Yousif, "La Croix de Jesus et le Paradis d'Éden dans la typologie biblique de Saint Ephrem," *Parole de l'Orient* VI-VII (1975-6): 29-48:
"En réallté nous avons, dans là Bble, trois serpents qui, se référant différemment à la Croix, se complétent dans la pensée typologique d'Ephrem: le serpent du Paradis terrestre (ou le Dragon) (Gen3), le serpent d'airain de Moise (Nb 21,9) et le serpent-baton d'Aaron (Ex 7, 12). Le premier c'est l'antitype de la Croix: le serpent cause de la chute, la Croix cause de salut. Les deux autres serpents préfigurent les fruits de la Croix: guérison de l'homme (ainsi le serpent d'airain que le Seigneur a revendiqué comme le figurant lui-meme crucifié Jn 3, 14) l'néantissement Ephrem dit <<engloutissement>>) du péché et du dragon par la Croix (le baton d'Aaron devenu serpent devorant les serpente des Egyptiens)."

നർസായിയെ സംബന്ധിച്ചിടത്തോളം സർപ്പം, ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരു സാദൃശ്യമായിരുന്നു എന്നതിൽ സംശയം ഇല്ല. നെസ്തോറിയൻ സ്വാധീനത്തിലൂടെ, സർപ്പത്തെ അദ്ദേഹം ഒരു മനുഷ്യന്റെ ശരീരത്തിന്റെ സാദൃശ്യമായി നോക്കികാണുന്നു. അദ്ദേഹത്തിന്, ക്രൂശിതനായ മനുഷ്യന്റെ രഹസ്യത്തിലൂടെ ജനത്തെ സൗഖ്യമാക്കിയതാണ് സർപ്പം. അദ്ദേഹം എഴുതിയിരിക്കുന്നു.

> മോശ മരുഭൂമിയിൽ ഉയർത്തിയ സർപ്പത്തെക്കുറിച്ച് നാം എന്താണ് പറയേണ്ടത്? ക്രൂശിതനായ മനുഷ്യന്റെ രഹസ്യങ്ങളുടെ വെളിപാടിനെയാണ് അതു കാണിക്കുന്നത് Homily (മെമ്രേ)30[31]

എന്നാലും, ക്രിസ്തുവിന്റെ സാദൃശ്യം ആകുന്നതുപോലെ തന്നെ സർപ്പം കുരിശിന്റെ സാദൃശ്യമാകുന്നു; കാരണം, മനുഷ്യവർഗ്ഗത്തിന്റെ കുതികാലിൽ കടിച്ച സർപ്പത്തിന്റെ തല ചതച്ചത് ക്രിസ്തു ക്രൂശിന്മേലാണ്.[32] അതുകൊണ്ടാണ് അഫ്രേം എഴുതുന്നത്:

> മോശയുടെ പാളയത്തിൽ വിതരണം ചെയ്യപ്പെട്ട ഔഷധമായ പിത്തളസർപ്പം നിന്റെ കുരിശിൽ രൂപീകൃതമായി. പരിസ്ഫുടമായ ഒന്ന് നിശബ്ദമായ ഒന്നിനാൽ വരച്ചുകാട്ടപ്പെട്ടു. ശാപഭരിതവും ജീവന്റെ ഉറവിടവും യഹൂദന്മാരുടെ പ്രതിബന്ധവും പുറജാതികളുടെ മടയത്തരവുമായ നിന്റെ കുരിശിൽ എല്ലാം പൂർത്തിയായി.
> Hymns Dispersi XXI 6[33]

ഈ ഭാഗത്ത് കുരിശ്, നിശബ്ദമായ പിത്തള സർപ്പത്തിനു വിപരീതമായ, ജീവനുള്ള ഒന്നാണ്- നിശബ്ദമായ ഒന്നിനാൽ വെളിവാക്കപ്പെട്ട ഒന്ന്. കുരിശിനാൽ ശിക്ഷിക്കപ്പെട്ടവർക്ക്[34] കുരിശ് ശാപഭരിതമാണ്, അതിൽ വിശ്വസിക്കുന്നവർക്ക് അത് കൃപയുടെ ഉറവിടമാണ്. വി.പൗലോസിന്റെ വചനങ്ങളിൽ,[35] ലജ്ജാകരമായ ഒന്നായി കുരിശിനെ കണ്ട യഹൂദന്മാർക്ക് അത് ഒരു പ്രതിബന്ധമാണ്, തങ്ങളുടെ ജ്ഞാനത്താൽ തങ്ങൾ രക്ഷപ്പെടുമെന്ന് കരുതിയ പുറജാതികൾക്ക് അതൊരു മടയത്തരമാണ്. ഈ ആശയം വീണ്ടും വികസിപ്പിച്ച് അഫ്രേം, പിത്തളസർപ്പത്തിന്റെയും കുരിശിന്റെയും ഉപയോഗക്ഷമത താരതമ്യം ചെയ്തുകൊണ്ട് പറയുന്നു:

---

31 *Narsai Homeliae et Carmin,* II:123.

32 ഉത്പത്തി 3:15

33 *Sancti Ephraem Syri Hymni et Sermones,* IV:762

34 ആവർത്തനപുസ്തകം 21:23

35 1 കൊരിന്ത്യർ 1:23

> മരുഭൂമിയിൽ മോശ സർപ്പത്തെ ഉയർത്തി അതിനെ നോക്കുന്നവരെല്ലാം സൗഖ്യമാക്കപ്പെട്ടു. സാബാ പർവ്വതത്തിൽ ഒരു കുരിശു സ്ഥാപിച്ചു, അതിനാൽ ആത്മാവ് അലഞ്ഞുതിരിയുന്നതിൽ നിന്നും വിമുഖത നേടി.
>
> യൂലിയൻ സാബായെക്കുറിച്ചുള്ള മെമ്രാ XX,18[36]

സാബായുടെ വ്രതജീവിതത്തെക്കുറിച്ചും വ്രതജീവിതത്തെ പ്രോത്സാഹിപ്പിക്കുന്ന അദ്ദേഹത്തിന്റെ ഊർജ്ജസ്വലതയെക്കുറിച്ചും എഡേസാ പർവ്വതനിരകളിൽ ദയറാകൾ അദ്ദേഹം പണിയുന്നതിനെക്കുറിച്ചും പരാമർശിച്ചുകൊണ്ടാവാം, യൂലിയൻ സാബാ സ്ഥാപിച്ച കുരിശിനെ വിവരിച്ചുകൊണ്ട് അഫ്രേം, സർപ്പത്തിന്റെയും കുരിശിന്റെയും കർത്തവ്യം ഒന്നുതന്നെയെന്ന് പ്രസ്താവിക്കുന്നു. ഒന്നാമത്തേത്, വിഷം ബാധിച്ച ശരീരത്തിൽ ജീവൻ പുനഃസ്ഥാപിക്കുന്നു, രണ്ടാമത്തേത്, ദൈവത്തിൽ നിന്ന് അകന്ന ആത്മാക്കൾക്ക് ജീവൻ പുനരേകുന്നു.

**3.2.3 കുരിശും പെസഹായും**

പെസഹ, കുരിശിന്റെ വേറൊരു സാദൃശ്യമാണ്. കട്ടിളപടികളിലും വാതിലിന്റെ കുറുമ്പടികളിന്മേലും പൂശിയ കുഞ്ഞാടിന്റെ രക്തത്താൽ മിസ്രേമിൽ ഇസ്രായേല്യരുടെ ആദ്യജാതന്മാർ രക്ഷപ്രാപിച്ചു.[37] കുരിശിന്മേൽ സത്യകുഞ്ഞാടിന്റെ രക്തത്താൽ ലോകം രക്ഷ പ്രാപിച്ചു. അഫ്രേം എഴുതുന്നു:

> മോശ കതകുകളിൽ പൂശിയ രക്തം എനിക്കു ഭയമുളവാക്കുന്നു. അത് ചത്തതായിരുന്നു എങ്കിലും ജീവനുള്ളവരെ സംരക്ഷിക്കുന്നതായിരുന്നു. കതകുകളിൽ പൂശിയതും മരത്തിൻമേൽ ഒഴുകിയതുമായ രക്തത്തെയും ഒഴികെ ഒരു രക്തത്തെയും ഞാൻ ഒരിക്കലും ഭയപ്പെട്ടിരുന്നില്ല.
>
> ന്സിബിൻ മെമ്രാ XXX IX,19[38]

രക്തവുമായുള്ള മരണത്തിന്റെ ഇടപഴകലിനെക്കുറിച്ച് പറയുന്ന ഈ ഭാഗത്ത് ഇസ്രായേൽക്കാരെ പരിരക്ഷിക്കുന്നതിൽ കുഞ്ഞാടിന്റെ രക്തത്തിന്റെ കർത്തവ്യം, വിശ്വാസികളെ സംരക്ഷിക്കുന്ന കുരിശിലെ രക്തത്തിന്റെ സാദൃശ്യമാകുന്നു എന്ന് വ്യക്തം. എന്നിരുന്നാലും കതകുകളുടെ

---

36 *Des Heiligen Ephraem des Syrers Hymnen auf Abraham Kidunaya und Julian Saba,* CSCO 322, Scr. Syri 140, E. Beck, ed. (Louvain: Secre'tariat du CorupusSCO, 1972),76

37 പുറപ്പാട് 12.

38 *Des Heiligen Ephraem des Syrers Carmina Nisibena II,* CSCO 240, Scr. Syri 102, E. Beck, ed. (Louvain: Secretariat du CorpusSCO, 1963),28.

മരത്തിന് അഫ്രേം നൽകുന്ന പ്രത്യേക ഊന്നൽ ഗൗനിക്കുമ്പോൾ ക്രൂശിന്റെ സ്ഥൂലപദാർത്ഥത്തിൽ അദ്ദേഹത്തിനുള്ള താത്പര്യം നമുക്കു ദർശിക്കുവാൻ കഴിയും. മരംകൊണ്ടുള്ള കതകുകളും കുഞ്ഞാടിന്റെ രക്തവും മാത്രമല്ല കുരിശിന്റെ സാദൃശ്യങ്ങൾ, പെസഹായുടെ ആകമാന കഥയും അതിലെ ഓരോ ഘടകങ്ങളും അതിന്റെ സാദൃശ്യങ്ങളാണ്. അഫ്രേമിന്റെ ഗീതങ്ങളിൽ അത് നമുക്ക് വ്യക്തമായി കാണാം.

> വെള്ളത്തിൽ അത് പാകം ചെയ്യപ്പെടരുത് എന്നതിലൂടെ കുഞ്ഞാട് മോശയെ പഠിപ്പിക്കുകയായിരുന്നു. മാംസം കെട്ടിതൂക്കിയിട്ടിരിക്കുന്ന വടി അവന്റെ (ദൈവത്തിന്റെ) അടയാളമായിരുന്നു. അവന്റെ (ദൈവത്തിന്റ) അപ്പത്തിന്റെ സാദൃശ്യമായിയരുന്നു ചുട്ടെടുക്കൽ.
>
> ക്രൂശാരോഹണം മെമ്രാ II,4[39]

പെസഹ ആചരണത്തെ സംബന്ധിച്ച ഈ ഭാഗത്ത് നമുക്ക് മൂന്നു സാദൃശ്യങ്ങൾ കാണാം.

ക്രിസ്തുവിന്റെ സാദൃശ്യമായ കുഞ്ഞാട് ആണ് ആദ്യത്തേത്

മോശയെ പാകം ചെയ്യുവാൻ പഠിപ്പിക്കുന്ന സത്യകുഞ്ഞാടായ ക്രിസ്തുവിനും പെസഹാകുഞ്ഞാടിനും അഫ്രേം കുഞ്ഞാട് എന്ന് ഉപയോഗിച്ചിരിക്കുന്നു. രണ്ടാമത്തേത്, കുഞ്ഞാടിനെ ചുട്ടെടുക്കുവാൻ കെട്ടിതൂക്കിയിട്ടിരിക്കുന്ന വടി (Skewer), അത് ക്രിസ്തുവിനെ തൂക്കിയ കുരിശിന്റെ സാദൃശ്യമാകുന്നു. മൂന്നാമത്തേത്, കുഞ്ഞാടിനെ ചുട്ടെടുക്കുന്ന പ്രവൃത്തി, ഇത് ക്രിസ്തു തന്റെ ശരീരമെന്ന് വിളിച്ച അപ്പത്തെ ചുട്ടെടുക്കുന്നതിന്റെ സാദൃശ്യം.[40]

ഈജിപ്റ്റിലെ പെസഹായും ഗോഗുൽത്തായിലെ കുരിശും തമ്മിലുള്ള സാമ്യതയുടെ രണ്ടു ഘടകങ്ങൾകൂടി യാക്കോബ് (സ്രൂഗ്) കണ്ടെത്തുന്നു:

> മിസ്രേമിൽ മോശ കുഞ്ഞാടിനെ വധിച്ചു, അതിലേക്ക് നോക്കുന്നവർക്ക്, നിഗൂഢമായി പുത്രനെ അവൻ (മോശ) വരച്ചുകാണിച്ചു. ദുഃഖത്തിന്റെയും കഷ്ടപ്പാടിന്റെയും ഈ രാത്രിയിൽ മിസ്രമിലെ കുഞ്ഞാടിനൊപ്പം മോശ കയ്പ് ചീര കൂട്ടികലർത്തി.
>
> Homily 53[41]

---

39 *Des Heiligen Ephraem des Syrers Paschahymnen* (De Azymis, De Crucifixione, De Resurrectione), CSCO 246, Scr. Syri 108, E. Beck, ed. (Louvain: Secre'tariat du CorpusSCO,1964),48.

40 മത്തായി 26:26

41 *Homiliae Selectae Mar Jacobi Sarugensis,* II:468

(സ്രൂഗിലെ) യാക്കോബിന്, മിസ്രേമിലെ കുഞ്ഞാടിനൊപ്പം ഉപയോഗിച്ച കയ്പ് ചീര ക്രിസ്തുവിന്റെ കഷ്ടപ്പാടിന്റെ ഒരു സാദൃശ്യമാണ്; കുറെക്കൂടി സൂക്ഷ്മമായി, ശിഷ്യന്മാരുടെ പങ്കപ്പാടിന്റെയും ദുഃഖത്തിന്റെയും സാദൃശ്യമാണ്. യാക്കോബ് ചിന്തിക്കുന്ന വേറൊരു ഘടകം, പെസഹാകുഞ്ഞാടും കുരിശുമായി ബന്ധപ്പെട്ടിരിക്കുന്നത് മിസ്രേമിൽ എബ്രായക്കാരുടെ വാതിലുകളിൽ പൂശിയ കുഞ്ഞാടിന്റെ രക്തത്തിന്റെ അടയാളമാണ്, കട്ടിളപ്പടികളിലും കുറുമ്പടിമേലും രക്തം പൂശിയതിൽ കുരിശിന്റെ അടയാളം അദ്ദേഹം കാണുന്നു. അദ്ദേഹം എഴുതുന്നു:

> അവൻ(യഹൂദൻ) അവരുടെ വാതിലിന്മേൽ പൂശിയ രക്തത്തെ നോക്കിയിരുന്നുവെങ്കിൽ, രൂപീകൃതമായ കുരിശിനെ മനസ്സിലാക്കി അതിനെ ഇഷ്ടപ്പെടുമായിരുന്നു. അവൻ ഇപ്രകാരം ചോദിച്ചേനേ: "മരണത്തെ അതിജീവിക്കുവാനായി കുഞ്ഞാടിന്റെ രക്തത്താൽ വാതിലുകളിന്മേൽ വരച്ചിരിക്കുന്നത് ആരുടെ പ്രതിരൂപമാണ്?"
>
> മെമ്രാ VII[42]

### 3.2.4 കുരിശും അമാലേക്യർക്കെതിരെയുള്ള യുദ്ധവും

മോശയുടെ വടിയുടെ ശക്തിയാൽ അനുഷ്ഠിക്കുന്ന അത്ഭുത കർമ്മങ്ങളിൽ മാത്രമല്ല കുരിശിന്റെ സാദൃശ്യം കാണപ്പെടുന്നത്, തന്റെ ജനം അമാലേക്യരുമായി യുദ്ധം ചെയ്യുമ്പോൾ മോശയുടെ ശരീരത്തിലൂടെയും കൂടിയാണ്.[43] തന്റെ പുറപ്പാടിന്റെ വ്യാഖ്യാനത്തിൽ അഫ്രേം എഴുതുന്നു.

> അവരോട് യുദ്ധം ചെയ്യുവാൻ അമാലേക്യർ പുറപ്പെട്ടുവന്നു, യോശുവ അവരെ എതിരിടുവാൻ പോയപ്പോൾ മോശ ദൈവത്തിന്റെ വടി കൈയിലേന്തി പർവ്വതത്തിന്റെ മുകളിലേക്കു പോയി. അത്ഭുത കർമ്മാനുഷ്ഠാനസമയത്ത് ഒഴികെ മറ്റൊരു സമയത്തും മോശ വടി കൈയിലെടുത്തിരുന്നില്ല. ക്രൂശിന്റെ രഹസ്യത്താലും അതിന്റെ ശക്തിയാലും ആണ് അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നതെന്ന് നിങ്ങൾ മനസ്സിലാക്കേണ്ടതിനായിട്ടുതന്നെ. അഹറോനും അവർ പറയുംപ്രകാരം, മോശയുടെ സഹോദരീഭർത്താവായ ഹൂറും മോശയോടുകൂടെ മുകളിലേക്കുപോയി. മോശ തന്റെ കൈകൾ ഉയർത്തി പിടിച്ചിരുന്നതിലൂടെ ഇസ്രായേൽ മുൻകൈ നേടുകയും ജാതി (Nation)യ്ക്കെതിരെ ഭീഷണിമുഴക്കി യുദ്ധത്തിനു വന്ന ജാതികളുടെ മുന്നേറ്റത്തെ തടുക്കുകയും ചെയ്തു. എന്നാൽ മോശയുടെ കൈകൾ താഴ്ന്നപ്പോൾ എപ്പോഴും കർത്താവിനും മോശയ്ക്കും

---

42 *Jacques de Saroug, Home'lies contre les Jufis,* Patrologia Syriaca Vols.I & II, J. Parisot, ed. (Paris: Instituti Francici, 1894&1905), 223-226.

43 പുറപ്പാട് 17:8-13.

> എതിരെ പിറുപിറുക്കുന്നവരുടെമേൽ ജാതികൾ (Nations) വിജയിച്ചു മുന്നേറി. തന്റെ കൈകൾ നിവർത്തിയും വടി നെഞ്ചിൽ ധരിച്ചുംകൊണ്ട് മോശ തന്റെ മേൽ തന്നെ കുരിശിന്റെ അടയാളം വ്യക്തമായി കാണിക്കുകയായിരുന്നു.
>
> *പുറപ്പാടിന്റെ വ്യാഖ്യാനം* XVII,2[44]

ഈ സംഭവം കുരിശിന്റെ സാദൃശ്യമായി ആദ്യമായി പരിഗണിച്ചത് അഫ്രേം ആയിരുന്നില്ല. ബർണബാസ് (XII,2), ഐറേനിയസ് (Demonstration 46), തെത്തുല്യൻ (Adversus Marcion III,18) യുസ്തീൻ(Justin XC,5;XCI,1)തുടങ്ങി മറ്റു പലരും[45] ഇതു നേരത്തേ കാട്ടിയിരുന്നു. എന്നാൽ, അഫ്രേം ഈ രചനകളെ കുറിച്ച് അറിഞ്ഞിരുന്നു എന്നതിന് തീരെ സാദ്ധ്യതയില്ല.

അഫ്രേമിന്റെ കാലത്തോട് അടുപ്പിച്ച് അഫ്രഹാത്തും ഈ പാരമ്പര്യം വിശദാംശങ്ങളില്ലാതെ പരാമർശിക്കുന്നുണ്ട്. തന്റെ മെമ്രാ (Demonstrations)യിൽ അദ്ദേഹം എഴുതുന്നു:

> വി. ന്യായപ്രമാണത്തിൽ ദൈവം മോശയോട് അരുളിച്ചെയ്യുന്നതായി എഴുതിയിരിക്കുന്നു: "പുരുഷന്മാരെ തെരെഞ്ഞെടുത്ത് അമാലേക്കിന്നെതിരെ യുദ്ധം ചെയ്യുവാൻ യേശു ബർ നൂനോട് (യോശുവയോട്) പറക." യോശുവ ആയുധപാണിയായി അമാലേക്കിന്നെതിരെ യുദ്ധം നയിച്ചു. തന്റെ കൈകൾ വിരിച്ചുള്ള കുരിശടയാളത്താൽ അമാലേക്കിനെ പരാജയപ്പെടുത്തി.
>
> *Demonstrations* III:De Ieunico[46]

> അമാലേക്കുമായുള്ള യുദ്ധത്തിൽ നിന്നും ജാതി (Nation) പഠിക്കാത്തതും അതേ സമയം ജാതികൾ സമ്പൂർണ്ണമായി ഗ്രഹിച്ചതുമായതിനെ ബോദ്ധ്യപ്പെടുത്തുന്നതിന് അഫ്രേം വീണ്ടും മുമ്പോട്ടു പോകുന്നു; "ജാതി (Nation = യഹൂദർ) ദൈവപുത്രന്റെ കൈകൾ വിരിച്ചു നിവർത്തി; ആ പ്രവർത്തിയാൽ അവരുടെ ശത്രുക്കളുടെ (അമാലേക്യരുടെ) വിധി അവർക്കുണ്ടായി. മറിച്ച് ജാതികൾ (Nations), വിരിച്ചു നിർത്തിയതും തങ്ങളുടെ ആത്മീയ എതിരാളികളുടെ മേൽ ജയം നേടിയതുമായ ദൈവപുത്രന്റെ കൈകളിൽ വിശ്വസിച്ചു." Commentary on the Diatessaron XXI,1.14[47])

44 *Sancti Ephraem Syri In Genesim et in Exodum Commentarii,* 147

45 J. Danie'lou, *The Theology of Jewish Christianity,* 272.

46 *Aphraatis Sapientis Persae Demonstrations,* 31.

47 *Ephrem de Nisibe, Commentaire de L'Evangile Concordant ou Diatessaron,* 381-382.

ഇതേ സംഭവത്തെ നർസായി വ്യാഖ്യാനിക്കുകയും അതിനെ കുരിശുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്നു; പക്ഷേ മോശയുടെ കൈകളിൽ നിന്നും മോശയ്ക്കൊപ്പം ഉണ്ടായിരുന്ന വടിയിലേക്ക് അദ്ദേഹം തന്റെ ഊന്നൽ വ്യതിചലിപ്പിക്കുന്നു. ഈ പ്രത്യേക സംഭവത്തിൽ വടിയെക്കുറിച്ച് വേദ ഭാഗത്ത് ഒന്നും പറയുന്നില്ല; എന്നാൽ ഇതിനെക്കുറിച്ച് പരാമർശിക്കുന്ന ആദ്യത്തെ ആളല്ല നർസായി. നാം നേരത്തെ കണ്ടതുപോലെ അഫ്രേമും ഇതിനെ പരാമർശിക്കുന്നുണ്ട്. അഫ്രേം പറയുംപ്രകാരം, അമാലേക്യരുടെ മേലുള്ള ജയം, തന്റെ അത്ഭുത വടി പിടിച്ചുകൊണ്ട് മോശ കൈകൾ വിടർത്തി പിടിച്ചതുമൂലം ഉണ്ടായതാണ്. മറിച്ച്, ജയം വടിയിന്മേലാണ് നർസായി അർപ്പിക്കുന്നത്- താഴെ കാണുന്ന ഭാഗത്ത് നാം വായിക്കും പ്രകാരം:

> അമാലേക്കുമായുള്ള മഹായുദ്ധം നടന്നപ്പോൾ തന്റെ കൈയിലുണ്ടായിരുന്ന വടി അമാലേക്കിനെതിരെ മോശ ഉയർത്തി. വടി താഴുമ്പോൾ അമാലേക്ക് ശക്തിപ്പെടും. അത് ഉയർത്തുമ്പോൾ, ജാതി മുന്നേറും. ഒരു ദാസനായി മോശ ക്രൂശാരോഹണത്തിന്റെ രഹസ്യം വഹിച്ചു. രഹസ്യങ്ങളുടെ ഉടയവനായ കർത്താവായ യേശു കുരിശും വഹിച്ചു. മെമ്രാ 30[48]

ഈ പഴയ പാരമ്പര്യത്തെ ആശ്രയിച്ചുകൊണ്ട് (സ്രൂഗിലെ) യാക്കോബ് ഈ വ്യാഖ്യാനരീതി വികസിപ്പിക്കുന്നു. തന്റെ 158-ാം മെമ്രായിൽ, എബ്രായരും അമാലേക്കുമായുള്ള[49] യുദ്ധത്തിന് പതിനേഴു പുറങ്ങൾ അദ്ദേഹം ഉപയോഗപ്പെടുത്തികൊണ്ട് യുദ്ധത്തിന്റെ അതിസൂക്ഷ്മ വിശദാംശങ്ങളെ വർണ്ണിക്കുവാൻ തന്റെ ഭാവനയ്ക്കു അദ്ദേഹം സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. വേദഭാഗരംഗം സംവിധാനം ചെയ്തുകൊണ്ടുള്ള ഒരു ആമുഖത്തോടുകൂടെ അദ്ദേഹം ആരംഭിച്ചു; യുദ്ധത്തിൽ ഉപയോഗിച്ച ആയുധങ്ങളുടെ കൂട്ടങ്ങളെ വിശദീകരിച്ച്, താനൊരു ദൃക്സാക്ഷിയെന്ന പോലെ വിവിധ യുദ്ധതന്ത്രങ്ങളെ അദ്ദേഹം വർണ്ണിക്കുന്നു. ഈ യുദ്ധവും കുരിശും തമ്മിലുള്ള അനേക സാമ്യതകൾ ദൃഷ്ടാന്തീകരിക്കുന്ന ഈ മെമ്രായുടെ ഏതാനും ഭാഗങ്ങൾ പരിഭാഷപ്പെടുത്തുന്നത് ഉചിതമെന്ന് ഞാൻ കരുതുന്നു.

48 *Narsai Homiliae et Carmina*, II:124.

49 *Homiliae Selectae Mar-Jacobi Sarugensis*, V:290-306

## അമാലേക്കുമായുള്ള യുദ്ധത്തിൽ മോശയുടെ കൈകൾ ഉയർത്തി പിടിച്ചതിനെകുറിച്ചുള്ള മെമ്രാ

**1. ആമുഖം**

ഇതുവരെയും ഇവ പ്രതീകാത്മകമായിട്ടാണ് പറഞ്ഞിരുന്നത്. എന്നാൽ ഇവിടെ, മോശ പരസ്യമായി ക്രൂശാരോഹണത്തെ ആവിഷ്കരിച്ചിരിക്കുന്നു. അവൻ യോശുവായെ വിളിച്ച് യുദ്ധത്തിനു പോകാൻ ആഹ്വാനം ചെയ്തു. പിന്നീട് രഹസ്യം അനാച്ഛാദനം ചെയ്യുവാൻ മലമുകളിൽ കയറി.

**2. മൂന്നു വ്യക്തികൾ: മൂന്നു കുരിശുകൾ**

തന്നോടുകൂടെ അഹറോനെയും ഹൂറിനെയും കൂട്ടികൊണ്ട് രഹസ്യം വെളിവാക്കാൻ ബലഹീനനായവൻ ഉന്നത പർവ്വം കയറി, ഗോൽഗോത്തമേൽ മൂന്ന് ക്രൂശിതരൂപത്തെ സാദൃശ്യപ്പെടുത്തുവാനായി ബലത്തിന്റെ കുരിശ് അവന്റെ നെഞ്ചിൽ വിരിച്ചു. പുത്രനെ അക്ഷരാർത്ഥത്തിൽ തന്റെ രൂപത്താൽ ചിത്രീകരിക്കുവാനായി തന്നെ.

**3. മോശ യുദ്ധം നിയന്ത്രിക്കുന്നു**

ക്ലേശഭൂയിഷ്ഠനായ അമാലേക്കിന് എവിടെ യുദ്ധം ചെയ്യണമെന്നറിയില്ലായിരുന്നു. കുരിശ് അവർക്കെതിരും. അവർ വിജയം കാംക്ഷിച്ചു. മോശയുടെ കൈകൾ യുദ്ധത്തിന്റെ ഗതി ആകമാനം നിയന്ത്രിച്ചു-ജയവും തോൽവിയും നൽകുന്നവൻ അവനായിരുന്നു. മോശ കൈ താഴ്ത്തുമ്പോൾ ജാതി (nation) തോല്ക്കും. അവൻ അവയെ ഉയർത്തുമ്പോൾ, ഇസ്രായേലിനാൽ ജാതികൾ പരാജിതരാകും. യുദ്ധം സൈന്യങ്ങൾ തമ്മിലും ജയം മോശയിൽ നിന്നും...

**4. അന്ധനും ബധിരനും സത്യം വെളിവാക്കപ്പെടുന്നു**

വ്യക്തമായ ഒരു സത്യത്തെ ഞാനെന്തിന് രഹസ്യം എന്ന് വിളിക്കുന്നു. സാധാരണക്കാരനുപോലും സൂര്യനെപ്പോലെ അത് വെളിവാക്കപ്പെട്ടിരിക്കുന്നു. മോശ എഴുന്നേറ്റു നിന്നപ്പോൾ ഒരു അന്ധൻ അവനെ തൊട്ടിരുന്നു എങ്കിൽ അത് യഥാർത്ഥമായും ക്രൂശാരോഹണമായിരുന്നു എന്ന് അന്ധന് മനസ്സിലാകുമായിരുന്നു. ബധിരൻ കണ്ടിരുന്നുവെങ്കിൽ, കാഴ്ചയാൽ അവനത് മനസ്സിലാകുമായിരുന്നു.അതിന്റെ യാഥാർത്ഥ്യത്തെ അട്ടഹാസത്താലല്ലാതെ അവന് തീർച്ചയാകുമായിരുന്നു. ഈ സത്യം അന്ധനും ബധിരനും സംശയലേശമെന്യേ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.

**5. രാജാവിന്റെ അടയാളം**

ക്രൂശാരോഹണത്തിന്റെ പ്രതിരൂപം ചിത്രീകരിച്ചപ്പോൾ അമാലേക്ക് പരാജിതനായി.....അവൻ രാജാവിന്റെ അടയാളം കാണിച്ചപ്പോൾ പീഡകൾ വീണു.....മലമുകളിൽ അടയാളം വിസ്തൃതമാക്കിയപ്പോൾ ഇസ്രായേൽ ശക്തീകരിക്കപ്പെട്ടു. അവൻ ഇടയന്റെ പ്രതിരൂപം താഴത്തിട്ടപ്പോൾ ചെന്നായ്ക്കൾ പറ്റത്തിലേക്ക് മടങ്ങിവന്നു.

**6. മോശയുടെ ബലഹീനത: ക്രിസ്തുവിന്റെ സുദീർഘ കഷ്ടപ്പാട്**

ദിവസം മുഴുവനും യുദ്ധം ശക്തിപ്പെട്ടും മോശ ക്ഷീണിച്ചും കൊണ്ടിരുന്നു. ക്രൂശാരോഹണത്തിൽ ദീർഘനേരം കിടക്കുവാൻ അവനു കഴിഞ്ഞില്ല.

തന്റെ കർത്താവായ യേശുവിന് വേണ്ടി അവൻ തന്റെ ലക്ഷ്യം മാറ്റിവച്ചു; കാരണം അത് അവനുള്ളതായിരുന്നു.

ദുഃഖങ്ങളുടെ മനുഷ്യൻ ക്രിസ്തു മാത്രമാകുന്നു. അവൻ കഷ്ടാനുഭവങ്ങൾ[50] പരിചയിച്ചിട്ടുള്ളവനാകുന്നു

അതിനാൽ ബലഹീനനായ മോശയ്ക്ക് സാദൃശ്യത്തെ മുഴുവനായി നിറവേറ്റാൻ കഴിഞ്ഞില്ല. ആറാം മണി നേരത്ത് അവൻ ഉയർത്തപ്പെട്ടു എന്നു ഞാൻ കരുതുന്നു; ഒൻപതാം മണിവരെയും അവൻ ക്രൂശാരോഹണത്തിൽ കിടന്നു; കാരണം അതിനപ്പുറം അവനു കഴിയില്ലായിരുന്നു.

**7. അഹറോനും ഹൂറും: രണ്ടു കള്ളന്മാരും**

വൃദ്ധനായവന്റെ വിറച്ചുകൊണ്ടിരുന്ന കൈകളെ താങ്ങാനായി അനുഗ്രഹീതനായ അഹറോനും കുലീനനായ ഹൂറും അവന്റെ സമീപത്തെത്തി. ക്രൂശാരോഹണത്തിന്റെ രൂപത്തിൽ അവരും അവരുടെ കൈകളെ വിടർത്തി, ഗോൽഗോത്തായിലെ ത്രിത്വത്തെ അസാധുവാക്കാതിരിക്കുവാനായി തന്നെ. മോശയുടെ കൈകളെ താങ്ങുവാനുള്ള അവരുടെ ആകാംക്ഷയാൽ അവർ അവരുടെ കൈകളെ ഇടത്തോട്ടും വലത്തോട്ടും ഉയർത്തി. മോശയുടെ മലയേയും പുത്രന്റെ ഗോൽഗോത്തായേയും നോക്കി അവരുടെ കുരിശുകളെ പരസ്പരം വിനിമയം ചെയ്യുന്ന ഏവനും മോശയുടെ കാര്യത്തിൽ മൂന്നും പുത്രന്റെ കാര്യത്തിൽ മൂന്നും ദർശിക്കുവാൻ കഴിയും. അവിടെ അത് നിഴലും ഇവിടെ അത് പൊരുളും വെളിപ്പെടുത്തുന്ന ശരീരവുമാകുന്നു.... മോശയുടെ ബലം താഴേക്കു പോയി, കാരണം അവൻ താഴെ നിന്നുള്ളവനായിരുന്നു. പുത്രന്റെ

50 ഏശായ 53:3

അടയാളം ഉയരങ്ങളിലേക്ക് പോയി, കാരണം അവൻ ഉയരങ്ങളിൽ നിന്നുള്ളവനായിരുന്നു.

**8. മോശയുടെ നിയന്ത്രിതബലവും ക്രിസ്തുവിന്റെ അനിയന്ത്രിത ബലവും**

ദാസന്റെ രഹസ്യം ഒരു താഴ്വരയിൽ മാത്രം ഒതുങ്ങിയിരുന്നു. കർത്താവിന്റെ സത്യം അതിന്റെ യാഥാർത്ഥ്യത്തെ നാലുഭാഗങ്ങളിലും സ്ഥാപിച്ചിരുന്നു. രണ്ടു ജനതകളുടെ രണ്ടു പടകൾ (troops) മാത്രം ആ സമയം മോശയെക്കുറിച്ച് അറിഞ്ഞിരുന്നുള്ളൂ. പുത്രനായ ക്രിസ്തുവിനെ എല്ലായിടത്തെയും എല്ലാ ജനതകളും അറിഞ്ഞിരുന്നു. തന്റെ കൈവിടർത്തിയതിനാൽ മോശ അമാലേക്കിനെ മുട്ടുകുത്തിക്കുവാൻ ഇടയാക്കി. പുത്രൻ തന്റെ കഷ്ടാനുഭവത്തിങ്കൽ നക്ഷത്രങ്ങളെ അവയുടെ പാതയിൽ കൂടെ സഞ്ചരിക്കുന്നതിൽ നിന്നും തടഞ്ഞു.

**9. മോശയ്ക്ക് സഹായം ആവശ്യമായിരുന്നു: ക്രിസ്തു കള്ളനെ സഹായിച്ചു**

അമ്രാമിന്റെ മകനെപ്പോലെ, വേദന കുമിഞ്ഞു കൂടി അവന്റെ കൈകൾക്ക് വിശ്രമിക്കേണ്ടതായി വന്നില്ല. ജയം കൈകളിലേന്തി അവൻ മരണം പ്രാപിച്ചു. മോശയെപ്പോലെ ഇരുവശത്തുനിന്നും അവനെ താങ്ങിയില്ല. അവന്റെ കഷ്ടാനുഭവത്തിന്റെ സമയത്ത് അവനെ അന്വേഷിച്ചവർക്ക് അവൻ സഹായം നല്കി...... മലമുകളിൽ മോശ പരസ്യമായി ക്രൂശിക്കപ്പെട്ടു; എന്നാൽ ഗുപ്തമായ ഒരു രഹസ്യത്താൽ പോരിൽ അവൻ ബലവൽക്കരിക്കപ്പെട്ടു.

**10. മലമുകളിലെ സഭയും ഗോൽഗോത്തായിലെ സഭയും**

തന്റെ കഥയിൽ നിന്നും ദൂരത്തായിരുന്നു സഭാവിഷയം എന്നു മോശ കണ്ടു. അതിനെ പരാമർശിക്കാതെ താഴെയ്ക്ക് ഇറങ്ങുന്നതിനെ അവൻ ഭയപ്പെട്ടു. അവർ ഒരു പാറ കൊണ്ടുവന്നു...... അവൻ അതിൽ ഇരുന്നു. അതിനാൽ സഭ സ്ഥാപിതമായി, അതിന്മേലുള്ള കുരിശോടുകൂടി. അവന്റെ (ക്രിസ്തുവിന്റെ) രക്ഷ അനുഗ്രഹീതമാകട്ടെ.

## 3.3 കുരിശും മറ്റു പ്രവാചകന്മാരും

പഴയനിയമത്തിലെ മറ്റു വിവിധ കഥാപാത്രങ്ങളുമായി ബന്ധപ്പെട്ടുള്ള സംഭവങ്ങളിൽ തുടർന്നും കുരിശ് പ്രത്യക്ഷപ്പെടുന്നുണ്ട്- ഗോത്രപിതാക്കന്മാരോടും മോശയോടും ബന്ധപ്പെടുത്തിയുള്ളവയോളം ആവർത്തന

സ്വഭാവം ഇല്ലെന്നു മാത്രം. താഴെപറയുന്ന പ്രവാചകന്മാരുമായി സുറിയാനി പിതാക്കന്മാർക്ക് ഈ വിഷയത്തിലുള്ള താൽപര്യം നമുക്ക് കാണാം.

### 3.3.1 യേശു ബർ നൂൻ (യോശുവ)

സുറിയാനി ക്രിസ്ത്യാനി ജനതയിൽ യേശുബർനൂൻ, പഴയനിയമ കഥാപാത്രങ്ങളുടെ ഇടയിൽ ഒരു സുപ്രധാനസ്ഥാനം കൈയാളുന്നു; കാരണം, നമ്മുടെ കർത്താവിന്റെ നാമവുമായി അദ്ദേഹത്തിന്റെ നാമം പങ്കുചേരുന്നു. ആകയാൽ കുരിശ്, അദ്ദേഹത്തിന്റെ ജീവിതത്തിൽ പല സന്ദർഭങ്ങളിൽ പ്രത്യക്ഷീഭവിക്കുന്നു.

#### 3.3.1.1. കനാനിൽ നിന്നും കൊണ്ടു വന്ന മുന്തിരിക്കുല

മോശ[51] അയച്ച ചാരന്മാർ കനാനിൽ നിന്നും കൊണ്ടുവന്ന മുന്തിരിക്കുല കുരിശിന്റെ ഒരു സാദൃശ്യമാകുന്നു. അഫ്രേം എഴുതുന്നു.

> ചാരനായ കാലേബ് കമ്പിൽ കെട്ടിത്തൂക്കി മുന്തിരിക്കുല കൊണ്ടുവന്നു. ലോകത്തെ ആശ്വസിപ്പിക്കുവാൻ വേണ്ടിയിരുന്ന വീഞ്ഞിന്റെ കുലയ്ക്കുവേണ്ടി അവൻ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. തന്റെ നാമത്തിന്റെ ബലത്തെ ഗ്രഹിക്കുവാൻ നൂന്റെ പുത്രനായ യേശു അവനെ പ്രതീക്ഷിക്കുകയായിരുന്നു. പറിച്ചെടുത്ത് വഹിച്ചു തന്നോടൊപ്പം കൊണ്ടുവന്ന ഫലത്തെ ഈ യേശു, എല്ലാവരെയും ഉയിർപ്പിക്കുന്ന ഫലത്തെ രുചിക്കുവാനായി ജീവന്റെ വൃക്ഷത്തിനു വേണ്ടി ദാഹിച്ചിരിക്കുകയായിരുന്നു. യൽദോ മെമ്രാ 1,30-32[52]

ഇവിടെ വീണ്ടും നമുക്ക് ഒന്നിലധികം സാദൃശ്യങ്ങൾ കാണാം. എല്ലാവരെയും ആശ്വസിപ്പിക്കുന്ന വീഞ്ഞേകുന്ന മുന്തിരക്കുല എല്ലാവരെയും രക്ഷിക്കുന്ന രക്തമേകുന്ന ക്രിസ്തുവിന്റെ[53] സാദൃശ്യമാകുന്നു. അതേ സമയം, മുന്തിരിക്കുല, ഭക്ഷിക്കുന്ന ഏവർക്കും ജീവൻ നൽകുന്ന ജീവവൃക്ഷത്തിന്റെ ഫലത്തിന്റെ സാദൃശ്യവുമാകുന്നു. മുന്തിരിക്കുല, കെട്ടിത്തൂക്കിയിരുന്ന കമ്പ് ക്രിസ്തുവിനെ തൂക്കിയ കുരിശിന്റെയും ക്രിസ്തുവിന്റെ തന്നെ സാദൃശ്യമായിരുന്ന ജീവന്റെ വൃക്ഷത്തിന്റെയും സാദൃശ്യമാണ്- നാം കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടതുപോലെ.

മുന്തിരിക്കുല വഹിച്ചുകൊണ്ടുവരുന്നതിൽ യേശു ബർ നൂന്റെ പങ്ക് അഫ്രേമിന്റെ മാത്രം പ്രതിഫലനമായി തോന്നുന്നു; വേദഭാഗം അപ്രകാരമൊരു നേർബന്ധത്തെ ചൂണ്ടിക്കാട്ടുന്നില്ല. അദ്ദേഹത്തിന്റെ പേരും,

---

51 സംഖ്യാപുസ്തകം 13:23

52 *Des Heiligen Ephraem des Syrers Hymnen de Nativitate (Epihania),* 4-5.

53 On Christ the Grape see Chapter III of: R, Murray, *Symbols of Church and Kingdom,* 113-129.

ദേശത്തിനുള്ളിലേക്ക് പോകുവാൻ ജനത്തെ പ്രേരിപ്പിച്ച് അവർക്ക് ആത്മ വിശ്വാസം നൽകുന്നതിൽ അദ്ദേഹത്തിനുള്ള സുപ്രധാന പങ്കും ആയിരിക്കണം അഫ്രേമിന്റെ ഈ വ്യാഖ്യാനത്തിനു പിമ്പിലുള്ള പ്രചോദനം.

Murray[54] പറയും പ്രകാരം, കനാനിൽ നിന്നും കൊണ്ടുവന്ന മുന്തിരിക്കുല ക്രിസ്തുവിന്റെയും കുരിശിന്റെയും സാദൃശ്യമെന്ന് അബദ്ധലേശമെന്യെ പ്രസ്താവിക്കുന്ന ആദ്യപിതാവ് അഫ്രേമാണ്.

### 3.3.1.2 യോർദാൻ കടക്കുന്നത്

അഫ്രഹാത്ത് തന്റെ മെമ്രാകളിൽ (Demonstrations) ഒന്നിൽ യേശു ബർ നൂനിന്റെ നേതൃത്വത്തിൽ യോർദാൻ കടക്കുന്നതിനെ പരാമർശിക്കുന്നു.[55] അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, നദിയുടെ ഒഴുക്ക് തടഞ്ഞ യേശുവിന്റെ (യോശുവായുടെ) വടിയാലാണ് നദി കടക്കുന്നതിന് ഇടയാക്കിയത്. പക്ഷെ, വേദഭാഗം യേശുവിന്റെ (യോശുവായുടെ) വടിയെക്കുറിച്ച് ഒരു പരാമർശം നടത്തുന്നില്ല. അങ്ങനെയെങ്കിൽ, അഫ്രഹാത്ത് ഒരു യഹൂദാ പാരമ്പര്യത്തിൽ നിന്നും കടം കൊണ്ടതായിരിക്കാം ഇത്, അല്ലെങ്കിൽ, മോശ തന്റെ വടിയാൽ ചെങ്കടൽ വിഭജിച്ചതിന്റെ സമമായ കഥ ആശ്രയിച്ച് കൂട്ടിച്ചേർത്തതായിരിക്കാം. യേശു ബർ നൂനെ കുറിച്ച് അദ്ദേഹം എഴുതുന്നു.

> തന്റെ ദേശത്ത് പ്രത്യക്ഷപ്പെടുവാൻ പോകുന്ന പ്രവാചകന്മാരുടെ ആത്മാക്കൾ അവനിൽ ആളിക്കത്തി. അവൻ തന്റെ വടികൊണ്ടു മാത്രം യോർദാൻ കടന്നു. മഹത്വമുള്ള പ്രവാചകന്റെ അടയാളമായ കുരിശ് അവന്റെ കൈയിൽ ബഹുമാന്യമായ അടയാളമായി പിടിച്ചിരുന്നു. Demonstrations IV- De orientone[56]

### 3.3.1.3 സൂര്യൻ നിശ്ചലമായി നിൽക്കുന്നു

തന്റെ യുദ്ധം തുടരാനും അങ്ങ് അമോര്യരാജാക്കന്മാർക്കെതിരെ വിജയം[57] നേടാനുമായി മദ്ധ്യാഹ്നത്തിൽ സൂര്യനെ നിശ്ചലമാക്കി നിർത്തിയ സമയം, യേശു ബർ നൂനെ കുരിശുമായി അടുപ്പിച്ച് നിർത്തുന്ന വേറൊരു സംഭവമാണ്. അഫ്രഹാത്ത് ഇതിനെ, ക്രൂശാരോഹണസമയത്ത് മദ്ധ്യാഹ്നത്തിൽ, അവനെ (യേശുവിനെ) ക്രൂശിച്ച ജാതിയെ നിന്ദിക്കുവാനായി സൂര്യൻ അപ്രത്യക്ഷമായതുമായി ബന്ധിപ്പിക്കുന്നു. അദ്ദഹം പറയുന്നു:

---

54 R. Murray, *Symbols of Church and Kingdom,* 119.

55 യോശുവ 3-4

56 *Aphraatis Sapientis Persae Demonstrations,* 38.

57 യോശുവ 10.

> യേശു ബർ നൂൻ ആകാശത്ത് സൂര്യനെ നിശ്ചലമായി നിർത്തി, തന്നെ അനുധാവനം ചെയ്ത ജാതികളോട് പകരം വീട്ടി. നമ്മുടെ രക്ഷകനായ യേശു ദിവസത്തിന്റെ മദ്ധ്യാഹ്നത്തിൽ സൂര്യനെ അസ്തമിപ്പിക്കുയും തന്നെ ക്രൂശിച്ചതായ പീഡക ജാതിയെ നാണിപ്പിക്കുകയും ചെയ്തു.
>
> Demonstration XXI: De Persecutione[58]

### 3.3.2 ഏലിയ

കുരിശുമായി ഏലിയ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത് ഒരു പ്രാവശ്യം മാത്രമെയുള്ളു. യാക്കോബിന്റെ മെമ്രാകളിലാണ് ഇത് കാണപ്പെടുന്നത്. സാരഫാത്തിലെ വിധവയുടെ മകനെ ഉയിർപ്പിക്കുമ്പോൾ മൂന്നു പ്രാവശ്യം കവിണ്ണുകിടന്ന് കർത്താവിനോട് പ്രാർത്ഥിച്ചു. അപ്രകാരം ചെയ്തതു മൂലം ഏലിയ കുരിശിന്റെ അടയാളം രൂപീകരിച്ചു, ആ അടയാളത്താൽ കുട്ടിയുടെ പ്രാണൻ മടങ്ങിവന്നു. ഏലിയാ അത് മൂന്നുപ്രാവശ്യം ആവർത്തിച്ചു, കർത്താവും മരണമടഞ്ഞവരുടെ ദേശത്ത് സ്വയം മൂന്നു നാൾ പാർത്ത് ആദാമ്യ വർഗ്ഗത്തെ പുനരുദ്ധരിച്ചു. യാക്കോബ് പറയുന്നു:

> ഏലിയായേ നോക്കുക! മരിച്ച ഒരുവനെ ഉയിർപ്പിക്കുവാൻ അവർ ആവശ്യപ്പെട്ടപ്പോൾ, പുത്രന്റെ കുരിശ് രൂപവൽക്കരിച്ചില്ലായിരുന്നുവെങ്കിൽ, മരിച്ചവൻ ജീവിക്കുകയില്ലായിരുന്നു. മെമ്രാ 80[59]

### 3.3.3 ഏലീശാ

ഏലീശായുടെ ജീവിതത്തിൽ അനേക തവണ കുരിശ് പ്രത്യക്ഷപ്പെടുന്നതായി സുറിയാനി പിതാക്കന്മാർ കാണുന്നു.

#### 3.3.3.1 ശൂനേംകാരിയുടെ മകനെ ഉയിർപ്പിക്കുന്നത്

ശൂനേമിൽ കൂടെ കടന്നുപോകുമ്പോഴെല്ലാം ഏലിശായ്ക്കും ഭൃത്യനും ആതിഥേയത്വം നല്കിയതിനു പ്രത്യുപകാരമായി ശൂനേംകാരത്തിസ്ത്രീയ്ക്ക് ഒരു പുത്രൻ ജനിക്കുമെന്ന് ഏലീശാ വാഗ്ദാനം ചെയ്തു. പിന്നീട് ആ മകൻ മരിച്ചപ്പോൾ ആ സ്ത്രീ ഏലീശായുടെ അടുക്കൽ ചെന്ന് തന്നോടൊത്തു വരുവാൻ ഏലീശായോട് അപേക്ഷിച്ചു. ഏലീശ കുട്ടിയുടെമേൽ കവിണ്ണ് വീണ് കുട്ടിയെ ഉയിർപ്പിച്ചു.[60]

സരഫാത്തിലെ വിധവയുടെ കുട്ടിയെ ഏലിയാ ഉയിർപ്പിച്ചതുപോലെ ഏലീശായും കുരിശുരൂപം കുട്ടിയുടെ മേൽ തീർത്താണ് കുട്ടിയെ

---

58 *Aphraatis Sapientis Persae Demonstrationes*, 38

59 *Homiliae Selectae Mar-Jacobi Sarugensis*, III:315

60 II രാജ 4: 32-37

ഉയിർപ്പിച്ചത്. ഏലീശായ്ക്കും ശൂനേംകാരത്തിയ്ക്കും സമർപ്പിച്ച ഒരു മെമ്രായിൽ യാക്കോബ് പറയുന്നു:

> അവൻ തന്റെ കൈകളെ വിരിച്ച് മരിച്ച കുട്ടിയുടെ കൈകളിന്മേൽ വച്ചു. മരണം കുരിശിനെ കണ്ട് ഏലിശായിൽ നിന്നും ഓടിപ്പോയി. അവൻ ശരീരത്തിന്മേൽ കുരിശ് രൂപവൽക്കരിച്ചു. മാളികമുകളിൽ അവൻ അങ്ങോട്ടും ഇങ്ങോട്ടും നടന്ന് പുത്രന്റെ കുരിശടയാളം തീർത്തു. മെമ്രാ 118[61]

ഇവിടെ കുരിശിന്റെ രണ്ടു സാദൃശ്യങ്ങൾ നമുക്കുകാണാം; ഒന്ന് കുരിശാകൃതിയിൽ ഏലീശ തന്റെ ശരീരത്തെ വിരിച്ചു, രണ്ടാമത്തേത് മുറിയിൽ ഏലീശ കുരിശു രൂപത്തിൽ നടന്നു എന്ന സങ്കല്പം കുട്ടിയുടെമേൽ ഏലീശ തന്റെ ശരീരത്തെ വിരിച്ചതും ക്രിസ്തു കുരിശിന്മേൽ തന്റെ ശരീരത്തെ ഉയർത്തിയതും തമ്മിൽ താരതമ്യം ചെയ്ത് നർസായി ഇതേ സാദൃശ്യം പരാമർശിക്കുന്നു. അദ്ദേഹം എഴുതുന്നു:

> ഏലീശായുടെ ആത്മാവുള്ള പ്രവാചകനെ നോക്കുക! ശൂനേം കാരി സ്ത്രീയുടെ ഏകമകനെ ഉയിർപ്പിച്ചപ്പോൾ അദ്ദേഹം എന്തു നേടി എന്നു കാണുക. പ്രവാചകൻ കുട്ടിയുടെ മേൽ വീണ് തന്റെ കാലുകളും കൈകളും കുരിശാകൃതിയിൽ വച്ചു എന്നു പറഞ്ഞിരിക്കുന്നു. മരിച്ച കുട്ടിയുടെ ശരീരം ചൂടുപിടിച്ചപ്പോൾ കുട്ടിയുടെ മേൽ നിന്നും ഏലീശ എഴുന്നേറ്റു. തന്റെ നടത്തത്തിലൂടെ ക്രിസ്തുവിന്റെ കുരിശ്, രൂപം കൊള്ളുവാൻ ആരംഭിച്ചു.
>
> മെമ്രാ30.[62]

#### 3.3.3.2 പൊങ്ങിനടന്ന കോടാലി

പുതിയ വീട്[63] നിർമ്മിക്കുന്നതിനിടയിൽ പ്രവാചകന്മാരിൽ ഒരുവനിൽ നിന്നും ഊരി വീണ കോടാലി ഉയർത്തി എടുക്കുവാൻ വെള്ളത്തിലേക്ക് ഏലീശ എറിഞ്ഞ കോലിന്റെ കഥ കുരിശിന്റെ വേറൊരു സാദൃശ്യമായി പരിണമിക്കുന്നു. ഇരുമ്പ് പൊങ്ങിവരുവാൻ കാരണഭൂതമായ മരം കൊണ്ടുള്ള കോലിൽ, നിയമത്തിന്റെയും എന്നാൽ വിശ്വാസികൾക്ക് മഹത്വത്തിന്റെ രക്ഷയുടെയും അടയാളമായ കുരിശിന്റെ പ്രതീകം ദർശിച്ച അഫ്രേം ഈ ബന്ധം വിശദമാക്കുന്നു. ക്രിസ്തുവിനെ അഭിസംബോധന ചെയ്തുകൊണ്ട് സൃഷ്ടിപരമായ വിധത്തിൽ അദ്ദേഹം എഴുതുന്നു:

---

61 *Homiliae Selectae Mar-Jacobi Sarugensis,* IV:316

62 *Narsai Homiliae et Carmina,* II:125

63 2 രാജാക്കന്മാർ 6:1-7

> മുങ്ങിതാണുചെന്ന് ഉയർത്തികൊണ്ടുവന്ന കോലിനാൽ നിന്റെ രഹസ്യം വിശദമാക്കപ്പെട്ടിരിക്കുന്നു. അവിശ്വസ്തർ മുങ്ങിപ്പോകാനും പീഡിതർ പൊങ്ങിവരാനും ഇടയാക്കിയ നിന്റെ മരത്തിൽ അതിന്റെ വിശദീകരണം സ്ഥിതിചെയ്യുന്നു.
>
> കന്യാത്വത്തെക്കുറിച്ചുള്ള മെമ്രാ VIII,7[64]

കുരിശിന്റെ പ്രതീകമായി ഏലീശാ പ്രവർത്തിച്ചതിനെ പരാമർശിക്കുന്ന ഏക സഭാ പിതാവ് അഫ്രേം മാത്രമല്ല, ഈ സാമ്യത വളരെ വ്യക്തമായി പ്രസ്താവിക്കുന്ന ഒരു പിതാവാണ് ദിദിമോസ്. അദ്ദേഹം എഴുതുന്നു.

> വെളിച്ചത്തിൽ നിന്നും വീണുപോയ മനുഷ്യപ്രകൃതി അന്ധകാരത്തിന്റെ അഗാധങ്ങളിലേക്ക് പോയ ഇരുമ്പ് അർത്ഥമാക്കുന്നു..... കിട്ടേണ്ടിയിരുന്ന സാധനം കിടന്നിരുന്നിടത്തേക്ക് എറിഞ്ഞ മരകൊമ്പ് മഹത്വമുള്ള കുരിശിനെ പ്രതീകമാക്കുന്നു.
>
> ത്രിത്വത്തെക്കുറിച്ച് 139,699[65]

യുസ്തിൻ (Justin-dial LXXXVI,6), ഐറേനിയസ് (Adv.Maer.V,17:4)[66] മുതലായ മറ്റു പിതാക്കന്മാരുടെ രചനകളിലും ഇതേ ആശയം ഉള്ളതായി Danielou പറയുന്നുണ്ട്.

കുരിശ് ഉണ്ടാക്കിയിരിക്കുന്ന പദാർത്ഥത്തെ-മരം-ക്കുറിച്ചുള്ള അഫ്രേമിന്റെ ഊന്നൽ മനസ്സിൽ കരുതികൊണ്ട്, തിരുവെഴുത്തുകളുടെയും പ്രകൃതിയുടെയും സാന്നിദ്ധ്യം ഏലീശായുടെ അനുഷ്ഠാനത്തിൽ കുരിശിന്റെ യാഥാർത്ഥ്യത്തിന്റെ രണ്ടു സാക്ഷികളായി നമുക്ക് നിഷ്പ്രയാസം അനുഭവപ്പെടും. തിരുവെഴുത്തുകൾ, കുരിശിലുള്ള ദൈവത്തിന്റെ അത്ഭുതകരമായ ശക്തിക്ക് സാക്ഷ്യം വഹിക്കുന്നു. അതിനാൽ ജനതകളും പുറജാതികളും പാപത്തിൽ നിന്നും രക്ഷപ്രാപിക്കുന്നു- അതിൽ വിശ്വസിക്കാത്ത യഹൂദജനത്തിന്റെ മുങ്ങിത്താഴലിലൂടെ. പ്രകൃതിയും കുരിശിന് സാക്ഷ്യം വഹിക്കുന്നു, കാരണം ഇരുമ്പിനെക്കാൾ ഭാരം കുറഞ്ഞതും വെള്ളത്തിന്മേൽ പൊങ്ങിക്കിടക്കുന്നതുമായ മരം ഭാരമുള്ള ഇരുമ്പിനെ[67] പൊക്കിയെടുക്കുന്നു. പാപത്തിൽ അഗാധമായി മുങ്ങികിടന്നിരുന്ന പുറജാതികൾ രക്ഷപ്പെട്ട് പാപത്തിന്റെ അന്ധകാരത്തിൽ നിന്ന് ദൈവമഹത്വത്തിന്റെ പ്രകാശത്തിലേക്ക് ഉയർത്തപ്പെടുന്നതിനാൽ ഈ മരം കുരിശിന്റെ ഒരു സാദൃശ്യമാകുന്നു.[68]

---

64 *Des Heiligen Ephraem des Syrers Hymnen de Virginitate,* 29.

65 J. Danielou, *Primitive Christian Symbols,* Compass Books (London: Burns & Oates, 1964),92.

66 J. Dani'elou, *The Theology of Jewish Christianity,* 275

67 കപ്പൽ നിർമ്മാണം ആശ്രയിക്കുന്ന ഒരു പ്രകൃതി നിയമമാണിത്.

68 ഏശായ 9:2, മത്തായി 4:16

നർസായിയും ഇതിനെ വ്യാഖ്യാനിച്ചു പറയുന്നു:

പ്രവാചക പുത്രന്മാരുടെ പക്കൽ നിന്നും
ഇരുമ്പ് അഗാധമായ വെള്ളത്തിലേക്ക് വീണപ്പോൾ
പ്രവാചകൻ ഒരു മരക്കൊമ്പ് വെട്ടിയെടുത്ത് അവി
ടേക്ക് എറിഞ്ഞതായി എഴുതപ്പെട്ടിരിക്കുന്നു.
മരം മുങ്ങിത്താണ്, ഇരുമ്പ് വെള്ളത്തിൽ പൊങ്ങിവന്നു....
ഇരുമ്പിനെപ്പോലെ നമ്മുടെ സ്വഭാവം മരണക്കുഴിയി
ലേക്ക് മുങ്ങി താണു; കുരിശ് താണുവന്ന് മരണത്തിന്
മുകളിലേക്ക് ഉയർത്തി എടുത്തു.
ദൈവപുത്രൻ തന്റെ കുരിശിന്മേൽ ശീയോളിലെ
കടലിലേക്ക് താണിറങ്ങി. മരിച്ചവൻ മർത്ത്യതയുടെ
ചുഴലിയിൽ നിന്നും കരകയറി. Homily 30[69]

69 Narsai, *Homiliac et Carmina,* II:125-126

അദ്ധ്യായം 4

# പ്രകൃതിയിൽ കുരിശിന്റെ പ്രതീകങ്ങൾ

## 4.1 ആമുഖം

തിരുവെഴുത്തുകളിൽ മാത്രമല്ല, പ്രകൃതിയിലും ദൈവം വെളിവാക്കപ്പെട്ടിട്ടുണ്ട്. നാം ദൈവത്തെ അന്വേഷിക്കുകയാണെങ്കിൽ, തിരുവെഴുത്തുകളിലും പ്രകൃതിയിലും അവനെ അന്വേഷിക്കണം. അവ രണ്ടും ഒഴിച്ചുകൂടാനാവാത്തതായ സാക്ഷ്യം വഹിക്കുന്ന രണ്ടു ഘടകങ്ങളാണ്. അവയിൽ ദൈവം തന്റേതായ ചില മുഖങ്ങളെ, പുത്രന്റെ മനുഷ്യാവതാരം പൂർണ്ണമായി വെളിവാക്കപ്പെടത്തക്കവണ്ണം വെളിവാക്കുന്നു. സുറിയാനി പിതാക്കന്മാരെ സംബന്ധിച്ചിടത്തോളം, വിശ്വാസദൃഷ്ടിക്ക് തിരുവെഴുത്ത് സൃഷ്ടിയിലുമുള്ള സകലവും സ്രഷ്ടാവിങ്കലേക്ക്[1] ഉള്ള ചൂണ്ടുപലകയാണ്. കന്യാത്വത്തെക്കുറിച്ചുള്ള ഒരു മെമ്രായിൽ അഫ്രേം എഴുതുന്നു:

> നിന്റെ കണ്ണുകൾ എവിടേക്ക് നീ തിരിച്ചാലും അവിടെയെല്ലാം
> ദൈവത്തിന്റെ പ്രതീകങ്ങളാണ്.
> നീ വായിക്കുന്നിടത്തെല്ലാം ദൈവത്തിന്റെ സാദൃശ്യം നീ കാണും.
> *Hymns on Virginity* XX,12[2]

ഈ പ്രസ്താവന അഫ്രേം വിശദീകരിച്ചുകൊണ്ട്, മനുഷ്യവർഗ്ഗത്തിന് തിരുവെഴുത്തുകളെയും പ്രകൃതിയെയും തങ്ങളെ വിശ്വാസത്തിൽ നയിക്കുന്നതിന് എപ്രകാരം ഉപയോഗപ്രദമാക്കാമെന്ന് ചൂണ്ടിക്കാട്ടുന്നു: അദ്ദേഹം എഴുതുന്നു.

> മോശ തന്റെ പുസ്തകത്തിൽ ഭൗമിക ലോകത്തിന്റെ സൃഷ്ടി വർണ്ണിച്ചിരിക്കുന്നു. തിരുവെഴുത്തും പ്രകൃതിയും സ്രഷ്ടാവിന് സാക്ഷിത്വം വഹിക്കുവാനായി തന്നെ- പ്രകൃതി മനുഷ്യന്റെ

1 S.P Brock, *The Harp of the Spirit: Twelve Poems of St. Ephraem*, Studies Supplementary to Sobornmost 4 (London: Fellowship of St. Alban and St. Sergius, 1975),10.

2 *Des Heiligen Ephraem des Syrers Hymnen de Virginitate,* CSCO 223, Scr. Syri 94, E. Beck, ed. (Louvain: Secretariat du CorpusSCo,1962),70.

> ഉപയോഗത്താലും തിരുവെഴുത്ത് മനുഷ്യന്റെ വായനയിലൂടെയും. എല്ലായിടത്തും എത്തിച്ചേരുന്ന സാക്ഷികളാണ് അവ. അവ എല്ലാ സമയത്തും കാണപ്പെടുന്നു. എല്ലാ നാഴികയിലും സന്നിഹിതരുമാണ്-സ്രഷ്ടാവിനെ അപമാനിക്കുന്ന അവിശ്വാസിയെ അവ ഖണ്ഡിക്കുന്നു.
>
> *Hymns on Paradise* V,2[3]

അഫ്രേമിനെ സംബന്ധിച്ചിടത്തോളം സ്രഷ്ടാവായ ദൈവത്തിൽ വിശ്വസിക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറുവാൻ മനുഷ്യന് ഒരു ഒഴിവുകഴിവും ഇല്ല; കാരണം, ന്യായപ്രമാണ[4]പ്രകാരം ദൈവത്തിനു ഒന്നിനു പകരം രണ്ടു സാക്ഷികളാണുള്ളത്. ഇവ രണ്ടും ആത്മീയ യാഥാർത്ഥ്യം അഥവാ സത്യ(ܫܪܝܪܐ=ശാറീറൊ)ത്തിന്റെ ചൂണ്ടു പലകകളാകുന്ന പ്രതീക[5]ങ്ങളാലും സാദൃശ്യങ്ങളാലും ദൈവത്തെ സാക്ഷിക്കുന്നു.

ജാതി(nation)ക്കും ജാതികൾക്കും(nations) ദൈവത്തെ മനസ്സിലാക്കുവാനായി അവസരം ഒരുക്കുന്ന ഈ രണ്ടു സാക്ഷികളിൽ ദൈവം തന്റെ യാഥാർത്ഥ്യത്തെ വെളിവാക്കിയിരിക്കുന്നു. ജാതി(nation)ക്ക്, അഥവാ ഉടമ്പടി ജനതയ്ക്കു തിരുവെഴുത്തുകളിലൂടെ ദൈവത്തെ മനസ്സിലാക്കാൻ കഴിയും. തിരുവെഴുത്തുകളില്ലാത്ത പുറജാതികളായ ജാതികൾ (Nations)ക്ക് ദൈവം വേറൊരുവഴി ഏകിയിരിക്കുന്നു. അഫ്രേം എഴുതുന്നു:

> പ്രകൃതിയും തിരുവെഴുത്തുകളും എപ്രകാരം കൃഷീവലനുവേണ്ടി നുകത്തിൽ ബന്ധിച്ചിരിക്കുന്നു എന്നു നോക്കി കാണുക. വേശ്യാവൃത്തി ചെയ്യുന്നവരെയും മാന്ത്രികരെയും കൊലപാതകികളെയും പ്രകൃതി അറപ്പോടെ വെറുക്കുന്നു. തിരുവെഴുത്തുകളും അപ്രകാരം തന്നെ വെറുക്കുന്നു. പ്രകൃതിയും തിരുവെഴുത്തുകളും കൂടി ഒരിക്കൽ നിലം വൃത്തിയാക്കി കഴിഞ്ഞപ്പോൾ അവ അതിൽ പുതിയ കല്പനകൾ വിതച്ചു. ഹൃദയനിലത്തിൽ ഫലം വഹിക്കുവാനായിട്ടു തന്നെ. പ്രകൃതിയുടെ കർത്താവായവന് സ്തുതി. തിരുവെഴുത്തുകളുടെ കർത്താവിന് മഹത്വം.
>
> *Hymns against Heresies* XXVIII,11[6]

---

3 *Des Heiligen Ephraem des Syrers Hymnen de Paradiso and Contra Julianum,* CSCO 174, Scr. Syri 78, E. Beck, ed. (Louvain: Secretariat du Corpus SCO, 1957), 16. The translation is by: S.P. Brock, *St. Ephrem the Syrian, Hymns on Paradise* (Crestwood, NY: St. Vladimir's Seminary Press, 1990), 102-103.

4 യോഹന്നാൻ 8:17

5 The term 'Symbol' in Syriac means: mystery, secret, type, sacrament. See: L. Costaz, S.J., *Syriac-English Dictionary,* (Beyrouth: Imprimerie Catholique, 1963)

6 *Des Heiligen Ephraem des Syrers Hymnen Contra Haereses,* CSCO 169, Scr. Syri 76, E. Beck, ed. (Louvain: Durbecq, 1957)m 114. The translation is by: S.P. Brock, *The Harp of the Spirit*,10.

റോമർ 2.12-15ലെ വി. പൗലോസിന്റെ ആശയത്തിൽ നിന്നും അകലെ യല്ലാതെ, മോശയുടെ ന്യായപ്രമാണം യഹൂദർക്കുള്ള വെളിപാടായി അഫ്രേം പരിഗണിക്കുന്നു; പ്രകൃതി നിയമങ്ങളെ പുറജാതികൾക്കുള്ള വെളിപാടായും. ആകയാൽ പ്രകൃതിയും തിരുവെഴുത്തുകളും യഹൂദ രെയും പുറജാതജാതികളെയും മനുഷ്യാവതാരത്തിന്റെ സത്യം ഗ്രഹിക്കു വാനായി ഒരുക്കുന്നതിനുവേണ്ടിയും സുരക്ഷയുടെ പുതിയനിയമത്തിൽ ഐകമത്യത്തോടെ പാർക്കുന്നതിനുവേണ്ടിയും ദൈവത്തിന്റെ രഹസ്യ ങ്ങൾ വെളിപ്പെടുത്തുന്നു.

ക്രിസ്തുമതത്തിന്റെ മറ്റെല്ലാ ഘടകങ്ങൾ പോലെ കുരിശും അതിന്റെ പ്രതീകങ്ങളും സാദൃശ്യങ്ങളും പ്രകൃതിയിലും പ്രകൃതിനിയമങ്ങളിലും തിരുവെഴുത്തുകളിൽ കാണുന്നതുപോലെ കാണുന്നു.

സുറിയാനി പിതാക്കന്മാരുടെ ദൈവശാസ്ത്രത്തിൽ പ്രകൃതിയുടെ സ്ഥാനം നാം മനസ്സിലാക്കി കഴിഞ്ഞതിനാൽ, വരും ഭാഗങ്ങളിൽ മൂന്ന് പ്രധാന ആശയങ്ങളെ നാം കൈകാര്യം ചെയ്യുന്നു. കുരിശ് ലോകത്തിന്റെ കേന്ദ്രം; കുരിശും മരവും; പ്രകൃതിയിൽ കുരിശിന്റെ പ്രതീകങ്ങൾ.

## 4.2 കുരിശ് ലോകത്തിന്റെ കേന്ദ്രം

ഭൂമി മുഴുവൻതന്നെ കുരിശിന്റെ പ്രതീകമായി പരിഗണിക്കുക എന്നത് സുറിയാനി പിതാക്കന്മാരുടെ ചിന്താസരണിയിൽ നിന്നും വിദൂരമല്ല- പ്രത്യേകിച്ചും ഒരു കേന്ദ്ര ബിന്ദുവിൽ കൂടിച്ചേരുന്ന, അന്യോന്യം ബന്ധ പ്പെട്ടുകിടക്കുന്ന നാലു ദിക്കുകൾ ഭൂമിക്ക് ഉള്ളതിനാൽ. ഭൂമിയുടെ നാല റ്റങ്ങൾ കൂടിച്ചേരുന്ന ബിന്ദുവാണ് കുരിശ്. ആകയാൽ കുരിശ് ഭൂമിയുടെ കേന്ദ്രമാണ്. നർസായി ഇത് സ്പഷ്ടമായി പറയുന്നു. അദ്ദേഹത്തിന്, നാലറ്റങ്ങളാൽ രൂപീകൃതമായതാണ് കുരിശ് എന്ന വസ്തുത വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അതുപ്രകാരം, നാലുഘടകങ്ങളുള്ള ഏതും കുരിശിന്റെ സാദൃശ്യമാണ്- പ്രത്യേകിച്ചും ലോകം അതിന്റെ നാലു ദിക്കു കളാലും സംവത്സരം അതിന്റെ നാലു കാലങ്ങളാലും. അദ്ദേഹം എഴു തുന്നു:

> നാലു ദിക്കുകളാൽ സൃഷ്ടിക്കപ്പെട്ട ലോകം മുഴുവനും കുരിശിന്റെ അടയാളം ദൃശ്യമാക്കുന്നു. കുരിശിനെപ്പോലെ നാലു കാലങ്ങളാൽ സംവത്സരം പുലർത്തപ്പെടുന്നു. അവയിലേതെങ്കിലും ഒന്ന് അറച്ചു നിന്ന് താമസിച്ചാൽ അതു പൂർണ്ണമാകിയില്ല. മെമ്രാ 30[7]

ഈ ആശയത്തിന് ഉപോൽബലകമായത്, ലോകത്തിന്റെ അറ്റങ്ങളെ ആശ്ലേഷിക്കാനായി, കുരിശിൽ ക്രിസ്തു തന്റെ കൈകൾ വിരിച്ചു നീട്ടിയ

7 Narsai Homeliae et Carmina, 2 vols. A. Mingana, ed (Mosul, Iraq: Typis Fratrum Praedicatorum, 1905)II:121.

ഗോൽഗോത്ത[8] ഭൂമിയുടെ മദ്ധ്യ (കേന്ദ്ര)മെന്ന ആദിമ ക്രിസ്ത്യൻ പാരമ്പര്യമാണ്. എല്ലാ ദിക്കുകളെയും ആശ്ലേഷിച്ച്, എല്ലാ ദിക്കുകളിൽ നിന്നുമുള്ള ആത്മാക്കളെ വഹിക്കുവാനുതകും വിധം തന്റെ കരുണയാൽ തന്റെ കൈകൾ ഗോൽഗോത്തായിലെ കുരിശിൽ വിടർത്തുവാൻ കർത്താവ് നിർബന്ധിതനായി എന്ന് അഫ്രേം ഈ വിഷയത്തെ പരാമർശിച്ചുകൊണ്ട് പ്രസ്താവിക്കുന്നു.[9]

ഏതാണ്ട് ഇതേ ഭാഷയിൽ, കുരിശിൽ ഉയർത്തപ്പെട്ട കർത്താവിനെക്കുറിച്ച് സ്രൂഗിലെ യാക്കോബ് പറയുന്നു:

> ഉയരങ്ങൾക്കും ആഴങ്ങൾക്കും മദ്ധ്യേ അവനെ ഒരു തൂണുപോലെ അവർ നാട്ടി. ലോകത്തിന്റെ ഭാരം ശക്തമായിത്താങ്ങത്തക്ക വണ്ണം അവൻ നിന്നു. അവന്റെ കൈകൾ അവർ ലോകത്തിന്റെ അറ്റങ്ങൾ ആശ്ലേഷിക്കത്തക്കവണ്ണം വലിച്ചു നീട്ടി. അവനാകട്ടെ, തന്റെ പിതാവിനു സമ്മാനിക്കുവാനായി സകല സൃഷ്ടികളെയും കരങ്ങളിൽ തടുത്തു കൂട്ടി. മെമ്രാ 53[10]

ലോകത്തിന്റെ കേന്ദ്രം എന്ന കുരിശിന്റെ ഈ പ്രതിരൂപം, ലോകത്തിന്റെ കേന്ദ്രമായി പരിഗണിക്കപ്പെട്ടിരിക്കുന്ന പ്രപഞ്ചവൃക്ഷ(Cosmic Tree)[11]വുമായുള്ള കുരിശിന്റെ ബന്ധത്തിലും ദർശിക്കുവാൻ കഴിയും. ലോകത്തിന്റെ ഈ വൃക്ഷം പൗരാണിക സാർവ്വത്രിക പുരാവൃത്തം[12] ആയിരുന്നു. എന്നാൽ ഈ കുരിശ്-വൃക്ഷ ബന്ധത്തെകുറിച്ചുള്ള പ്രത്യേക മാനദണ്ഡം അഫ്രേം അറിഞ്ഞിരിക്കാൻ സാധ്യതയില്ല. കുരിശിൽ ലോകത്തിന്റെ നാലു ദിക്കുകൾ സംയോജിക്കുന്നു എന്ന വസ്തുതയിൽ നിന്നുമാണ് കുരിശ് ലോകത്തിന്റെ കേന്ദ്രമെന്ന് അദ്ദേഹം കാണുന്നത്. വിശ്വാസത്തെപ്പറ്റിയുള്ള മെമ്രായിൽ (*Hymns of faith* XLIX,4[13]) നോഹയുടെ പെട്ടകം

---

8 Cycril of Jerusalem XII,28, in J. Dani'lou, *The Theology of Jewish Christianity, The Development of Christian Doctrine. Before the Council of Nicaea,* Vol.1 (London: Darton, Longman & Todd, 1964),289

9 *Ephraem de Nisibe, Commentaire de L' Evangile Concordant on Diatessaron: traduit du syriaque et de l'armenien,* Sources Chre'tiennes 121, L. Leloir, ed (Paris: Editions du Cerf,1966), 381ff

10 *Homiliae Selectae Mar-Jacobi Sarugensis,* 5 vols. P. Bedjan, ed. (Paris Leipzig: Otto Harrasssowitz, 1905-1910),II:468.

11 M. Eliade, *Images and Symbols: Studies in Religious Symbolism* (Mission, KS: Sheed, Andrews& McMeel, 1961),163.

12 H.de Lubac, *Aspects du Bouddhisme,* La sphere et la croix (Paris: Editions du Seuil, 1951),75.

13 *Des Heiligen Ephraem des Syrers Hymnen de Fide,* CSCO 154, Scr. Syri 73, E. Beck, ed. (Louvin: Durbecq, 1955), 155

കിഴക്കുനിന്ന് പടിഞ്ഞാറേക്കും വടക്കുനിന്ന് തെക്കോട്ടും ഒഴുകി നടന്ന് കുരിശാകൃതി വരയ്ക്കുന്നതായി അദ്ദേഹം സങ്കല്പിക്കുന്നു. തുടർന്ന് അദ്ദേഹം എഴുതുന്നു:

> അതിന്റെ യാനമാർഗ്ഗത്താൽ അതിന്റെ സംരക്ഷകന്റെ അടയാളം, അതിന്റെ കപ്പിത്താന്റെ കുരിശ്, അതിന്റെ നാവികന്റെ മരം- വെള്ള ങ്ങളിൽ നമുക്കുവേണ്ടി സഭ പണിയുവാൻ വരുന്നവന്റെ (ഈ അട യാളങ്ങൾ) അത് വരച്ചു കാണിച്ചു.
>
> *വിശ്വാസത്തെക്കുറിച്ചുള്ള മെമ്രാ* 49,4.[14]

തന്റെ കണ്ണുകൾ ഉയർത്തി വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടം പടിഞ്ഞാ റോട്ടും നോക്കുവാൻ അബ്രഹാമിനോട് കർത്താവ് കല്പിച്ചു. ഉത്പത്തി 13:14 ന്റെ അഫ്രേമിന്റെ വ്യാഖ്യാനത്തിൽ ഇതേ ആശയം വീണ്ടും പ്രത്യ ക്ഷപ്പെടുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ അബ്രഹാം കുരിശ് വരയ്ക്കുക യാണ് ചെയ്യുന്നത്. തുടർന്ന് ദൈവം കുരിശിന്റെ അടയാളത്താൽ ദേശം അബ്രഹാമിനു നൽകുന്നു. ആ ദേശം അബ്രഹാമിന്റെ സന്തതികളിൽ നിന്നും ക്രിസ്തുവിന്റെ കുരിശാൽ ജാതികൾക്ക് നല്കപ്പെട്ടു. അദ്ദേഹം എഴുതുന്നു:

> ലോത്ത് അബ്രഹാമിൽ നിന്ന് പിരിഞ്ഞതിനുശേഷം കർത്താവ് അവന് പ്രത്യക്ഷപ്പെട്ട് അവനോട് പറഞ്ഞു. എഴുന്നേറ്റ് ദേശത്തിന് നെടുകയും കുറുകെയും നടക്കുക, എന്തെന്നാൽ അതിനെ ഞാൻ നിനക്കു നൽകും. സ്പഷ്ടമായി കുരിശ് ഇവിടെ ചിത്രീകരിച്ചി രിക്കുന്നു. അങ്ങനെ, ആദ്യപിതാക്കന്മാർക്ക് കുരിശിന്റെ അടയാള ത്താൽ ദേശം നല്കപ്പെട്ടു. കുരിശിനാൽ തന്നെ അത് പില്ക്കാല പിതാക്കന്മാർക്ക് നഷ്ടപ്പെടുകയും ചെയ്തു.
>
> *ഉത്പത്തിയുടെ വ്യാഖ്യാനം* X,2[15]

## 4.3 കുരിശും മരവും

യേശുവിന്റെ കുരിശ് മരം കൊണ്ടുണ്ടാക്കിയതായിരുന്നു എന്ന വസ്തുത പിതാക്കന്മാർക്ക് അതിപ്രാധാന്യമുള്ള ഒന്നായിരുന്നു. മനുഷ്യ വർഗ്ഗത്തിന്റെ മരണം എന്ന നിലയിലും ജീവന്റെ സ്രോതസ്സ് എന്ന നില യിലും ഇരട്ട പ്രാധാന്യമാണ് വൃക്ഷങ്ങളുടെ തടി (മരം)യ്ക്കുള്ളത്. വൃക്ഷവും ഫലവും തമ്മിലുള്ള ബന്ധവും പിതാക്കന്മാർ നിരീക്ഷിക്കു ന്നുണ്ട്.

---

14 R. Murray, *Symbols of Church and Kingdom: A Study in Early Syriac Tradition* (London: Cambridge University Press, 1975),253

15 *Sancti Ephraem Syri In Genesim et in Exodus Commentarri,* CSCO 152, Scr. Syri 71, R.M. Tonneau, ed. (Louvain: Durbecq,1955),68.

സുറിയാനി പിതാക്കന്മാർ, മരം (തടി) എന്ന പദം ചിലപ്പോൾ കുരിശിനെയും ചിലപ്പോൾ വൃക്ഷത്തെയും പരാമർശിക്കുന്നതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അവർ വൃക്ഷത്തെയാണൊ കുരിശിനെയാണൊ അർത്ഥമാക്കുന്നത് എന്നറിയുക പ്രയാസമേറിയതായി ഭവിച്ചേക്കാം. കുരിശും മരവും പരസ്പരം മാറിയും മിക്കപ്പോഴും പര്യായമായും വരുന്നുണ്ട്. മരത്താൽ കൈവരിച്ച ക്രിസ്തുവിന്റെ രക്ഷയെ വിവരിക്കുമ്പോൾ അഫ്രേം എഴുതുന്നു.

> അനുഗ്രഹീത വൃക്ഷം (tree) തന്റെ സ്നേഹത്താൽ നമ്മുടെ പക്കലെത്തി. മരം (wood) മരത്തെ(Wood) ഇല്ലായ്മ ചെയ്തു. ഫലം ഫലത്താൽ അവസാനിക്കവാൻ കാരണഭൂതമായി. കൊലയാളി ജീവനുള്ളവനാലും
>
> *കന്യാത്വത്തെകുറിച്ചുള്ള മെമ്രാ* VIII,1[16]

മുകളിൽ കൊടുത്തിരിക്കുന്നത് ഇപ്രകാരം വ്യാഖ്യാനിക്കാം:

ആദ്യത്തെ മരം (wood) കുരിശിനെ പ്രതീകാത്മകമാക്കിയിരിക്കുന്നു. എന്നാൽ രണ്ടാമത്തേത് (wood) അറിവിന്റെ വൃക്ഷത്തെയും. ആദ്യത്തെ ഫലം എന്ന പ്രയോഗം മരത്തിന്റെ ഫലം എന്ന അർത്ഥത്തിൽ അറിവിന്റെ വൃക്ഷം എന്നോ അറിവിന്റെ വൃക്ഷത്തിന്റെ ഫലം എന്ന അർത്ഥത്തിൽ മരണമൊ ആകാം. രണ്ടർത്ഥത്തിനും സാധ്യതയുണ്ട്. രണ്ടാമത്തെ 'ഫലം' അനുഗ്രഹീത ജീവവൃക്ഷത്തിന്റെ ഫലമായ ക്രിസ്തുവിന് പകരമായൊ ക്രിസ്തുവിന്റെ മരണത്തിന്റെ ഫലമായ ജീവൻ എന്നതിനു പകരമായൊ കാണാം. അപ്പോൾ ആ വരി 'ജീവനാൽ മരം ഇല്ലായ്മ ചെയ്യുവാൻ കാരണമായി' എന്നു വായിക്കാം. ഏറ്റവും അവസാനത്തെ വരി മനസ്സിലാക്കുക എളുപ്പമല്ല. അതിൽ രണ്ടു പദങ്ങൾ മാത്രമെ ഉള്ളൂ എന്നത് വാസ്തവമാണ്; എന്നാൽ അത് ഒന്നിലധികം വിധത്തിൽ വ്യാഖ്യാനിക്കാം. 'കൊലയാളി' ഒന്നുകിൽ മരം അല്ലെങ്കിൽ, അതിന്റെ ഫലത്താൽ വൃക്ഷം. അതേ സമയം കൊലയാളിയെ നശിപ്പിച്ച 'ജീവനുള്ളവൻ' ജീവന്റെ വൃക്ഷമൊ അതിന്റെ ഫലമായ കുരിശൊ ആകാം. ക്രിസ്തുവിനെ തന്നെ പരാമർശിക്കുന്നതും ആവാം അത്, കാരണം 'ജീവനുള്ളവൻ' എന്ന പദം അഫ്രേമിന്റെ കൃതികളിലും പൊതുവെ സുറിയാനി സാഹിത്യത്തിലും 'ജീവനുള്ള കുരിശ്' 'ജീവനുള്ള ക്രിസ്തു' എന്നിവയ്ക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

കുരിശിനെ കുറിച്ച്, അതിനെ ഒട്ടും പരാമർശിക്കാതെ, പറഞ്ഞുകൊണ്ട് അഫ്രേം അതിനപ്പുറം പോകുന്നു. പൊതുവെ മരം കുരിശ് ആണ്, നാം വായിക്കും പ്രകാരം:

---

16 *Des Heiligen Ephraem des Syrers Hymnen de Virginitate, 28*

അവൻ (ക്രിസ്തു) ഉയരങ്ങളിൽ നിന്നും ഒരു നദിയായി
ഒഴുകി. മറിയാമിൽ നിന്ന് വേരായും.
മരത്തിൽ നിന്നും ഫലമായി അവൻ ഇറങ്ങിവന്നു,
ആദ്യ ജാതനായി അവൻ സ്വർഗ്ഗത്തിലേക്ക് കരേറി.
അവന്റെ ഇഷ്ടം അനുഗ്രഹീതമാകട്ടെ.

*ഉയിർപ്പിനെക്കുറിച്ചുള്ള മെമ്രാ* 1,6[17]

ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള അഫ്രേമിന്റെ വർണ്ണനയുടെ ഈ ശ്രേഷ്ഠ കൃതിയിൽ, സ്രോതസ്സിൽ നിന്നുമുള്ള ബന്ധം നഷ്ടപ്പെടുത്താതെ തുടർച്ചയായി ഒഴുകികൊണ്ടിരിക്കുന്ന ഒരു നദിപോലെ, പിതാവും പരിശുദ്ധാത്മാവും ആയുള്ള സഹവാസം നഷ്ടപ്പെടുത്താതെ, സ്വർഗ്ഗത്തിൽ നിന്നും ഉള്ള ക്രിസ്തുവിന്റെ വരവിനെ കുറിച്ച് അഫ്രേം പറയുന്നു.

ഒരു വേരായി ഭൂമിയിൽ നിന്നും മുളച്ചുപൊന്തി, ജൈവ വിത്തിന്റെ ശക്തി നഷ്ടപ്പെടുത്താതെ വൃക്ഷാകൃതി പൂകുന്ന ഒന്നാണ് മറിയാമിലൂടെയുള്ള പ്രത്യക്ഷത. അപ്രകാരം, മറിയാമിൽ നിന്നും ക്രിസ്തു ഉടനെയൊ താമസിച്ചോ മരിച്ചുപോകുന്ന ഒരു ശരീരത്തിൽ ജനിച്ചു; എന്നാൽ തന്റെ ജീവനുള്ള ദൈവത്വം നഷ്ടപ്പെട്ടില്ല. ആ ദൈവത്വം മൃതശരീരത്തിന്, മൃതമായ വൃക്ഷത്തിൽ നിന്നും അതിന്റെ ജീവൻ തുടർന്ന് പോകുവാൻ ഉണ്ടാകുന്ന ജീവനുള്ള വിത്തുപോലെ, ജീവൻ നൽകുന്നു.

“ഞാൻ ദാവീദിന്റെ വംശവും വേരും ആകുന്നു” എന്ന വെളിപാട് 22:16 ഭാഗം, ക്രിസ്തുവിന്റെ ജനനത്തെ കുറിച്ചുള്ള അഫ്രേമിന്റെ വിവരണത്തിന്റെ പശ്ചാത്തലമായി പരിഗണിക്കുവാൻ കഴിയും: അഫ്രേമിന്റെ രചനകളിൽ, മറിയാമിനെക്കുറിച്ച് അദ്ദേഹത്തിന്റെ ഇഷ്ടപ്രയോഗമാണ് ദാവീദിന്റെ പുത്രിയായ മറിയാം[18] എന്നതിനാൽ ഈ പ്രത്യേക പരാമർശം പ്രസ്താവയോഗ്യമാണ്.

കുരിശിനെ പരാമർശിക്കുമ്പോൾ, മരം കൊണ്ടുണ്ടാക്കിയതാണ് കുരിശ് എന്നതിനാൽ, മരം കുരിശായി പരിഗണിക്കുന്നത് പര്യാപ്തമെന്ന് അഫ്രേം കരുതുന്നു. അങ്ങനെ, കുരിശ് മരവും ക്രൂശിതനായ ക്രിസ്തു മരത്തിൻമേൽ തൂങ്ങികിടക്കുന്ന അതിന്റെ ഫലവും ആകുന്നു. കുരിശിൽ തൂങ്ങി കിടക്കുന്ന ഫലമായി ക്രിസ്തുവിന്റെ പ്രതിരൂപത്തെ സൃഷ്ടിക്കുന്നതിൽ അഫ്രേമിന് സഹായകമായത് രണ്ടു കാര്യങ്ങളാണ്; ഒന്നാമത്,

---

17 *Des Heiligen Ephraem des Syrers Paschahymnen* (De Azymis, De crucifixatione, De Resurrectione), CSCO 248, Scr. Syri 108, E. Beck, ed. (Louvain: Secretariat du CorpusSCO, 1964),79.

18 അഫ്രേമിന്റെ കാലത്ത് സുറിയാനി തിരുവെഴുത്തുകളുടെ ഒരു ഭാഗമല്ലായിരുന്നു വെളിപാട് പുസ്തകം എന്ന് ശ്രദ്ധിക്കേണ്ടത് പ്രാധാന്യമർഹിക്കുന്നു. എന്നാൽ അദ്ദേഹത്തിന് ഈ പുസ്തകത്തെ കുറിച്ച് അറിവില്ലായിരുന്നു എന്ന് അതുകൊണ്ട് അർത്ഥമാകുന്നില്ല.

മരത്തിൽ നിന്നും ഉണ്ടാക്കപ്പെട്ടതിനാൽ കുരിശിന്റെ പ്രകൃതി ഫലം വഹിക്കുന്ന ഒരു വൃക്ഷത്തിൽ നിന്നും ഉൽപാദിക്കപ്പെട്ടതാണ്. രണ്ടാമത്, മറിയാമിനോടുള്ള ഏലിശ്ബായുടെ ആശ്ചര്യഘോഷണം:

"നിന്റെ ഉദരഫലം അനുഗ്രഹിക്കപ്പെട്ടത്."[19]

വൃക്ഷവും കുരിശും തമ്മിലുള്ള ഈ ശക്തമായ ബന്ധം മെനെഞ്ഞെടുക്കുന്നതിൽ, തന്റെ കുരിശ്, മരത്തിൽ നിന്നും പണിതെടുക്കുന്ന മരപ്പണിക്കാരൻ എന്ന ക്രിസ്തുവിന്റെ ചര്യയും അഫ്രേമിനെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം പ്രസ്താവിക്കുന്നു.

> എല്ലാറ്റിനെയും വിഴുങ്ങുന്ന ശീയോളിനു മേലേ ഒരു പാലമായി തന്റെ കുരിശിനെ വൈഭവത്തോടെ പണിത മരപ്പണിക്കാരന്റെ പുത്രനാകുന്നു ഇത്. (ആ പാലം) മനുഷ്യവർഗ്ഗത്തെ ജീവന്റെ വാസസ്ഥലത്തേക്ക് വഹിച്ചുകൊണ്ടുപോയി.
>
> *നമ്മുടെ കർത്താവിനെകുറിച്ചുള്ള മെമ്രാ* IV[20]

അങ്ങനെ അഫ്രേമിന് ക്രിസ്തു ഫലമാണ്, മരമാണ്, വൃക്ഷമാണ്; എന്നിരുന്നാലും കുരിശിനെയും വൃക്ഷത്തെയും കൈകാര്യം ചെയ്യുന്നതിൽ സവിശേഷമായ രണ്ട് മാർഗ്ഗങ്ങൾ നമുക്ക് കണ്ടെത്താം. അതിൽ ആദ്യത്തേത്, ആദാമിന് മരണം കൊണ്ടെത്തിച്ച ഫലം നല്കിയ അറിവിന്റെ വൃക്ഷവും മനുഷ്യവർഗ്ഗത്തിന് ജീവൻ പുനരേകിയ ഫലം നല്കിയ കുരിശും[21] തമ്മിലുള്ള സാദൃശ്യപരമായ വൈരുദ്ധ്യം. രണ്ടാമത്തേത്, ആദാമിന് നിഷിദ്ധമായിരുന്ന ജീവന്റെ വൃക്ഷത്തിലേക്ക് വിരൽ ചൂണ്ടുന്ന കുരിശ്.[22]

ശലോമോന്റെ കീർത്തനങ്ങളി (Odes of Solomon) ൽ നിന്നും അഫ്രേമിന്റെ കാലത്ത്-അതിനുമുമ്പ് ഇല്ലായിരുന്നു എങ്കിൽപോലും- ഈ പാരമ്പര്യം നേരത്തേ തന്നെ സ്ഥിരപ്രതിഷ്ഠ നേടിയിരുന്നു എന്ന് സ്പഷ്ടമാണ്. XLII, XXVII എന്നീ കീർത്തനങ്ങളിൽ-വ്യത്യസ്ത പരിഭാഷകളും വ്യാഖ്യാനങ്ങളും ഈ രണ്ടു കീർത്തനങ്ങളെ കുറിച്ച്[23] ഉണ്ടെങ്കിൽ

---

19 ലൂക്കോസ് 1:42

20 *Des Heiligen Ephraem des Syrers Sermo de Domino Nostro,* CSCO 270, Scr. Syri 116, E. Beck, ed. (Louvain, Secretariat du CorpusSCO, 1966),4.

21 S.P. Brock, *St. Ephrem the Syrian, Hymns on Paradise,* 61.

22 See Chapter 1.3., pp.42ff.

23 R. Harris & A. Mingana eds. *The Odes of Solomon* 2 vols. (New York: Longmans Green & Company,1916-1920)II:56
"ചില പണ്ഡിതന്മാരുടെ നിരുത്തരവാദപരമായ അവകാശവാദങ്ങളുടെ വെളിച്ചത്തിൽ ഇവിടെ താഴെ പറയുന്നവ പ്രസ്താവിക്കുന്നത് ഉപയോഗപ്രദമാണ്: (a) സുറിയാനി സാഹിത്യത്തിൽ മരം (ܩܝܣܐ =ഖൈയ്സോ=

പോലും-മരം, കുരിശടയാളം എന്നിവയെ കുറിച്ചുള്ള വ്യക്തമായ പരാമർശം നമുക്കു കാണാം. ഈ രണ്ടു കീർത്തനങ്ങൾ വ്യാഖ്യാനിക്കുന്നതിലുള്ള ബുദ്ധിമുട്ട്, അതിന്റെ സുറിയാനി പതിപ്പിലുള്ള അവ്യക്തതയിൽ നിന്നും ഉടലെടുത്തതാണ്. സുറിയാനി പതിപ്പ് ഗ്രീക്കിൽ നിന്നുള്ള തർജ്ജമയാകാനാണ് സാദ്ധ്യത.

ഈ പാഠ്യഭാഗത്തിനാവശ്യമായ എല്ലാ ഭാഗങ്ങളും അഫ്രേം കൃതികളിൽ നിന്നുള്ളവയാണെന്ന് ഇവിടെ ഗൗനിക്കണം. പില്ക്കാല പിതാക്കന്മാർ ഈ കാര്യത്തിൽ ഏതാണ്ട് നിശബ്ദരാണ്. കുരിശും മരവും തമ്മിൽ സഭ തിരിച്ചറിഞ്ഞ ഈ ബന്ധത്തിൽ ചിലതിനെ തെറ്റിദ്ധരിച്ചതുമൂലമായിരിക്കാം അപ്രകാരം സംഭവിച്ചത്. മരത്തെ ആരാധിക്കുന്നതിൽ സഭയെ കുറ്റം ചാർത്തിയ ചിലരെ കുറിച്ച് സംസാരിക്കുമ്പോൾ നർസായി ഈ വിഷയം ഉയർത്തി കാട്ടുന്നു. തങ്ങളുടെ ആരാധന മരത്തിൽ ക്രൂശിക്കപ്പെട്ടവനായ ഒരുവനെ ലാക്കാക്കി ഉള്ളതാണെന്നും അല്ലാതെ മരം എന്ന പദാർത്ഥത്തെ അല്ലെന്നും പ്രസ്താവിച്ചുകൊണ്ട് അദ്ദേഹം കുറ്റാരോപകരോട് പ്രതികരിക്കുന്നു. ഇപ്രകാരമാണ് അദ്ദേഹം പറയുന്നത്:

> പരിശുദ്ധ സഭ മരത്തെയാണ് ആരാധിക്കുന്നതെന്നും അവൾ അതിനെ ദൈവത്തിനുപകരം ദൈവത്തെപ്പോല ബഹുമാനിക്കുന്നു എന്നും വഴി തെറ്റിപ്പോയവർ ചിന്തിച്ചു. സഭ ഒരു ദൃശ്യ പദാർത്ഥത്തിനു മുമ്പാകെ തലകുനിക്കുകയില്ല, എന്നാലൊ കുരിശിന്മേൽ വിജയം വരിച്ച ക്രൂശിതനായ രാജാവിന്റെ അടയാളത്തെയാണ്. അവർ വിചാരിക്കുന്നതുപോലെ മരത്തെയാണ് സഭ ആരാധിക്കുന്നതെങ്കിൽ മറ്റു പദാർത്ഥങ്ങളാൽ സഭ എന്തുകൊണ്ട് കുരിശു ഉണ്ടാക്കുന്നു?
> മെമ്രാ 30[24]

## 4.4 പ്രകൃതിയിൽ കുരിശിന്റെ മറ്റു ചില പ്രതീകങ്ങൾ

വിശ്വാസത്തെപ്രതിയുള്ള (Hymns of faith)[25] അഫ്രേമിന്റെ 18-ാം മെമ്രായിൽ, പ്രകൃതിയിൽ[26] കുരിശിന്റെ ഏറ്റം ധന്യമായ പ്രതീകങ്ങൾ നമുക്ക് ദർശിക്കാം. കുരിശ്-മരം ബന്ധത്തിൽ നിന്ന് വ്യത്യസ്തമായി കുരിശും പ്രകൃതിയുമായുള്ള ബന്ധം ദർശിക്കാവുന്ന ഒരു ഇടം, ഒരു

Wood) എന്ന പദം സാധാരണയായി കുരിശിനെയാണ് പരാമർശിക്കുന്നത് (b) ഈ മരം-കുരിശ് പറുദീസായിലെ മരത്തെയും സാധാരണ താരതമ്യം ചെയ്യുന്നുണ്ട്- ഒന്ന് മരണത്തിന്റെ ഉറവിടമായതും, മറ്റേത് ജീവന്റെയും."

24 *Narsai Homiliae et Carminall:*126.

25 *Des Heiligen Ephraem des Syrers Hymnen de* Fide, 69-71.

26 For a full study of this hymn see: P. Yousif, *St. Ephrem on Symbols in Nature: Faith, the Trinity, and the Cross* (Hymns on Faith, No.18)," *Eastern Churches Review* 10 (1978):52-60

പക്ഷേ, ഇതു മാത്രമാണ്. ഈ ഗീതം, ഈ ഭാഗത്തിന്റെ സുപ്രധാന ഉറവിടമായതിനാൽ ആ ഗീതം ആസകലം, P.Yousif ന്റെ തർജ്ജമയിൽ കാണും പ്രകാരം ഇവിടെ ഉദ്ധരിക്കേണ്ടത് അത്യാന്താപേക്ഷിതമാണ്.

വിശ്വാസഗീതങ്ങൾ - 18

1. പൂർണ്ണ വളർച്ചയെത്തിയിട്ടില്ലാത്ത ഒരു പക്ഷിക്കുഞ്ഞ്
അതിന്റെ ബഹഹീനതയാൽ മുട്ടത്തോട് പൊട്ടിയ്ക്കുവാൻ
കഴികയില്ല
ആകയാൽ, നിശബ്ദമായി പരിരക്ഷിക്കപ്പെടുന്ന വിശ്വാസം
അതുപോലെ തന്നെ ബലഹീനമാണ്
എല്ലാറ്റിനെയും പൂർണ്ണമാക്കുന്നവനായുള്ളോവേ, അതിനെയും
പൂർണ്ണമാക്കണമെ.

2. പല്ലവി: നിന്റെ ജന്മത്തെ നിശബ്ദമായി ബഹുമാനിക്കുവാൻ
എന്നെ യോഗ്യനാക്കണമെ
ഒരു പക്ഷി മൂന്നു നിലകളിൽ വളരുന്നു
ഗർഭപാത്രത്തിൽ നിന്നു മുട്ടയിലേക്കും, തുടർന്ന്
കൂട്ടിൽ പാട്ടു പാടിക്കൊണ്ടും.
പൂർണ്ണ വളർച്ചയിലെത്തിയാൽ വായുവിലൂടെ പറക്കുന്നു-
കുരിശാകൃതിയിൽ ചിറക് വിരിച്ചുകൊണ്ട്.

3. വിശ്വാസവും മുന്നു നിലകളിൽ വളരുന്നു
പിതാവ്, പുത്രൻ, പ.ആത്മാവ് എന്നിവയിൽ ശ്ലീഹന്മാർ
വിശ്വസിച്ചപ്പോൾ
ഭൂമിയുടെ നാലുകോണിലേക്കും സുവിശേഷ ദൂത് ഒഴുകി-
കുരിശിന്റെ ശക്തിയാൽ

4. ശരീരം, ആത്മാവ്, ദേഹി എന്നിവയിൽ അത്ഭുതകരമായി
ആ മുന്നു നാമങ്ങൾ മൂന്നു വിധത്തിൽ വിതയ്ക്കപ്പെട്ടു.
ഈ ത്രിത്വം നമ്മിൽ, മൂന്നാൽ പൂർണ്ണമാക്കപ്പെട്ടപ്പോൾ
അത് വാളിനെപ്പോലും അധീശമാക്കുന്നു.

5. ദേഹി വേദനിക്കുകയാണെങ്കിൽ, പിതാവിനാൽ അത്
പൂർണ്ണമായി മുദ്രയിടപ്പെടുന്നു.
ആത്മാവ് വേദനിക്കുകയാണെങ്കിൽ, പുത്രനോടുകൂടി അത്
പൂർണ്ണമായി കലർത്തപ്പെടുന്നു.
ശരീരം രക്തസാക്ഷിത്വത്താൽ എറിയപ്പെടുകയാണെങ്കിൽ,
അപ്പോൾ പ. ആത്മാവുമായുള്ള അതിന്റെ സഹവാസം
പൂർണ്ണമാകുന്നു.

6. ഒരു പക്ഷി തന്റെ ചിറകുവിടർത്താതെ കുരിശിന്റെ വിടർന്ന അടയാളം
നിഷേധിക്കുകയാണെങ്കിൽ, വായുവും അതിനെ ഉപേക്ഷിക്കുന്നു. അതിന്റെ ചിറകുകൾ കുരിശിനെ പ്രദർശിപ്പിക്കുന്നതുവരെയും വായു അതിനെ വഹിക്കുകയില്ല.

7. ഒരു കപ്പൽ അതിന്റെ തുഴകൾ കുരിശാകൃതിയിൽ വിടർത്തുകയും അതിന്റെ ഇരട്ട
പാമര തണ്ടുകൊണ്ട് കാറ്റിനെ ഉൾക്കൊള്ളുന്ന ഗർഭപാത്ര മായി രൂപം പ്രാപിക്കുകയും ചെയ്ത് കുരിശ് നിവർന്നു നിൽക്കുന്ന കാലത്തോളം അതിന്റെ യാനമാർഗ്ഗം തെളിഞ്ഞു നിൽക്കും.

8. ആ കപ്പൽ ഒരു യഹൂദന്റേതാണെങ്കിൽ അവൻ ചെയ്യുന്ന പ്രവൃത്തിയാൽ അവനെതന്നെ ദണ്ഡിപ്പിക്കും; അവന് അതിനു താല്പര്യമില്ലെങ്കിൽ പോലും, കാരണം,
തന്റെ കപ്പലിൽ, തന്റെ കൈകൾകൊണ്ട്, കുരിശിന്റെ പ്രതീകം വരച്ചു കാട്ടിയിരിക്കുന്നത് അവൻ തന്നെയാണ്.

9. കുരിശിനാൽ തന്നെ കുരിശിനെ നിഷേധിക്കുന്നവർക്ക് വിധേയ മാണ് കടൽ: കാരണം "ക്രൂശകൻ" പാമരം
കുരിശാകൃതിയിൽ ഉയർത്തി, (കപ്പൽ) പായ് ഒരു ശരീരം പോലെ തൂക്കുന്നില്ല എങ്കിൽ അവന്റെ യാനമാർഗ്ഗം സ്തംഭിച്ചുപോകും.

10. നമ്മുടെ വീണ്ടുടുപ്പുകാരന്റെ ശരീരത്തിന്റെ നിർമ്മല ഗർഭപാത്ര പ്രതീകമായ അല്ലയോ (കപ്പൽ) പായേ! വായുവിനാൽ നിറഞ്ഞു നിൽക്കുകയാണെങ്കിലും അത് അതിൽ ഒതുങ്ങുന്നില്ല. പായിൽ വസിക്കുന്ന 'കാറ്റി'
ലൂടെ ആത്മാവ് വസിക്കുന്ന ശരീരങ്ങൾ ജീവിക്കുന്നു.

11. പ്രകാശത്തിൽ കുരിശിന്റെ സുന്ദരമായ പ്രതീകമില്ലാതെ വയലും 'ക്രൂശകന്' വിധേയമല്ല. തന്റെ
വിത്തുകൾ വിതറുന്നതിനായി നിലം ഉഴുവാൻ അവൻ പണിയുന്നത് കുരിശിന്റെ പ്രതീകമാണ്

12. ഈ പ്രതീകമില്ലാതെ അവൻ അണിയുന്ന കുപ്പായം പോലും അവന് ചേരുകയില്ല. അത് അണിയുന്ന
തിന് അവൻ അവന്റെ കൈകൾ കുരിശാകൃതിയാൽ വിടർത്തണം. അവന്റെ വസ്ത്രങ്ങൾ കുരിശിനെ പ്രതിബിംബിക്കുന്നു; എന്തെന്നാൽ അവൻ
നിഷേധിച്ച കുരിശ് അതിൽ അടയാളപ്പെടുത്തിയിരിക്കുന്നു

13. അല്ലെങ്കിൽ 'ക്രൂശകൻ' ഒരു കുഞ്ഞാടിനെ വാങ്ങി
അതിനെ അറക്കുകയാണെങ്കിൽ
അവൻ അതിനെ മരത്തിന്മേൽ തൂക്കിയിടുന്നു.
കർത്താവേ! അങ്ങനെ അവൻ നിന്റെ മരണത്തെ ചി
ത്രീകരിക്കുന്നു. വീണ്ടും, ഗോതമ്പു മണികൾ അവൻ
നിലത്ത് കുഴിച്ചിടുകയാണെങ്കിൽ, മുളച്ച് ജീവൻ വയ്ക്കുന്ന
വിത്ത് നിന്റെ പുനരുത്ഥാനത്തെ പ്രഖ്യാപിക്കുന്നു.

14. അവന്റെ ആട്ടിൻപറ്റത്തിലും നിന്റെ പ്രതീകമുണ്ട്:
എന്തെന്നാൽ നിന്റെ വടിയാൽ അവ കാത്തു സൂക്ഷിക്ക
പ്പെടുന്നു. അവന്റെ മുന്തിരിത്തോട്ടത്തിൽ, നിന്റെ
രക്തത്തിന്റെ പ്രതീകം നിറഞ്ഞുനിൽക്കുന്ന മുന്തിരക്കുലകൾ
ഉണ്ട്. അവന്റെ വൃക്ഷത്തിൽ ഫലങ്ങൾ തൂങ്ങി
നിൽക്കുന്നു,-നിന്റെ മരത്തിന്റെ പ്രതീകവും നിന്റെ
ശരീരത്തിന്റെ ഫലവും

15. നിന്നെ നിഷേധിക്കുന്നവന്റെ ഭവനത്തിൽ നിന്റെ
മുന്നോടിയായ കാക്ക വിളിക്കുന്നു. ഒരു പ്രത്യക്ഷ പ്രതീക
ത്താൽ അത് ചിറകുകൾ ചലിപ്പിച്ച് കബറടക്കപ്പെട്ട ജീവനു
ള്ളവന്റെ, മരണത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പ്
പ്രഖ്യാപിക്കുന്നു- അവന്റെ മരണം ഉറക്കമായിരുന്നു.

16. തന്റെ ചിറകുകളുടെ അടയിരുപ്പിന്റെ ചൂടിനാൽ
തന്റെ കൂട്ടിൽ ഗർഭസ്ഥയായ അമ്മക്കിളി
സംഗമമില്ലാതെ പവിത്രമായി കുഞ്ഞിന് ജന്മം നല്കിയെങ്കിൽ
അത് അവന്റെ ഭവനത്തിൽ മറിയാമിന്റെ
മുഖ കണ്ണാടിയാണ്.

### 4.4.1 പക്ഷി

ഈ ഗീതത്തിന്റെ ഉദ്ദേശ്യം വിശ്വാസം ആകുന്നു. യഹൂദനാകട്ടെ, പുറജാതി ആകട്ടെ ഒരുവനും വിശ്വസിക്കാതിരിക്കുവാൻ ഒഴിവ് കഴിവ് കണ്ടെത്തുവാൻ കഴിയാതെവണ്ണം വിശ്വസിക്കുന്നതിന് ഏവർക്കും ദൈവം നൽകിയിരിക്കുന്ന അടയാളങ്ങളും ആകുന്നു എന്നതിന് സംശയമില്ല. എന്നാൽ, ഗീതത്തിൽ പൊന്തി നിലക്കുന്ന പ്രധാന ആശയം, വിശ്വാസം ആകമാനം ഉൾക്കൊള്ളുന്ന കുരിശാണ്; കാരണം യഹൂദനെ അവന്റെ വിശ്വാസത്തിൽ നയിക്കുന്ന തിരുവെഴുത്തുകൾക്കു പകരം ഇവയിലൂടെയാണ് പുറജാതികൾ വിശ്വാസത്തിലേക്ക് നയിക്കപ്പെടുന്നത്.

ഒന്നും രണ്ടും ശ്ലോകങ്ങളിൽ നാം വായിക്കുന്നതുപോലെ ഈ സാദൃശ്യങ്ങളിലൊന്ന് പക്ഷിയാണ്. പക്ഷിക്ക് അതിന്റെ ചിറകുകൾ വിരിക്കുവാൻ കഴിയുന്നില്ലെങ്കിൽ പറക്കുവാൻ സാധിക്കുകയില്ല. ചിറകുകൾ വിരിക്കുന്ന

തോടുകൂടെ, എല്ലാ ജാതികളെയും ആശ്ലേഷിക്കുന്ന ചിറകു വിടർത്തുന്ന കുരിശിന്റെ പ്രതീകം അത് ചിത്രീകരിക്കുന്നു. പക്ഷി കുരിശിന്റെ ഒരു പ്രതീകം മാത്രമല്ല; പൊതുവായ വിശ്വാസത്തിനും പ്രതീകമായി അതു നിലകൊള്ളുന്നു. പക്ഷി വളരുന്ന മൂന്നു ഘട്ടങ്ങൾ, വിശ്വാസം പൂർത്തീകരിക്കപ്പെടുന്ന വി.ത്രിത്വത്തിലെ മൂന്നു ആളത്വ (ക്നൂമാ)ങ്ങളുടെ പ്രതീകങ്ങൾ ആണ്. പക്ഷിയുടെ പറക്കലിൽ ചിറകുകളുടെ പ്രാധാന്യം വിശ്വാസത്തിൽ കുരിശിന്റെ പ്രാധാന്യത്തെ ദൃഷ്ടാന്തീകരിക്കുന്നു. ചിറകുകൾ തുറന്നെങ്കിൽ മാത്രമെ പക്ഷിക്ക് പറക്കുവാൻ കഴിയുകയുള്ളൂ, അപ്രകാരം തന്നെ, കുരിശിന്റെ ശക്തിയിലല്ലാതെ വിശ്വാസം കൈവരിക്കുവാൻ സാധ്യമല്ല. കുരിശിലൂടെ മാത്രമാണ് ദൈവം സ്നേഹം കാട്ടി[27] മനുഷ്യവർഗ്ഗത്തെ രക്ഷിച്ചത്. അപ്പോൾ, ആരു വിശ്വസിച്ചാലും സ്വർഗ്ഗരാജ്യത്തിന്റെ ബലവും മഹത്വവും ആർജിക്കുവാൻ അവർ കുരിശിന്റെ ബലഹീനതയിലും വിനീതത്വത്തിലും വിശ്വസിക്കണം.[28] അങ്ങനെയെങ്കിൽ, കുരിശിനെ സ്വീകരിക്കാതെ വിശ്വസിക്കുവാൻ സാദ്ധ്യമോ? ഉത്തരം 7-ാം ശ്ലോകത്തിലുണ്ട്. പക്ഷി കുരിശിന്റെ അടയാളത്തെ നിഷേധിച്ച് അതിന്റെ ചിറകുകൾ വിടർത്താതെ പറക്കാൻ ശ്രമിച്ചാൽ വായു അതിനെ വഹിക്കുകയില്ല, എന്നതുപോലെ[29] യാതൊരുവനും ഒരു വിശ്വാസി എന്നവകാശപ്പെടുവാൻ കഴിയുകയില്ല. ക്രിസ്തുവിലൂടെയും അവന്റെ കുരിശാലെ വീണ്ടെടുപ്പിൻ പ്രക്രിയയിലൂടെയും മാത്രമെ പിതാവിനെ[30] സമീപിക്കുവാൻ കഴികയുള്ളൂ.

കുരിശും പക്ഷിയുമായുള്ള ഇതേ ബന്ധം നർസായിയും കാണുന്നു. പക്ഷിക്ക് അതിന്റെ ചിറകുകൾ വിടർത്തി മാത്രമെ പറക്കാൻ കഴികയുള്ളൂ എന്നും കുരിശിനെ സ്വീകരിച്ച് തങ്ങളുടെ നെറ്റിയിൽ ഇതിനെ വരച്ചും കൊണ്ടു മാത്രമെ സ്വർഗ്ഗത്തിലേക്ക് കരേറുവാൻ സാധിക്കുകയുള്ളൂ എന്നും അദ്ദേഹം അനുമാനിക്കുന്നു. അദ്ദേഹം എഴുതുന്നു:

> വായുവിലൂടെ പറക്കുന്ന പക്ഷിയെ നോക്കുക. അതിന്റെ ശരീരത്തിലൂടെ എപ്രകാരം കുരിശിനെ ചിത്രീകരിച്ച് ജനസഞ്ചയങ്ങളെ കാണിച്ചിരിക്കുന്നു എന്നും വീക്ഷിക്കുക. അതിന്റെ തല നീട്ടി, കാലുകൾ വിരിച്ച് ചിറകുകൾ വിടർത്തി പറക്കുമ്പോൾ ശുദ്ധവായു തന്മേൽ അതിനെ വഹിക്കുന്നു. യേശുവിന്റെ അടയാളത്തിൽ വിശ്വസിക്കുന്ന ഏവരും പുനരുത്ഥാന നാളിൽ പറന്ന് സ്വർഗ്ഗത്തിലേക്ക് കരേറും എന്നതിന്റെ ഒരു രഹസ്യമാണിത്. മാമോദീസ ഏല്ക്കാതെയും തന്നിൽ കുരിശടയാളം വരയ്ക്കാതെയും ഇരിക്കുന്ന

27 യോഹന്നാൻ 3:16

28 1 കൊരിന്ത്യർ 1:18

29 മത്തായി 10:38

30 യോഹന്നാൻ 12:45

> ഏവനും ഭൂമിയിൽ തന്നെ കഴിഞ്ഞുകൂടുകയും കരുണയുടെ വാതിൽ അവർക്കു നേരേ അടയ്ക്കപ്പെടുകയും ചെയ്യും.
>
> മെമ്രാ 30[31]

പക്ഷിയും കുരിശും തമ്മിലുള്ള ഈ സമാനത പക്ഷിയുടെ ആകൃതിയിൽ നിന്നു വന്നതാണ്. അത് തന്നെയാണ് അതിന് പറക്കാനുള്ള സ്രോതസ്സ്. അപ്രേമിന്റെ ഗീതത്തിൽ നാം ഇപ്രകാരം വായിക്കുന്നു:

> കുരിശ് സൃഷ്ടിയുടെ സാദൃശ്യവും ആകൃതിയും ആകുന്നു, അതിന്റെ രഹസ്യത്താൽ എല്ലാം നീളത്തിലും വീതിയിലും ആകൃതി പൂകുന്നു. രണ്ട് ചിറകുകൾ കൊണ്ട് എല്ലാപക്ഷിക ളെയും വഹിക്കുന്നത് കുരിശാകുന്നു. അവന്റെ ശക്തിയാൽ എല്ലാം നിലനിൽക്കുന്നു. *വിശ്വാസത്തെപ്രതിയുള്ള മെമ്ര* XXIV,8[32]

### 4.4.2 പായ്കപ്പൽ, വള്ളം

മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വിശ്വാസത്തെക്കുറിച്ചുള്ള അപ്രേമിന്റെ *(Hymns on faith)* ഗീതത്തിന്റെ 18-ാമത് ഭാഗത്ത് അപ്രേം കണ്ടെത്തുന്ന കുരിശിന്റെ വേറൊരു പ്രതീകമാണ് പായ്ക്കപ്പൽ. സമാനത, വീണ്ടും കപ്പലിന്റെ ആകൃതിയിൽ നിന്നാണ്. വിവിധ വള്ളങ്ങൾ തമ്മിൽ അപ്രേം വേർതിരിവ് നടത്തുന്നത് ശ്രദ്ധിക്കുന്നത് രസാവഹമാണ്: 7-ാം ശ്ലോകത്തിൽ തുഴകൾ കുരിശാകൃതിയിൽ വിടർത്തി കുരിശിനെ പ്രതിബിംബിക്കുന്ന ചെറുവള്ളങ്ങളും മരംകൊണ്ടുള്ള പായ്മരം ഉയർത്തി അതിൽ പായ്കൾ തൂക്കി, കുരിശിൽ തൂക്കപ്പെട്ട ക്രിസ്തുവിന്റെ ശരീരത്തെ സാദൃശ്യപ്പെടുത്തിയിരിക്കുന്ന വലിയ പായ്ക്കപ്പലുകളും.[33] കുരിശിന്മേലുള്ള ക്രിസ്തുവിനെ പരാമർശിക്കുക, അപ്രേമിന്റെ രചനകളിലെ അപൂർവ്വ ആശയം ആണ്; എന്തെന്നാൽ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം കുരിശ് ക്രിസ്തുവിന്റെ ക്രൂശാരോഹണം മാത്രമല്ല ക്രിസ്തുവിന്റെ ജീവിതം മുഴുവൻ ഉൾക്കൊള്ളുന്നതാണ്.

യുസ്തിന്റെ (Justin) First Apology[34]ൽ വ്യക്തമായി കാണും പ്രകാരം, അപ്രേമിനു മുമ്പു തന്നെ കപ്പലിനെ കുരിശിന്റെ സാദൃശ്യമായി കണ്ടി

---

31 *Narsai Homiliae et Carmina, II:* 121-122

32 *Des Heiligen Ephraem des Syrers Hymnen de Fide,* 84

33 നിസിബിസും എഡേസായും പോലുള്ള നദീതീര നഗരങ്ങളിൽ പാർത്തിരുന്നതുകൊണ്ട് വിവിധ ജലയാന വാഹനങ്ങളെ കുറിച്ച് അപ്രേമിന് അറിവുണ്ടായിരുന്നിരിക്കണം.

34 T. Falls, ed., Saint Justin Martyr: The First Apology; The Second Apolgy; Dialogue With Trypho; Exbortation to the Greeks: Discourse to the Greeks; The Monarchy, *or The Rule of God, The Fathers of the Church,* Vol.6 (Washington, D.C.: The Catholic University of America Press,1977),94:

രുന്നു. ഈ പ്രതീകം ക്രിസ്ത്യാനികൾക്കു മാത്രമുള്ള ഒന്നല്ലായിരുന്നു എന്നഭിപ്രായപ്പെട്ടുകൊണ്ട് Danielou[35] കടന്നു ചിന്തിക്കുന്നു. എന്താ യാലും, അഫ്രേം ഈ പാരമ്പര്യങ്ങൾ അറിഞ്ഞിരുന്നുവൊ എന്ന് ചിന്തി ക്കുക പ്രയാസമേറിയതാണ്. അഫ്രേമിന്റെ സൂക്ഷ്മങ്ങളായ സ്രോത സ്സുകൾ തിരിച്ചറിയുക എന്നത്, Pierre Yousif അനുമാനിക്കും പ്രകാരം, അതിപ്രയാസ[36]മേറിയ ഒരു സംഗതിയാണ്; അദ്ദേഹത്തിന് ഗ്രീക്കും ലത്തീനും അറിഞ്ഞുകൂടായിരുന്നു എന്നത് മാത്രമല്ല അതിനു കാരണം, അഫ്രേമിനു മുമ്പുള്ള സുറിയാനി സാഹിത്യകൃതികൾ നമുക്ക് ലഭ്യമല്ല എന്നതുമാണ്. അഫ്രേമിന് താല്പര്യമുള്ള സാദൃശ്യപരമായ വൈരുദ്ധ്യങ്ങൾ പതിവുപോല, അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. തങ്ങൾ നിഷേധിക്കുന്ന കുരിശാണ് യഹൂദരെ, എപ്പോഴെക്കെ അവർ കപ്പൽ യാത്ര ചെയ്യുന്നുവൊ അപ്പോഴൊക്കെ വിശ്വാസത്തെ കുറിച്ച് ഓർമ്മിപ്പിക്കുന്നതും അവരുടെ അവിശ്വാസത്തെ സാക്ഷീകരിക്കുന്നതും (ശ്ലോകം8,9). ശ്ലോകം 9 ൽ സുറിയാനി ക്രിയയായ ܙܩܦ (സ്കാഫ്), 'ഉയർത്തുക' 'ക്രൂശിക്കുക' എന്ന രണ്ടർത്ഥത്തിൽ അഫ്രേം ഉപയോഗി ക്കുമ്പോൾ ഇത് ഏറെ വ്യക്തമാകുന്നു. ശ്ലോകം 9 ലെ രണ്ടാംവരി അക്ഷ രാർത്ഥത്തിൽ 'ക്രൂശേറ്റുന്നവർ കുരിശിന്റെ മരം ഉയർത്തുന്നില്ലാ എങ്കിൽ' എന്നാണ് വായിക്കുക.

#### 4.4.3 കലപ്പ

കുരിശിന്റെ സാദൃശ്യമായി കലപ്പയെ അഫ്രേം 11-ാം ശ്ലോകത്തിൽ സൂചിപ്പിക്കുന്നു. അഫ്രേമിന്, വിത്തിനെ സ്വീകരിക്കത്തക്കവണ്ണം നിലം ഒരുക്കുന്ന കലപ്പയുടെ കർത്തവ്യം, വിശ്വാസത്തെ സ്വീകരിക്കുവാൻ ജന ഹൃദയങ്ങളെ ഒരുക്കുന്ന കുരിശുമായി സമാനത ഉണ്ട്. കുരിശ് മനുഷ്യ ഹൃദയങ്ങളിൽ നിന്ന് ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കുന്നതുപോലെ തന്നെ ഭൂമിയിൽ നിന്നും ഫലങ്ങൾ പുറപ്പെടുവിക്കുന്നു എന്നതിനാൽ കലപ്പയും കുരിശിന്റെ ഒരു സാദൃശ്യമാണ്; (Commentary on the Diatersaron XXI, 1-9).[37] കൃഷിക്കാരന് കലപ്പ അത്യാവശ്യ ഉപകരണമെന്നതിൽ സംശയമില്ല; അത് അവന്റെ നിത്യ സുഹൃത്താണ്. ആകയാൽ, ക്രിസ്തു വിന്റെ കുരിശിനെകുറിച്ച് നിത്യവും ഓർമ്മപ്പെടുത്തുന്നതിനാൽ അവി ശ്വാസിക്ക് ഒരു ഒഴുവുകഴിവും പറവാനാകില്ല. മറ്റു രണ്ടു കാരണങ്ങ ളാലും കുരിശിന്റെ പ്രതീകമായി കലപ്പയെ പരിഗണിക്കാം; ഒന്ന് കുരിശു പോലെ തന്നെ കലപ്പയും മരം കൊണ്ടുണ്ടാക്കിയതാണ്, രണ്ട്, യുസ്തിൻ

35 J. Danie'lou, *The Theology of Jewish Christianity,* 275.

36 P.Yousif, *St. Ephrem on Symbols in Nature*, 58

37 Ephrem de Nisibe, *Commentaire de L'Evangile Concordant an Diatessaron: traduit du syriaque et de l'armenien,* 378ff.

തന്റെ First Apology" യിലും, ക്രിസ്തു കലപ്പപോലെ തന്റെ തോളിൽ കുരിശ് വഹിച്ചു എന്നെഴുതിയ Hippolytus[39] ഉം വ്യക്തമാക്കുന്ന പ്രകാരം കലപ്പ, കുരിശാകൃതിയിലാണ് ഉണ്ടാക്കിയിരുന്നത്.

പാലസ്തീനിലെ കണ്ടുപിടുത്തങ്ങളെ ആശ്രയിച്ചുകൊണ്ട്, കലപ്പയുടെ ക്രൂശിത പ്രതീകാത്മത യഹൂദ ക്രിസ്ത്യാനികൾക്കറിയാമായിരുന്നു എന്നും ആ സ്രോതസ്സിൽ നിന്നാണ് യുസ്തിൻ തന്റെ ആശയങ്ങൾ സ്വരൂപിച്ചതെന്നു Darielou അഭിപ്രായപ്പെടുന്നു.[40]

### 4.4.4 വസ്ത്രങ്ങൾ

വസ്ത്രങ്ങൾ അഥവാ കുപ്പായങ്ങളും കുരിശുമായുള്ള ബന്ധത്തെപ്പറ്റി പറുയന്നതിനുമുമ്പ്, അഫ്രേമിനെ സംബന്ധിച്ചിടത്തോളം മനുഷ്യശരീരം തന്നെ സൃഷ്ടിക്കപ്പെട്ടത് കുരിശാകൃതിയിലാകുന്നു എന്ന് സൂചിപ്പിക്കുന്നത് യോഗ്യമാക്കുന്നു. ആകയാൽ ശരീരം കുരിശിനെ സ്ഥിരമായി ഓർമ്മിപ്പിക്കുന്ന ഒന്നാണ്. യൗസേഫിന്റെ പുത്രനായ എഫ്രേമിന്റെ ജീവിതത്തിൽ കുരിശിനെ ബന്ധിപ്പിച്ചുകൊണ്ട് അഫ്രേം എഴുതുന്നു:

> മനുഷ്യനിലും കുരിശ് ചിത്രീകരിച്ചിരിക്കുന്നു,
> അവന്റെ സൃഷ്ടി രഹസ്യങ്ങൾ നിറഞ്ഞതാണ്
>
> *കന്യാത്വത്തെക്കുറിച്ചുള്ള മെമ്രാ* XXI,10[41]

കുരിശിന്റെ രഹസ്യം മനുഷ്യജീവിതത്തെ നിലനിർത്തുന്നു, മനുഷ്യശരീരം കുരിശിനെ പ്രതിബിംബിപ്പിക്കുന്നു-പ്രത്യേകിച്ചും കുപ്പായം ധരിക്കുവാനായി കൈകൾ വിടർത്തുമ്പോൾ. കുപ്പായം തന്നെ കുരിശിന്റെ സാദൃശ്യമായി ഭവിക്കുന്നു- കുപ്പായത്തിന്റെ കൈകൾ കുരിശിന്റെ രണ്ടു ഭുജങ്ങളെ പ്രതീകപ്പെടുത്തുന്നതിനാൽ (ശ്ലോകം 12). അഫ്രേം പറയും പ്രകാരം, 'ക്രൂശകൻ' ഒരു കുപ്പായം ധരിക്കുമ്പോൾ, അവനെ കുരിശിനെ കുറിച്ച് ഓർമ്മപ്പെടുത്തുന്നു, വിശ്വാസികൾ കുപ്പായം ധരിക്കുമ്പോൾ മാമോദീസായിൽ അവർ ധരിച്ച കുരിശിനെ അവർ ഓർക്കണം. അവസാനത്തെ ഈ ആശയം 4,5 ശ്ലോകങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാം -ശരീരം, ആത്മാവ്, ദേഹി എന്നിവ ചേർന്ന മനുഷ്യൻ ത്രിത്വവുമായി മാമോദീസായാലും കഷ്ടാനുഭവത്താലും ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ

---

38 അടിക്കുറിപ്പ് 34 കാണുക.

39 J. Danie'lou, *Primitive Christian Symbols,* Compass Books (London: Burns & Oates, 1964), 95-96.

40 J. Danie'lou, *Prinitive Christian Symbols,*98.

41 *Des Heiligen Ephraem des Syrers Hymnen de Virginitate,* 73-74.

നുഭവത്തിൽ അത് സാദ്ധ്യമാക്കിയിരിക്കുന്നു.

### 4.4.5 കുഞ്ഞാടിനെ തൂക്കിയിടുന്നത്

അഫ്രേമിന്റെ വിശ്വാസഗീതങ്ങ*(Hymns of faith)*ളിൽ 18-ാം ഭാഗത്ത് ചർച്ചചെയ്യപ്പെട്ടിരിക്കുന്ന, പ്രകൃതിയിലെ കുരിശിന്റെ പ്രതീകങ്ങളുടെ പരമ്പരയിൽ അവസാനത്തേത് 13-ാം ശ്ലോകത്തിലാണ്. അറക്കപ്പെട്ട കുഞ്ഞാടിന്റെ തോലുരിക്കാനായി കെട്ടി തൂക്കുന്നതാണ് അത്. ഇത് കുരിശിനെ രണ്ടുവിധത്തിൽ പ്രതീകപ്പെടുത്തുന്നു. ഒന്നാമത്തേത് ക്രിസ്തുവിന്റെ കുരിശ് ഉണ്ടാക്കപ്പെട്ട മരം തന്നെയാണ്; രണ്ടാമത്തേത്, ലോകത്തിന്റെ പാപത്തെ ഉന്മൂലമാക്കുന്ന ദൈവിക കുഞ്ഞാടായ ക്രിസ്തുവിന്റെ പ്രതീകമാണ് കുഞ്ഞാട്[43]. മെസ്രേമിലെ പെസഹ കുഞ്ഞാടിന്റെ ദൗത്യം നിറവേറ്റാനായി സ്വയം സീയോനിൽ സമർപ്പിച്ച സത്യകുഞ്ഞാടാണ് ക്രിസ്തു. പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ മെമ്രായിൽ അഫ്രേം എഴുതുന്നു:

മെസ്രേമിൽ പെസഹാകുഞ്ഞാട് അറക്കപ്പെട്ടു,
സീയോനിൽ സത്യകുഞ്ഞാട് കൊല്ലപ്പെട്ടു.
പുളിപ്പില്ലാത്ത അപ്പത്തിന്റെ... മെമ്രാ III,1[44]

അങ്ങനെ മനുഷ്യജീവിതത്തിന്റെ എല്ലാ തുറകളിലും ഓരോരുവനെയും വിശ്വാസം കൈകൊള്ളുവാനും രക്ഷപ്രാപിക്കുവാനും നിർദ്ദേശിച്ചുകൊണ്ട് കുരിശ് സന്നിഹിതമാണ്. എന്നാൽ ഒരു വ്യക്തി ദൈവപുത്രനിൽ വിശ്വസിക്കാതിരിക്കുയാണെങ്കിൽ കുരിശ് അവന്റെയൊ അവളുടെയൊ കുറ്റാരോപകനാകുകയും ദണ്ഡനത്തിന്റെ ഉപാധിയാകുകയും ചെയ്യും.

### 4.4.6 കുരിശും ഇടയന്റെ വടിയും

എവിടെയെല്ലാം പരാമർശിക്കപ്പെടുന്നുവൊ അവിടെയെല്ലാം ആട്ടിടയന്റെ വടി, ആട്ടിൻ പറ്റത്തെ സംരക്ഷിച്ച് പച്ചപ്പുൽമേടുകളിലേക്ക് നയിക്കുന്ന കുരിശിന്റെ സാദൃശ്യമാണ്. യോഹന്നാൻ പത്താം അദ്ധ്യായത്തിൽ, ക്രിസ്തു നല്ല ഇടയനാകുന്നു എന്ന പ്രതിരൂപത്തിൽ നിന്നും എത്തിയതാണ് കുരിശിന്റെ ഈ പ്രതിരൂപം എന്നത് സംശയരഹിതമാണ്. അഫ്രേം ക്രിസ്തുവിനെ അഭിസംബോധന ചെയ്തുകൊണ്ട്;

നിന്റെ ആടുകൾ ചെന്നായ്ക്കളെകണ്ടു,
അവ ഭയക്രാന്തരായി അലറി വിളിച്ചു;

---

42 P.Yousif, *St. Ephrem on Symbols in Nature,* 55

43 യോഹന്നാൻ 1:29

44 *Des Heiligen Ephraem des Syrers Paschabymnen* (De Azymis, De crucifixione, De Resurrectione,)6.

വരിക, വിഴുങ്ങുവാൻ
വരുന്നവരെ ഓടിച്ചുകളയുന്ന വടിയാകട്ടെ നിന്റെ കുരിശ്
*നിസിബിൻ* മെമ്ര IV,6[45]

കർത്താവിൽ വിശ്വസിച്ച പുറജാതികളെ ആടുകളായി വർണ്ണിക്കുമ്പോൾ ഇതു തന്നെയാണ് (സ്രൂഗിലെ) യാക്കോബും പറയുന്നത്. അഫ്രേമിനെപ്പോലെ ഇടയന്റെ വടിക്കായി കുരിശിനെ അദ്ദേഹം പരിഗണിക്കുന്നു എങ്കിലും, ആടുകളെ പരിരക്ഷിക്കുന്ന ഇടയനായി കുരിശിനെ തന്നെ അദ്ദേഹം കരുതുന്നു. അദ്ദേഹം എഴുതുന്നു:

എല്ലാ ജാതികളിൽ നിന്നുമുള്ള എല്ലാ ആടുകളും
ഇടകലർത്തപ്പെട്ടു, ഒരു ഇടയൻ അവരെ
നയിക്കുന്നു, ആ ഇടയൻ കുരിശാകുന്നു. മെമ്രാ II[46]

നിസിബിൻ മെമ്രാ XIX4 ൽ നിസിബിനിലെ മെത്രാനായിരുന്ന അബ്രഹാമിനെ അഫ്രേം ഉപദേശിക്കുന്നതുപോലെ, ഓരോ ഇടയനും തന്റെ ആട്ടിൻപറ്റത്തെ ശത്രുക്കളിൽ നിന്നും കുരിശിന്റെ ശക്തിയാൽ സംരക്ഷിക്കണം. ഇവിടെ അഫ്രേം മെത്രാനോട്, ആരോഗ്യമുള്ള ആടുകളെ പരിരക്ഷിക്കാനും രോഗമുള്ളവയെ സന്ദർശിക്കാനും തിരുവെഴുത്തുകളുടെ പുൽമേടുകളിലേക്ക് അവരെ നയിക്കുവാനും ഉപദേശങ്ങളുടെ ഉറവകളിൽ നിന്ന് അവരെ കുടിപ്പിക്കുവാനും സത്യം അവർക്ക് മതിലും കുരിശ് അവർക്ക് വടിയും ആയിരിപ്പാനും ആവശ്യപ്പെടുന്നു.

---

45 *Des Heiligen Ephraem des Syrers Carmina Nisibena I*, CSCO 218, SCr. Syri 92, E. Beck, ed. (Louvain: Secretariat du CorpusSCO,1961),14.

46 *Des Heiligen Ephraem des Syrers Carmina Nisibena I*, 51.

രണ്ടാം ഭാഗം

# കുരിശ്
# ഗോൽഗോത്തായിൽനിന്നും
# പറുദീസായിലേക്ക്

## അദ്ധ്യായം അഞ്ച്

# കുരിശ് ഒരു ചരിത്രസംഭവം

### 5.1 ആമുഖം

കുരിശിനോടുള്ള സുറിയാനി പിതാക്കന്മാരുടെ മാനവ വിജ്ഞാനീയ സമീപനം അവരുടെ രചനകളിൽ മുന്തി നിൽക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം കുരിശ് ജീവിതത്തിന്റെ എല്ലാ തുറകളിലും പ്രത്യക്ഷീഭവിക്കുന്നു. അഫ്രേം ആരെ കുറിച്ച് എന്ത് എഴുതുന്നുവൊ, അവ ആത്മികമാകട്ടെ, ഭൗതികമാകട്ടെ, അവയിലെല്ലാം കുരിശ് അവരുടെ ജീവിതവുമായി എപ്പോഴും ബന്ധപ്പെട്ടിരിക്കുന്നു. ലോകത്തെക്കുറിച്ചുള്ള സുറിയാനി കൗദാശിക (ദൈവിക) വീക്ഷണം ജീവിതത്തിൽ കുരിശിന്റെ പ്രാധാന്യത്തിന് ഊന്നൽ കൊടുക്കുവാൻ അവരെ പ്രചോദിതരാക്കുന്നു. വിശ്വാസി കുരിശിനാൽ രക്ഷ പ്രാപിച്ചത് ചരിത്രകാലത്താണ് (historical time); എന്നാൽ, കുരിശ് നമ്മുടെ നിത്യസങ്കേതവും അതിന്റെ ചിറകുകളുടെ നിഴലിൻ കീഴിൽ നിത്യമായി നാം വിശ്രമിക്കുന്നതുമായ പറുദീസായിൽ നിറവേറപ്പെടുവാൻ പ്രതീക്ഷിച്ചുകൊണ്ട് നാം നിത്യേന കുരിശ് ഏന്തി ജീവിക്കുന്ന ആരാധന കാലത്തേക്ക് അഥവാ വിശുദ്ധകാലത്തേക്ക് (Sacramental or liturgical item) ഈ രക്ഷ വിശ്വാസിയെ നയിക്കുന്നു.

കുരിശിനെ മനസ്സിലാക്കുവാൻ, മനഷ്യജീവികളുമായുള്ള അതിന്റെ ബന്ധത്തിൽ അതിനെ നാം വീക്ഷിക്കേണ്ടിയിരിക്കുന്നു. അഫ്രേമിന്, കുരിശ് അമൂല്യമാക്കിത്തീർത്തത്, അത് എപ്പോഴും 'നമുക്കുവേണ്ടി' ആയതിനാലാണ്. രക്ഷ പ്രാപിക്കേണ്ട മനുഷ്യ ജീവികളില്ലാതെ കുരിശ് ഇല്ല. ദൈവത്തിന് മനുഷ്യവർഗ്ഗത്തോടുള്ള ഒരുവിധ ധാർമ്മിക കടപ്പാടായി കുരിശ് ഭവിക്കുന്നു. അഫ്രേം എഴുതുന്നു:

> പ്രയോജനത്തിനായി അവൻ (ദൈവം) സാദൃശ്യങ്ങളിലൂടെ അനുഷ്ഠിച്ചവ യഥാർത്ഥ പ്രയോജനത്തിനായി പുനർനിർമ്മാണം നടത്തി. ജനിച്ച്, അപമാനിതനായി ക്രൂശിൽ മരിച്ച അവന്റെ പ്രിയനെ അവൻ അയച്ചു; ജന്മത്താൽ സൗഖ്യപ്പെടുത്താൻ കഴിയാതെ പോയതിൽ അവന്റെ നീതി അവനെ കുറ്റപ്പെടുത്തുവാൻ ഇടയാകാതിരക്കുവാനായും കുരിശാൽ ജീവൻ നൽകുവാൻ കഴിയാതെ പോയതിൽ അവന്റെ കൃപ അവനെ വിധിക്കാതിരിക്കേണ്ടതിനും തന്നെ. *Hymns Against Heresies* XXX,11[1]

---

1 *Des Heiligen Ephraem des Syrers Hymnen Contra Haereses*, CSCO 169, Scr. Syri 76, E. Beck, ed. (Louvain: Durbecq,1957),123.

ഈ അദ്ധ്യായം കുരിശിന്റെ, അതായത് ഗോൽഗോത്തായിലെ കുരിശിന്റെ ചരിത്രപരമായ വശവും മനുഷ്യവർഗ്ഗവും മനുഷ്യജീവിതവുമായുള്ള അതിന്റെ ബന്ധവും കൈകാര്യം ചെയ്യുന്നു.

## 5.2 കുരിശ് ക്രിസ്തുവിന്റെ മനുഷ്യ അടയാളമാകുന്നു

ഈ ലോകത്തിൽ ക്രിസ്തുവിന്റെ ജീവിതം, അവന്റെ മനുഷ്യാവതാരം, മരണം പുനരുത്ഥാനം ഇവ വിഭജിക്കുവാൻ ആവതല്ല. തന്റെ ജീവിതത്തിലെ ഒരു സംഭവം വേറൊന്നിലേക്ക് നയിക്കുകയും ഓരോന്നും അന്യോന്യം സാക്ഷികളും ആണ്. മരണം അനുഭവിപ്പാനും ഉയിർത്തെഴുന്നേൽക്കുവാനും മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാനുമായി ക്രിസ്തു ജനിച്ചു. വ്യക്തമായ ഭാഷയിൽ ഈ വസ്തുതയെ മാബൂഗിലെ പീലക്സീനോസ് വ്യാഖ്യാനിച്ചിരിക്കുന്നു.

> തന്റെ മരണം അവന്റെ മനുഷ്യാവതാരത്തിന്
> തെളിവായി നമുക്ക് അനുഭവസ്ഥമായി.
> തന്റെ മനുഷ്യാവതാരം അവന്റെ മരണത്തിനു സാക്ഷിയുമായി.
> ഇവ ഓരോന്നും മറ്റേതിന് സാക്ഷ്യം വഹിക്കുന്നതിനും
> പ്രാപ്തമാണ്- ആദ്യത്തേത് അവസാനത്തേതിനും അവസാന
> ത്തേത് ആദ്യത്തേതിനും പ്രബന്ധം VIII[2]

അഫ്രേമിന്റെ രചനയിലും ഇതേ ആശയം-മനുഷ്യാവതാരവും കുരിശുമായുള്ള ശക്തമായ ബന്ധം-നമുക്കു ദർശിക്കാം. അദ്ദേഹത്തിന്, മരണമടഞ്ഞവരെല്ലാം നിശ്ചയമായും ജനിച്ചിരിക്കണം.

അദ്ദേഹം എഴുതുന്നു:

> അവന്റെ കുരിശിലെ മരണം സ്ത്രീയിൽ നിന്നുള്ള
> അവന്റെ ജനനത്തിന് സാക്ഷ്യം വഹിക്കുന്നു; എന്തെന്നാൽ
> ആര് മരിച്ചാലും അവൻ ജനിച്ചിരിക്കണം......
> അങ്ങനെ, ഗർഭപാത്രത്തിലെ അവന്റെ രൂപം കൊള്ളൽ
> അവന്റെ കുരിശാലെ മരണവുമായി
> ബന്ധപ്പെട്ടിരിക്കുന്നു........ അവന്റെ ജനനത്തെ
> നിഷേധിക്കുന്നവർ അവന്റെ
> ക്രൂശാരോഹണത്താൽ ശിക്ഷാവിധിയേൽക്കപ്പെടും.
> *കർത്താവിനെക്കുറിച്ചുള്ള മെമ്രാ* II[3]

---

2 *Sancti Philoxeni Episcopi Mabbugensis, Dissertationes Decem De Uno e Sancta Trinitate Incoprporato et Passo,* Patrologia Orientalis.39, M. Briere & F. Graffin, eds. (Trunhout: Brepols, 1979),720,721.

3 *Des Heilien Ephraem des Syrers Sermo de Domino Nostro,* CSCO 270, Scr. Syri 116, E. Beck, ed. (Louvain: Secretariat du CorpusSCO, 1966),2.

ഈ ബന്ധത്തിന്റെ മറുവശത്തെ അഫ്രേം വീണ്ടും വിശദീകരിക്കുന്നു. തന്റെ ദൈവത്വത്തിൽ, മരണവിഹീനനായ, ദൈവപുത്രനായ ക്രിസ്തുവിന് മരിക്കുവാൻ സാധ്യമല്ല. ആകയാൽ, മരണം തന്നെ വിഴുങ്ങത്തക്കവണ്ണം കന്യകയിൽ നിന്നും അവൻ ഒരു ശരീരം പൂണ്ടു. ഇപ്രകാരമാണ് അഫ്രേം അത് വിശദീകരിക്കുന്നത്.

> ഒരു ശരീരമില്ലാതെ മരണത്തിന് അവനെ
> ഭക്ഷിക്കുവാൻ ആവാത്തതുമൂലവും ശീയോളിന്
> ജഡമില്ലാതെ അവനെ
> വിഴുങ്ങുവാൻ
> കഴിയാത്തതുമൂലവും തനിക്ക് ശീയോളിലേക്ക്
> പോകുവാൻ ഒരു മാദ്ധ്യമത്തെ
> ക്രമീകരിക്കുവാനായി കന്യകയെ സമീപിച്ചു.
>
> *കർത്താവിനെ കുറിച്ചുള്ള മെമ്രാ* II[4]

എല്ലാവരെയും രക്ഷിക്കുന്ന മാദ്ധ്യമമാകുന്ന കുരിശെന്നപോലെ പുത്രന്റെ ശരീരം ശീയോളിലേക്കു പോകുവാനുള്ള ഒരു മാദ്ധ്യമം (വാഹനം) ആണ്. മനുഷ്യാവതാരവും കുരിശുമായുള്ള ഈ സാദൃശ്യം ഇവയിലൊന്ന് മറ്റേതിന്റെ കാരണവും തെളിവുമായി ഒരു തരത്തിൽ തുടർന്നുപോകുന്നു. തന്റെ ഒരു കത്തിൽ (സ്രൂഗിലെ) യാക്കോബ് എഴുതിയിരിക്കുന്നു:

> ആകയാൽ. ദൈവപുത്രനായ നമ്മുടെ കർത്താവ്, വചനം ജഡമായി തീർന്നവൻ,.....മരിക്കുവാൻ ഭയപ്പെട്ടിരുന്നില്ല; എന്തെന്നാൽ മനുഷ്യാവതാരം ചെയ്യുവാൻ അവൻ ഭയപ്പെട്ടിരുന്നില്ല. കുരിശിൽ മരിക്കുവാനായി മുന്നോട്ട് പോകുവാൻ ശരീരമെടുക്കുവാനായി അവൻ വന്നു. കത്ത് XXI[5]

ക്രിസ്തുവിന്റെ ശരീരം സംബന്ധിച്ച്, ക്രിസ്തുവിന്റെ മാനുഷിക ശരീരത്തെ നിഷേധിച്ചിരുന്നു[6] ഹാർലിനിക്കാർനസാസിലെ യൂലിയാൻ,[7]

---

4 *Des Heiligen Ephraem des Syrers Sermo de Domino Nostro*,2

5 *Iacobi Sarugensis Epistulae Quotquot Supersunt*, CSCO 110, Scr, Syri 57, G.Olinder, ed. (LouvainL Durbecq, 1952), 136. See Letter XII, p. 46 and Letter XXXVI, 8.p.263.

6 ഹർലികർനസാസിലെ മെത്രാനായിരുന്ന യൂലിയാൻ 527 ന് ശേഷം മരിച്ചു. ക്രിസ്തുവിന്റെ ശരീരം മായയൊ മിഥ്യയൊ ആയിരുന്നതിനാൽ അത് നശിച്ചു പോകയില്ല എന്ന് അയാൾ പഠിപ്പിച്ചു. അയാളുടെ അനുയായികളെ മായാവാദികൾ (Phantasiatae) എന്ന അറിയപ്പെട്ടിരുന്നു.

7 എഡേസായിൽ 154 ൽ ജനിച്ച് 179 ൽ ക്രിസ്തുമതത്തെ ആശ്ലേഷിച്ച ബർദൈസാൻ ക്രിസ്തുവിന്റെ ശരീരം വെറും മായയായിരുന്നു എന്നും പുനരുത്ഥാനം ഇല്ല എന്നും വാദിച്ചു. തന്റെ മകൻ ഹാർമോണിയസിനൊപ്പം ചേർന്ന്, സുറിയാനി ഗീതങ്ങളുടെയും സങ്കീർത്തനങ്ങളുടെയും ഒരു വലിയ ശേഖരം അയാൾ രചിച്ചു.

ബർദൈസാൻ[8] മുതലായവരുടെ ആദികാല വേദവിപരീതങ്ങളുടെ വെളിച്ചത്തിൽ വേണം കുരിശിനെ മനുഷ്യാവതാരവുമായി ബന്ധിപ്പിക്കുന്ന ഊന്നലിനെ മനസ്സിലാക്കുവാൻ. വ്യാപകമായി പ്രചരിച്ചിരുന്ന ബർദൈസാന്റെ പഠിപ്പിക്കലുകളെ പ്രതിരോധിക്കുവാനാണ്, വാസ്തവത്തിൽ, അപ്രേമിന്റെ മിക്ക കവിതകളും എഴുതപ്പെട്ടിട്ടുള്ളത്. ഈ പ്രബന്ധത്തിന്റെ ആദ്യഭാഗത്തേക്ക് നാം തിരിഞ്ഞുനോക്കി, മനുഷ്യാവതാരത്തിന്റെ സാക്ഷിയാണ് കുരിശ് എന്നത് മനസ്സിൽ കരുതുകയാണെങ്കിൽ, കുരിശ് ക്രിസ്തുവിന്റെ മാനുഷികതയുടെ ഒരു അടയാളമെന്ന് നമുക്ക് കണ്ടെത്താം. അപ്രേം എഴുതുന്നു:

> നല്ലവനായ യേശുവേ! ഞാൻ നിന്നോടു പറഞ്ഞ
> എന്റെ അഹങ്കാരവാക്കുകൾ എന്നോടു ക്ഷമിക്കേണമെ.
> എന്തെന്നാൽ, നിന്റെ കുരിശു കണ്ടുകൊണ്ട് നീയൊരു
> മനുഷ്യനല്ല എന്ന് ആരു സംശയിക്കും? നിന്റെ
> ശക്തികണ്ടുകൊണ്ട് നീ ദൈവമല്ല എന്നും ആര്
> സംശയിക്കും? ഇതു രണ്ടിനാലും നീ ദൈവവും
> മനുഷ്യനും എന്ന് ഏറ്റു പറയുവാൻ ഞാൻ അഭ്യസിച്ചിരിക്കുന്നു.
>
> *നിസിബിൻ* മെമ്രാ XXXVI,16[9]

ഈ ഭാഗത്ത് മരണം ക്രിസ്തുവിനെ അഭിസംബോധന ചെയ്ത് കുരിശിനാൽ ക്രിസ്തുവിന്റെ മനുഷ്യത്വം പ്രത്യക്ഷീഭവിച്ചു എന്ന് കാണിക്കുന്നു; അതേ സമയം, കുരിശിലെ തന്റെ മരണത്തോടനുബന്ധിച്ച് ഉണ്ടായ ശക്തിയും അത്ഭുതങ്ങളും അവന്റെ ദൈവത്വത്തെയും വെളിപ്പെടുത്തി. തന്റെ പുളിപ്പില്ലാത്ത അപ്പത്തെ കുറിച്ചുള്ള ഗീത (*Hymns on Unleavened Bread* XV,15)[10]ത്തിൽ, അപ്രേം, സീനായ് പർവ്വതത്തിന് താങ്ങാനാകാത്തവനെ എങ്ങനെ കുരിശ് വഹിച്ചു എന്ന് അത്ഭുതപ്പെടുന്നു. എന്നിട്ട് തന്റെ അത്ഭുതത്തിന് ഉത്തരമായി, അഗ്നിയെ വഹിച്ചതുമൂലം മരം എരിഞ്ഞുപോകാതെ അതിനെ ബലപ്പെടുത്തിയത് ക്രിസ്തുവിന്റെ ശക്തിയിലൂടെയായിരുന്നു എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. (Hymn on unleavened Bread XVI,33)[11]. അങ്ങനെ, കുരിശിന്മേൽ തറയ്ക്കപ്പെട്ട ക്രിസ്തുവിന്റെ ശക്തിയാൽ കുരിശ് ശക്തിപ്രാപിച്ച്, നാം പിന്നീട് കാണാൻ

---

8 ഇഗ്നാത്യോസ് അപ്രേം ബർസോം: *Historire Abregea de L'Eglise* (Homs, Syria)

9 Des Heiligen Ephraem des Syrers Carmina Nisibenall, CSCO, 249. Syri 102, E. Beck, ed. (Louvain: Secretariat du CorpusSCO, 1963), 13-14.

10 *Des Heiligen Ephraem des Syrers Pasgagymnen (De Azymis, De crucifixione, De resurrectione),* CSCO 246, Scr. Syri 106, E. Beck, ed. (Louvain: Secretariat du CorpusSCO, 1964),26.

11 *Des Heiligen Ephraem des Syrers Paschabymnen (De Azymis, De crucifixone, De Resurrectione),*31.

പോകുന്നതുപോലെ, അതിൽ തന്നെ ജീവനുള്ളതായി ഭവിച്ചു. ഇവിടെ, ഒരു പടി മുന്നോട്ടുപോയി ക്രിസ്തുവിന്റെ മനുഷ്യത്വത്തിന്റെ അടയാളം മാത്രമായല്ല പിതാക്കന്മാർ കുരിശിനെ പരിഗണിച്ചിരുന്നത് എന്നും പാപം ഒഴികെയുള്ള നമ്മുടെ മനുഷ്യത്വത്തിന്റെ നിറവ് ഒരു പൂർണ്ണ മനുഷ്യനെന്ന നിലയിലുള്ള അവന്റെ ബലഹീനതയുടെയും അടയാളം കൂടി ആയിരുന്നു എന്നും പ്രസ്താവിക്കുന്നത് യുക്തമാണ്. യോഹന്നാന്റെ നാന്ദിയെക്കുറിച്ചുള്ള വ്യാഖ്യാന (Commentary on John's prologue)ത്തിൽ പീലക്സിനോസ് എഴുതുന്നു:

> സൃഷ്ടിയും എല്ലാറ്റിന്റെയും പരിപാലനവും
> അവന്റെ(ദൈവത്തിന്റെ) ശക്തിയുടെ അടയാള
> മാക്കുന്നതുപോലെ തന്നെ കുരിശ് ദൈവത്തിന്റെ
> ബലഹീനതയുടെ അടയാളമാകുന്നു. ബലഹീ
> നത കൈവരിച്ച നേട്ടം ശക്തി കൈവരിച്ചതി
> നേക്കാൾ മഹത്തായിരുന്നു എന്ന് രണ്ടിന്റെയും ഫലങ്ങൾ
> വ്യക്തമാക്കുന്നു.[12]

പാപത്താലും വീഴ്ചയാലും പിന്തുടരപ്പെട്ട ആദ്യസൃഷ്ടിയെക്കാൾ കുരിശ് ഒരു പുതിയ സൃഷ്ടി എന്ന നിലയിൽ മെച്ചപ്പെട്ടതായി ഭവിച്ചു. വേറൊരു ഭാഗത്ത് (Dissertation VIII)[13] പീലക്സീനോസ്, ന്യായപ്രമാണത്തെ അനുഗ്രഹീതമാക്കി വ്യത്യാസപ്പെടുത്തി സൃഷ്ടിയെ പുതുക്കുന്ന, ന്യായപ്രമാണത്തിന്റെ ശാപമായി കുരിശിനെ നോക്കി കണ്ടുകൊണ്ട്, ആദ്യസൃഷ്ടിയെക്കാൾ മഹത്തരമായി അത് ആയിത്തീരുന്നു എന്ന് വിശദീകരിച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ ശരീരത്തിന്റെ ബലഹീനതയും അവന്റെ ക്രൂശിലെ ശക്തിയും താരതമ്യം ചെയ്യുമ്പോൾ അഫ്രേം കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നു. കുരിശിൽ തൂക്കപ്പെട്ടവൻ മൂലം അതിശക്തി പ്രാപിക്കുന്ന കുരിശിനെ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെയും ബലഹീനതയുടെയും അടയാളമായി അദ്ദേഹം നോക്കിക്കാണുന്നു. ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ ഏകതയിലേക്കും അവന്റെ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും യോജിപ്പിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ട്, നാലും അഞ്ചും നൂറ്റാണ്ടുകളിലുണ്ടായ ക്രിസ്തുവിജ്ഞാനീയ വിവാദങ്ങളെ അദ്ദേഹം മുൻകൂട്ടി കാണുന്നു. *യൽദോ (ജനന) ഗീതങ്ങളിൽ (Hymns on Nativity)* അഫ്രേം എഴുതുന്നു:

---

12 Philoxene de Mabbog, *Commentaire du Prologue Johannique* (Ms. Br. Mus. Ad.14, 534), CSCO 380-381, Scr. Syri 165-166, A. de Hallelux.ed. (Louvain: Secretariat du Corpus SCO, 1977), 180.

13 Sancti Philoxeni Episcopi Mabbugensis, *Dissertationes Decem De Uno e Sancta Trinitate Incorporato et Passo,* Patrologia Orientalis t. 39, 720, 721

മരത്തിന്മേൽ അവന്റെ ശക്തി അവന്റെ ശരീര
ത്തോടൊപ്പം ബലഹീനമല്ലായിരുന്നു.
മരത്തിന്മേൽ കിടക്കുമ്പോൾ അവൻ മരിച്ചവർക്ക് ജീവൻ നല്കി.
ജീവൻ നല്കിയത് അവന്റെ ശരീരമോ അതോ അവന്റെ
ഇച്ഛയോ? ശ്രദ്ധിക്കൂ! അവൻ
മുഴുവനായി തന്നെ മരത്തിന്മേൽ തൂക്കപ്പെട്ടു. അവന്റെ
ശക്തി സൃഷ്ടിയെ മുഴുവൻ വിറപ്പിച്ചു.
ക്രൂശിക്കപ്പെട്ടപ്പോൾ മരിച്ചവർക്ക് അവൻ ജീവൻ
നല്കി; അപ്രകാരം, ഒരു ഗർഭസ്ഥഭ്രൂണമായിരുന്നപ്പോൾ
അവൻ ഗർഭസ്ഥ ഭ്രൂണങ്ങൾക്ക് രൂപം നൽകുകയായിരുന്നു.

*Hymns on the nativity* IV,163-70[14]

## 5.3 കുരിശ് പുത്രന്റെ വാഹന(മാദ്ധ്യമം)മാകുന്നു

വാഹനം (ܪܟܘܒܐ=റ്കുബോ=Vehicle), രഥം (ܡܪܟܒܬܐ=മർകബ്തോ=Chariot) ഇവ രണ്ടും സുറിയാനി രചനകളിൽ[15] കുരിശിനെ പ്രതിയുള്ള സ്ഥിരമായ രൂപങ്ങളാണ്. ഹസ്ക്കിയേൽ ഒന്നാം അദ്ധ്യായത്തിൽ വിവരിക്കുന്ന തന്റെ പൂർണ്ണമഹത്വത്തോടെ കർത്താവിനെ വഹിക്കുന്ന രഥത്തിലേക്ക് പിൻതിരിഞ്ഞുനോക്കിക്കൊണ്ട് അഫ്രേം, ഗോൽഗോത്തായിൽ ക്രിസ്തുവിനെ വഹിച്ച കുരിശുമായി അതിനെ താരതമ്യം ചെയ്യുന്നു. രഥത്തിന്റെ മഹത്വവും കുരിശിന്റെ വിനയവും തമ്മിലുള്ള വിരോധാഭാസമാണ് ഇവ തമ്മിൽ താരതമ്യം ചെയ്യുന്നതിന് അദ്ദേഹത്തിന് പ്രേരണയായത്. അദ്ദേഹം എഴുതുന്നു:

ഞാൻ ഓർത്തുപോയി: പറുദീസ ഇത്രയധികം
പ്രതാപാർഹമെങ്കിൽ അതിന്റെ ഉടയവന്റെ
പ്രതിരൂപമായ ആദാം എത്രയൊ പ്രതാപവാനായിരുന്നു!
കർത്താവിന്റെ പുത്രന്റെ വാഹനമായ
കുരിശും എത്രയോ സുന്ദരമാകുന്നു!

*പറുദീസ ഗീതങ്ങൾ* VI,5[16]

ക്രിസ്തുവിനെ വഹിക്കുമ്പോൾ കുരിശിന്റെ അപമാനം മഹത്വമായി

---

14 *Des Heiligen Ephraem des Syrers Hymnen de Nativitate (Epiphania)* CSCO 186, Scr. Syri 82, E. Beck, Ed. (Louvain: Secretariat du CorpusSCO, 1959),40-41.

15 R.Murray, *Symbols of Church and Kingdom: A Study in Early Syriac Tradition* (London: Cambridge University Press, 1975), 128.

16 *Des Heiligen Ephraem des Syrers Hymnen de Paradiso und Contra Julianum,* CSCO 174, Scr,. Syri 78, E. Beck, ed (Louvain: Secretariat du CorpusSCO, 1957), 20.

ഭവിക്കുന്നു, കർത്താവ് ഉള്ളിലുള്ളതിനാൽ ക്രൂബേന്മാരുടെ രഥം മഹിമ നിറഞ്ഞതുപോലെ. *യോഹന്നാന്റെ നാന്ദിയുടെ വ്യാഖ്യാനത്തിൽ (Commentary on John's Prologue)* പീലക്സിനോസ് ഈ വിരോധാഭാസ വ്യാഖ്യാനം ആവർത്തിക്കുന്നു:

നിന്ദയുമായിബന്ധപ്പെട്ട കുരിശ്
അവൻ വഹിച്ചു; ബഹുമതി നിറഞ്ഞതായ
ജയം നാം പ്രാപിക്കുവാനായി തന്നെ[17]

തോമാ ശ്ലീഹായെ കുറിച്ചുള്ള തന്റെ മെമ്രാകളിൽ (സ്രൂഗിലെ) യാക്കോബും ഈ പ്രയോഗം ഉപയോഗിക്കുന്നു. രണ്ടാമത്തെ മെമ്രായിൽ, നാണം തോന്നാതെ കുരിശെടുത്തുകൊണ്ട് ഇൻഡ്യയിലേക്ക് പോകുവാൻ കർത്താവ് തോമയോടു പറയുന്നതായി നാം വായിക്കുന്നു; കാരണം എന്തെന്നാൽ, മരിച്ചവരുടെ ദേശത്തേക്ക് പോയി പാപത്തെയും മരണത്തേയും നശിപ്പിക്കുവാൻ കർത്താവ് എഴുന്നെള്ളിയ വാഹനം അതാകുന്നു. അദ്ദേഹം എഴുതുന്നു;

മനുഷ്യരെ കൊല്ലുന്ന തിന്മയെ ഞാൻ ഈ വാഹനത്താൽ
കൊന്നു, ഭൂമിയുടെ ചലനമാർഗ്ഗത്തെ
ബലഹീനപ്പെടുത്തിയ മരണത്തെ ഞാൻ ഇതിനാൽ
അശക്തമാക്കി. മരണമടഞ്ഞവരിലേക്ക്
കുരിശ് എനിക്ക് ഒരു വാഹനമായി തീർന്നു;
അതിനാൽ മോഷ്ടാവിൽ നിന്നും എല്ലാ അടിമത്തത്തെയും
ഞാൻ തിരികെ കൊണ്ടുവന്നു. മെമ്രാ II 8[18]

കുരിശിലെ മരണനിമിഷം ഉൾപ്പെടെയുള്ള പിതാവുമായുള്ള ക്രിസ്തുവിന്റെ സദാ സാന്നിദ്ധ്യമെന്ന വേറൊരു ആശയവും രഥവും കുരിശുമായുള്ള സമാനതയിൽ രൂപം പ്രാപിക്കുന്നു. പിതാവ് രഥത്തിൽ സന്നിഹിതനാണ്, ക്രിസ്തു കുരിശിൽ വഹിക്കപ്പെട്ടിരിക്കുന്നു. കുരിശ് രഥത്തിന്റെ ഒരു സാദൃശ്യമെങ്കിൽ, ക്രിസ്തു കുരിശിലായിരിക്കുമ്പോൾ പിതാവിനോടൊപ്പം രഥത്തിലുമുണ്ട്. അഫ്രേമിന്റെ പുളിപ്പില്ലാത്ത അപ്പത്തിന്റെ മെമ്രായിൽ (Hymns on Unleavend Bread) ഇത് വ്യക്തമാക്കപ്പെട്ടിരിക്കുന്നു;

അവൻ കുരിശിൽ കയറി, എന്നാൽ
രഹസ്യമായി അവൻ ക്രൂബേന്മാരുടെ രഥത്തിന്

---

17 *Philoxene de Mabbog, Commentaire du Prologue johanique* (Ms. Br. Mus. Ad. 14,534),127.

18 *Jakob von Sarug, Drei Gedichte uber Den Apostel Thomas in Indien,* W. Strothmann, ed. (Wiesbaden: Otto Harrassowitz, 1976),364-368.

സാരഥ്യം വഹിക്കുകയായിരുന്നു

*പുളിപ്പില്ലാത്ത അപ്പത്തിന്റെ മെമ്രാ* XIII,8[19]

അങ്ങനെ കുരിശ് ദൈവത്തിന്റെയും അവന്റെ മഹത്വത്തിന്റെയും ഷെക്കിനാ (Shekina=ദിവ്യസാന്നിദ്ധ്യം) ആയി തീരുന്നു- പ്രത്യേകിച്ചും അത് കുരിശിൽ വെളിവാക്കപ്പെടുന്നതിനാൽ. ഭുമിയുടെ നാലറ്റങ്ങളെയും ആശ്ലേഷിക്കുവാനായി തന്റെ കൈകൾ വിരിച്ചപ്പോൾ പ്രപഞ്ചത്തിന്റെ രാജാവായി അവൻ പ്രഖ്യാപിക്കപ്പെട്ടു. അപ്പോൾ കുരിശ് ഒരു വാഹനവും ഒരു രഥവും ആണ്; എന്തെന്നാൽ, അത് കർത്താവിന്റെ ഷെക്കിനാ ആണ്, കൂടാതെ കഷ്ടാനുഭവത്തിലൂടെ മനുഷ്യവർഗ്ഗത്തെ അത് രഥത്തിൽ നിറഞ്ഞുനിൽക്കുന്ന ദൈവത്തിന്റെ മഹത്വത്തിലേക്ക് നയിക്കുന്നു. അഫ്രേം എഴുതുന്നു:

നാലുജീവികളാൽ വലിക്കപ്പെട്ടിരുന്ന രഥത്തെ
വിട്ട് അവൻ(ദൈവം) ഇറങ്ങിവന്ന് നാലു
ദിക്കുകളിലേക്കുമുള്ള ഒരു വാഹനമായി കുരിശിനെ
ആക്കിതീർത്തു. സ്രോപ്പേന്മാരെയും
ക്രോബേന്മാരെയും വിട്ട് ക്രൂശകരുടെ പരി
ഹാസം സഹിപ്പാനായി ഇറങ്ങിവന്നു

*വിശ്വാസ മെമ്രാ* XVII,8[20]

കഷ്ടാനുഭവത്തിലൂടെയും കുരിശ് വഹിക്കുന്നതിലൂടെയും മാത്രമെ ഒരുവന് ദൈവത്തെ സന്ധിക്കുവാൻ കഴികയുള്ളൂ.[21] തന്റെ രക്ഷണ്യ പ്രവൃത്തി നിർവഹിക്കുവാനായി ക്രിസ്തു ഉപയോഗപ്പെടുത്തിയ വാഹനവും മാധ്യമവും ആണ് കുരിശ്. ആകയാൽ, തന്റെ രക്ഷയുടെ അനുഭവത്തിനുള്ള മാർഗ്ഗവും മാധ്യമവും ആയി കുരിശ് ഭവിക്കുന്നു.

ഏവർക്കും അഭിമാനബോധം ഏകുന്ന മഹത്വം കുരിശിന്റെ ശാപത്തിൽ വീക്ഷിച്ച പൗലോസ് ശ്ലീഹയെക്കുറിച്ച് ഈ ആശയം ഉറപ്പിച്ചു പറയുവാൻ (സ്രൂഗിലെ) യാക്കോബ് എഴുതുന്നു.[22] ആകയാൽ മഹത്വത്തിലേക്കുള്ള ഒരു വാഹനമായി പൗലോസ് കുരിശിനെ ഉപയോഗപ്പെടുത്തിയിരിക്കുന്നു, പൗലോസിനെക്കുറിച്ച് യാക്കോബ് ഇപ്രകാരം എഴുതുന്നു;

അപമാനത്തിന്റെ അടയാളമായിരുന്ന
ക്രൂശാരോഹണത്താൽ അവൻ മഹത്വീകരിക്കപ്പെട്ടു.
ഈ അടയാളം അത് അപമാനിക്കപ്പെടുന്തോറും

19 *Des Heiligen Ephraem des Syrers Pasgagymnen* (De Azymis, De crucifixione, De Resurrectione),20.

20 *Des Heiligen Ephraem des Syrers Hymnende Fide,*68

21 മത്തായി 7:14

22 ഗലാത്യർ 6:14

ആവശ്യക്കാർക്ക് ബഹുമതി ഏകുന്നു. വേദന നിറഞ്ഞതായ
മുടന്തൻ കുരിശ് അവൻ സ്വയം വഹി
ക്കുകയും രാജാക്കന്മാരുടെയും അവരുടെ കിരീടങ്ങളുടെയും
മോടി ഉപേക്ഷിക്കുകയും ചെയ്തു.
ക്രൂശാരോഹണത്താൽ രാജാക്കന്മാരുടെ പുകഴ്ച
അവനു ലഭിച്ചു. മെമ്രാ 6,[23]

## 5.4 കുരിശിനാൽ രക്ഷ പ്രാപിച്ചു

മനുഷ്യ വർഗ്ഗത്തിന്റെ വീഴ്ചയ്ക്കുള്ള കാരണത്തെ -പാപത്തെ-യും അതിന്റെ ഫലമായ മരണത്തെയും നശിപ്പിച്ചുകൊണ്ട് മനുഷ്യവർഗ്ഗത്തെ അതിന്റെ പൂർവ്വിക ഭവനമായ പറുദീസായിലേക്ക് തിരികെ എത്തിക്കുക എന്നതായിരുന്നു ക്രിസ്തുവിന്റെ ക്രൂശാരോണഹത്തിന്റെയും മരണത്തിന്റെയും ലക്ഷ്യം.[24] ഇത് മനസ്സിൽ കരുതി കുരിശും രക്ഷയും തമ്മിൽ ബന്ധിപ്പിക്കുന്ന സുറിയാനി ഗ്രന്ഥങ്ങളുടെ അതിവിപുലമായ ഒരു ശേഖരം നമുക്ക് കണ്ടെത്തുവാൻ കഴിയും. നമ്മുടെ രക്ഷയ്ക്ക് കുരിശ് എത്രമാത്രം സംഭാവന ഏകുന്നു എന്നും കുരിശില്ലാതെ രക്ഷയില്ല എന്നും ചൂണ്ടികാട്ടാൻ എല്ലാ സുറിയാനി പിതാക്കന്മാരും ആവേശഭരിതരായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയിൽ കുരിശിന്റെ പ്രാധാന്യം നിർണ്ണിയിക്കുവാനുള്ള ഒരു ശ്രമം നടത്തുകയാണ് ഈ ഭാഗത്ത്

### 5.4.1 പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള ജയം

ക്രിസ്തുവിന്റെ രക്ഷയുടെ സ്വഭാവം അറിയുവാനുള്ള നമ്മുടെ അന്വേഷണത്തിൽ, വീഴ്ചയ്ക്ക് കാരണമായ പാപത്തെ അതിജീവിക്കുവാനുള്ള മാർഗ്ഗം എന്ന അർത്ഥമാണ് രക്ഷയ്ക്കുള്ളത് എന്ന അനുമാനത്തിൽ നാം പെട്ടെന്നു തന്നെ എത്തും. ഇപ്പോൾ, നമ്മുടെ ശ്രദ്ധ കുരിശിലേക്ക് തിരിച്ചാൽ കുരിശ് നേടിത്തന്നത് കൃത്യമായി ഇതു തന്നെയെന്ന് നമുക്ക് മനസ്സിലാകും. കുരിശിൽ കർത്താവ് പാപത്തെ ആണിയാൽ തറച്ച് അതിന്റെ ബലത്തെ ഇല്ലായ്മ ചെയ്തു. (സ്രൂഗിലെ) യാക്കോബ് എഴുതുന്നു:

പ്രപഞ്ചം ആകമാനമുള്ള കടങ്ങളെ വഹിച്ചുകൊണ്ട്
നമ്മുടെ കർത്താവ് ക്രൂശിക്കപ്പെട്ടു. പാപം വീണ്ടും
ഭരണം നടത്താതിരിക്കുത്തക്കവണ്ണം അതിനെ ആണി
കളാൽ ഉറപ്പിച്ചു. അവർ അവനെ ഗോഗുൽത്തായിൽ
ക്രൂശിച്ചപ്പോൾ അവൻ പാപത്തെ അവനാൽ തന്നെ ക്രൂശിച്ചു.

---

23 *Homiliae Selectae Mar-Jacobi Sarugensis,* 5 Vols.P. Bedjan, ed. (Paris, Leipzig: Otto Harrassowitz, 1905-1910), II:517.

24 റോമർ 5:12,6 :23

> വരും തലമുറകളെ അപ്പോൾ മുതൽ പാപം കൊല്ലാതിരി
> ക്കുവാനായി തന്നെ. മെമ്രാ 63[25]

പാപത്തെ നശിപ്പിച്ചു എന്നു പറയുമ്പോൾ പാപത്തിന്റെ ഫലവും ശമ്പളവുമായ മരണവും നശിപ്പിക്കപ്പെട്ടു എന്ന് അർത്ഥമാകുന്നു.[26] ആകയാൽ, നമ്മുടെ കർത്താവ് മരണത്തിന്മേലും പാപത്തിന്മേലും ഉള്ള തന്റെ ജയം ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു എന്നത് പ്രാധാന്യമർഹിക്കുന്നതാണ്. പാപത്തെയും മരണത്തെയും കുരിശിനോട് ബന്ധിപ്പിച്ചുകൊണ്ട് പീലക്സിനോസ് പറയുന്നു:

> കുരിശിനാൽ.......അവൻ പിശാചിന്റെ അധികാരത്തെ എടുത്തു
> കളഞ്ഞു, മരണത്തിന്റെ വിഷമുള്ളായ പാപത്തെ കൊല്ലുകയും
> ചെയ്തു. ന്യായപ്രമാണംപോലും ഉപയോഗ
> പ്പെടുത്തിയിരുന്ന മരണത്തെ അവനാൽ കൊന്നു.
> *Dissertation* VIII[27]

അപ്പോൾ രക്ഷ നേടുവാനുള്ള ആദ്യത്തെ പടി മരണത്തെ തന്നെ അതിജീവിക്കുക എന്നതാണ്. തന്റെ ശക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് മരണം മനസ്സിലാക്കി പരാതിപ്പെട്ട് നിലവിളിക്കുന്നു. ഈ വിഷയത്തിന്മേലുള്ള അനേക ഗീതങ്ങളിലും മെമ്രാകളിലും നിന്നുമുള്ള ഒരെണ്ണത്തിൽ അഫ്രേം, കുരിശും മരണവുമായി നടക്കുന്ന സംവാദത്തെ വിവരിക്കുന്നു;

> ജയത്തോടുകൂടി ഞാൻ എല്ലാറ്റിനെയും ഭരിക്കുകയായിരുന്നു
> നിന്റെ കുരിശിന് എന്നെ എങ്ങനെ ഇല്ലായ്മചെയ്യുവാൻ
> കഴിയും? മുമ്പിനാലെ, മരത്താൽ ഞാൻ വിജയിച്ച്
> ജൈത്രയാത്ര നടത്തി, വന്നു കാണുക!
> *നിസിബിൻ ഗീതങ്ങൾ* XXX VI, 9[28]

ഈ ഭാഗത്ത് മരണം ക്രിസ്തുവിനോട് പരാതിപ്പെടുകയാണ്; കാരണം ക്രിസ്തുവിന്റെ കുരിശ് അതിനെ അതിജീവിച്ച് അതിന്റെ സമ്പത്ത് നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്നു. മരിച്ചുപോയ അനേകർ ഉയിർത്തെഴുന്നേറ്റ് നഗരത്തിൽ പ്രവേശിച്ചപ്പോൾ, മരണത്തിന്മേലുള്ള ക്രിസ്തുവിന്റെ ഈ വിജയം ക്രിസ്തു കുരിശിന്മേൽ കിടക്കുമ്പോൾ തന്നെ ആദ്യഫലങ്ങൾ പുറപ്പെടുവിക്കുകയും മരണത്തിന് അത് ബോധ്യമാകുകയും ചെയ്തു. ആകയാൽ മരണം പരാതി തുടർന്നുകൊണ്ടിരുന്നു; എന്നാൽ പാപം

---

25 *Homiliae Selectae Mar-Jacobi Sarugenis,* II:573

26 റോമർ 6:23

27 *Sancti Philoxeni Episcopi Mabbugensis, Dissertationes Decem De Uno e Sancta Trinitate Incorporato et Passo,* Patrologia Orientalis t. 39,712,713.

28 *Des Heiligen Ephraem des Syrers Carmina Nisibena II,* 11

മരിച്ചുപോയിരുന്നതിനാൽ മരണത്തിന് ഒരു സാഹായവും ലഭ്യമാകാതെ വരികയും പരാതി ഉപേക്ഷിച്ച് ക്രിസ്തുവിന്റെ അധികാരത്തിനു കീഴ്പ്പെടുകയും ചെയ്യുന്നു. അഫ്രേം തുടർന്നെഴുതുന്നു:

> നിരാശ്രയനായവനെ ആശ്വസിപ്പിക്കുവാൻ
> എല്ലാവരും ഓടിയെത്തുന്നു. എന്നാൽ
> എന്നെ ആശ്വസിപ്പിക്കുവാൻ ആരും ഇല്ല;
> കാരണം, മരിച്ച അനേകർ ജീവനിലേക്ക് തിരിച്ചെത്തി....
> തന്റെ കുരിശാൽ എന്നെ ഇല്ലായ്മ ചെയ്ത
> യേശുവിൻ മുമ്പാകെ തല കുനിക്കുകയാണ് എനിക്ക്
> നല്ലത്. *നിസിബിൻ* മെമ്രാ XXXVIII 5[29]

പാപത്തെ അതിജീവിക്കുന്നതിൽ നിന്നും വ്യത്യസ്തമായി മരണത്തിന്മേലുള്ള ജയത്തെ സുറിയാനി പിതാക്കന്മാർ കൈകാര്യം ചെയ്യുന്നില്ല. വാസ്തവത്തിൽ സ്വാഭാവിക മരണത്തിന്റെ നാശത്തിന്മേലല്ല, പിന്നെയൊ ഭൗതിക മരണത്തിന്റെ ഉറവിടമായ പാപമാകുന്ന ആത്മീയമരണത്തിന്റെ നാശത്തിന്മേലാണ് അവരുടെ ഊന്നൽ പ്രധാനമായി പതിക്കുന്നത്. ഈ രണ്ടുവിധ മരണമെന്ന ആശയം യോഹന്നാന്റെ സുവിശേഷത്തിലെ അഞ്ചാം അധ്യായത്തിൽ പറഞ്ഞിരിക്കുന്ന രണ്ട് പുനരുത്ഥാനങ്ങളുമായി പൂർണ്ണമായി യോജിച്ചുപോകുന്നു.

രണ്ടുവിധ മരണം തമ്മിലുള്ള വ്യതിരിക്തത പീലക്സിനോസും സ്പഷ്ടമാക്കുന്നു. അദ്ദേഹത്തിന്, പാപത്തിൽ നിന്നും ഉരുവാകുന്ന ആത്മീയ മരണം ഉണ്ട്; അദ്ദേഹം അതിനെ പാപമരണം എന്നു വിളിക്കുന്നു. മറ്റേ മരണം സ്വാഭാവിക മരണമാണ്, അതിനെ അദ്ദേഹം ശിക്ഷാമരണം എന്നു വിളിക്കുന്നു; കാരണം, പാപത്തെ[30] ആശ്ലേഷിച്ചതിനാൽ നമ്മുടെ മേൽ ചുമത്തപ്പെട്ടതാണ് അത്. അദ്ദേഹം എഴുതുന്നു:

> നമ്മുടെ കർത്താവ് ശിക്ഷാമരണം അനുഭവിച്ചു,
> എന്നാൽ അവൻ പാപമരണത്താൽ പ്രലോഭി
> ക്കപ്പെടുകയൊ അത് അനുഭവിക്കകയൊ ചെയ്തില്ല;
> ഇരുവിധ മരണങ്ങളെകുറിച്ച് വി.ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു.
> അതിലൊന്ന് പാപമരണവും
> മറ്റേത് സ്വാഭാവിക മരണവുമാണ്. രണ്ടും നമ്മുടെ കർത്താവ്
> ഇല്ലായ്മ ചെയ്തു.
> അവയിലൊന്ന് കല്പനകൾ പൂർത്തീകരിച്ചുകൊണ്ടും

29 *Des Heiligen Ephraem des Syrers Carmina Nisibena II,20.*

30 ഉത്പത്തി 2

ന്യായപ്രമാണത്തിന് വഴിപ്പെട്ടുകൊണ്ടും, മറ്റേത് കുരിശിന്മേൽ ശരീരം വിരിച്ചും. *Dissertation* VIII[31]

നിത്യമായ ലോകം, അഥവാ സുറിയാനി പിതാക്കന്മാർ വിളിക്കുംപോലെ രണ്ടാം ലോകം ഭൗമിക ലോകത്തെക്കാൾ വളരെ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്, എന്തെന്നാൽ ഈ രണ്ടാം ലോകത്തിൽ സർവ്വവും നിറവേറുന്നു. ആകയാൽ, പാപത്തിൽ നിന്നുള്ള പുനരുത്ഥാനം ക്രിസ്തുവിന്റെ വിജയത്താൽ നിർവഹിക്കപ്പെട്ടു; ക്രിസ്തു സ്വയം അത് അർത്ഥമാക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: 'സത്യമായി സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു, അതിപ്പോൾ തന്നെയുമാകുന്നു'[32] സുറിയാനി പിതാക്കന്മാരുടെ ചിന്തയിൽ, പാപത്തിൽ നിന്നുള്ള പുനരുത്ഥാനവും, കബറുകളിൽ സ്ഥിതി ചെയ്യുന്നവർക്ക് സംഭവിക്കുന്ന[33] ശരീരത്തിന്റെ പുനരുത്ഥാനവും തിരിച്ചറിഞ്ഞുകൊണ്ടായിരിക്കണം ക്രിസ്തുവിനെ മനസ്സിലാക്കേണ്ടത്. പാപത്തിൽ നിന്നുള്ള പുനരുത്ഥാനമാണ് നാം കുരിശിലൂടെ നേടിയത്. തന്റെ പ്രഭാഷണങ്ങളൊന്നിൽ അഫ്രേം പറയുന്നു:

പാപികൾക്കായി,
മരണത്തിനും അപഹാസത്തിനും സ്വയം
ഏല്പിച്ചു കൊടുത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.
അപമാനത്തിന്റെ മരം അവൻ പേറി, പാപികൾ
ജീവിപ്പാനായിട്ടു തന്നെ.
തന്റെ കരുണയാൽ ലോകത്തെ മെനഞ്ഞെടുത്ത
വനും വന്ന് തന്റെ കുരിശാൽ അതിനെ രക്ഷിച്ചവനും
വാഴ്ത്തപ്പെട്ടവനാകുന്നു
തന്റെ വരവിന്റെ മഹാവലിയ ദിവസത്തിൽ
അവൻ വീണ്ടും വരും, നമ്മെ എഴുന്നേല്പിക്കും.
*പ്രഭാഷണങ്ങൾ* I.V,612-619[34]

പ്രഭാഷണങ്ങൾ I.VIII 129-130[35]ൽ നിന്നും നാം മനസ്സിലാക്കുന്നതുപോലെ, നമ്മുടെ മരണത്തിനു കാരണഭൂതമായ ആദാമിന്റെ പാപം

31 *Sancti Philoxeni Episcopi Mabbugensis, Dissertationes Decem De Uno e Sancta Trinitate Incorporato et Passo,* Patrologia Orientalis t. 39,722,723.

32 യോഹന്നാൻ 5:25

33 യോഹന്നാൻ 5:28

34 *Des Heiligen Ephraem des SyrersSermones I,* CSCO 305,SCr. Syri 130, E. Beck, ed. (Louvain: Secretariat du CorpusSCO, 1969),80.

35 *Des Heiligen Ephraem des SyrersSermones I*, 108.

തന്നെയാണ് തന്റെ കുരിശാൽ ക്രിസ്തു അതിജീവിച്ച പാപം. പാപത്തിൽ നിന്നുള്ള പുനരുത്ഥാനം നേടുന്നതിന് ആദ്യം നിത്യമരണം നശിപ്പിക്കപ്പെടേണ്ടിയിരുന്നു, കൂടാതെ, രണ്ടാം മരണം (പാപമരണം) നശിപ്പിക്കപ്പെട്ടെങ്കിൽ മാത്രമെ പാപത്തിൽ നിന്നുള്ള പുനരുത്ഥാനം സാധ്യമാകയുള്ളൂ. നിസിബിസിന്റെ മെത്രാനായ അബ്രഹാമിനെ പുകഴ്ത്തികൊണ്ട് അഫ്രേം, തന്റെ ശാരീരിക മരണമായ ആദ്യത്തെ മരണത്തിനു മുമ്പ് ശാശ്വത ജീവിതം നയിക്കുന്നതിന് അബ്രഹാം എപ്രകാരം കുരിശിന്റെ ശക്തിയാൽ, രണ്ടാം മരണത്തെ വധിക്കണമെന്ന് വിവരിച്ചിരിക്കുന്നു. (അബ്രഹാം കിദുനോയെ കുറിച്ചുള്ള മെമ്രാ XIII,17)[36]

രണ്ടു മരണങ്ങളും രണ്ടു പുനരുത്ഥാനങ്ങളും എന്ന ഈ ആശയം തെളിയിക്കാനായി ക്രിസ്തുവിന്റെ കുരിശിനാൽ രക്ഷ പ്രാപിച്ച രണ്ടു വ്യക്തികളുടെ ഉദാഹരണങ്ങൾ അഫ്രേം ചൂണ്ടി കാട്ടുന്നു. ഒന്നാമത്തെയാൾ മരിച്ചവരിൽ നിന്നുള്ള ആദാമും രണ്ടാമത്തെയാൾ ജീവനുള്ളവരിൽ നിന്നുള്ള കള്ളനും. ആദാമിന്റെ രക്ഷയെകുറിച്ച്, ആദാമിനെ സംസ്ക്കരിച്ചിരുന്ന അതേ സ്ഥലത്താണ്, അവൻ രക്ഷിക്കപ്പെടുവാനായി ക്രിസ്തുവിനെ ക്രൂശിലേറ്റിയത് എന്ന് അഫ്രേം Hymni Dispersi XX,1[37]ൽ എഴുതിയിരിക്കുന്നു. ആദാമിന്റെയും ക്രൂശാരോഹണത്തിന് മുമ്പ് വിശ്വാസത്തോടുകൂടി മരിച്ച മറ്റുള്ളവരുടെയും രക്ഷ സാധ്യമെന്ന് അഫ്രേം പറയുന്നത് കാലത്തിന്റെ കൗദാശിക വശത്തെ (sacramental time) കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണത്താലാണ്. ഈ ഗോത്ര പിതാക്കന്മാർ ക്രിസ്തുവിന്റെ രക്ഷ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ആയത് അവരുടെ ആത്മാക്കളെ ശീയോളിൽ നിന്നും കൊണ്ടുവരാനായി ക്രിസ്തു അവിടേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ അവന്റെ കുരിശാൽ അത് അവർ കൈവരിക്കും. അതേ പ്രകാരം, നമ്മുടെ മരണത്തിനുശേഷം നമ്മുടെ ഭവനമാകുന്ന പറുദീസ നാം പ്രതീക്ഷിച്ചുകൊണ്ട് അതിനെ യഥാർത്ഥത്തിൽ അനുഭവസ്ഥമാക്കികൊണ്ടിരിക്കുന്നു: ആദാമിന്റെ രക്ഷയെക്കുറിച്ച് അഫ്രേം എഴുതുന്നു:

> അവന് (ആദാമിന്) ആറായിരത്തിന്നവസാനത്തിൽ ജീവൻ
> നല്കിയവൻ
> അവൻ തന്നെ ആറാം ദിവസം ആദിയിൽ
> അവനെ സൃഷ്ടിച്ചു. *വിശ്വാസ മെമ്രാ* VI,7[38]

---

36 *Des Heiligen Ephraem des Syrers Hymnen auf Abraham Kidunaya und Julianos Saba,* CSCO 322, Scr. Syri 140, E. Beck, ed. (Louvain: Secratariat du CorpusSCO,1972),31

37 *Des Heiligen Ephraem des Syrers Sermones,* 4 vols. T. J. Lamy, ed. (Mechliniae: H. Dessain, Summi Pontificis, S. Congregationis de Propaganda Fide et Arciepiscopatus Mechliniensis Typographus, 1882-1902), IV:755.

38 *Des Heiligen Ephraem des Syrers Hymnen de Fide,*27

മത്തായി 6:22, മർക്കോസ് 10:52, 13:13, ലൂക്കോസ് 7:50 തുടങ്ങിയ അനേകഭാഗങ്ങളിൽ കാണുന്നതുപോല വി. ഗ്രന്ഥത്തിന്റെ സുറിയാനി പരിഭാഷകളിൽ 'രക്ഷിക്കുന്ന' (ܦܪܩ പ്റാഖ് = Saving) എന്ന പദത്തിനു പകരം 'ജീവൻ നൽകുന്ന' (ܡܚܝܐ= മാഹോ=giving life) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത് എന്നത് ശ്രദ്ധിക്കണം. ആദിയിൽ ക്രിസ്തുവിനാൽ സൃഷ്ടിക്കപ്പെട്ട ആദാം ക്രിസ്തുവിനാൽ തന്നെ രക്ഷിക്കപ്പെട്ടു.

കുരിശിനാൽ രക്ഷ കൈവന്ന വേറൊരു ഉദാഹരണമാണ് ക്രിസ്തുവിന്റെ വലതുഭാഗത്ത് ക്രൂശിക്കപ്പെട്ട കള്ളന്റേത്. ക്രിസ്തുവിന്റെ രക്ഷയുടെ ഈ രണ്ടാമത്തെ സാക്ഷി, അവന്റെ രക്ഷയുടെ ഗുണഭോക്താക്കളാകാനായി ക്രിസ്തുവിലുള്ള സത്യവിശ്വാസം ഏറ്റു പറയേണ്ടവരായ ജീവിച്ചിരിക്കുന്ന ജനത്തിന് ഒരു ഉദാഹരണം ആണ്. അഫ്രേം എഴുതുന്നു:

> എല്ലാ മോഷ്ടാക്കളെയും പിടികൂടുന്ന കുരിശിനാൽ
> ആ മോഷ്ടാവിനെ അവൻ ജീവനിലേക്കു പിടിച്ചു
>
> *യൽദോ മെമ്രാ* IV, 37[39]

മോഷ്ടാക്കൾക്ക് ശിക്ഷയുടെയും മരണത്തിന്റെയും മാധ്യമമാകുന്നതിനു പകരം കുരിശ് അവർക്ക് രക്ഷയുടെയും ജീവന്റെയും മാർഗ്ഗമായി ഭവിക്കുന്നു. അപ്പോൾ, ആദാമും കള്ളനും സൃഷ്ടി മുഴുവൻ തന്നെയും ക്രിസ്തുവിന്റെ കുരിശാൽ രക്ഷ പ്രാപിക്കുന്നു, കാരണം, ക്രിസ്തുവിൽ ഭൂതം, വർത്തമാനം, ഭാവി എന്ന കാലങ്ങൾ ദൈവത്തിന്റെ രഹസ്യങ്ങളിൽ ഭാഗഭാക്കാകുന്ന വിശുദ്ധകാലം (Sacred time) ആയി തീരുന്നു.

### 5.4.2 കടം വീട്ടൽ

പാപത്തെയും മരണത്തെയും നശിപ്പിച്ചുകൊണ്ട് നേടിയെടുത്ത രക്ഷ അഫ്രേമിനെ സംബന്ധിച്ചിടത്തോളം മരണത്തിനുള്ള ഒരു പഴയ കടം വീടലാണ്. *കന്യത്വത്തെക്കുറിച്ചുള്ള തന്റെ മെമ്രായിൽ* (*Hymns on Virginity* XXV, 3[40]) കന്യക മറിയാമിനെ പുകഴ്ത്തികൊണ്ട്, അവളുടെ കടം എല്ലാ കടങ്ങളെയും വീട്ടുന്ന കുരിശിനാൽ വീട്ടപ്പെട്ടു എന്ന് അഫ്രേം പറയുന്നു. വാസ്തവത്തിൽ, കടം വീട്ടൽ എന്നത് പൗലോസിന്റെ[41] ഒരാശയമാണ്. അഫ്രേം വി. പൗലോസിനെപ്പോലെ തന്നെ അത് ഉപയോഗിച്ചിരിക്കുന്നു- ഉത്പത്തി 2:17 പ്രകാരം കടച്ചീട്ട് മരണവുമായി അഫ്രേം ബന്ധിപ്പിക്കുന്നതൊഴിച്ചാൽ എല്ലാറ്റിനും കഴിവുള്ളവനായിരുന്നിട്ടും നമ്മുടെ കർത്താവ് തന്റെ മനുഷ്യാവതാരത്താലൊ മാമോദീസായാലൊ കടം വീട്ടാതെ തന്റെ കുരിശിന്മേലുള്ള മരണത്താൽ കടം വീട്ടിയതിന്റെ

---

39 *Des Heiligen Ephraem des Syrers Hymnen de Nativiate (Epiphania)*, 28.

40 *Des Heiligen Ephraem des Syrers Hymnen de Virginitate*,89

41 കൊലോസർ 2:14

കാരണം ഇതാണ്. മരണത്തിന്റെ കടം കുരിശിന്മേലുള്ള മരണം കൊണ്ടു മാത്രമെ വീട്ടുവാൻ കഴിയുമായിരുന്നുള്ളൂ. അപ്പോൾ, കുരിശ് കടം വീട്ടുന്നതിനുള്ള ഒരു മാർഗ്ഗം ആകുന്നു.

അഫ്രേം പറയുന്നു:

> തന്റെ കുരിശാൽ അത്യാഗ്രഹിയായ മരണത്തിന്റെ കടത്തെ
> നീക്കിക്കളഞ്ഞ് മനുഷ്യവർഗ്ഗത്തിന്
> അത്യുഗ്ര വിജയം തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു
> Hymni Dispersi XXII,8[42]

### 5.4.3 വിമോചനം

മനുഷ്യജീവികൾ സാത്താനെ ഇദംപ്രഥമമായി അനുസരിച്ചതിനെ തുടർന്ന് തങ്ങളെ സ്വയം ബന്ധനസ്ഥരാക്കിയ പാപത്തിന്റെ അടിമത്തത്തിൽ നിന്നും രക്ഷണ്യപ്രവർത്തനം പൂർത്തിയാക്കാനായി, കുരിശ് മോചനം നൽകുന്നു. ആകയാൽ, സുറിയാനി പിതാക്കന്മാർ കുരിശിലെ ക്രിസ്തുവിന്റെ വേലയെ വിമോചനത്തിന്റെ ഒരു പ്രവൃത്തിയായി കാണുന്നു. തന്റെ മരണത്തെക്കുറിച്ച് മുൻകൂട്ടി ശിഷ്യന്മാരോട് പറഞ്ഞതിനെ ശാസിച്ച പത്രോസിനുള്ള ക്രിസ്തുവിന്റെ മറുപടിയെ[43] വ്യാഖ്യാനിച്ചുകൊണ്ട് അഫ്രേം പറയുന്നു.

> സാത്താനൊഴികെ ആർക്കാണ് ഞാൻ കുരിശിൽ
> കയററുതെന്നും സൃഷ്ടിയെ മോചിപ്പിക്കരുതെന്നും
> ആവശ്യമുള്ളത്? *ദിയത്തസറോൺ വ്യാഖ്യാനം* XIV,1.4[44]

എന്നാൽ, നർസായി വേറൊരു കോണിലൂടെയാണ് കുരിശിനെ വിമോചകനായി നോക്കി കാണുന്നത്. ന്യായപ്രമാണത്തെ നിഷേധിക്കുന്നവരുടെ മേൽ ശാപം വർഷിക്കുന്ന ഒന്നായി അദ്ദേഹം കുരിശിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ശാപങ്ങളിൽ നിന്നും മനുഷ്യരെ സ്വതന്ത്രരാക്കുന്ന വിമോചകൻ ആയി ഗോൽഗോത്തായിൽ കുരിശ് ആയി തീർന്നു. അദ്ദേഹം എഴുതുന്നു:

---

42 *Sancti Ephraem Syri Hymni et Sermones,* IV:771

43 മർക്കോസ് 8:31-33

44 *Ephraem de Nisibe, Commentaire de L'Evangile Concordant ou Diatessaron: traduit du syriaque et de l'armenien,* Sources Chretiennes 121, L. Leloir, ed. (Paris: Editions du Cef, 1966), 243.

അവരുടെ മേൽ വിധി ചാർത്തപ്പെട്ട ഒന്നായ കുരിശ്
വ്യതിയാനം സംഭവിച്ചു മനുഷ്യരെ
ശാപങ്ങളിൽ നിന്നും വിമോചിപ്പിച്ചു. മെമ്രാ 30[45]

പാപത്തിന്റെ അടിമത്തത്തിന് കീഴ്പ്പെട്ട ആദ്യത്തെ മനുഷ്യൻ ആദാമായിരുന്നതിനാൽ, കുരിശിന്റെ വിമോചനകർത്തവ്യത്തിന്റെ പ്രയോജനം ലഭിച്ച ആദ്യ മനുഷ്യനും ആദാമാകുന്നു. ആദാം പറുദീസായിലേക്ക് പ്രവേശിക്കുന്നതിനെ വർണ്ണിച്ചുകൊണ്ട് (സ്രൂഗിലെ) യാക്കോബ് എഴുതുന്നു:

തന്റെ കുരിശുമരണത്താൽ കന്യാപുത്രൻ
നൽകിയ സ്വാതന്ത്ര്യത്തിന്റെ കൈച്ചീട്ട് ഏന്തി
ക്കൊണ്ട് ആദ്യപിതാവായ ആദാം പ്രവേശി
ക്കുന്നു മെമ്രാ 163[46]

ഇൻഡ്യയിലേക്ക് പോകുന്ന തോമാശ്ലീഹായെ കുറിച്ചുള്ള മെമ്രായിൽ യാക്കോബ്, തോമായ്ക്ക് സൗജന്യമായി കപ്പലിൽ യാത്ര ചെയ്യുവാൻ അനുവാദം നൽകുന്നതിനായി ഒരു വ്യാപാരിക്ക് തോമായെ അടിമയായി വിൽക്കുന്ന ഒരു പാരമ്പര്യത്തെ പരമാർശിക്കുന്നു. കുരിശിനാൽ സ്വാതന്ത്ര്യം ലഭ്യമായ ശേഷം വീണ്ടും ഒരു അടിമയാകുന്നതിനെക്കുറിച്ച് തോമ കർത്താവിനോട് പരാതിപ്പെടുന്നു. അദ്ദേഹം ക്രിസ്തുവിനോടപേക്ഷിക്കുന്നു.:

നിന്റെ ജീവനുള്ള രക്തത്താൽ ഞങ്ങൾ അടിമത്തത്തിൽ നിന്നും വിമോചിതരായി. നീ നിന്റെ ക്രൂശാരോഹണങ്ങളാൽ ഞങ്ങളെ സ്വതന്ത്രരാക്കിയതിനാൽ ഞങ്ങളെ അടിമകൾ ആക്കരുതെ.
മെമ്രാ 1[47]

### 5.4.4 പുതുക്കം

സാത്താന്റെയും പാപത്തിന്റെയും അടിമത്തത്തിൽനിന്നും ഇപ്പോൾ നാം സ്വതന്ത്രരായിരിക്കുന്നതിനാൽ, നമ്മുടെ ജീവിതം പുതുക്കാനായി കുരിശ് നമ്മെ വിളിക്കുന്നു; എന്തെന്നാൽ രക്ഷയുടെ നേട്ടത്തിന് ഒരു പുതുക്കം ആവശ്യമാണ്. നമ്മുടെ ജീവിതത്തെ വ്യത്യാസപ്പെടുത്തി ക്രിസ്തീയ ജീവിതത്തിന് യോഗ്യമാംവണ്ണം പുതുക്കുന്നതാണ് വാസ്തവത്തിൽ കുരിശ്. അതിനാണ് നമ്മെ വിളിച്ചടുപ്പിച്ചിരിക്കുന്നത്. അഫ്രേം എഴുതുന്നു:

---

45 *Narsai Homiliae et Carmina,* 2 vols. A. Mingana, ed. (Mosul, Iraq: Typis Fratrum Praedicatorum, 1905),II:120.

46 *Homiliae Selectae Mar-Jacobi Sarugensis,* V:607.

47 *Jakob von Sarug, Drei Gedichte iiber Den Apostel Thomas,* 596-597.

> നശിച്ചുകൊണ്ടിരുന്ന ജാതിയെ പുതുക്കുകയും അജ്ഞതയാൽ അന്ധകാരപ്പെട്ടിരുന്ന ജാതികളെ പ്രകാശമാനമാക്കുകയും ചെയ്ത കുരിശേ! നിന്റെ പ്രകാശത്തിലേക്ക് എന്റെ മനസ്സിനെ തിരിക്കണമെ
> Hymni Dispersi XXXI,15[48]

ജീവിതത്തിന്റെ ഈ പുതുക്കം പഴയ ഉടമ്പടി ജനതയെ ജാതികളുടെതുമായി പുനഃപ്രതിഷ്ഠിക്കുക എന്നതുമാത്രമല്ല, പാപജീവിതത്തിൽ നിന്നും നമ്മുടെ പിതാവായ ആദാമിന് നൽകപ്പെട്ടിരുന്ന ആദ്യജീവിതത്തിലേക്ക്, വിശുദ്ധമായ ഒരു ജീവിതത്തിലേക്കുള്ള ഒരു പുതുക്കം കൂടിയാണ്. തന്റെ *ദിയാത്തസ്സറോണിന്റെ വ്യാഖ്യാനത്തിൽ (commentary on the Diatessaron* XX,III,18[49]) അഫ്രേം, ഈ പുതുക്കത്തെ കുരിശിനാലുള്ള ജീവികളുടെ വിമോചനം എന്നു വിളിക്കുന്നു.

ക്രൂശിതനായ ഒരു മനുഷ്യനിലൂടെ സ്രഷ്ടാവായ ദൈവം ഒരു പുതിയ സൃഷ്ടിയെ സൃഷ്ടിച്ച സ്ഥലമായി കുരിശിനെ നർസായി പ്രതിബിംബിപ്പിക്കുന്നു. അദ്ദേഹം പറയുന്നു:

> ഗോൽഗോത്തായുടെ മുകളിൽ സ്രഷ്ടാവ് ഒരു പുതിയ
> സൃഷ്ടിയെ സൃഷ്ടിച്ച് ക്രൂശിതനായ ഒരു മനുഷ്യനിലൂടെ തന്റെ
> വൈഭവത്തിന്റെ വ്യാപ്തി കാണിച്ചുകൊടുത്തു. മെമ്രാ 20[50]

പക്ഷേ,(സ്രൂഗിലെ) യാക്കോബ് കുരിശിനെക്കുറിച്ച്, പഴയ സൃഷ്ടിയെ പുതുക്കുന്നതായി പറയുന്നു. എന്നാൽ, മനുഷ്യസ്വഭാവത്തിന്റെയൊ ജീവിതത്തിന്റെയൊ പുതുക്കത്തെക്കുറിച്ച് മാത്രമല്ല അദ്ദേഹം പറയുന്നത്, ലോകം മുഴുവന്റെയും പുതുക്കത്തെ അദ്ദേഹം ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇപ്രകാരം അദ്ദേഹം എഴുതുന്നു:

> തന്റെ കഷ്ടാനുഭവങ്ങളാൽ കുരിശ്
> സൃഷ്ടിയെ പുതുക്കി, അതിന്റെ മുറിവുകളാൽ
> അനശ്വരമായ ഒരു ലോകത്തെ സ്ഥാപിച്ചു. മെമ്രാ V[51]

### 5.4.5 മാമോദീസായുടെ ജനനം

കുരിശിന്മേൽ ഒരു മുഖ്യ സംഭവം ഉടലെടുത്തു. കുരിശിലൂടെ നേടിയ രക്ഷ വിശ്വാസികൾക്ക് ബന്ധിതമാകാനുള്ള ഒരു മാർഗ്ഗം കണ്ടെത്തുന്നു.

---

48 *Sancti Ephraem Syri Hymni et Sermones,* IV:765.

49 *Ephraem de Nisibe, Commentarie de L'Evangile Concordant ou Diatessaron,* 356-357.

50 *Narsai Homiliae et Carmina,* I:328.

51 *Jacques de Saroug, Six Homelies Festivales en Prose,* Patrologia Orientalis t. 43. fasc. 4, no. 196, F. Rilliet, ed. (Turnhout: Brepols, 1986),35.

ഈ മാർഗ്ഗം മാമോദീസയാണ്. യാക്കോബിനെ സംബന്ധിച്ചിടത്തോളം ഇത് ക്രിസ്തുവിന്റെ കുത്തിത്തുറക്കപ്പെട്ട പാർശ്വത്തിൽ നിന്നും കുരിശിൽ ജനിച്ചതാണ്(മെമ്രാ 71[52]) ഈ ആശയത്തെ വിശദീകരിച്ചുകൊണ്ട്, ക്രിസ്തുവും വിശ്വാസികളും സന്ധിക്കുന്ന സ്ഥലവും സമയവുമായി മാമോദീസായെ അഫ്രേം കാണുന്നു. അതിൽ നാം ക്രിസ്തുവിനെ ധരിക്കുന്നു[53], കൂടാതെ, അഫ്രേം പറയും പ്രകാരം, ക്രിസ്തുവിന്റെ കുരിശ്- അവന്റെ മരണം- മാമോദീസായിൽ നാം ധരിക്കുന്നു; കാരണം മാമോദീസ ഏല്ക്കുക എന്നത് ക്രിസ്തുവിനോടുകൂടെ മരിക്കുകയും അവനോടുകൂടെ ഉയിർത്തെഴുന്നേല്ക്കുകയും ആണ്[54].

ക്രിസ്തുവിന്റെ ആടുകൾ ആനന്ദിച്ച് മാമോദീസായ്ക്ക് ചുറ്റും
നിന്നു.
എല്ലാ സൃഷ്ടികളും സൂക്ഷിച്ചു നോക്കുകയും
യാതൊന്നിനാൽ മുദ്രയിടപ്പെടുകയും ചെയ്യുന്നുവൊ
ആ ശ്രേഷ്ഠവും ജീവനുള്ളതുമായ കുരിശിന്റെ
രൂപം വെള്ളത്തിൽ അവർ ധരിച്ചു. *ദനഹാ ഗീതം* VII3,[55]

മാമോദീസാ വെള്ളത്തിൽ നിന്നും കുരിശിന്റെ രൂപം ധരിക്കുന്ന ആടുകളുടെ പ്രതിരൂപം, യാക്കോബിന്റെ ആടുകൾ ചെത്തിയിടപ്പെട്ട കമ്പു[56]കളെ നോക്കുന്നതിൽ നിന്നും പ്രചോദിതമായതാണ്. അപ്രകാരം തന്നെ, നല്ല ഇടയനായ ക്രിസ്തുവിന്റെ ആടുകൾ[57], രക്ഷപ്രാപിക്കാനായി മാമോദീസ വെള്ളത്തിൽ നിന്നും കുരിശ് ധരിക്കുന്നു. അങ്ങനെ, മാമോദീസ ക്രിസ്തീയ ജീവിതത്തിന്റെ വാതിലായി ഭവിക്കുന്നു.

ക്രിസ്തുവിനെ ധരിക്കുക, അഥവാ മാമോദീസായിൽ അവന്റെ വസ്ത്രം ധരിക്കുക എന്ന ആശയം (സ്രൂഗിലെ) യാക്കോബിന്റെ രചനകളിലും കാണാം. കുരിശിന്മേൽ രക്തവും വെള്ളവും തന്റെ പാർശ്വത്തിൽ നിന്നും ഒഴുകുന്ന ക്രിസ്തുവിനെ നോക്കിക്കൊണ്ട് അദ്ദേഹം എഴുതുന്നു:

ദൈവപുത്രാ! നീ ചുവപ്പും വെള്ളയുമാകുന്നു,
എന്തെന്നാൽ നിന്നിൽ നിന്നും ഉറവകൾപോലെ
രക്തവും വെള്ളവും ഒഴുകുന്നു. നിന്റെ ക്രൂശാരോ
ഹണത്തിൽ മാമോദീസാ ഏറ്റ സഭ നിന്നോടൊ
ത്ത് വസ്ത്രാങ്കിതമായിരിക്കുന്നു.

---

52 *Homiliae Selectae Mar-Jacobi Sarugensis,III:* 121.

53 ഗലാത്യർ 3:27

54 റോമർ 6:3

55 *Des Heiligen Ephraem des Syrers Hymnen de Nativiate (Epiphania),* 164.

56 ഉത്പത്തി 30:37

57 യോഹന്നാൻ 10:11

ഈ മഹത്തും പ്രൗഢവുമായ നിറങ്ങളാൽ
നിന്റെ സൗന്ദര്യം അത്യുജ്ജ്വലമാണ്. മെമ്രാ 133[58]

വസ്ത്ര സംവിധാനത്തിന്റെ പ്രതിരൂപം തുടരുന്നു; എന്നാൽ അത് പുതിയ ഘടകങ്ങൾ കൂട്ടിച്ചേർക്കുന്നു. ഇപ്പോഴത്, മാമോദീസ വെള്ളത്തിലേക്ക് കുരിശയക്കുന്ന പ്രകാശം ഏൽക്കുന്നവൻ ധരിക്കുന്നു. പറുദീസ കാക്കുന്ന ക്രോബേ മാലാഖായും അതിൽ പ്രവേശിക്കാൻ ശ്രമിക്കുന്ന കള്ളനെയും കുറിച്ചുള്ള അതിമനോഹരമായ സംവാദഗീതത്തിൻ (സ്രൂഗിലെ) യാക്കോബ്, കർത്താവിന്റെ വിലാവ് കുത്തിതുറന്നപ്പോഴാണ് മാമോദീസ സ്ഥാപിതമായതെന്നും അത് ജീവന്റെ ഉറവിടമായി എന്നും കള്ളൻ പ്രകാശത്തിന്റെ വസ്ത്രം സ്വയം ധരിച്ചു എന്നും പറുദീസായിലേക്കുള്ള തന്റെ വഴിയിൽ കള്ളൻ മാമോദീസ വെള്ളത്തിൽ മുങ്ങി നീന്തി എന്നും എഴുതിയിരിക്കുന്നു. (മെമ്രാ177)[59]

അഫ്രേമും തന്റെ ഒരു മെമ്രായിൽ കുരിശിനെ, പാപത്തിന്റെ അന്ധകാരത്തിൽ ജീവിക്കുന്നവർ അങ്കിതരാകുവാനും പ്രശോഭിതരാകുവാനുമായി വെള്ളത്തിലേക്ക് തന്റെ പ്രകാശത്തെ അയക്കുന്ന സൂര്യനാകുന്നു എന്നും വർണ്ണിച്ചിരിക്കുന്നു.

പ്രകാശിക്കുന്ന സൂര്യനാകുന്ന കുരിശ്
വെള്ളത്തിലേക്ക് പ്രകാശത്തെ അയച്ച്
അന്ധകാരത്തിലിരിക്കുന്ന ജാതികളെ വിളിച്ചു.
അവർ അതിലിറങ്ങി സ്വയം അതിനെ ധരിച്ച്
അതിന്റെ പ്രകാശത്തിന്റെ ശോഭയാൽ
അലംകൃതരായി *ദനഹാ* മെമ്രാ XIII,9[60]

കുരിശിന്റെ ഈ മമോദീസാ ആശയം യഹൂദ-ക്രിസ്ത്യാനി[61]കളിലാണ് ഉടലെടുത്തത് എങ്കിലും, മാമോദീസ ശുശ്രൂഷയിൽ കുരിശ് ഒരു അവശ്യ പങ്ക് വഹിക്കുന്ന സുറിയാനി ക്രിസ്ത്യാനികളാണ് അത് സമ്പൂർണ്ണമായി വികസിപ്പിച്ചെടുത്തത്. മാമോദീസ ശുശ്രൂഷയിൽ ഒരു കുരിശ് തൊട്ടിക്കുള്ളിൽ സാധാരണയായി ഇടാറുണ്ട്. കൂടാതെ കുരിശിന്റെ അടയാളത്താലാണ് വെള്ളം ശുദ്ധീകരിക്കുന്നതും മാമോദീസ ഏറ്റ ആളിനെ തൈലം കൊണ്ടു പൂശി മുദ്രയിടുന്നതും. ഈ പൗരാണികമായ ആചാരങ്ങളെല്ലാം ഇന്നും സുറിയാനി സഭ പരിരക്ഷിച്ചിരിക്കുന്നു. മാമോദീസായെക്കുറിച്ചുള്ള മെമ്രായിൽ യാക്കോബ് ഇതിനെ സാക്ഷ്യപ്പെടുത്തുന്നു.

---

58 *Homiliae Selectae Mar-Jacobi Sarugensis,*III:761.

59 *Homiliae Selectae Mar-Jacobi Sarugensis,III:*670.

60 *Des Heiligen Ephraem des Syrers Hymnen de Nativiate (Epiphania)*190.

61 *J. Danie'lou, Primitive Christian Symbols,* Compass Books (London: Burns & Oates,1964),33.

ഒരു ഗോവേണിപോലെ മമോദീസായിൽ
കുരിശ് വയ്ക്കപ്പെടുന്നു. അത് ജനത്തെ
വെള്ളത്തിന്റെ ഉള്ളിൽ നിന്നും ഉന്നതമായ
സ്വർഗ്ഗത്തിലേക്ക് കരേറ്റുന്നു. മെമ്രാ 9[62]

കുരിശും മാമോദീസായുമായുള്ള ഈ ബന്ധം ശ്ലൈഹിക കാലം മുതൽ തന്നെ സഭയുടെ വിശ്വാസത്തിന്റെ ഒരു ഭാഗമാണ്. യാക്കോബിന്റെ കാലത്തേക്കാൾ വളരെ മുമ്പുതന്നെ മാമോദീസായിൽ കുരിശിന്റെ ഉപയോഗം ആചരിച്ചുവന്നിരിക്കണം. Danielou പറയും പ്രകാരം വാസ്തവത്തിൽ, സുറിയാനി സഭയിൽ കുരിശിന്റെ അടയാളം ആദ്യമായി പ്രത്യക്ഷപ്പെട്ടത് സൂക്ഷ്മമായും മാമോദീസായിലൂടെയാണ്.[63] മാമോദീസയിൽ കുരിശിന്റെ അടയാളത്തെ കുറിച്ച് എഴുതുമ്പോൾ പീലക്സിനോസ് ശ്രദ്ധേയമായ ഒരു പരാമർശം നടത്തുന്നുണ്ട്.

തന്റെ ദൈവത്വത്തിന്റെ അറിവ്
ആദ്യസൃഷ്ടിയിന്മേൽ നല്കിയവനായ
സർവ്വത്തിന്റെയും സ്രഷ്ടാവായ ദൈവം,
വി.ത്രിത്വത്തെ കുറിച്ചുള്ള അറിവ്
നമ്മുടെ രണ്ടാം പുതുക്കത്തിലും
നല്കി. കൂടാതെ, ഒന്നായിരിക്കുന്നവന്റെ
മൂന്നു നാമങ്ങളാൽ ശരീരം പരസ്യമായി
കുരിശിന്റെ മുദ്ര സ്വീകരിക്കുന്നതുപോലെ
മനസ്സും മുന്നു നാമങ്ങളുടെ ആവാഹ
ത്താലും കുരിശിന്റെ സ്വാധീനത്താലും രഹസ്യമായി
മുദ്രയിടപ്പെടുന്നു; പുതുക്കപ്പെടുവാനും
പ്രശോഭിതമാകുവാനും ജ്ഞാനസമ്പാദനത്തിനും
ആയിട്ടുതന്നെ.[64]

ഈ ഭാഗത്ത്, പീലക്സിനോസിന്റെ ദിനങ്ങളിൽ ഒരു വ്യവസ്ഥാപിത പാരമ്പര്യമായി സഭ ആചരിച്ചു വന്നിരിക്കാവുന്ന അനേക ആചാരങ്ങൾ നമുക്ക് കണ്ടെത്തുവാൻ കഴിയും. അവയിലാദ്യത്തേത്, മാമോദീസ ഏൽക്കുന്നവരെ മുദ്രയിടുവാനായി കുരിശിന്റെ അടയാളം സഭ ഉപയോഗപ്പെടുത്തിയിരുന്നു എന്നതാണ്. മേലുദ്ധരിച്ചിരിക്കുന്ന ഭാഗത്ത്, തൈലത്തെക്കുറിച്ച്, പീലക്സിനോസ് പരാമർശിക്കുന്നില്ല; കാരണം, മാമോദീസ ഏൽക്കുന്നയാളിനെ തൈലമില്ലാതെ കുരിശിന്റെ അടയാളത്താൽ ആദ്യം

62 *Homiliae Selectae Mar-Jacobi Sarugensis,*I: 197.
63 *J. Danie'lou, Primitive Christian Symbols,* 136.
64 *Philoxene de Mabbog, Commentaire du Prologue Johannique* (Ms. Br. Mus. Ad.14,534),218.

മുദ്രയിടുന്നു, തുടർന്ന് രണ്ടാമത് തൈലത്താലും, എന്നാൽ അഫ്രേമിന്റെ രചനകളിൽ മാമോദീസ ഏൽക്കുന്നവരെ തൈലത്താൽ കുരിശാകൃതിയിൽ മുദ്രകുത്തപ്പെടുത്തുന്നതിനെ അനേക ഇടങ്ങളിൽ പരാമർശിക്കുന്നുണ്ട്.

മേലുദ്ധരിച്ച പീലക്സിനോസിന്റെ രചനയിൽ, രണ്ടാമത്തെ ആചാരമായി നിരീക്ഷിക്കാവുന്നത്, കുരിശിന്റെ അടയാളവും, വി. ത്രിത്വത്തിലെ മൂന്നു നാമങ്ങളുടെ ആഹ്വാനവും തമ്മിലുള്ള ബന്ധമാണ്. എവിടെയെല്ലാം കുരിശടയാളം രൂപീകൃതമാകുന്നുവൊ അവിടെയെല്ലാം ഈ മൂന്നു നാമങ്ങൾ ഭയഭക്തി പുരസ്സരം ക്ഷണിക്കപ്പെടുന്നു; 'പിതാവിന്റെയും പുത്രന്റെയും പ.ആത്മാവിന്റെയും നാമത്തിൽ' എന്ന് ആരു പറയുന്നുവൊ, അയാൾ സ്വയം കുരിശടയാളത്താൽ മുദ്രയിടുന്നു. ഇത് ഇപ്പോഴും അനേകയിടങ്ങളിൽ ആചരിച്ചുവരുന്നുണ്ട്- പ്രത്യേകിച്ചും ഓർത്തഡോക്സ് സഭകളിൽ.

പീലക്സീനോസിന്റെ ഈ ഭാഗത്തുനിന്നും ലഭ്യമാകുന്ന മൂന്നാമത്തെ നിരീക്ഷണം കുരിശിൽ സ്ഥാപിതമായ മാമോദീസ ആദ്യ മനുഷ്യജീവികളുടെ സൃഷ്ടിയുമായി വൈരുദ്ധ്യത്തിൽ നിൽക്കുന്നു എന്നതാണ്. ആദിയിൽ ദൈവം നമ്മെ സൃഷ്ടിച്ച് ദൈവത്തിന്റെ ദൈവികസ്വഭാവത്തെ നമുക്ക് ബോധ്യമാക്കിത്തരികയും ചെയ്തു; എന്നാൽ, കുരിശിന്മേൽ ദൈവം നമ്മെ രക്ഷിക്കുകയും നമ്മുടെ സ്വഭാവത്തെ പുതുക്കുകയും അവന്റെ മൂന്ന് വ്യക്തിത്വങ്ങളിൽ അവനെ അറിയുവാൻ നമ്മെ നയിക്കുകയും ചെയ്തു.

ഈ അവസാനത്തെ കാര്യം യാക്കോബിന്റെ മാമോദീസായെ കുറിച്ചുള്ള അവലോകനത്തിന്റെ കേന്ദ്രബിന്ദുവാണ്. കുരിശിന്മേൽ, ക്രിസ്തുവിന്റെ കുത്തി തുറന്ന വിലാവിൽ നിന്നും മാമോദീസ ജനിക്കുകയും മാമോദീസ തന്നെ എല്ലാ ജീവനുള്ളവരുടെയും മാതാവായി തീരുകയും ചെയ്തു.

വൈപരീത്യമായ ഹവ്വായുടെ സൃഷ്ടിയിൽ, നിദ്രപൂണ്ട ആദാമിനെയും കുരിശിൽ മരിച്ച് വിലാവ് തുറക്കപ്പെട്ട ക്രിസ്തുവിന്റെ സാദൃശ്യമായി ആദാമിന്റെ വിലാവ് തുറക്കപ്പെട്ടതും നാം കാണുന്നു. ആദാമിന്റെ തുറക്കപ്പെട്ട വിലാവിലൂടെ മക്കൾക്ക് ജന്മം നല്കാനായി ഹവ്വാ സൃഷ്ടിക്കപ്പെട്ടു. ക്രിസ്തുവിന്റെ വിലാവിൽ നിന്നും ഒഴുകിയ രക്തത്തിലും വെള്ളത്തിലും കൂടി പിതാവിന് ആത്മീയ മക്കളെ പ്രദാനം ചെയ്യുവാൻ മാമോദീസ സ്ഥാപിക്കപ്പെട്ടു. ഈ കേന്ദ്രാശയം ബലവത്താക്കാൻ യാക്കോബ്, ആദാമിന്റെ വിത്തും ഹവ്വായുടെ അണ്ഡവും എന്ന പ്രയോഗത്തിലൂടെ സംസാരിക്കുന്നു. വിവാഹത്തിൽ, വെള്ളത്തിന്റേതായ ആദാമിന്റെ വിത്ത് രക്തത്തിൽ നിന്നുള്ള ഹവ്വായുടെ അണ്ഡവുമായി കലർത്തപ്പെടുന്നു. ഫലമൊ മനുഷ്യവർഗ്ഗത്തിന്റെ സൃഷ്ടിയും. ആത്മീയ മക്കൾ ഉത്പാദിപ്പിക്കപ്പെടുന്ന മാമോദീസ സ്ഥാപിക്കുവാൻ കുരിശിന്മേൽ

ക്രിസ്തുവിന്റെ വിലാവിൽ നിന്നു രക്തവും വെള്ളവും ഒഴുകി. അങ്ങനെ പുതിയ ആദാമായ ക്രിസ്തുവിനു നേരെ ആദാമും എല്ലാറ്റിന്റെയും ആത്മീയമാതാവായ മാമോദീസായ്ക്ക് നേരെ ഹവ്വായും നിൽക്കുന്നു. മനുഷ്യജീവികൾക്ക് ജന്മം നൽകുവാനായി ആദാമിന്റെ വിലാവിൽ നിന്നും ഹവ്വ ജനിച്ചു. ആത്മീയ ജീവികൾക്കു ജന്മം നൽകാനായി ക്രിസ്തുവിന്റെ വിലാവിൽ നിന്നും മാമോദീസ ജനിച്ചു. യാക്കോബ് എപ്രകാരം ഇത് വിശദീകരിച്ചിരിക്കുന്നു എന്നു നമുക്ക് നോക്കാം:

> നമ്മുടെ കർത്താവ് ആദാമിന്മേൽ നിശബ്ദത
> ഉണ്ടാക്കി നിദ്രയിൽ അവനെ ബന്ധിച്ചു.
> ക്രൂശാരോഹണത്തിന്റെ രഹസ്യങ്ങൾ അവനിൽ
> ചിത്രീകരിക്കുവാനായിട്ടുതന്നെ. ശക്തനായ
> വൻ ഉറങ്ങി, അവന്റെ വിലാവ് സൃഷ്ടിക്കുവേണ്ടി
> തുറക്കപ്പെട്ടു. ഏകജാതനായ പുത്രന്റെ
> കുന്തത്തിന്റെ ഒരു പ്രതിരൂപം അവിടെ വരയ്ക്കപ്പെട്ടു.
> ആ നിദ്രയിൽ കുരിശിലെ മരണം ചിത്രീകരി
> ക്കപ്പെട്ടു; രക്തത്തിലും വെള്ളത്തിലും മാമോദീസ
> യുടെ ആകൃഷ്ടത ദൃശ്യമാക്കി. തന്റെ വിലാവ്
> തുറന്നുള്ള ആദാമിന്റെ ഉറക്കം, നമ്മുടെ കർത്താവ്
> വിലാവ് തുറക്കപ്പെട്ട് കുരിശിൽ മരിച്ചു
> എന്നു പറയുന്നതിനോട് സമം. അവനിൽ
> നിന്നൊഴുകിയ രക്തത്തിന്റെയും വെള്ളത്തിന്റെയും
> രഹസ്യം, ജീവനുള്ളവരുടെ മാതാവായ
> മാമോദീസായുടെ ജനനത്തിന്റേതാകുന്നു.
> മനുഷ്യവർഗ്ഗം നിലനിൽക്കുന്നത് സ്രഷ്ടാവ് പ്രകൃതി
> യിൽ വച്ച വിത്താകുന്നു രക്തവും വെള്ളവും
> മൂലമാണ്. ആദാമിന്റെ വിത്ത് വെള്ളമാണ്
> കാരണം, ആദാം വെള്ളത്തിൽ നിന്ന് സൃഷ്ടി
> ക്കപ്പെട്ടു. ഹവ്വായുടെ ധാര രക്തമാകുന്നു,കാരണം
> അവൾ രക്തത്തിൽ നിന്ന് സൃഷ്ടിക്കപ്പെട്ടു. രക്തവും
> വെള്ളവും വിവാഹത്തിൽ കലർത്തപ്പെടുമ്പോൾ
> ആദാമിനെ സൃഷ്ടിച്ചവന്റെ കല്പനയാൽ
> ഭ്രൂണം രൂപീകൃതമാകുന്നു. അങ്ങനെ മനുഷ്യവർഗ്ഗം
> ആകമാനം രക്തത്താലും വെള്ളത്താലും
> നിലനിൽക്കുന്നു: കാരണം, പ്രകൃതി
> ഈ വിധത്തിൽ വർദ്ധിതമാകാൻ സ്രഷ്ടാവ് തന്നെ,
> അനുവദിച്ചു. ആകയാൽ
> നമ്മുടെ രക്ഷകൻ ക്രൂശിൽ കഷ്ടമനുഭവിച്ച് അവനിൽ നിന്ന്

രക്തവും വെള്ളവും ഒഴുകിയത്, തന്റെ ക്രൂശാരോഹണത്താൽ
താൻ ആത്മീയലോകത്തിന് ജന്മം നൽകുമെന്നതിന്റെ
സാദൃശ്യമാകുന്നു. ഗോൽഗോത്തായിൽ പ്രസവവേദന അവനെ
ദണ്ഡിപ്പിച്ച്, രക്തവും വെള്ളവും കലർത്തപ്പെട്ടു.
തന്റെ പുത്രന്റെ കഷ്ടാനുഭവത്താൽ പിതാവിന് പുതിയ
മക്കൾ രൂപീകൃതമാകുവാനായിട്ടുതന്നെ. *മെമ്രാ* 71[65]

65 *Homiliae Selectae Mar-Jacobi Sarugensis,III:* 121.

അദ്ധ്യായം 6

# കുരിശ് കൗദാശികമായ (Sacramental) ഒരു സംഭവം

## 6.1 ആമുഖം

കുരിശിന്റെ രക്ഷണ്യപ്രവർത്തനം ഗോൽഗോത്തായിൽ അവസാനിക്കുന്നില്ല; എന്തെന്നാൽ ഗോൽഗോത്ത കുരിശിന്റെ ചരിത്രപരമായ ഒരു വശം മാത്രമാണ്. അതിന്റെ പ്രവർത്തനം ഗോൽഗോത്തായിൽ അവസാനിച്ചതായിരുന്നുവെങ്കിൽ, ഏതാനും പേർക്ക് മാത്രമെ അതിൽ നിന്നും പ്രയോജനം ലഭ്യമാകുമായിരുന്നുള്ളൂ. മറ്റു തലമുറകൾക്ക് കുരിശിന്റെ പ്രവർത്തനം, ഗോൽഗോത്തായ്ക്ക് മുമ്പും പിമ്പും, പ്രാപ്യമാകാനായി സുറിയാനി പിതാക്കന്മാർ കാലത്തിന്റെ വിശുദ്ധതയ്ക്ക് (Scaredness of time) ഊന്നൽ നൽകുന്നു. കുരിശ് എല്ലാ തലമുറകളുമായി ബന്ധപ്പെടുത്തുവാൻ അവസരം ഈ ആശയം നൽകുന്നു. സുറിയാനി പിതാക്കന്മാർ പറയും പ്രകാരം, നമ്മിലും നമ്മോടുകൂടെ അന്ത്യം വരെയും കുരിശ് പ്രവർത്തനോന്മുഖമാണ്. അതിനെ നാം സ്വയം ധരിക്കുകയും എന്നന്നേക്കുമുള്ള നമ്മുടെ സഹചാരിയായി അത് ഭവിക്കുകയും ചെയ്യുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിന്റെ എല്ലാ തുറകളിലും അത് നമുക്ക് അനുഭവവേദ്യമാകുന്നു. യഥാർത്ഥത്തിൽ, നമ്മുടെ ജീവിതത്തിൽ കുരിശ് സർവ്വവും ആകുന്നു; കുരിശല്ലാതെ മറ്റൊന്നും നമ്മിൽ കാണുന്നില്ല. നമ്മുടെ രക്ഷയുടെ അഖണ്ഡത-ഭൂതം, ഭാവി, വർത്തമാനം- മൂലം മാത്രമല്ല ഈ പ്രാധാന്യം. സുറിയാനി പിതാക്കന്മാർക്ക്, കുരിശ് ആത്മീയവും ക്രിസ്തുവിന്റെ രക്ഷണ്യശക്തിയോട് സമീകരിച്ചിരിക്കുന്നതും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അനുഗമിക്കുന്നതുമായ നിഗൂഢയാഥാർത്ഥ്യവും കൂടി ആയതിനാലാണ് പ്രാധാന്യം വർദ്ധിക്കുന്നത്, കൂടാതെ, കുരിശ് ക്രിസ്തുവുമായി തന്നെ സമീകരിച്ചിരിക്കുന്നു-ഗുപ്തഗ്രന്ഥങ്ങളായ യോഹന്നാന്റെ പ്രവൃത്തികൾ (Acts of John), പത്രോസിന്റെ സുവിശേഷം (Gospel of Peter)[1] എന്നിവയിൽ പറയുന്നതുപോലെ. നിസിബിനിലെ മെത്രാനായ അബ്രഹാമിനെ വർണ്ണിച്ചുകൊണ്ട് അഫ്രേം എഴുതുന്നു:

---

1 J. Danie'lou, *The Theology of Jewish Christianity,* The Development of Christian Doctrine Before the Council of Nicaea, Vol.1 (London: Darton, Longman & Todd, 1964),270..

> അവന്റെ (കർത്താവിന്റെ) കുരിശ് അദ്ദേഹത്തിന്റെ
> ഹൃദയത്തിലുണ്ടായിരുന്നു. പ്രതിബിംബിപ്പിക്കുവാൻ
> കഴിയുന്ന ആർക്കും കുരിശ് അദ്ദേഹത്തിൽ കാണാമാ
> യിരുന്നു. ക്രൂശേറ്റപ്പോൾ അദ്ദേഹം നടക്കുകയായിരുന്നു
> *അബ്രഹാം കിദുനായയെ കുറിച്ചുള്ള മെമ്രാ* XIII,II[2]

*ശലോമോന്റെ സങ്കീർത്തനത്തിൽ (Odes of Solomon)* മനുഷ്യജീവികൾ കുരിശിന്റെ വാഹകരായി ചിത്രീകരിച്ചിരിക്കുന്ന സമാനമായ ഒരു പ്രതിരൂപം നമുക്ക് കാണാം. തങ്ങളുടെ കൈകൾ വിടർത്തി കുരിശിന്റെ ആകൃതി ശരീരത്തിൽ അവർ രൂപീകരിക്കുന്നു. ടി സങ്കീർത്തനത്തിൽ നാം വായിക്കുന്നു:

> ഞാൻ എന്റെ കൈകൾ വിരിച്ച് കർത്താവിനെ
> സ്തോത്രം ചെയ്തു; എന്തെന്നാൽ എന്റെ
> കൈകളുടെ വിരിവ്, മരം നേരെ നിർത്തി
> യതിന്റെ ഒരു അടയാളമാകുന്നു. ഹാലേലൂയ്യാ.[3]
> *കീർത്തനം* XXVII[4]

കുരിശിന്റെ സ്ഥിര സാന്നിദ്ധ്യം തങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടു പോലും അതിൽ വിശ്വസിക്കുന്നതിൽ വീഴ്ച വരുത്തിയ യഹൂദരെ കുറ്റപ്പെടുത്തികൊണ്ട് മനുഷ്യനെ കുരിശുരൂപത്തിൽ സൃഷ്ടിച്ചതിന്റെ ഈ പ്രതിരൂപം അഫ്രേമും ഉപയോഗിക്കുന്നു.

വിശ്വാസികളുടെ ജീവിതത്തിൽ കുരിശ് കൈയാളുന്ന മഹത്തായ പ്രാധാന്യം അനുദിനം അതുമായി ചേർന്നിരിപ്പാൻ അവരെ നിർബന്ധിതരാക്കുന്നു. ക്രിസ്ത്യാനികൾ തങ്ങളുടെ നെറ്റിയിൽ കുരിശിടയാളം വരക്കുക മാത്രമല്ല, യഥാർത്ഥത്തിൽ പച്ചകുത്തിയിരുന്ന ആചാരവും ഉണ്ടാ

---

2 *Des Heiligen Ephraem des Syrers Hymnen auf Abraham Kidunaya un Julian Saba*, CSCO 322, Scr. Syri 140, E. Beck, ed. (Louvain: Secretariat du CorpusSCO,1972),30.

3 സുറിയാനിഭാഷയിലെ അവ്യക്തത കാരണം സുറിയാനി പണ്ഡിതർ ഈ തർജ്ജിമയുമായി യോജിക്കുന്നില്ല. പകർത്തെഴുത്തുകാരുടെ കൈകളിലൂടെ ഈ ഭാഗത്തുണ്ടായ അപഭ്രംശം ആകാം ഇത്. ഈ തെറ്റ് 'ܕ' (of) എന്ന്. മൂന്നാം വരി ആരംഭിക്കുന്നതിനുപകരം 'ܘ' (and) ൽ ആരംഭിച്ചതിലൂടെയാണ്. അപ്പോൾ സുറിയാനിയിലെ ആ ഭാഗം ഇങ്ങനെ വായിക്കാം.

ܦܫܛܬ ܐܝܕܝ
ܘܩܕܫܬ ܠܡܪܝ
ܡܛܠ ܕܦܘܫܛܐ ܕܐܝܕܝ ܐܬܗ ܗܝ
ܘܦܫܝܛܘܬܝ ܩܝܣܐ ܕܙܩܝܦ
ܗܠܠܘܝܐ

4 R. Harris & A. Mingana, eds., *The odes and Psalms of Solomon*, 2 vols. (New York: Longmans, Green & Company, 1916-1920), I:69. See also: Oliver Cle'ment, *The Roots of Christian Mysticism* (Dublin: New City, 1993).197.

യിരുന്നതിന് തെളിവുള്ളതായി Jean Danie'lou ചൂണ്ടിക്കാട്ടുന്നു.[5] വാസ്തവത്തിൽ, കുരിശ് പച്ചകുത്തുന്ന ആചാരം ഇപ്പോഴും മദ്ധ്യപൂർവ്വദേശത്ത് ചിലഭാഗങ്ങളിൽ നിലവിലുണ്ട്. ഈജിപ്റ്റിലുള്ള ക്രിസ്ത്യാനികൾ എല്ലാവർക്കും തന്നെ തങ്ങളുടെ ഇടതുകൈയുടെ ഉൾഭാഗത്ത് പച്ചകുത്തിയ ഒരു കുരിശുണ്ട്; സുറിയാനി ഓർത്തഡോക്സ് സഭയിലെ അംഗങ്ങളായ ചില വനിതകളും അപ്രകാരം ചെയ്യുന്നുണ്ട്. എന്റെ സ്വന്തം മാതാവിന്റെ കീഴ്ചുണ്ടിലും വലതുകരത്തിലും കുരിശ് പച്ചകുത്തിയിട്ടുണ്ട്.

കുരിശിന്റെ സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിൽ എല്ലായ്പ്പോഴും സാക്ഷാത്തായ (positive) ഒന്നല്ല; നാം അഭിമൂഖീകരിക്കുന്ന അനേക പ്രശ്നങ്ങളെയും പീഡകളെയും പരാമർശിക്കുന്ന ഒന്നും ആവാം. നമ്മുടെ ഇപ്പോഴത്തെ ജീവിതവുമായി ബന്ധപ്പെടുത്തി കുരിശിനെ രണ്ടു വിധത്തിൽ വീക്ഷിക്കാം: കുരിശിൻ നിന്നു ലഭ്യമാകുന്ന എല്ലാ അനുഗ്രഹങ്ങളും കണക്കിലെടുക്കുന്ന സാക്ഷാത്തായ ഒന്നും, നമ്മുടെ വിശ്വാസത്തെ പ്രതി സഹിക്കുന്ന ത്യാഗങ്ങൾ ഉൾപ്പെടുന്ന നിഷേധാത്മകമായ (negative) ഒന്നും.

## 6.2 കുരിശിന്റെ വാഴ്വുകൾ

മാമോദോസായിൽ, വിശ്വാസികൾ സ്വയം കുരിശിനെ ധരിക്കുന്നു; അതിനുശേഷം അതുമായി എന്നന്നേക്കുമുള്ള ഒരു ബന്ധം സ്ഥാപിക്കുന്നു. ദൈവം വാഗ്ദാനം ചെയ്ത വാഴ്വുകൾ നമുക്ക് ലഭ്യമാക്കുന്ന ഒരു വാഹന (മാധ്യമം) മായി കുരിശ് ആയിതീരുന്നു. പഴയനിയമ ഗോത്ര പിതാക്കന്മാർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന അനുഗ്രഹങ്ങൾ പോലും യാഥാർത്ഥ്യമാകുകയും കുരിശിന്റെ ശക്തിയാൽ ആർജിതമാക്കപ്പെടുകയും ചെയ്യുന്നു. അഫ്രഹാത്ത് പറയുന്നു:

> അബ്രഹാമിന് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന
> ആത്മീയനുഗ്രഹങ്ങൾ ക്രിസ്തുവിന്റെ
> കുരിശിന്മേലുള്ള മരണത്താൽ ജാതികൾക്ക്
> വിതരണം ചെയ്യപ്പെട്ടു.
>
> Demonstrations VIII:
> *മരിച്ചവർ ജീവനിലേക്ക് വരുന്നതിന്മേലുള്ള* മെമ്രാ[6]

കുരിശിന്റെ വാഴ്വുകൾ ജീവിതത്തിന്റെ എല്ലാ തുറകളെയും ആവരണം ചെയ്യുന്നു; എന്നാൽ അതിന്റെ ആത്മീയ വശം ഒരു പ്രത്യേക വിധത്തിലാണ്. സഭയിൽ കുരിശ് വഹിക്കുന്ന പങ്കിൽ ഈ അനുഗ്രഹങ്ങളുടെ ഒരു

---

5 J. Danie'lou, *Primitive Christian Symbols,* Compass Books (London: Burns & Oates, 1964), 138.

6 *Aphraatis Sapientis Persae Demonstrationes,* Patrologia Syriaca Vols. I & II, J. Parisot, ed. (Paris: Instituti Francici, 1894 & 1905),117.

വിവരണം നൽകുവാൻ നർസായി ശ്രമിക്കുന്നു. ജാതികൾ (Nations) ശുദ്ധീകരിക്കപ്പെട്ട്, അഭിഷേചിക്കപ്പെട്ട് മഹാരാജാവിന് ഒരു ജാതി (nation) ആയി തീരുന്നതിനുള്ള മാധ്യമമായി അദ്ദേഹം കുരിശിനെ കാണുന്നു. മാമോദീസായിൽ എല്ലാ ജനവും കുരിശിനാൽ മുദ്രയിടപ്പെടുന്നു. അതിനാൽ തന്നെ കൂദാശകൾ പൂർത്തീകരിക്കുവാനായി പട്ടത്വവും അടയാളപ്പെടുത്തുന്നു. കുരിശിനാൽ അടയാളപ്പെടുത്തിയതുമൂലം മദ്ബഹാകൾ (sanctuaries) കുരിശിനാൽ ആത്മാവിൽ നിറഞ്ഞുനിൽക്കുന്നു. മനുഷ്യജീവികളെ ശുദ്ധീകരിച്ച് അഭിഷേചിക്കുവാനായി കുരിശ് സഭാകൂദാശകളെ അഭിഷേചിക്കുന്നു. കുരിശിനെ നമ്മുടെ വിശ്വാസത്തിന്റെ മുദ്രയായി വിളിച്ചുകൊണ്ട് നർസായി ഉപസംഹരിക്കുന്നു.

> യേശുവിന്റെ കുരിശ് നമ്മുടെ വിശ്വാസത്തിന്റെ മുദ്രയാ
> കുന്നു. അവന്റെ ദൈവിക വ്യവസ്ഥ നമ്മുടെ രക്ഷക്കായി
> പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. മെമ്രാ 30[7]

നമ്മുടെ ജീവിതത്തിൽ മുഖ്യ പങ്ക് വഹിക്കുന്ന ചില പ്രത്യേകാനുഗ്രഹങ്ങളെ വേർതിരിച്ച് കാണുവാൻ നമുക്ക് കഴിയും.

### 6.2.1 കുരിശ്, സംരക്ഷകൻ

പാപത്തിൽ നിന്നും നമ്മുടെ ആത്മീയ-ഭൗതിക ശത്രുക്കളിൽ നിന്നും നമ്മെ സംരക്ഷിക്കുന്ന സംരക്ഷകൻ എന്ന നിലയിൽ കുരിശിന്റെ പ്രതിരൂപം കുരിശിനെ കുറിച്ചുള്ള സുറിയാനി പിതാക്കന്മാരുടെ എല്ലാ രചനകളിലും മുന്തി നിൽക്കുന്നു. ഈ സംരക്ഷ പ്രഥമമായി വ്യക്തിഗത വിശ്വാസികളുമായി ബന്ധപ്പെട്ടിരിക്കുന്നു. യഹൂദന്മാരെ സംരക്ഷിച്ചുകൊണ്ടിരുന്ന മോശയുടെ വടിയും പള്ളികളിൽ ചിറകുകൾ വിരിച്ചു നിന്നുകൊണ്ട് വിശ്വാസികളിന്മേൽ ആവസിച്ച് അവരെ സംരക്ഷിക്കുന്ന കുരിശും തമ്മിൽ അപ്രേം വിരുദ്ധതയോടുകൂടി ഒരു താരതമ്യം നടത്തുന്നു. (പ്രഭാഷണങ്ങൾ I.I,338)[8]. അങ്ങനെ, നമ്മുടെ ആത്മാക്കളെ നിഷിദ്ധങ്ങളായ ദുർഗുണങ്ങളിൽ നിന്നും അപരാധങ്ങളിൽ നിന്നും വെടിപ്പാകുന്നതിനുതകുന്ന ദൈവിക സഹായം ലഭ്യമാക്കുന്നതിനുള്ള ഒരു ഉപാധിയായി കുരിശ് ഭവിക്കുന്നു. അപ്രേം എഴുതുന്നു:

> നമ്മുടെ വർഗ്ഗത്തെ രക്ഷിച്ച കുരിശ്
> സഹായത്തിന്റെ ഉറവിടമായി തീർന്നു

---

7 *Narsai Homiliae et Carmina,* 2 vols. A. mingana, ed. (Mosul, Iraq: Typis Fratrum Praedicatorum, 1905), II:116.

8 *Des Heiligen Ephraem des Syrers Sermones I*, CSCO 305, Scr. Syri 130., E. Beck, ed. (Louvain: Secretariat du CorpusSCO, 1969),7.

അതിലേക്ക് നാം ഓടി നമ്മുടെ ആത്മാക്കളുടെ
കറകളെ വെടിപ്പാക്കുന്നു.

*Hymns Dispersi* XXII,49[9]

സഹായത്തിന്റെയും ശുദ്ധീകരണത്തിന്റെയും ഈ ഉറവിടം നമ്മുടെ ആത്മാക്കൾക്ക് ഒരു പ്രതിവിധി മാത്രമല്ല; പാപം ചെയ്യുന്നതിൽ നിന്നും നമ്മെ പരിരക്ഷിക്കുന്ന ഒരു സങ്കേതം കൂടി ആണ്. കുരിശ് അതിജീവിച്ചതിനാൽ പാപത്തിന് കുരിശിലേക്ക് എത്തിച്ചേരാനാവത്തതുമൂലം, പാപം ചെയ്യുന്നതിനുള്ള പ്രലോഭനത്തിൽ നിന്നും നമുക്ക് സുരക്ഷ ആവശ്യമെങ്കിൽ കുരിശിലേക്ക് നാം പാഞ്ഞടുക്കുന്നു. പാപത്തിന്, തന്നെ സമീപിക്കുവാനാകാത്ത കുരിശിന്റെ കൂടിലേക്ക് പാഞ്ഞുപോകുന്ന പക്ഷിയായി സ്വയം വർണ്ണിച്ചുകൊണ്ട് അഫ്രേം എഴുതുന്നു.

നിന്റെ കുരിശാകുന്ന കൂട്ടിലേക്ക് ഞാൻ പാഞ്ഞുവരുന്നു,
സർപ്പത്തിന് അതിനെ സമീപക്കുവാനാകാത്തതിനാൽ തന്നെ.
കർത്താവേ! സർപ്പത്തിന് വന്നെത്താൻ കഴിയാത്ത
നിന്റെ കുരിശിന്റെ മുകളിൽ വാസമാക്കുവാൻ,
വലയിൽ നിന്നും പറന്നകലുന്ന പ്രാവെന്നപോലെ ഞാൻ
എന്റെ അപരാധങ്ങളിൽ നിന്നും പറന്നകലുന്നു.

*പ്രഭാഷണങ്ങൾ* I.VII,556-561[10]

ഓരോ നിമിഷവും പ്രലോഭനത്തിലകപ്പെടാവുന്ന ലൗകികജീവിതത്തിൽ നിന്നും ആത്മാവ് പായുന്നു, പാപത്തിന് ബലമില്ലാത്ത ഇടമായ കുരിശിൽ അത് വാസമുറപ്പിക്കുന്നു. ഇപ്രകാരം, കുരുക്കിലകപ്പെടാൻ സാദ്ധ്യത ഏറെയുള്ള വേട്ടക്കാരന്റെ വലയെ ഒഴിവാക്കി, ആർക്കും പിടിക്കുവാനാകാത്ത സുരക്ഷാ സ്ഥാനത്തേക്ക് പറക്കുന്ന പ്രാവുപോലെയാണ് ആത്മാവ്. ആത്മാവ് കുരിശിൽ സങ്കേതപ്പെടുമ്പോൾ അത് പാപത്തിൽ നിന്നു പരിരക്ഷിക്കപ്പെടുക മാത്രമല്ല, കുരിശിന്റെ ശക്തി അതിലുള്ളതിനാൽ പാപം യഥാർത്ഥത്തിൽ ആ ആത്മാവിനെ ഭയക്കുന്നു (*Hymns on Abraham kidunaya* XIII,16)[11]. ദൈവത്തിന്റെ മഹത്വം പ്രത്യക്ഷീഭവിക്കുന്ന നമ്മുടെ ശരീരത്തന്റെ അംഗങ്ങളുടെ രഥമാണ് കുരിശ് എന്നതിനാൽ

9 *Sancti Ephraem Syri Hymni et Sermones,* 4 vols. T.J. Lamy, ed. (Mechliniae: H. Dessain, Summi Ponrificis, S. Congregations de Propaganda Fide et Archiepisocpatus Mechliniensis Typographus, 1882-1902), IV:769.

10 *Des Heiligen Ephraem des Syres Sermones I,* 106.

11 *Des Heiligen Ephraem des Syres Hymnen auf Abraham Kidunaya und Julian saba,* 31.

ആത്മാവ് കർത്താവുമായി സംയോജിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഇതു കൊണ്ട് അർത്ഥമാക്കുന്നത്. (*Hymns on the Church* XXIX,14)[12]

തിന്മയിൽ നിന്നുള്ള സംരക്ഷകൻ എന്ന കുരിശിനെക്കുറിച്ചുള്ള ആശയം സഭയിൽ ഇപ്പോഴും പ്രാവർത്തികമായ ഒരു ആചാരമായി ഭവി ച്ചിരിക്കുന്നു. ദുഷ്ടാത്മാക്കളെ പുറന്തള്ളുവാൻ[13] പിശാചിനെ ഉച്ചാടനം ചെയ്യുന്ന കർമ്മങ്ങളിൽ അത് ഉപയോഗിക്കുന്നു. സുറിയാനി മാമോദീസ ക്രമങ്ങളിൽ പ്രത്യേകിച്ചും ഉച്ചാടന പ്രക്രിയകളിൽ അത് ഉപയോഗിക്കുന്നു. മാമോദീസ ഏൽക്കുന്നവരുടെമേൽ കുരിശടയാളം ഓരോ ആഹ്വാനങ്ങ ളിലും പുരോഹിതൻ വരയ്ക്കുന്നു.

മാമോദീസായിൽ മാത്രമായി കുരിശിന്റെ സംരക്ഷണം ചുരുങ്ങുന്നില്ല; അവസാനത്തോളം വിശ്വാസികളോടൊപ്പം അത് തുടരുന്നു. കൂടാതെ, നമ്മുടെ ശത്രുക്കളെ എതിരിടുവാൻ ഒരായുധമായും അത് ആയി തീരുന്നു. സഹദായായ വി.ഗീവർഗീസിനെക്കുറിച്ച് (സ്രൂഗിലെ) യാക്കോബ് എഴു തുന്നു:

> പ്രകാശ കുരിശിന്റെ ജീവനുള്ള അടയാളം
> അവൻ തന്റെ കൈകളിലേന്തി,
> പിശാചുക്കളുടെ സംഘത്തെയും,
> അവരുടെ മായകളെയും നേരിടുവാൻ അവൻ
> പോയി. മൂന്നു രഹസ്യങ്ങളുടെ മേൽ[14] മഹത്വമുള്ള
> മുദ്ര അവൻ തന്റെ നെറ്റിയിൽ വരച്ചു,
> കിരീടം ആർജ്ജിക്കുവാൻ വിശ്വാസപൂർവ്വം
> അവൻ യുദ്ധം തുടങ്ങി. മെമ്രാ 181[15]

ഇതേ കാര്യം തോമാശ്ലീഹായെക്കുറിച്ച് യാക്കോബെഴുതുന്നു. നമ്മുടെ കർത്താവ് തോമായ്ക്ക് പ്രത്യക്ഷപ്പെട്ട് കുരിശെടുക്കുവാൻ അദ്ദേഹത്തെ ഉപദേശിക്കുന്നു; എന്തെന്നാൽ തന്റെ ദൗത്യത്തിന് സഹായകരമായ ഒരു വലിയ ആയുധമാണത്.

> നമ്മുടെ കർത്താവ് തോമായെ അരികെ വിളിച്ച്
> സ്നേഹപൂർവ്വം അദ്ദേഹത്തെ പിടിച്ചു;

12 *Des Heiligen Ephraem des Syres Hymnende Ecclesia, CSCO 198, Scr.* Syri 84, E. Beck, ed. (Louvain: Secretariat du CorpusSCO,1960),72.

13 J. Danilou, *Primitive Christian Symbols, 138. See alo: P. Harikinstr, Saint John Chrysostom, Discourses Agaisnt Judaizing Christians,* The Fathers of the Church, Vol.68 (Washington, D.C.: The Catholic University of America Press, 1979),237.

14 The Holy Trinity.

15 *Homiliae Selectae Mar-Jacobi Sarugensis,* 5 vols. P. Bedjan, ed. (Paris, Leipzig: Otto Harrassowitz, 1905-1910),V:755

കുരിശ് അദ്ദേഹത്തിന്റെ തോളിൽ വച്ച്കൊണ്ട് പറഞ്ഞു;
സമാധാനത്തോടെ പോക, ഇതുകൊണ്ട് നീ
യുദ്ധം ചെയ്ക
ഉയരങ്ങളും ആഴങ്ങളും ഇത് നിനക്ക്
കീഴ്പ്പെടുത്തി തരും. ഇത് ഏന്തി യുദ്ധം
ചെയ്ത് കീഴ്പെടുത്തുക, എന്തെന്നാൽ
ഇതൊരു വലിയ ആയുധമാകുന്നു. ഇതിനാൽ
രാജാവ് വിജയം വരിച്ചു, ഇതിനെ സ്വയം ധരിക്കു
ന്നവർക്ക് അവൻ (രാജാവ്) വിജയം നൽകും. മെമ്രാ 1[16]

വ്യക്തികളെ മാത്രമല്ല കുരിശിന്റെ സംരക്ഷ ആവരണം ചെയ്യുന്നത്, സമൂഹങ്ങളിലും അത് പ്രവർത്തിക്കുന്നു. പ്രത്യേകിച്ചും പള്ളികളിലും ദയറാകളിലും സ്ഥാപിച്ചിരിക്കുന്ന കുരിശ് വിശ്വാസികൾ മേൽ നിഴലിച്ച് അവരെ പാപത്തിൽ നിന്നും തിന്മയിൽ നിന്നും സംരക്ഷിക്കുന്നു. യൗസേഫിന്റെ അസ്ഥികൾ തങ്ങളുടെ ഇടയിൽ ഉണ്ടായിരുന്ന മരുഭൂമിയിലെ ഇസ്രായേൽക്കാരുടെ സമൂഹവും കുരിശ് ഉള്ളിലുള്ള സഭയുമായി അഫ്രേം താരതമ്യം ചെയ്യുന്നു. സമാനത പ്രത്യേകിച്ചും യൗസേഫിന്റെ അസ്ഥികളും കുരിശുമായിട്ടാണ്.[17] മോശയുടെ ന്യായപ്രമാണപ്രകാരം ഒരു ശവശരീരത്തെ സ്പർശിക്കുന്നവൻ മലിനനാകും;[18] എന്നിട്ടും യൗസേഫിന്റെ അസ്ഥികൾ വാഗ്ദത്ത നാട്ടിലേക്കുള്ള തങ്ങളുടെ യാത്രയിൽ നാല്പതു വർഷക്കാലം അവരോടൊത്തുണ്ടായിരുന്നു. അതുപോലെ, പരിഹാസത്തിന്റെ അടയാളമായിരുന്ന കുരിശ്, പറുദീസായിലേക്കുള്ള തങ്ങളുടെ, യാത്രയിൽ സഭയുടെ പുത്രീപുത്രന്മാരെ സംരക്ഷിക്കുന്നതിന് സഭയിൽ സ്ഥാപിതമായിരിക്കുന്നു. (*Nisibene Hymns* XLV III,6)[19]

നമ്മുടെ ജീവിതത്തിൽ, കുരിശിന്റെ പ്രവർത്തനം വ്യക്തികളെന്ന നിലയിൽ മാത്രമൊ സഭയിൽ മാത്രമൊ ആയി മാത്രമല്ല പ്രത്യക്ഷീഭവിക്കുന്നത്. നഗരങ്ങളിലെപ്പോലെയുള്ള ജനസമൂഹങ്ങളിലും അത് അനുഭവപ്പെടും; എന്തെന്നാൽ വിശ്വാസികളുടെ ജീവിതം എപ്പോഴും എല്ലായിടത്തും ഉള്ളതായ ഒന്നാണ്. ഹാരാനിലെ പ്രാകൃതരുടെ കൈയ്പ് വിശ്വാസത്തിന്റെ മധുരിമയിലേക്ക് വ്യത്യാസപ്പെടുത്തുവാൻ അഫ്രേം കുരിശി

16 *Jakob von Sarug, Drei Gedichte iiber Den. Apostel Thomas in Indien*, W. Strothmann.ed. (Wiesbaden: Otto Harrassowitz, 1976), 235-237, 371-372.

17 യൗസേഫിന്റെ പേര് ഈ ഭാഗത്ത് പരാമർശിക്കുന്നില്ലെങ്കിലും സാമ്യത തികച്ചും വ്യക്തമാണ്.

18 ലേവ്യ 21

19 *Des Heiligen Ephraem des Syres Carmina Nisibena II,* CSCO 240, Scr. Syri 102, E. Beck, ed. (Louvain: Secretariat du CorpusSCO, 1963),62.

നോടപേക്ഷിക്കുന്നു (*Nisibene Hymns* XXXIV,2);[20] എന്തെന്നാൽ, പണ്ട് മാറായിലെ വെള്ളം കുരിശ് മധുരമാക്കി ഇസ്രായേല്യർക്ക് കുടിപ്പാനായി നല്കി.[21]

കുരിശിന്റെ ഈ സംരക്ഷണവും അതിന്റെ നഗരങ്ങളിലെ പ്രവർത്തനവും ആത്മീയമായ ഒന്നു മാത്രമല്ല. അഫ്രേം പറയുന്നത്, സൈനിക ശത്രുക്കൾക്കെതിരെ വിശ്വാസനഗരങ്ങളുടെ സംരക്ഷകൻ കൂടെയാണ് കുരിശ് എന്നാണ്. നിസിബിസിൽ താമസിക്കുമ്പോൾ അനേക പ്രാവശ്യം ശത്രുക്കളാൽ ആക്രമിക്കപ്പെട്ട ആ പട്ടണത്തിന്റെ ഗതി ഈ സംരക്ഷണമായിരുന്നു. ആ പട്ടണത്തിന്റെ മതിലിൽ കയറി നിന്ന് ദൈവസഹായം അഭ്യർത്ഥിച്ച് പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹം ശത്രുവിന്റെ ആക്രമണത്തെ പ്രതിരോധിച്ചു. കുരിശിന്റെ ശക്തി നിസിബിസിന്റെ ചെറുത്തുനില്പിൽ അർപ്പിച്ചുകൊണ്ട് അഫ്രേം എഴുതുന്നു:

എല്ലാ മാർഗ്ഗങ്ങളിലൂടെയും പേർഷ്യ
മുപ്പതുവർഷം യുദ്ധം ചെയ്യുകയായിരുന്നു;
എന്നാൽ ആ പട്ടണത്തിന്റെ അതിർത്തി
കടക്കുവാൻ അവർക്കു കഴിഞ്ഞില്ല. ആ പട്ടണം
ദുർബലവും തുറസ്സും ആയിരുന്നിട്ടു
പോലും കുരിശെത്തി അതിനെ രക്ഷിച്ചു.

*യൂലിയാനെതിരെയുള്ള മെമ്രാ* III,3[22]

കുരിശിനാൽ ആർജിതമായ നിസിബിസിന്റെ ശത്രുക്കളുടെ മേലുള്ള വിജയം നിസിബിസിലെ പൗരന്മാരുടെ ഇടയിൽ വേദവിപരീതങ്ങളാൽ, പരിണിതമായ വിഭജനത്തെയും കുരിശിന് സൗഖ്യമാക്കാനാകുമെന്ന് അഫ്രേമിന് പ്രതീക്ഷ നൽകുന്നു. ആകയാൽ അദ്ദേഹം ആ വിജയത്തെ ഓർമ്മിച്ചുകൊണ്ട്, യഹൂദന്മാരുടെയും പുറജാതികളുടെയും രണ്ടു സംഘങ്ങൾ തമ്മിൽ പണ്ട്[23] ഐക്യം ഉണ്ടാക്കിയ കുരിശിന്റെ ശക്തിയാൽ വിഭാഗീയത ഇല്ലായ്മ ചെയ്യുവാൻ കർത്താവിനോടപേക്ഷിക്കുന്നു. വേറൊരു ഗീതത്തിൽ അദ്ദേഹം എഴുതുന്നു:

കർത്താവേ! എന്റെ അനാവരണം
ചെയ്യപ്പെട്ടിരുന്ന പിളർപ്പിനെതിരെ നിന്ന

---

20 *Des Heiligen Ephraem des Syres Carmina Nisibena II,* CSCO 218 Scr. Syri 102, E. Beck, ed. (Louvain: Secretariat du CorpusSCO, 1961),80

21 പുറപ്പാട് 15:25

22 *Des Heiligen Ephraem des Syres Hymnen de Paradiso und Contra Julianum,* CSCO 174, Scr. Syri 78, E. Beck, ed. (Louvain: Secretariat du CorpusSCO, 1957),82.

23 എഫേസ്യർ 2:16

നിന്റെ കുരിശ് ഒളിച്ചു വച്ചിരുന്നതിനെയും സ്വസ്ഥ
മാക്കണമെ. കാരണം, പുറത്തുനിന്നുള്ളവർക്കു
പകരം അകത്തുള്ളവർ എന്നെ പിളർക്കുന്നു.
എന്റെ പീഡകർ എന്റെ മതിലിന്മേൽ എന്റെ
പ്രാർത്ഥന കേട്ടു. സൂര്യൻ അതിന്റെ ആരാധകരൊപ്പം
അപമാനിതരായി; നിന്റെ കുരിശിനാൽ
ഞാൻ വിജയം കൈവരിച്ചു.

*നിസിബിൻ ഗീതങ്ങൾ* XI,14,16[24]

### 6.3.2 കുരിശ് സഭയുടെ ശില്പി

സഭയിൽ കുരിശിന്റെ കർത്തവ്യം സുരക്ഷയേകുക മാത്രമല്ല, അതിൽ കൂടുതലാണ്. വിശ്വാസികളുടെ സമൂഹത്തെ യഥാർത്ഥത്തിൽ പണിതുയർത്തുക എന്നതാണ് ആ കർത്തവ്യം. കുരിശിന്റെ ശക്തിയാൽ വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്നു. അഫ്രേം എഴുതുന്നു.

കൊമ്പുകളാൽ അവൻ (യാക്കോബ്) തന്റെ പുതിയ
കുഞ്ഞാടുകളെ
സാദൃശ്യത്താൽ ചായം പൂശി വസ്ത്രം
ധരിപ്പിച്ചു. കുരിശാൽ നീ ദയറാകളെ
അലങ്കരിതവും പ്രകാശത്തിന്റെ കുരിശാൽ നിന്റെ
ശിഷ്യന്മാരെ നീ വർദ്ധിപ്പിക്കുകയും ചെയ്തു.

*യൂലിയൻ സാബായെകുറിച്ചുള്ള ഗീതങ്ങൾ* XIV,5-6[25]

ഹാരാനിൽ[26] യാക്കോബിന്റെ പ്രവർത്തനത്തെ പരാമർശിച്ചുകൊണ്ട് എഡേസായിലെ പർവ്വതവാസിയായ യൂലിയൻ സാബായെ അഫ്രേം വർണ്ണിക്കുന്നു. യൂലിയൻ കുരിശിന്റെ ശക്തിയാൽ തന്റെ ശിഷ്യന്മാരെ ശതഗുണീഭവിപ്പിച്ചു- പുതിയ ദയറാകൾ സ്ഥാപിച്ചും അവയിൽ കുരിശുകൾ സ്ഥാപിച്ചുകൊണ്ടും തന്റെ ജീവിതത്തിൽ തന്നെ കുരിശിൽ ആശ്രയിച്ചു. അതുകൊണ്ടാണ്, തന്റെ കാലടികളിലൂടെ അനേക ശിഷ്യന്മാർ അദ്ദേഹത്തെ പിന്തുടർന്നത്. യൂലിയൻ സാബായെകുറിച്ചുള്ള വേറൊരു ഗീതത്തിലാണ് അഫ്രേം ഇത് പറയുന്നത് (*Hymns on Julian Saba* VII,14)[27] ഈ ഗീതത്തിൽ, തന്റെ ശരീരത്തിൽ കുരിശിനെ ധരിച്ചിരുന്ന

---

24 *Des Heiligen Ephraem des Syres Carmina Nisibena I,32.*

25 *Des Heiligen Ephraem des Syres Hymnenauf Abraham Kidunaya und Julian Saba,* 61.

26 ഉത്പത്തി 30:37.

27 *Des Heiligen Ephraem des Syres Hymnenauf Abraham Kidunaya und Julian Saba,* 52

ഒരുവനായിട്ടാണ് യൂലിയാനെ വർണ്ണിച്ചിരിക്കുന്നത്. ആ കുരിശ് അദ്ദേഹത്തിന്റെ ശരീരത്തിലും പ്രവൃത്തികളിലും വിളങ്ങിയിരുന്ന കുരിശായിരുന്നു.

സഭയിൽ കുരിശിന്റെ പങ്ക് ഉയർന്ന നിലകളിലേക്ക് ഉയർത്തി, സഭയുടെ നിലനില്പിന്റെ സൂചനയായി അത് ഭവിക്കുന്നു എന്ന് അഫ്രേം പറയുന്നു. സന്യാസിമാരെ കുറിച്ചുള്ള ഒരു പ്രഭാഷണത്തിൽ അദ്ദേഹം പറയുന്നു:

> അവരിലൊരാൾ എത്തുമ്പോഴെല്ലാം
> തന്റെ കുരിശ് അവിടെ വയ്ക്കുന്നു; ആ സ്ഥലം
> ഒരു സഭയായി (പള്ളിയായി) ഭവിക്കുന്നു.
>
> പ്രഭാഷണം IV.II,229-30[28]

കുരിശിനാലുള്ള ഒരു സഭയുടെ സ്ഥാപനം നമ്മുടെ കർത്താവിന്റെ മാതൃക പിന്തുടർന്നാൽ മാത്രമെ സാദ്ധ്യമാകയുള്ളൂ. കർത്താവ് തന്നെ കുരിശിനാലാണ് തന്റെ സഭയെ പണിതത്. ആ കുരിശ് സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ഭാരം താങ്ങുന്ന തൂണായി ഭവിക്കുന്നു. യാക്കോബ് പറയുന്നതുപോലെ:

> സൃഷ്ടികളെ വഹിക്കുന്ന തൂണായി തന്റെ കുരിശിനെ
> അവൻ സഭയിൽ സ്ഥാപിച്ചു. മഹാഭവനത്തിനായി
> പ്രകാശത്തിന്റെ കല്ലുകളെ അതു ഉയർത്തി. അവൻ
> നീതിയുടെ മരക്കുരിശാൽ അതിന്റെ കെട്ടിടത്തെ
> പണിതു; കുരിശിന്റെ ചിറകുകളാൽ, അതിന്റെ
> മേൽക്കൂര അവൻ ഉറപ്പിച്ചു. മെമ്രാ 19[29]

കുരിശ് എവിടെയുണ്ടെങ്കിലും അവിടെ ദൈവാലയത്തിന്റെ അടിസ്ഥാനം സംബന്ധിച്ച ഈ പ്രസ്താവന, സുറിയാനി ദൈവശാസ്ത്രത്തിൽ സഭയുടെ രഹസ്യപൂർണ്ണമായ അടിസ്ഥാനവുമായി വ്യത്യസ്ത തലത്തിൽ മനസ്സിലാക്കുവാൻ പാടില്ല. സഭയിൽ കുരിശ് പ്രവർത്തിക്കുന്നത് അതിന്റെ കൗദാശിക ജീവിതത്തിലൂടെ മാത്രമാണ്. സഭയുടെ കുരിശുമായുള്ള ബന്ധം മാമോദീസായിലൂടെയും വി. കുർബാനയിലൂടെയും ആണ്. കുരിശ് സഭയിൽ പ്രവർത്തിക്കുന്നത് മാമോദീസായിലൂടെയും വി. കുർബാനയിലൂടെയും ആണ്. കുരിശില്ല എങ്കിൽ മമോദീസായും വി.കുർബാനയും ഇല്ല എന്നതും സത്യമാണ്. ആകയാൽ കുരിശിനെ ഒഴിച്ചു നിർത്തി ഒരു കുർബാന സമൂഹം-അതായത് സഭ-ഇല്ല. അപ്പോൾ കുരിശ് വി. കുർബാന

---

28 *Des Heiligen Ephraem des Syres HymnenSermons IV,* CSCO 334, Scr. Syri 148, E. Beck, ed. (Louvain: Secratariat du CorpusSCO, 1973),21.

29 *Homiliae Selectae Mar-Jacobi Sarugensis,* I:479.

യിലേയ്ക്കുള്ള ഒരു മാർഗ്ഗമാണ്; വി. കുർബാന നമ്മുടെ ജീവിതത്തിൽ[30] കുരിശിനെ സന്നിഹിതമാക്കുന്നു. വി. കുർബാനമേശയെ സമീപിക്കാൻ ആഗ്രഹിക്കുന്ന ഒരുവനെ ഉപദേശിച്ചുകൊണ്ട് അഫ്രേം തന്റെ ദിയാത്തസറോണിന്റെ വ്യാഖ്യാനം എഴുതുന്നു:

> ക്രൂശിതനായ കർത്താവ് തന്റെ കൈകൾ നിന്നിലേക്ക്
> നീട്ടുവാൻ നീ നിന്റെ കൈകൾ അവനിലേക്ക്
> നീട്ടുക; കാരണം അവന്റെ കുരിശിലേക്ക് തന്റെ
> കൈകൾ നീട്ടപ്പെടാത്ത ഒരുവനും അവന്റെ
> മേശയെ സമീപിക്കുവാൻ സാദ്ധ്യമല്ല.
> *ദിയാത്തസറോണിന്റെ വ്യാഖ്യാനം* XX,III,23[31]

കുരിശും സഭയുമായുള്ള ബന്ധം സംബന്ധിച്ച് സുറിയാനി പിതാക്കന്മാരുടെ രചനകളിൽ-പ്രത്യേകിച്ചും യാക്കോബിന്റെ രചനകളിൽ മുന്തി നിൽക്കുന്ന പ്രതിരൂപം വിവാഹ നിശ്ചയത്തിന്റേതാണ്. ക്രിസ്തുവിന്റെ മണവാട്ടിയായി സഭയെ വിവാഹനിശ്ചയം ചെയ്തത് കുരിശാണ്. ഈ മണവാട്ടിയെപ്പറ്റി ആദിമുതൽ തന്നെ അറിയപ്പെട്ടിരുന്നു എങ്കിലും കുരിശ് വന്നെത്തി എല്ലാവർക്കുമായി മറ നീക്കി കാണപ്പെടുന്നതുവരെ ലോകത്തിൽ നിന്നും മറച്ചു വയ്ക്കപ്പെട്ടിരുന്നു. യാക്കോബ് (സ്രൂഗിലെ) എഴുതുന്നു;

> കുരിശ് വന്നെത്തി അവളെ വിവാഹം നിശ്ചയം
> ചെയ്ത് അവളുടെ മുഖത്തുനിന്ന് മൂടുപടം
> മാറ്റപ്പെടുന്നതുവരെ പിതാവിന്റെ പ്രവാച
> കന്മാർ പ്രേക്ഷകരിൽ നിന്നും മണവാട്ടിയെ മറച്ചു
> വച്ചിരുന്നു. *മെമ്രാ* 135[32]

വളരെ നേരത്തെ തന്നെ അറിയാമായിരുന്നിട്ടും തന്റെ വിവാഹ ദിവസം വരെ മണവാളനിൽ നിന്നും മറച്ചുവയ്ക്കപ്പെട്ടിരുന്ന മണവാട്ടിയുമായുള്ള വിവാഹത്തിലേക്ക് സഭയെ അവതരിപ്പിക്കുന്ന കുരിശിന്റെ പ്രവൃത്തി ഈ ഭാഗത്ത് യാക്കോബ് താരതമ്യം ചെയ്യുന്നു. തന്റെ സമൂഹത്തിലെ ആചാരത്തിൽ നിന്നാണ് യാക്കോബ് ഈ പ്രതിരൂപം ചമച്ചത്. വാസ്ത

---

30 For the Eucharist in St. Ephraem see: P.Yousif, *L'Eucharistie chez Ephraem de Nisibe,* Orientalia Christiana Analecta 224 (Rome: pontificium Institutum Orientale, 1984)

31 Ephraem de Nisibe, Commentaire de L'Evangile Concordant on Diatessaron: tradnit du suriaque et de l'armenien, Sources Chretiennes 121, L. Leloir, ed. (Paris: Editions du Cerf, 1966), 360.

32 *Homiliae Selectae Mar-Jacobi Sarugensis, IV*: 797.

വത്തിൽ, ഈ അടുത്ത കാലം വരെയും, വിവാഹനിശ്ചയത്തിനും വിവാഹത്തിനും ഇടയ്ക്കുള്ള കാലത്ത്, മണവാളന് തന്റെ മണവാട്ടിയെ കാണുവാൻ സാദ്ധ്യമല്ലായിരുന്നു. പഴയ മണവാട്ടിയിലേയ്ക്ക്- തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക്- ആദ്യം മണവാളൻ എത്തേണ്ടിയിരുന്നതിനാൽ സഭ മറച്ചുവയ്ക്കപ്പെട്ടിരുന്നു. അവൾ ഉപേക്ഷിച്ചെങ്കിൽ മാത്രമെ അവന് (മണവാളന്) അവന്റെ മുഖം പുതിയ മണവാട്ടിയിലേക്ക് തിരിക്കേണ്ടിയിരുന്നുള്ളൂ. യാക്കോബ് ഇപ്രകാരം എഴുതുന്നു:

> തന്റെ ക്രൂശാരോഹണത്താൽ പ്രകാശത്തിന്റെ
> മണവാട്ടിയെ വിവാഹനിശ്ചയം ചെയ്യുവാൻ
> അവൻ എത്തി; പക്ഷേ പഴയ മണവാട്ടി
> ഇരുന്നിടത്തേക്ക് അവൻ ആദ്യം പോയി. മെമ്രാ 167[33]

സഭയും ക്രിസ്തുവുമായുള്ള വിവാഹത്തിൽ കുരിശ് ഒരു മുഖ്യ പങ്ക് വഹിക്കുന്നു; പക്ഷേ, സഭയെ ക്രിസ്തുവിന് പരിചയപ്പെടുത്തുന്നതിൽ മാത്രം ആ പങ്ക് ഒതുങ്ങുന്നില്ല; ഈ വിവാഹത്തിൽ വേറൊരു പങ്ക് കൂടി അത് സ്വീകരിക്കുന്നു. മണവാട്ടി അണിയുന്ന സ്വർണ്ണാഭരണങ്ങളായി കുരിശ് ഭവിച്ചു. സമുദ്രജീവികളുടെ രക്തത്തിൽ നിന്നും ലഭിക്കുന്ന നീലാരുണം (നീലകലർന്ന ചുവപ്പ്) പൂണ്ട വസ്ത്രത്തിനു പകരം സഭ ക്രിസ്തുവിന്റെ രക്തത്തിന്റെ നിറമായ ചുവപ്പ് അണിയുന്നു. സ്വർണ്ണവും മുത്തുകളും പതിച്ചിരിക്കുന്ന കിരീടത്തിനുപകരം അവൾ നെറ്റിയിൽ മുദ്രയിടപ്പെട്ട കുരിശാൽ അലംകൃതയാകുന്നു (മെമ്രോ 9)[34]

കുരിശും സഭയുമായുള്ള ബന്ധത്തെ കെട്ടിപ്പടുക്കുന്നതിൽ യാക്കോബ് ഒരു പടികൂടി മുമ്പോട്ടു പോകുന്നു. സഭാംഗങ്ങൾ ആരെ വിവാഹനിശ്ചയം ചെയ്തിരിക്കുന്നുവൊ ആ കുരിശിൽ തൂക്കപ്പെട്ടവൻ മണവാളനായി തീരുന്നു. മെമ്രാ191[35] ൽ കറുത്ത വസ്ത്രം ധരിച്ചിരിക്കുന്ന കന്യാസ്ത്രീകളെ കുറിച്ച് അദ്ദേഹം എഴുതുന്നു; എന്തെന്നാൽ നമ്മുടെ കർത്താവിന്റെ ക്രൂശാരോഹണ[36] ദിവസത്തിൽ സൂര്യൻ അപ്രത്യക്ഷമാകുകയും ആകാശം കറുത്തു പോകുകയും ചെയ്യുവാൻ കാരണഭൂതമായ കുരിശിനോട് അവർ വിവാഹം നിശ്ചയം ചെയ്തിരിക്കുന്നു.

ദയറാകളിലെയും കന്യാസ്ത്രീമഠങ്ങളിലെയും കന്യകകൾ മാത്രമൊ, ഉടമ്പടിയുടെ പുത്രീപുത്രന്മാരോ (ܒܢ̈ܝ ܘܒܢ̈ܬ ܩܝܡܐ =ബ്നായ് വബ്നൊത് ക്യോമോ) മാത്രമല്ല കുരിശുമായി വിവാഹനിശ്ചയം ചെയ്തിട്ടുള്ളത്. കർത്താവിൽ വിശ്വസിക്കുന്ന ഏവനും/ഏവളും സ്വയം കുരിശി

33 *Homiliae Selectae Mar-Jacobi Sarugensis, IV*: 483.

34 *Homiliae Selectae Mar-Jacobi Sarugensis,I*:207.

35 *Homiliae Selectae Mar-Jacobi Sarugensis, V*:827

36 യോഹന്നാൻ 20

നോട് വിവാഹനിശ്ചയം ചെയ്യുന്നു. ആകയാൽ യാക്കോബ് അവരോട്, തങ്ങളുടെ ഭാര്യയോടൊ ഭർത്താവിനോടൊ വിശ്വസ്തത പുലർത്തുന്നതു പോലെ തന്നെ കുരിശിനോട് വിശ്വസ്തത പുലർത്താൻ ഉപദേശിക്കുന്നു.

കുരിശിനൊട് സ്വയം വിവാഹം നിശ്ചയം
ചെയ്തിരിക്കുന്ന നിങ്ങൾ വിശ്വസ്തിരായിരിക്കുക,
കാരണം, അതിന്റെ മുറിവാൽ, ക്രൂശേറിയവൻ
വഞ്ചകത്വത്തെ തുറന്നു കാട്ടി നശിപ്പിച്ചിരിക്കുന്നു മെമ്രാ 53[37]

### 6.2.3 കുരിശ് സമാധാനത്തിന്റെ അടയാളം

പിതാവും മനുഷ്യവർഗ്ഗവുമായും ഭൂമിയും സ്വർഗ്ഗവുമായും സമാധാനം സൃഷ്ടിച്ച[38] മാധ്യമമായിരുന്നു കുരിശ്. ആദാമിന്റെ വീഴ്ചയെ തുടർന്ന പൂട്ടപ്പെട്ടതായ വാതിൽ-ഇരുഭാഗത്തിന്റെയും ഇടയിലുള്ള വാതിൽ-തുറന്ന താക്കോൽ കുരിശാകുന്നു. യാക്കോബ് എഴുതുമ്പോൾ പൗലോസ് ശ്ലീഹായുടെ ഈ ആശയം അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു:

സ്വർഗ്ഗവും ഭൂമിയും തമ്മിൽ ഈ കുരിശാൽ
സമാധാനം ഉണ്ടായി, ഭൂവാസികളും
സ്വർലോകവാസികളും തമ്മിലും അത്
സമാധാനമുണ്ടാക്കി. മെമ്രാ 11[39]

സ്വർഗ്ഗവും ഭൂമിയും തമ്മിൽ സമാധാനമുണ്ടാക്കുന്നതിൽ അതിനുള്ള പങ്കിനാൽ, നർസായി പറയും പ്രകാരം, കുരിശ് നമുക്ക് സമാധാനത്തിന്റെ ഒരടയാളമായി ഭവിച്ചിരിക്കുന്നു.

അതിന്റെ പ്രത്യക്ഷതയിലൂടെ, നമ്മുടെ സ്വഭാവത്തിന്
കുരിശ്, സമാധാനത്തിന്റെ ഒരടയാളമായി
തീർന്നിരിക്കുന്നു. സ്വഭാവത്തെ ഉയർത്തി അനശ്വര
ജീവിതത്തിന്റെ തുറമുഖത്തേക്ക് അത് നമ്മെ
അടുപ്പിച്ചിരിക്കുന്നു. മെമ്രാ 30[40]

മറ്റുള്ളവരുമായി നമ്മുടെ സമാധാനം ഉണ്ടാക്കിയ ഈ കുരിശ് നമ്മുടെ ശത്രുക്കളുമായും എല്ലാ ജാതികളുമായും സമാധാനം സ്ഥാപിക്കാനായി എല്ലാവരും ഉപയോഗപ്പെടുത്തണം. ആകയാൽ യാക്കോബിന്റെ മെമ്രാകളിൽ, ക്രിസ്തു തോമാശ്ലീഹായെ ഉപദേശിച്ചുകൊണ്ട്, ശ്ലീഹാ ഇടപെടുവാൻ പോകുന്ന സംക്ഷോഭിതരായ ജനത്തെ സാന്ത്വനപ്പെടുത്തുവാൻ

---

37 *Homiliae Selectae Mar-Jacobi Sarugensis, II*: 509

38 എഫേസ്യർ 2:16

39 *Jakob von Sarug, Drei Gedichte iiber Den Apostel Thomas,* 363-365.

40 *Narsai Homiliae et Carmina, II*:116.

കുരിശ് ഇൻഡ്യയിലേക്ക് തന്നോടൊപ്പം കൊണ്ടുപോകുവാൻ ആഹ്വാനം ചെയ്യുന്നു.

നീ സ്നേഹിച്ചതായ പുത്രന്റെ കുരിശ്
നിന്നോടൊപ്പമുണ്ടായിരിക്കട്ടെ, അതിനാൽ,
കടലിനെക്കാൾ ഇരമ്പുന്ന ജനം സമാധാന
മെന്തെന്നറിയട്ടെ. മെമ്രാ 11[41]

സമാധാനം മറ്റുള്ളവരിൽ എത്തിക്കുന്നതിന് കുരിശ് ഉപയോഗിക്കുമ്പോൾ, നാം തന്നെ ആ സമാധാനം അനുഭവവേദ്യമാക്കണം. എപ്പോഴൊക്കെ നാം അസ്വസ്ഥരാകുന്നുവൊ അപ്പോഴെല്ലാം അതിൽ ശരണപ്പെടുക. വേദവിപരീതത്തെ താൻ ആശ്ലേഷിച്ചു എന്ന് കുറ്റാരോപിതനായി ചിലരിൽ നിന്നും അവരുടെ കോപത്തെ അഭിമുഖീകരിക്കേണ്ടി വന്നപ്പോൾ യാക്കോബ് അവർക്കെഴുതി:

പെട്ടന്നു തന്നെ ഞാൻ കുരിശിന്റെ സമാധാനത്തെ
സ്വയം ധരിച്ച്, നിങ്ങളുടെ കോപത്തെ
ദൈവിക സ്നേഹത്താൽ അഭിമുഖീകരിച്ചു കത്ത് 16[42]

### 6.2.4 കുരിശ് ഗുരുവായി

കുരിശിന്റെ മധുരിമ കണ്ടെത്തുന്നവർ തങ്ങളുടെ ജീവിതത്തിന്റെ വഴികാട്ടിയായി അതിനെ കാണുന്നു. അവരുടെ സമ്പത്തും വസ്തുക്കളും മേലിൽ അവർക്ക് ഒന്നുമല്ലാത്തതായി അനുഭവപ്പെടുന്നു; എന്തെന്നാൽ ധനവാനായവൻ അവർക്കുവേണ്ടി ദരിദ്രനായി. അപ്രകാരം തന്നെ അവരുടെ വസ്തുവകകളും യോഗ്യതകളും കുരിശിന്റെ സന്നിധിയിൽ വിലയില്ലാത്തതായി തീരുന്നു. തങ്ങൾ ബുദ്ധിമാന്മാരെന്ന് ചിന്തിക്കുന്നവർ അപഹാസ്യരായി ഭവിക്കുന്നു. ലൗകിക ജ്ഞാനത്തെ തള്ളിപ്പറഞ്ഞ് സദ്വാർത്തയെ[43] ഉദ്ഘോഷിക്കുന്ന പൗലോസിനെ (സ്രൂഗിലെ) യാക്കോബ് ശ്ലാഘിക്കുന്നു:

കുരിശ് ജീവൻ നിറഞ്ഞുനിൽക്കുന്ന പുളിപ്പായി
അദ്ദേഹം കണ്ടു; ശിഷ്യത്വമാകുന്ന മാവിൽ
അദ്ദേഹം അത് ഇട്ടു; പൗലോസിന്
കുരിശ് ഗുരുവായി ഭവിച്ചു; ഗ്രന്ഥത്തെ മറന്ന് തന്റെ

---

41 *Jakob von Sarug, Drei Gedichte iiber Den Apostel Thomas,* 279-280.

42 *Iacobi Sarugensis Epistulae Quotquot Supersunt,* CSCO 110, Scr. Syri 57, G. Olinder, ed. (Louvain: Durbecq, 1952),64.

43 1 കൊരിന്ത്യർ 1,2

ഉപദേശങ്ങളിൽ ലാളിത്യമുള്ളവനാകാൻ
കുരിശിൽ നിന്നും അദ്ദേഹം പഠിച്ചു. മെമ്രാ 62[44]

ഈ ഭാഗത്ത് സുറിയാനി ധാതുപദമായ ܣܦܪ (സ്ഫർ) ഉപയോഗിച്ചു കൊണ്ട് യാക്കോബ് നടത്തുന്ന ഒരു പദവിന്യാസം കുറിക്കുന്നത് രസാവഹമാണ്. അദ്ദേഹം ആദ്യം ഈ പദം ܣܦܪܐ (sofro=സൊഫ്റോ=ഗുരു) എന്ന രൂപത്തിൽ ഉപയോഗിക്കുന്നു. കുരിശ് എന്നാണ് അദ്ദേഹം അർത്ഥമാക്കുന്നത്. രണ്ടാം പ്രാവശ്യം അദ്ദേഹം ܣܦܪܐ (സെഫ്റോ =sefro=ഗ്രന്ഥം) എന്നർത്ഥത്തിലും ഉപയോഗിക്കുന്നു. പൗലോസിന്റെ ലൗകിക വിജ്ഞാനത്തിനും വിദ്യാഭ്യാസത്തിനും പാത്രീഭവിച്ച ഗ്രന്ഥങ്ങളെയാണ് അദ്ദേഹം ഇവിടെ അർത്ഥമാക്കിയിരിക്കുന്നത്.

ഗ്രന്ഥങ്ങളിലെ ലൗകിക വിജ്ഞാനത്തെ തള്ളികളയുവാനും കുരിശിൽ നിന്ന് പഠിക്കുവാനും ഉള്ള ഈ ആഹ്വാനം തന്റെ നുകം മൃദുവും താൻ സൗമ്യനും ഹൃദയത്തിൽ[45] താഴ്മയുള്ളവനും ആയതിനാൽ തന്നിൽ നിന്നു പഠിക്കുവാനുള്ള കർത്താവിന്റെ ആഹ്വാനത്തിൽ നിന്നാണ് എന്നത് നിസംശയമാണ്. ക്രിസ്തുവിന്റെ നുകം-അദ്ദേഹത്തിന്റെ കുരിശ്-നാം സൗമ്യരും താഴ്മയുള്ളവരുമായിരിപ്പാൻ നമ്മെ പഠിപ്പിക്കുന്നു. ദാനിയേലെന്ന് പേരുള്ള ഒരു ഏകാന്തവാസിയ്ക്ക് എഴുതിയ കത്തിൽ യാക്കോബ് പറയുന്നതുപോലെ:

നിന്റെ താഴാഴ്മ കുരിശിന്റെ പാതയിൽ
നടക്കുവാൻ നിന്നെ കീഴ്പെടുത്തി
ആകയാൽ, നിന്റെ ഗുരു കുരിശാകുന്നു.
അതിന്റെ സ്നേഹത്താൽ അത് മനുഷ്യ
വർഗ്ഗത്തിന്റെ ഭാരം വഹിപ്പാൻ തലകുനിച്ചു തന്നു.
കത്ത് 39[46]

## 6.3 കുരിശിന്റെ ശാപം

നമ്മുടെ ജീവിതത്തിൽ കുരിശിന്റെ പ്രഭാവം എപ്പോഴും ഗുണകരവും സാക്ഷത്തായതും ആകണമെന്നില്ല. കുരിശിൽ നിന്നും നമുക്കു ലഭ്യമാകുന്ന അനേക അനുഗ്രഹങ്ങൾ ഉണ്ടെങ്കിലും അതിന് എപ്പോഴും ഒരു വില നൽകേണ്ടതുണ്ട്- ചിലപ്പോൾ ആ വില അതീവ ഗുരുതരവുമായിരിക്കും. കുരിശിന്റെ ഈ നിഷേധപരമായ ഘടകത്തെ നമ്മുടെ ജീവിതത്തിൽ, കുരിശിന്റെ ആകമാന പ്രവർത്തനത്തിൽ നിന്നും മാറ്റി നിർത്തി കാണേണ്ടതല്ല. കുരിശിന്റെ മഹത്വം നാം തിരിച്ചറിഞ്ഞ് അംഗീകരിക്കുമ്പോൾ

---

44 *Homiliae Selectae Mar-Jacobi Sarugensis, II:* 752.

45 മത്തായി 11:29

46 *Iacobi Sarugensis Epistulae Quotquot Supersunt,* 287.

മാത്രമെ കുരിശിൽ നിന്നുള്ള കഷ്ടപ്പാടുകൾ സന്തോഷപൂർവ്വം സഹിക്കുവാൻ നമുക്ക് കഴികയുള്ളൂ. ഈ വിഷയത്തിന് സുറിയാനി പിതാക്കന്മാർ വളരെ പ്രാധാന്യം കല്പിക്കുന്നുണ്ട്- ഈ വിഷമകരമായ പാത പൂർണ്ണതയിലേക്കുള്ള മാർഗ്ഗം എന്ന് തിരിച്ചറിയുന്നതിൽ തെറ്റുപറ്റാതെ എല്ലാവരും ഒരുപോലെ സന്തോഷത്തോടും സഹനത്തോടും ഈ പാതയിലൂടെ പോകുന്നില്ല. പൂർണ്ണതയിലേക്ക് നയിക്കുന്ന ഈ പാതയുടെ വൈഷമ്യത്തെക്കുറിച്ച് യാക്കോബ് തന്റെ ഗദ്യത്തിലുള്ള ഒരു മെമ്രായി എഴുതിയിരിക്കുന്നു. യാക്കോബിന്റെ മെമ്രായിൽ ക്രിസ്തു പറയുന്നു:

> ആദ്യം ഞാൻ നീതി (ന്യായപ്രമാണത്തിന്റെ) നിറവേറ്റും
> തുടർന്ന് പൂർണ്ണത ഞാൻ കാണിക്കും. ന്യായപ്രമാണത്തിന്റെ
> പ്രവൃത്തി ഞാൻ പൂർത്തീകരിക്കും; തുടർന്ന് ഞാൻ
> കുരിശിലേക്കുള്ള വലിയ മാർഗ്ഗം ആരംഭിക്കും. മെമ്രാ 11[47]

കുരിശിലേക്കുള്ള ഈ വലിയ മാർഗ്ഗം, പാപരഹിതനായ ക്രിസ്തു തുറന്നു, തനിക്കുവേണ്ടിയല്ല; നാം കടന്നപോകുവാനായിതന്നെ. അത് വേദനയുടെ ഒരടയാളമാണ്, എന്നാൽ ഈ വേദന ഒരു ശിക്ഷാവിധിയല്ല, മറിച്ച്, ആത്മാവിനെ ശുദ്ധീകരിച്ച് പാപത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗം ആണ്. അത് ഇടുങ്ങിയ വാതിലും ജീവിതത്തിലേക്ക് നയിക്കുന്ന ദുർഘട പാതയുമാണ്.[48] ആകയാൽ ഏവരും കുരിശിന്റെ ഈ പാത അഭിമുഖീകരിച്ചേ തീരൂ.

കുരിശിന്റെ ഈ നിഷേധാത്മകമായ പരിമാണം രണ്ട് വ്യത്യസ്ത മാർഗ്ഗങ്ങളിൽ നമ്മുടെ ജീവിതത്തിൽ പ്രത്യക്ഷപ്പെട്ടേക്കാം: ഒന്നാമതായി നാം നടക്കേണ്ടതായ ഇടുങ്ങിയ പാതയിലും, രണ്ടാമതായി കുരിശിനെ നിഷേധിക്കുന്നവർക്ക് അതുണ്ടാക്കുന്ന നാശത്തിലും.

### 6.3.1 ഇടുങ്ങിയ പാത

ഒരു യഥാർത്ഥ ക്രിസ്ത്യാനി ആകുന്നതിന് കുരിശിന്റെ പാത നാം പിന്തുടരേണ്ടിയിരിക്കുന്നു- പീഡനങ്ങളൊ ആന്തരിക പ്രശ്നങ്ങളൊ വ്യതിചലനങ്ങളൊ ആകട്ടെ, നമ്മുടെ മേൽ വന്നു ചേരാവുന്ന എന്തിനെയും അഭിമുഖീകരിക്കണം. എല്ലാ കുഴപ്പങ്ങളുടെയും അടയാളമാണ് വാസ്തവത്തിൽ കുരിശ്. ലൂക്കോസ് 2.3 ൽ യേശുവിനെക്കുറിച്ച് മറുത്തു പറയേണ്ട അടയാളമായി ശിമയോൻ പറഞ്ഞിരിക്കുന്നു. (സ്രൂഗിലെ) യാക്കോബ് ഈ അടയാളത്തെ, അനേകർ ബലഹീനതയുടെയും പരിഹാസത്തിന്റെയും അടയാളമായി തള്ളിക്കളയുന്ന കുരിശിന്റെ അടയാളമായി വ്യഖ്യാനിക്കുന്നു. യാക്കോബ് എഴുതുന്നു:

---

47 *Jacques de Saroug, Six Homelies Festivales en Prose,* Patrologia Orientalis t. 43., fasc. 4 no. 196, F. Rilliet, ed. (Trunhout: Brepols, 1986),18.

48 മത്തായി 7:14

> അകത്തുള്ളവരിൽ നിന്നും പുറത്തുള്ളവരിൽ
> നിന്നും ഉള്ള വിഭാഗീയതകളാലും കലഹങ്ങളാലും
> ചുറ്റപ്പെട്ട അടയാളമാകുന്നു കുരിശ്. മെമ്രാ 166[49]

ഈ ഭാഗത്ത് യാക്കോബ് പരാമർശിക്കുന്ന വിഭാഗീയതകൾ ക്രിസ്തീയ സമൂഹത്തിൽ ഉദയം ചെയ്യുന്നവയാണെന്ന് വ്യക്തം. അക്രൈസ്തവരാൽ ഉത്ഭൂതമാകുന്ന പീഡകളെയും കുഴപ്പങ്ങളെയും കുറിച്ച് അദ്ദേഹം അധികമൊന്നും പറയുന്നില്ല. ക്രിസ്തീയ മതത്തെ അടിച്ചമർത്തി പ്രാകൃതത്വം പുനരുദ്ധരിക്കാൻ കഠിനാദ്ധ്വാനം ചെയ്ത മതപരിത്യാഗിയായ യൂലിയാനയുമായി ബന്ധപ്പെടുത്തി അഫ്രേം നടത്തുന്ന ഏതാനും പരാമർശനങ്ങൾ ഒഴിച്ചാൽ നാം കൈകാര്യം ചെയ്തു കൊണ്ടിരിക്കുന്ന എല്ലാ ഗ്രന്ഥങ്ങളിലും മേൽ പറഞ്ഞത് ശരിയാണ്. നമ്മുടെ കൈവശം എത്തിയിരിക്കുന്ന ഗ്രന്ഥങ്ങൾ എല്ലാം തന്നെ, AD 313 ലെ മിലാൻ വിളംബരത്തെ തുടർന്നും ഏഴാം നൂറ്റാണ്ടിലെ ഇസ്ലാമിക കയ്യേറ്റങ്ങൾക്കുമുമ്പുമുള്ള സമാധാന കാലഘട്ടത്തിലെ ക്രിസ്തീയ ചരിത്രത്തിൽ നിന്നുള്ളതുമാണ് എന്നതു മൂലമാണ് ഇപ്രകാരം ഒരു ആശയവിനിമയത്തിന് രചയിതാക്കളെ പ്രചോദിപ്പിച്ചത്. ആ കാലഘട്ടത്തിൽ, ദയറാ പ്രസ്ഥാനം വളരുന്നതിന് അവസരം നല്കികൊണ്ട് സഭ ദീർഘദൃഷ്ടിയോടെ മുന്നോട്ടു പോകയും കുരിശിന്റെ ഇടുങ്ങിയ പാതയ്ക്ക് ഒരു പുതിയമാനം നൽകുകയും ചെയ്തു. ഈ പാത പ്രാഥമികമായി ശരീരത്തിന്റെ വികാരങ്ങൾക്കും പാപത്തിനും എതിരെ, വികാരങ്ങൾക്കെതിരെ, ആത്മാക്കൾ പോരാടുന്ന ഒന്നായി ഭവിച്ചു. ഈ പാതയുടെ ഒരു ഭാഗം, ചില വേദ വിപരീതികളുടെ അസാധാരണമായ പഠിപ്പിക്കലുകൾ മൂലം സഭയ്ക്കുള്ളിൽ പൊന്തി വന്ന വിഭാഗീയത കൂടി ആയിരുന്നു.

യഥാർത്ഥ വിശ്വാസിയുടെ അഭിലാഷമായ കുരിശിലെ പൂർണ്ണത നേടിയെടുക്കുവാൻ, ഈ ആത്മീയ പോരാട്ടത്തിൽ ക്രിസ്ത്യാനികൾ മത്സരിച്ചു. അങ്ങനെ ചെയ്യുന്നതിലൂടെ അവർ വിവിധങ്ങളായ ആത്മീയ അനുശാസനങ്ങൾ അഭ്യസിച്ചു-ഒരോരുത്തരും അവരവരുടെ ആത്മീയ നിലവാരത്തിനൊത്തവണ്ണം. ലോകത്തെ ഉപേക്ഷിച്ച് സന്യാസജീവിതത്തിലൂടെ പൂർണ്ണത അന്വേഷിച്ചവരെ സംബന്ധിച്ചിടത്തോളം ഇതു കൂടുതൽ യഥാർത്ഥമാണ്. അപ്രകാരമുള്ള സന്യാസിമാരിൽ ചിലർക്ക് യാക്കോബ് എഴുതുന്നു:

> ദൈവം നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടു എന്ന്
> നിങ്ങൾക്ക് അനുഭവപ്പെട്ടിരിക്കുന്നു; ഭയം
> നിങ്ങളുടെ മേൽ വീണുമിരിക്കുന്നു. ആകയാൽ
> നിങ്ങൾ ലോകത്തെ വെറുത്ത് നിങ്ങളുടെ നാടും

---

49 *Homiliae Selectae Mar-Jacobi Sarugensis, V*:474.

വംശവും സഹോദരീ സഹോദരന്മാരെയും
ക്ഷണിക വസ്തുക്കളെയും താൽക്കാലിക സങ്കേതങ്ങളെയും
വെറുത്തിരിക്കുന്നു. അവനെ പിന്തുടർന്ന്
അവനോടൊത്ത് ശോഭയേറിയ മണവറയിൽ
പ്രവേശിക്കുവാൻ നിങ്ങൾ അവന്റെ കുരിശ് വഹി
ച്ചിരിക്കുന്നു കത്ത് 7[50]

പ്രാർത്ഥന, ജാഗരണം, ഉപവാസം തുടങ്ങി Arthur Voobus 'സന്യാസ ചര്യകൾ' എന്നു വിളിക്കുന്ന ഈ അനുഷ്ഠാനങ്ങൾ എല്ലാം തന്നെ കുരിശിന്റെ ആത്മീയ പാതയിലെ അടയാളങ്ങളാണ്; എന്നാൽ, അവ ദയറാകളിലും മഠങ്ങളിലും മാത്രമായി ഒതുങ്ങുന്നവയല്ല. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ,[51] ധനവാൻ, യഹൂദാ പുരോഹിതന്മാരും ലാസർ കുരിശിന്റെ ശിഷ്യന്മാരുമെന്ന് അഫ്രേം നിരൂപിക്കുന്നു (*Commentary on the Diatessaron* XV,11,12)[52]. അഫ്രേം കുരിശിന്റെ ശിഷ്യന്മാരെ ഉപദേശിച്ചുകൊണ്ടെഴുതുന്നു:

നിന്റെ സമ്പത്ത് എവിടെയാകുന്നുവൊ
അവിടെ നിന്റെ ഹൃദയവും ഉണ്ടായിരിക്കണം
ശിശുക്കൾക്കുള്ള പാലിനും തേനിനും പകരം
പൂർണ്ണരായവരുടെ ആണികളും കുരിശുകളും
നിങ്ങൾക്കുണ്ടായിരിക്കണം
*Commentary on the Diatessaron* XV,13.[53]

വേറൊരു ഗീതത്തിൽ സ്നേഹത്തിന്റെ അൾത്താരയിൽ ഏവരും ക്രൂശിതരാകണമെന്ന്, കർത്താവിന്റെ ക്രൂശാരോഹണത്തിൽ നിന്നും അഫ്രേം അനുമാനിക്കുന്നു.

കർത്താവേ! ആ സമയത്ത് അവർ നിന്നെ
മരത്തിന്മേൽ ക്രൂശിച്ചു. ഇന്ന് ഏവരും
സ്വയം സ്നേഹത്താൽ ക്രൂശിക്കപ്പെടട്ടെ
ആണികളെ ഉപവാസം യഥാസ്ഥാനപ്പെടുത്തും,
മുള്ളുകൾക്കു പകരം കല്പനകളും
*സഭാഗീതങ്ങൾ* XXIX,13[54]

---

50 Jacobi Sarugensis *Epistulae Quotquot Supersunt,* 34.

51 ലൂക്കോസ് 16:19–30

52 Ephraem de Nisibe, *Commentaire L'Evangile Concordant on Diatessaron: traduit du syriaque et de l'armenien,* 271ff.

53 Ephraem de Nisibe, *Commentaire de L'Evangile Concordant on Diatessaron: traduit du syriaque et de l'armenien,* 265ff.

54 Des Heiligen *Ephraem des Syrers de Ecclesia,* 100.

ഈ കാര്യത്തിൽ, ഓരോ ക്രിസ്ത്യാനിയുടെയും ദൈനംദിന ജീവിതത്തെ കുരിശ് അടയാളപ്പെടുത്തുന്നു- പ്രത്യേകിച്ചും തങ്ങളുടെ ജീവിതം കുരിശുമായി സമരസപ്പെടുത്തികൊണ്ട് കർത്താവിന് തങ്ങളെ തന്നെ സ്വയം അർപ്പിച്ചവർക്ക്. ആത്മീയമായി അൻപതുവർഷം രാവും പകലും ക്രൂശിക്കപ്പെട്ടവനായിരുന്ന യൂലിയൻ സാബായെ അഫ്രേം പുകഴ്ത്തുന്നു: (*Hymns on Julian Saba* IX,4)[55] വേറൊരു ഗീതത്തിൽ എപ്രകാരമായിരുന്നു യൂലിയൻ അൻപതുവർഷം ക്രൂശിക്കപ്പെട്ടിരുന്നത് എന്ന് അഫ്രേം വിശദീകരിച്ചുകൊണ്ടെഴുതുന്നു.

> ഇവയ്ക്കെല്ലാം അദ്ദേഹം തികഞ്ഞവനായിരുന്നു എന്നത്
> വിസ്മയനീയമാണ്- സുദീർഘമായ ജാഗ
> രണത്തിനും നീണ്ട ഉപവാസത്തിനും ദിവസം മുഴുവൻ
> ഉള്ള പ്രാർത്ഥനയ്ക്കും ജീവിതം മുഴുവനും വിലാപത്തിനും.
> എല്ലാ സമയത്തും അദ്ദേഹം ക്രൂശാരോഹണം പേറി,
> വിജയം കൈവരിച്ചു. *Hymns on Julian Saba* II,2[56]

അപ്പോൾ, ഈ അനുഷ്ഠാനങ്ങൾ എല്ലാം ക്രിസ്തു സ്വയം സഹിച്ച കുരിശല്ലാതെ മറ്റൊന്നുമല്ല. തന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന ഏവർക്കും ഉള്ള ഒരു വ്യവസ്ഥയായി ക്രിസ്തു നിർദേശിക്കുന്നതാണിത് - പ്രത്യേകിച്ചും സന്യാസ ജീവിതം നയിക്കുന്നവർക്ക്. തന്റെ പ്രഭാഷണങ്ങ (Sermons IV.1,13,17,21[57]) ളിൽ അഫ്രേം, തന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവരോട് ക്രിസ്തു വഹിക്കുവാൻ ആവശ്യപ്പെടുന്ന കുരിശ്, ക്രൂശാരോഹണത്തിന്റെയും ശ്ലൈഹികജീവിതത്തിന്റെയും മാർഗ്ഗം സ്വീകരിക്കുന്നതുമൂലമുണ്ടാകാവുന്ന അനന്തരഫലങ്ങളായ പ്രശ്നങ്ങളും പ്രയാസങ്ങളും അഭിമുഖീകരിക്കുവാനുള്ള സന്നദ്ധതയാണെന്ന് വിശദമാക്കുന്നു. ഗലാത്യർ 6:14 ൽ പറയുന്ന പൗലോസ് ശ്ലീഹായുടെ ചിന്താഗതിയുടെ ഒരു വികസിത രൂപമാണിതെന്നതിൽ സംശയമില്ല.

സന്യാസജീവിതം പുലർത്തി കർത്താവിങ്കലേക്ക് ആത്മാവിനെ നയിക്കുന്ന ഈ അനുഷ്ഠാനങ്ങളുമായി ആത്മീയതയിൽ കുരിശ് എപ്പോഴും സമരസമാകുന്നില്ല. ആത്മാവിൽ വിഭാഗീയത സൃഷ്ടിച്ച് വഴിതെറ്റിലേക്ക് നയിക്കുന്ന അലോരസചിന്തകളും സംശയങ്ങളും കൂടി ആകാം അത്. അപ്പോൾ, വിവാദം മറച്ചുവയ്ക്കപ്പെട്ട കുരിശാകാം. അവിടെ ആണികളെ, ചോദ്യംചെയ്യലുകൾ മാറ്റി പ്രതിഷ്ഠിക്കുന്നു; വിശ്വാസ പരിത്യാഗം ശീയോളായി തീരുന്നു.

55 Des Heiligen *Ephraem des Syrers Hymnen auf Abraham Kidunaya und Julian Saba,* 54

56 Des Heiligen *Ephraem des Syrers Hymnen auf Abraham Kidunaya und Julian Saba,* 39.

57 Des Heiligen *Ephraem des Syrers Sermons IV,* 1.

### 6.3.2 കുരിശിന്റെ ശത്രുക്കളുടെ പതനം

മനുഷ്യവർഗ്ഗത്തിന്മേലുള്ള കുരിശിന്റെ നിഷേധപരമായ വേറൊരു സംഗതി, കുരിശിനെ നിഷേധിക്കുന്നവരുടെ മേൽ വന്നെത്തുന്ന നാശമാണ്. ദിയാത്തസറോണിന്റെ വ്യാഖ്യാനത്തിൽ അഫ്രേം എഴുതുന്നു:

> നമ്മുടെ കർത്താവിനെ കുരിശിച്ചവരെ ക്രൂശിക്കുന്ന
> കുരിശ് ഇതാ! XX,III,32[58]

സുറിയാനി പിതാക്കന്മാർ പറയും പ്രകാരം, കുരിശിന്റെ ശത്രുക്കളുടെ നാശം രണ്ടു വ്യത്യസ്ത രൂപത്തിലാണ് വരുന്നത്. ആദ്യത്തേത് അവരുടെ സമ്പത്തിന്റെയും നഗരങ്ങളുടെയും നാശത്തിലൂടെ. പ്രത്യേകിച്ചും AD 70ൽ യറുശലേം റോമായ്ക്ക് മുമ്പാകെ വീണുപോയത് വ്യക്തമായ ഒരു ഉദാഹരണമാണ്. യറുശലേമിന്റെ പതനത്തെയും പിന്നീട് അത് പുനർ നിർമ്മാണം ചെയ്യുവാനുള്ള മതപരിത്യാഗിയായ യൂലിയാനയുടെ ശ്രമത്തെ വിവരിച്ചുകൊണ്ട് അഫ്രേം എഴുതുന്നു:

> അവർ അതിനെ (യറുശലേമിനെ) ജീവനുള്ള ശില്പി
> യുടെ മരത്താൽ നശിപ്പിച്ചു; പ്രാകൃതത്തിന്റെ
> മുറിഞ്ഞ ഞാങ്ങണകളാൽ പിടിച്ചു നിർത്തി
> *Hymns against Julian IV*,22[59]

കുരിശിന്റെ ശത്രുക്കളെ സ്പർശിക്കുന്ന രണ്ടാമത്തെ മാർഗ്ഗം, അവരുടെ പഠിപ്പിക്കലുകളെയും വിശ്വാസങ്ങളെയും എതിർക്കുക എന്നതാണ്. അഫ്രഹാത്തിനെ സംബന്ധിച്ചിടത്തോളം, യഹൂദാ ജാതിയിൽ നിന്നും പ്രകാശം ഇല്ലാതായി ജാതികളിന്മേൽ പ്രശോഭിതമായതിന് കാരണഭൂതമായത് കുരിശാണ്. (*Demonstrations I*)[60]

തന്റെ മതപരിവർത്തനത്തിന് മുമ്പും പിമ്പുമുള്ള പൗലോസ് ശ്ലീഹായുടെ ജീവിതത്തെ രസാവഹമായ ഒരു വിരോധാഭാസരീതിയിൽ അഫ്രേം താരതമ്യം നടത്തുന്നു. വി.പൗലൂസ് 'ക്രൂശകരുടെ' കയ്പിനാൽ നിറഞ്ഞു നിന്നപ്പോൾ അദ്ദേഹം പള്ളികളെ ഉപദ്രവിച്ചുകൊണ്ടിരുന്നു; പക്ഷേ കുരിശിന്റെ മധുരിമയിൽ നിറഞ്ഞുനിന്നപ്പോൾ:

> 'ക്രൂശകരുടെ' കൂട്ടായ്മകളിൽ കയ്പ് നിറക്കുവാൻ ആരംഭിച്ചു.
> (*Homily on our Lord* XXV)[61]

---

58 Ephraem de Nisibe, *Commentaire de L'Evangile Concordant on Diatessaron,* 366

59 Des Heiligen *Ephraem des Syrers Hymnen de Paradiso und Contra Julianum,* 89-100.

60 Aphraatis *Sapientis Persae Demonstrationes,* 28.

61 Des Heiligen *des Syrers Sermo de Domino Nostro,* CSCO 270, Scr. Syri 116, E. Beck, ed. (Louvain: Secretariat du CorpusSCO, 1966), 22-23.

യഹൂദന്മാർക്കെതിരെയുള്ള തന്റെ മെമ്രാകളിൽ (സ്രൂഗിലെ) യാക്കോബ്, യഹൂദന്മാരെ ഒരു പ്രത്യേക ജാതിയും തിരഞ്ഞെടുക്കപ്പെട്ട ജനവും ആക്കി തീർത്ത അവർക്കുള്ള പ്രത്യേക ദാനങ്ങൾ-പ്രത്യേകിച്ചും പ്രവചനവും പൗരോഹിത്യവും-അവരിൽ നിന്നും എടുത്തു കളഞ്ഞതിന്റെ കാരണം കുരിശാകുന്നു എന്ന് പരസ്യമായി പറയുന്നു:

> യഹൂദന്മാരേ! നിങ്ങളുടെ പരാജയത്തിനുകാരണം
> കുരിശാകുന്നു.
> ഇനിയും നിങ്ങൾ അനീതി ചെയ്യുകയാണെങ്കിൽ ലോകത്തി
> ലാകമാനം നിങ്ങൾ പരാജയപ്പെടും. കുരിശിന്റെ സമയം വരെ
> നിങ്ങളെപ്പോലെ ഭൂമിയിൽ
> ഏതു ജാതി ഉണ്ടായിരുന്നു? അതുകഴിഞ്ഞ്
> ഏതു ജാതി നിങ്ങളെപ്പോലെ നശിപ്പിക്കപ്പെട്ടിട്ടുണ്ട്!
> അന്നുമുതൽ നിങ്ങളുടെ ജനതയിൽ നിങ്ങൾ ഒരു
> പ്രവാചകനെ കണ്ടിട്ടില്ല. കുരിശ് പ്രവചനവും പൗരോ
> ഹിത്യവും നിങ്ങളിൽ നിന്നെടുത്തുകളഞ്ഞു. അന്നുമുതൽ
> പ്രവചിക്കുവാനും പൗരോഹിത്യവേല ചെയ്യുവാനും
> നിങ്ങളിൽ ആരുമില്ല. മെമ്രാ V[62]

ഈ ഭാഗം അവസാനിപ്പിക്കാനായി, അഫ്രേമിനെക്കുറിച്ച്, മറ്റ് സഭാപിതാക്കന്മാർക്കും അനുയോജ്യമായ- താഴെ നൽകുന്ന A. Voobus ന്റെ ഒരു ഉദ്ധരണി നല്ലതും സംക്ഷിപ്തവും ആയ ഒന്നാണ്.

> കുരിശിന്റെ മഹത്വം അന്വേഷിക്കുകയും കുരിശിന്റെ പരിഹാസം
> അന്വേഷിക്കുകയും കുരിശിന്റെ സമ്പുഷ്ടതയെ
> സ്നേഹിക്കുകയും
> കുരിശിന്റെ വേദന വഹിക്കുകയും ആണ് സന്യാസ
> ജീവിതത്തിന്റെ ലക്ഷ്യം എന്ന് അഫ്രേമിന് പറയുവാൻ
> കഴിയും.[63]

---

62 Jacques de Sarong, *Homelies Contre les Juifs, Patrologia Orientali t. 38, fasc.* 1, no. 174, M. Albert, ed. (Turnhout: Brepols, 1976),105-8, 131-2, 259-60.

63 A. Voobus, *Literary, Critical and Historical Studies in Ephraem the syrian,* Papers of the Estonian Theological Society in Exile 10 (Stockholm: ETSE, 1958), 105. It should be added here that some scholars, including E. Beck, dispute the authenticity of a number of texts dealing with monasticism. They think that those were written after Ephream.

അദ്ധ്യായം ഏഴ്

# കുരിശ് ഒരു അന്ത്യദിന സംഭവം

## 7.1 ആമുഖം

കുരിശിന്റെ രക്ഷണ്യപ്രവർത്തനത്തെ പിതാവിന്റെ മുമ്പാകെ സമർപ്പിച്ചുകൊണ്ട് ക്രിസ്തു പിതാവിന്റെ സന്നിധിയിലേക്ക് മടങ്ങുമ്പോൾ മാത്രമെ ആ പ്രവർത്തനം പൂർത്തിയാകയുള്ളൂ.[1] കുരിശിന്റെ അന്ത്യദിന വശം എന്ന സുറിയാനി ദൈവശാസ്ത്രത്തിന്റെ മുഖ്യ ദർശനം സഭയുടെ ആത്മീയതയിലും ആരാധനാ ജീവിതത്തിലും വ്യക്തമായി പ്രതിബിംബിക്കുന്നു. എല്ലാം രണ്ടാം ലോകത്തിൽ-ആത്മാക്കളുടെ ലോകത്തിൽ-നിറവേറപ്പെടുന്നു. പഴയനിയമത്തിന്റെ സാദൃശ്യങ്ങളും പ്രതീകങ്ങളും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലും രക്ഷണ്യ ശുശ്രൂഷയിലും വെളിവാക്കപ്പെട്ടു; എന്നാൽ ക്രിസ്തു തന്റെ കുരിശുമൂലം തന്റെ പിതാവിന്റെ സന്നിധിയിലേക്ക് തിരിച്ചെത്തി, ദൈവം സർവ്വാധിപതിയായി തീരുമ്പോൾ മാത്രമെ അവ നിറവേറപ്പെടുകയുള്ളൂ.[2]

സുറിയാനി പിതാക്കന്മാരുടെ രചനകളിൽ, കുരിശിന്റെ അന്ത്യദിന മുഖം ചരിത്രപരവും (ഭൂതകാല) ആരാധനപരവും (Sacred on present or liturgical) ആയ മുഖങ്ങളേക്കാൾ ഒട്ടും അപ്രധാനമായല്ല കൈകാര്യം ചെയ്തിരിക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം, കുരിശിന്റെ ചിറകുകളുടെ കീഴിൽ മനുഷ്യവർഗ്ഗം ഒന്നിച്ചു കൂടി നിത്യമായ ഒരു ജീവിതത്തിൽ കർത്താവിനോടുകൂടെ ആനന്ദിക്കുന്ന പറുദീസായിലൊഴികെ വേറൊരിടത്തും കുരിശ് പൂർണ്ണമായി അറിയപ്പെട്ട് അനുഭവവേദ്യമാകയില്ല.

ഒരിക്കൽ ക്രൂശിതനായ ഒരുവൻ എന്നു പറയുന്നതിനേക്കാൾ 'ക്രൂശിതനായ ക്രിസ്തു' വിനെകുറിച്ചാണ് പിതാക്കന്മാർ സംസാരിക്കുന്നത്. ക്രൂശാരോഹണത്തെ ഒരു ചരിത്രസംഭവമായി കേന്ദ്രീകരിക്കുന്നതിനുപകരം, തന്റെ പുനരുത്ഥാനത്തിനുശേഷവും തന്റെ സ്വഭാവത്തിന്റെ ഒരു ഭാഗമായിതീർന്ന, ക്രൂശാരോഹണം നടത്തിയ ഒരുവനിലാണ് അവർ

1 കൊരിന്ത്യർ 15:24

2 On the cross as the way to the Father, see: J.T. Forestell, *The Word of the Cross: Salvation as Revelation in the Fourth Gospel,* Analecta Biblica 57 (Rome: Biblical Institute Press, 1974),64,81,101.

ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ക്രൂശിക്കപ്പെട്ടവനായ യേശു ക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി കൊരിന്ത്യർക്കിടയിൽ[3] കഴിയാൻ തീരുമാനിച്ചു എന്ന് അവർക്കെഴുതുന്ന പൗലോസിലേക്ക് പുറകോട്ട് പോയി നമുക്കിതിനെ കണ്ടെത്താം. തൽഫലമായി, പുനരുത്ഥാനത്തെ കുറിച്ചെഴുതുന്നതിനെക്കാൾ കൂടുതൽ സുറിയാനി പിതാക്കന്മാർ കുരിശിനെക്കുറിച്ച് എഴുതുന്നതായി നമുക്കു കാണാം. കുരിശിനാൽ നേരത്തെ നേടിയ വിജയം വെളിപ്പെടുത്തുന്നത് മാത്രമാണ് അവർക്ക് പുനരുത്ഥാനം.[4]

## 7.2 പിതാവിങ്കലേക്കുള്ള വഴി കുരിശ് തുറക്കുന്നു

ക്രിസ്തുവിന്റെ രക്ഷാദൗത്യത്തിന്റെ ആകമാന ലക്ഷ്യം മനുഷ്യവർഗ്ഗത്തെ പിതാവിങ്കലേക്ക് തിരിച്ചെത്തിക്കുകയായിരുന്നു. കുരിശിൽ ഈ ദൈവികലക്ഷ്യം സാധിതപ്രായമായി. യേശുവിന്റെ മഹത്വീകരണ നാഴിക കുരിശായിരുന്നു. എല്ലാവർക്കും നിത്യജീവൻ നൽകാനായി അദ്ദേഹം മഹത്വീകരിക്കപ്പെട്ടു. താനയച്ച യേശുക്രിസ്തുവിനൊപ്പം പിതാവ് ഏക സത്യദൈവം എന്നറിയുക എന്നതും ഈ നിത്യജീവനിൽ ഉൾപ്പെട്ടിരിക്കുന്നു.[5]

അപ്പോൾ, കർത്താവിനോടുകൂടെ നാം മഹത്വീകരിക്കപ്പെടുന്നത് കുരിശിനാലാണെന്ന് തിരിച്ചറിയുക എന്നത് നമ്മുടെ കർത്തവ്യമാണ്. പറുദീസായിൽ വീഴ്ചയോടുകൂടെ ആദാമിനും ഹവ്വായ്ക്കും നഷ്ടപ്പെട്ട മഹത്വത്തിന്റെ അങ്കി മാമോദീസാ തൊട്ടിയിൽ നാം വീണ്ടെടുക്കുന്നു.[6] പിതാവിങ്കലേക്കുള്ള നമ്മുടെ തിരച്ചു വരവ് മാമോദീസാ തൊട്ടിയിൽ താഴെ പറയുന്ന വിധത്തിൽ സാധിതപ്രായമാക്കുന്നു.

### 7.2.1 പുതുജീവങ്കലേക്കുള്ള നമ്മുടെ വഴി കുരിശ് കാക്കുന്നു

വിശ്വാസികൾ പുതുജീവിതത്തിലേക്ക് മാറ്റപ്പെടുന്നതിന്റെ വാഹന (മാധ്യമ)മാണ് കുരിശ്, പക്ഷേ, ആ പുതുജീവിതം കൈവരിക്കുവാൻ മരിച്ചവർ മരണത്തോട് പോരാടി അതിനെ അതിജീവിക്കണം. ആകയാൽ അഫ്രേം, നമ്മുടെ മരിച്ചു പോയവർ രണ്ടാം മരണത്തെ അതിജീവിച്ച്

---

3 1 കൊരിന്ത്യർ 2:2

4 J. Moltmann compares the resurrection an eschatological event to the crucifixation as an historical event. See: J. Moltmann, *The Cruicified God: The Cross of Christ as the Foundation and Criticism of Christian Theology,* 2nd ed. (London: SCM, 1973), 163.204.

5 യോഹന്നാൻ 2:27

6 S.P. Brock, *Studies in Syriac Christianity: History, Literature and Theology* (Hamphire, U.K: Variorum, 1992),13.

പുതുജീവനിലേക്ക് പ്രവേശിക്കത്തക്കവണ്ണം അവരെ കുരിശടയാളം കൊണ്ട് അടയാളപ്പെടുത്തുവാൻ നമ്മെ ഉപദേശിക്കുന്നു;

> മാലാഖമാരിൽ ഒരുവന് കല്പന കൊടുത്തു;
> അവൻ നീതിമാന്മാരുടെ നെറ്റിയിൽ രക്ഷയുടെ
> അടയാളം വരച്ചു. വിജയ ശ്രീലാളിതമായതും
> മറച്ചുവയ്ക്കപ്പെട്ടിരുന്നതുമായ മുദ്ര കണ്ട് പരിച്ഛേദന
> നാണിച്ചു. നിങ്ങളുടെ മരിച്ചുപോയവരെ കുരിശിനാൽ
> അടയാളപ്പെടുത്തുക. രണ്ടാം മരണത്തെ അവർ
> അതിജീവിക്കുവാനായിട്ടുതന്നെ.
>
> നിസിബിൻ ഗീതങ്ങൾ LXXIII,8[7]

ഭൂമിയുടെയും സമുദ്രത്തിന്റെയും കേടുപാടുകളിൽ നിന്നും രക്ഷപ്പെടുവനായി മാലാഖ ദൈവത്തിന്റെ ദാസന്മാരെ അവരുടെ നെറ്റിയിൽ മുദ്രയിടുന്ന വെളിപാട് 7:2-3 ഭാഗമാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. പല പിതാക്കന്മാരുടെ അഭിപ്രായപ്രകാരം സ്ഥിരീകരണ കൂദാശയിൽ നൽകപ്പെടുന്ന പരിശുദ്ധാവിന്റെ മുദ്രയാണിത്[8], പക്ഷേ, അഫ്രേം വേറൊരുവിധ അഭിഷേകത്തെ ഇവിടെ സൂചിപ്പിക്കുന്നു. മരിച്ചവരെ മുദ്രയിടണമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. പാപത്തിൽ മരിച്ചവരെയാണ് ഇവിടെ അർത്ഥമാക്കുന്നത് എന്ന് വ്യാഖ്യാനിക്കാം: അതായത്, രണ്ടാം മരണത്തിൽ നിന്നും രക്ഷപെടാൻ മാമോദീസാ ഏറ്റ് സ്ഥിരീകരിക്കപ്പെടേണ്ട പാപികൾ. ശവസംസ്കാര ശുശ്രൂഷയിൽ മരിച്ചവരുടെ നെറ്റിയിൽ തൈലാഭിഷേകം നടത്തുന്ന സുറിയാനി സഭയിലെ ആചാരം ഈ ഭാഗത്തിന്റെ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനം കൂടുതൽ സ്വീകാര്യമാക്കുന്നു. എന്നാലും, ഈ ഭാഗം വായിക്കുന്നതിലൂടെയും അഫ്രേമിന്റെ കാലത്തുപോലും പള്ളികളിൽ പരസ്യമായി വായിക്കപ്പെട്ടിരുന്ന മറ്റു ഭാഗങ്ങളിലൂടെയും എത്തിയതാണ് സഭയുടെ ഈ ആചാരമെന്ന് വിചാരിക്കുന്നതിൽ തെറ്റില്ല.

വേറൊരു വിധത്തിൽ, വിശ്വാസികൾ മരണത്തെ കടന്ന് പുതുജീവിതത്തിലേക്കുള്ള അവരുടെ യാത്രയിൽ മരണത്തെ ഒഴിവാക്കുന്ന ഒരു വാഹനമായി കുരിശ് അഫ്രേമിന് അനുഭവപ്പെടുന്നു. കുരിശ് അതിന്റെ ചിറകുകൾ വിരിച്ച് ജാതികളെ ഏദനിലേക്ക് വഹിക്കുന്നു. (*Nisibene Hymns LVIII*,19)[9]

മരപ്പണിക്കാരനായ യൗസേഫിന്റെ പുത്രനെന്ന ക്രിസ്തുവിന്റെ ജീവിതചര്യയെ ചൂഷണം ചെയ്തുകൊണ്ട്, അഫ്രേം ശീയോളിനെയും

---

7 *Des Heiligen Ephraem des Syrers Carmina Nisibena II,* CSCO 240, Scr. Syri 102, E. Beck, ed. (Louvain: Secre'tariat du CorpusSCO, 1963),124.

8 യോഹന്നാൻ 2:27

9 *Des Heiligen Ephraem des Syrers Carmina Nisibena II*,89.

രണ്ടാം മരണത്തെയും മറികടന്ന് ജീവന്റെ വാസസ്ഥലത്തേക്ക് മനുഷ്യ വർഗ്ഗത്തെ എത്തിക്കുവാൻ ക്രിസ്തു സ്ഥാപിച്ച പാലമായി കുരിശിനെ വർണ്ണിക്കുന്നു. മരണത്തിന് കാരണഭൂതമായ മരവും ശീയോളിലേക്കുള്ള പതനവും അത് വൈരുദ്ധ്യമാക്കുന്നു: അദ്ദേഹം എഴുതുന്നു:

വിദഗ്ദ്ധ മരപ്പണിക്കാരന്റെ മകനാകുന്ന ഇവൻ
എല്ലാറ്റിനെയും വിഴുങ്ങുന്ന ശീയോളിന് മീതെ
അവന്റെ കുരിശ് സ്ഥാപിച്ചു. ജീവന്റെ
വാസസ്ഥലത്തിലേക്ക് മനുഷ്യവർഗ്ഗം
കടന്നുപോകട്ടെ..... ആത്മാക്കൾ മരണത്തിന്റെ
ദേശത്തുനിന്നും ജീവന്റെ ദേശത്തിലേക്ക് കടന്നുപോക
ത്തക്കവണ്ണം മരണത്തിനു മീതെ ഒരു പാലം പോലെ
തന്റെ കുരിശിനെ സ്ഥാപിച്ചവന് സ്തോത്രം

*Homily on our Lord* IV[10]

തുടർന്ന്, പുനരുത്ഥാനത്തിൽ നമ്മുടെ ശരീരത്തിൽ നിന്നും പൊടി തട്ടിക്കളഞ്ഞ് നമ്മുടെ ആത്മാക്കളെ സ്വർഗ്ഗത്തിലേക്ക് എടുക്കുന്നു. (*Hymni Disnpersi* XXI,20)[11]

### 7.2.2 കുരിശ് പറുദീസാ തുറക്കുന്നു

നമ്മുടെ മരണാനന്തര ജീവിതത്തിൽ കുരിശിന്റെ പങ്ക്, നമ്മെ പുതു ജീവനിലേക്ക് എടുക്കുന്നതിൽ തീരുന്നില്ല; പറുദീസായിൽ ആ ജീവിതം ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. ആദാമിനെ പുറത്താക്കിയശേഷം അടയ്ക്കപ്പെട്ട പറുദീസായുടെ വാതിൽ തുറക്കുന്നതോടുകൂടിയാണ് (പറുദീസാ ഗീതങ്ങൾ VI,I)[12] ഇത് സാദ്ധ്യമാകുന്നത്. ആ വാതിൽ തുറക്കുന്നത് കുരിശാണ്, കുരിശ് താക്കോലും പുതിയ കുന്തവും ആയതിനാൽ അഫ്രേം എഴുതുന്നു:

എന്തെന്നാൽ പറുദീസായുടെ താക്കോലാകുന്ന
കുരിശ് രാജാവ് ഏന്തുന്നു. അവൻ ആ
വലിയ വാതിൽ കുരിശിന്റെ

---

10 *Des Heiligen Ephraem des Syrers Sermo de Domino Nostro,* CSCO 270. Scr. Syri 116, E. Beck, ed. (Louvain: Secre'tariat du CorpusSCO, 1966),IV:66.

11 *Sancti Ephraem Syri Hymni et Sermones.* 4 vols. T.J. Lamy, ed. (Mechliniae: H. Dessain, Summi Pontificis, S. Congregationis de Propaganda Fide et Archiepiscopatus Mechliniensis Typographus, 1882-1902), IV:767

12 *Des Heiligen Ephraem des Syrers Hymnen de Paradiso und Contra Julianum,* CSCO, 174, Scr. Syri 78, E. Beck, ed (Louvain: Secretariat du CorpusSCO, 1957),19.

> അടയാളമാകുന്ന താക്കോലാൽ നിനക്കുവേണ്ടി തുറക്കും
> പ്രഭാഷണങ്ങൾ I.VII,65,508[13]

ഇതേ ആശയം പുനരുത്ഥാനത്തെകുറിച്ചുള്ള മെമ്രാ (*Hymns on Resurrection* II,I)[14]യിലും ഉണ്ട്. പറുദീസായെ കുറിച്ചുള്ള അറിവ് വെളിപ്പെടുത്തുന്ന വാഹനമായും ക്രിസ്തുവിന്റെ ന്യായപ്രമാണമായും പറുദീസ തുറക്കുന്ന താക്കോലായും ക്രിസ്തുവിന്റെ കുരിശിനെ അഫ്രേം അവിടെ കാണുന്നു. അനുഭവിച്ചറിയാവുന്ന ഈ വസ്തുതയെ ബോധ്യപ്പെടുത്തുവാൻ, പറുദീസായിലേക്ക് പ്രവേശിക്കുവാൻ കുരിശ് നല്കപ്പെടുന്ന കള്ളന്റെ ഉദാഹരണം അഫ്രേം നൽകുന്നു. ആകയാൽ അദ്ദേഹം എഴുതുന്നു:

> കള്ളൻ കുരിശ് എടുത്തുകൊണ്ടുപോയി മാലാഖായെ
> കാണിച്ചു; മാലാഖ അവനുവേണ്ടി വാതിൽ
> തുറന്നുകൊടുത്തു. Hymni Dispersi XXII,2[15]

കള്ളനുവേണ്ടി പറുദീസാ തുറന്നു കൊടുക്കുന്നതിൽ കുരിശിന്റെ പങ്കിനെ (സ്രൂഗിലെ) യാക്കോബും പരാമർശിക്കുന്നുണ്ട്; എന്നാൽ ഇവിടെ അദ്ദേഹത്തിന്റെ പ്രധാന ചർച്ചാവിഷയം ആറാം ദിവസമായ വെള്ളിയാഴ്ചയെ കുറിച്ചാണ്. ആദ്യകാല സുറിയാനി പാരമ്പര്യ പ്രകാരം, ആദാമിന് പറുദീസാ നഷ്ടമായത് ആറാം ദിവസമാണ്, നമ്മുടെ കർത്താവ് ക്രൂശിക്കപ്പെട്ടതും ആറാം ദിവസമാണ്. ഈ പാരമ്പര്യം ആറാം ദിവസമുണ്ടായ ആദാമിന്റെ സൃഷ്ടിയും ആറാം ദിവസം[16] തന്നെ സംഭവിച്ച ആദാമിന്റെ പറുദീസായിൽ നിന്നുള്ള ഗമനവും ക്രിസ്തുവിന്റെ കുരിശ് മരണവും ആറാം ദിവസം[17] ആദാം പറുദീസായിലേക്ക് തിരിച്ചെത്തുന്നതും തമ്മിൽ ബന്ധിപ്പിക്കുന്നു. യാക്കോബെഴുതുന്നു:

> ആറാം ദിവസം അവർ ആദാമിനെ പറുദീസായിൽ
> നിന്നും ഓടിച്ചു. അതേ ദിവസം വലതുഭാഗത്തെ
> കള്ളനെ പറുദീസായിൽ പ്രവേശിക്കുവാൻ അനുവദിച്ചു
> മെമ്രാ 63[18]

---

13 Des Heiligen *Ephraem des Syrers Sermones I*, CSCO 305, Scr. Syri 130, E. Beck, ed (Louvain: Secretariat du CorpusSCO, 1969),97,105.

14 Des Heiligen *Ephraem des Syrers Paschahymnen* (De Azymis, De Crucifixione, De Resurrectione), CSCO 248, Scr. Syri 108, E. Beck, ed (Louvain: Secretariat du CorpusSCO, 1964)82.

15 *Sancti Ephraem Syri Hymni et Sermones,* IV:769.

16 ഉത്പത്തി: 26-21

17 യോഹന്നാൻ 19:31

18 *Homiliae Selectae Mar-Jacobi Sarugensis,* 5 vols. P. Bedjan,ed. (Paris Leipzig: Otto Harrassowitz. 1905-1910),II:592.

പറുദീസ തുറക്കുന്നതിനെ മണവാളനും മണവാട്ടിയും മണവറയിൽ പ്രവേശിക്കുന്നതിനോട് നർസായി ഉപമിക്കുന്നു. ക്രിസ്തു തന്റെ മണവറ കുരിശാൽ തുറന്ന് അതിൽ പ്രവേശിച്ച് ആനന്ദിക്കുവാൻ നമ്മെ അവൻ ക്ഷണിക്കുന്നു. അദ്ദേഹം എഴുതുന്നു:

സ്വർഗ്ഗീയ മണവാളൻ തന്റെ സ്വർഗ്ഗീയ മണവറ
തന്റെ കുരിശാൽ തുറന്നു; അതിൽ സ്വയം
ആനന്ദിക്കുവാൻ ഭൂവാസികളെ അവൻ ഉയർത്തി മെമ്രാ 30[19]

പറുദീസായുടെ വാതിൽ തുറക്കുന്നതിന് കുരിശ് ഉപയോഗപ്പെടുത്തുന്നതിന്റെ രണ്ടാമത്തെ മാർഗ്ഗം അത് ഒരു പുതിയ കുന്തമായി ഭവിക്കുക എന്നതാണ്. ഈ പുതിയ കുന്തം, വീഴ്ചയ്ക്കുശേഷം പറുദീസായുടെ വാതിൽ കാക്കുന്ന ക്രോബേ മാലാഖയുടെ കുന്തത്തിന് വിരുദ്ധമായി നിൽക്കുന്നു. അഫ്രേം എഴുതുന്നു:

ജീവനുള്ള മരമേ! നീയും അനുഗ്രഹിക്ക
പ്പെട്ടതാണ്; എന്തെന്നാൽ നീ മരണത്തിന്റെ
(മരണത്തിനെതിരെ) ഒളിച്ചുവയ്ക്കപ്പെട്ട കുന്തമാണ്. അവനെ
കുത്തി മുറിച്ച കുന്തത്താൽ പുത്രൻ മരണത്തെ നശിപ്പിച്ചു.
അവന്റെ കുന്തത്താൽ കുന്തം ഇല്ലാതായി
അവന്റെ മാപ്പ് നമ്മുടെ പൂർവ്വരേഖകളെ വെടിപ്പാക്കി.
പുറമെ നിന്നുള്ളവരും മതപരിവർത്തനം ചെയ്തവരും
തങ്ങളുടെ ഭവനത്തിലേക്ക് തിരിച്ചുവന്നതിനാൽ
പറുദീസ ആനന്ദിക്കുന്നു *Hymns on the Crucifixion* IX,2[20]

ഈ ഭാഗത്ത് മൂന്നു കുന്തങ്ങൾ പരാമർശിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തേത് കുരിശിൽ[21] ക്രിസ്തുവിനെ കുത്തിമുറിച്ചതാണ്. രണ്ടാമത്തേത്, മരണത്തെ നശിപ്പിക്കുവാനായി ഒളിച്ചുവയ്ക്കപ്പെട്ട കുന്തമായ കുരിശ് തന്നെയാണ്. മൂന്നാമത്തെ കുന്തം, വരികൾക്കിടയിലൂടെ വായിച്ചെടുക്കാവുന്ന, പറുദീസയെ കാത്തുകൊണ്ടിരുന്ന കുന്തമാണ്. പറുദീസാ അതിന്റെ മുൻകാല താമസക്കാരെ സ്വാഗതം ചെയ്യുന്നു. അവസാനത്തെ രണ്ടു വരികളിൽ നിന്നും നമുക്കിത് പ്രത്യേകമായി മനസ്സിലാക്കാം. ഇത് അഫ്രേം വേറൊരു ഗീതത്തിലും പ്രസ്താവിക്കുന്നുണ്ട്.[22]

---

19 *Narsai Homiliae et Carmina,* 2 Vols. A. Mingana, ed. (Mosul, Iraq: Typis Fratrum Praedicatorum,1905)II:121

20 *Des Heiligen Ephraem des Syrers Paschahymnen (De Azymis, De crucifixione, De Resurrectione),*77-78

21 യോഹന്നാൻ 19:34

22 S.P. Brock, St. Ephraem the Syrian, *Hymns on Paradise* (Crestwood, NY: St. Vladmir's Seminary Press, 1990),31.

ഈ കാര്യത്തിൽ, കുരിശ് മാമോദീസയുമായും സമരസപ്പെടുത്തിയിരിക്കുന്നു. സുറിയാനി പിതാക്കന്മാർ മാമോദീസായെ പറുദീസായിലേക്കുള്ള ഒരു പുനഃപ്രവേശനമായിട്ടാണ് മനസ്സിലാക്കുന്നത്- പ്രത്യേകിച്ചും, കുരിശിൽ കർത്താവിന്റെ വിലാവിൽ നിന്നൊഴുകിയ വെള്ളത്തെയും രക്തത്തെയും ആയി അതിനെ നാം ബന്ധിപ്പിക്കുമ്പോൾ. അപ്രേമിന്, കുരിശിലെ നിമിഷം സഭയുടെ ജനനസമയമാണ്, എന്തെന്നാൽ വെള്ളവും രക്തവും സഭയുടെ അടയാളങ്ങളായ മാമോദീസായിലേക്കും വി.കുർബാനയിലേക്കും വിരൽ ചൂണ്ടുന്നു.

## 7.3 രാജ്യത്വത്തിന്റെ അടായളമാണ് കുരിശ്

ക്രിസ്തു കുരിശുമായി എന്നന്നേയ്ക്കും സംഗമിപ്പിക്കപ്പെട്ടിരിക്കത്തക്കവണ്ണം ക്രിസ്തുവിന്റെ ജീവിതത്തിലെ ഏറ്റവും വലിയ കേന്ദ്രസംഭവമായി ക്രൂശാരോഹണം ഭവിച്ചു. തന്റെ രണ്ടാമത്തെ വരവിങ്കൽ ക്രിസ്തുവിന്റെ കുരിശുമരണത്തെക്കുറിച്ചുള്ള സ്ഫുടമായ ഒരു പരാമർശം വെളിപാടു പുസ്തകം നൽകുന്നുണ്ട്.[23] ഈ ബന്ധം ക്രിസ്തുവിന്റെ അടയാളമായി കുരിശിനെ പരാമർശിക്കുവാൻ സഭാപിതാക്കന്മാർക്ക് പ്രേരണ നൽകുന്നു. *ശലോമോന്റെ ഗീതക(Odes of Solomon)* ത്തിന്റെ രചയിതാവ്, ക്രിസ്തുവിന്റെ അടയാളവും അവന്റെ അധികാരത്തിന്റെ ചെങ്കോലും തമ്മിലുള്ള ബന്ധത്തെ ചൂണ്ടിക്കാട്ടി ഇതിനെ വ്യക്തമാക്കുന്നു. അധികാരത്തിന്റെ ചെങ്കോൽ, നമുക്കറിയാവുന്ന പ്രകാരം, കുരിശുമരത്തിന്റെ ഒരു പരാമർശം ആണ്.

> എന്തെന്നാൽ, കർത്താവിന്റെ അഭിഷിക്തനിൽ
> ഞാൻ വിശ്വസിച്ചു. അവൻ കർത്താവാകുന്നു
> എന്ന് എനിക്കു തോന്നലുണ്ടായി. അവൻ,
> അവന്റെ അടയാളം എന്നെ കാണിച്ചു,
> അവന്റെ പ്രകാശത്താൽ അവൻ എന്നെ നയി
> ക്കുകയും ചെയ്തു. അവന്റെ അധികാരത്തിന്റെ ചെങ്കോൽ
> അവൻ എനിക്കു തന്നു.
>
> ഗീതകം XXIX-8[24]

കുരിശിന്റെ അടയാളം രണ്ടു പ്രധാനസംഭവങ്ങളിൽ അന്ത്യവിധി നാളുമായി ക്രിസ്തുവിനെ സംഗമിപ്പിച്ചിരിക്കുന്നു.

---

23 വെളിപാട് 1:7,18; 5:12.

24 R. Harris & A. Mingana, *The Odes and Psalms of Solomon,* 2 vols. (New York: Longmans, Green & Company, 1916-1920),II:363.

### 7.3.1 രണ്ടാം വരവിന്റെ അടയാളമാണ് കുരിശ്

പറുദീസായിൽ പ്രവേശിച്ചശേഷവും കുരിശ് ആത്മാവിന്റെ യാത്ര തുടരുന്നു; എന്തെന്നാൽ, പൗരസ്ത്യ ദൈവശാസ്ത്രപ്രകാരം പറുദീസ യാത്രാന്ത്യം അല്ല. പകരം; ഉത്തമ ആത്മാക്കൾ കർത്താവിന്റെ സിംഹാസനത്തിൻ മുമ്പാകെ ന്യായവിധിക്കായി നിൽക്കാൻവേണ്ടി ശരീരങ്ങളും ആത്മാക്കളും പുനരൈക്യപ്പെടുന്ന പൊതുവായ പുനരുത്ഥാനം വരെയുള്ള കാത്തിരിപ്പിൻ സ്ഥലമാണ് അത്. ഈ രണ്ടാം വരവിൽ (parousia) കുരിശ് ഒരു മുഖ്യപങ്ക് വഹിക്കുന്നു. മേഘങ്ങളിൽ ക്രിസ്തുവരുമ്പോൾ ക്രിസ്തുവിന് മുമ്പായി അത് പ്രത്യക്ഷപ്പെടും.

അപ്രേം എഴുതുന്നു.
സുവിശേഷത്തിൽ സൂചിപ്പിക്കും പ്രകാരം
കിഴക്കുനിന്നും അവൻ പ്രത്യക്ഷപ്പെട്ടുവരും
രാജാവിനു മുമ്പാകെ വരുന്ന അടയാളം
പോലെ അവനു മുമ്പെ കുരിശ് പ്രത്യ
ക്ഷപ്പെടും. പ്രഭാഷണം III.II.309-312[25]

മത്തായി 24:30 ൽ മനുഷ്യപുത്രൻ ആകാശത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ ഉള്ള അടയാളങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ ക്രിസ്തു തന്നെ തന്റെ രണ്ടാം വരവിനൊപ്പം തന്നോടൊത്ത് കുരിശ് പ്രത്യക്ഷപ്പെടുമെന്ന് സൂചിപ്പിക്കുന്നതായി സുറിയാനി പിതാക്കന്മാർ ചിന്തിക്കുന്നു.

യറുശലേമിലെ കൂറീലോസ് തന്റെ കോൺസ്താന്തിയോസിനുള്ള കത്തിൽ[26] തന്റെ കാലത്ത് ഗോഗുൽത്താമേൽ പ്രത്യക്ഷപ്പെട്ട ഭാസുര കുരിശുമായി മത്തായി 24:30 നെ ബന്ധിപ്പിക്കുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവുമായി ബന്ധപ്പെടുത്തി അന്ത്യദിന സംഭവം എന്നതിനേക്കാൾ ഒരു ചരിത്രപരവ്യാഖ്യാനമായിട്ടാണ് അദ്ദേഹം അപ്രകാരം എഴുതിയത്. പക്ഷേ, വേറൊരിടത്ത് സ്വർഗ്ഗത്തിൽ നിന്നുള്ള തന്റെ രണ്ടാം വരവിങ്കൽ യേശുവുമൊത്ത് കുരിശ് പ്രത്യക്ഷപ്പെടുമെന്ന് അദ്ദേഹം എഴുതിയിരിക്കുന്നു.[27]

പത്രോസിന്റെ സുവിശേഷം, യോഹന്നാന്റെ പ്രവൃത്തികൾ, ശ്ലീഹന്മാരുടെ ലേഖനങ്ങൾ, തുടങ്ങിയ ചില ഗുപ്ത പുസ്തകങ്ങളിലും (Approcryphal books) രണ്ടാം വരവിങ്കൽ ക്രിസ്തുവിന് മുമ്പായി

---

25 *Des Heiligen Ephraem des Syres Hymnen Sermons III*, CSCO 320, Scr. Syri 138, E. Beck, ed. (Louvain: Secratariat du CorpusSCO, 1972),18.

26 L. McCauley & A. Stephenson, *The Works of Cyril of Jerusalem,* Vol.2 The Fathers of the Church, Vol.64 (Washington, D.C.: The Catholic University of Americal Press, 1970),225.

27 L. McCauley & A. Stephenson, *The Works of Cyril of Jerusalem,* 312.

വന്നെത്തുന്ന കുരിശടയാളം ഗോഗുൽത്തായുടെതിൽ നിന്നും വ്യത്യസ്തമാണ്; ചിലപ്പോഴൊക്കെ ക്രിസ്തുവിനെ[28] തന്നെ കുരിശ് സമരസപ്പെടുത്തുന്നതായിട്ടാണ് അവയിൽ. എന്നാൽ സുറിയാനി പിതാക്കന്മാർക്ക് പ്രകാശത്തിന്റെ ഈ കുരിശ് ഗോൽഗോത്തായിൽ ക്രിസ്തുവിനെ തൂക്കിയ അതേ കുരിശാണ്.[29] പുത്രന്റെ കുരിശ് ഏവരും കാണും, ജാതികൾ തങ്ങൾ ശരണമാക്കിയ കുരിശിനെ കണ്ടു സന്തോഷിക്കും. തങ്ങൾ ക്രിസ്തുവിന്റെ ക്രൂശകരായതിനാൽ[30] യഹൂദന്മാർ അപഹാസ്യരാകും എന്നു പറഞ്ഞുകൊണ്ട് അഫ്രേം തന്റെ പ്രഭാഷണങ്ങളിൽ (Sermons III, II,341-346)[31] ഇത് വ്യക്തമാക്കുന്നു.

ഗോൽഗോത്തായിൽ സ്ഥാപിച്ച അതേ കുരിശാണ് പ്രകാശത്തിന്റെ കുരിശെന്ന് യാക്കോബും വ്യക്തമാക്കുന്നു. അദ്ദേഹം അതിനെ പ്രകാശത്തിന്റെ കുരിശെന്നാണ് വിളിക്കുന്നത്; കാരണം, ക്രിസ്തുവിനെ ക്രൂശിച്ചപ്പോൾ പ്രകാശം ലോകത്തെ മൂടിയിരുന്ന അന്ധകാരത്തെ മായിച്ചുകളഞ്ഞു. അദ്ദേഹം എഴുതുന്നു:

> പ്രകാശത്തിന്റെ കുരിശ് ഗോഗുൽത്തായിൽ
> സ്വയം വെളിപ്പെടുത്തി, അതിന്റെ പ്രകാശ
> ത്താൽ നാലു ദിക്കുകളിൽ നിന്നും അന്ധകാ
> രത്തെ ചിതറിച്ചുകളഞ്ഞു. *മെമ്രാ* V[32]

ഇത് മനസ്സിൽ കരുതി കൊണ്ട് പ്രകാശത്തിന്റെ കുരിശിൽ നിന്നും ശോഭിക്കുന്ന പ്രകാശ രശ്മികളായി എല്ലാ വിശുദ്ധന്മാരെയും യാക്കോബ് കാണുന്നു. അഥവാ പൗലോസ് ശ്ലീഹാ പറയും പ്രകാരം, ലോകത്തിൽ നക്ഷത്രങ്ങളെപ്പൊലെ ശോഭിക്കുന്നു. സഹദായായ ഗീവർഗീസിനെ പുകഴ്ത്തികൊണ്ട് യാക്കോബ് അദ്ദേഹത്തോടു പറയുന്നു:

---

28 J. Dani'lou, *The Theology of Jewish Christianity, The Development of Christian Doctrine Before the Council of Nicaea,* Vol.1 (London: Darton, Longman & Todd, 1964), 267-269.

29 P. Yousif, "St. Ephraem on symbols in Nature: Faith, the Trinity, and the Cross (Hymns on Faith, No.18)," *Eastern Churches Review* 10 (1978): 59

30 *Des Heiligen Ephraem des Syrers Sermons III,* 19.

31 കുരിശ് കണ്ടെത്തിയതിനെ സംബന്ധിച്ച ഐതിഹ്യങ്ങളുടെ വിവിധ ഭാഷ്യങ്ങളുടെ വ്യാപനത്തിനുള്ള പ്രതികരണമായി സ്വർണ്ണനാവുകാരൻ ഈവാനിയോസ്, തന്റെ രണ്ടാം വരവിന്, മുന്നോടിയായി ഭവിക്കത്തക്കവണ്ണം തന്റെ കുരിശ് ക്രിസ്തുസ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി എന്ന പ്രഖ്യാപിക്കുന്നു. "Cross, Finding the Holy" in The New Catholic Encyclopedia Vol.4 (New York: McGraw-Hill 1967), 481.

32 *Jacques de Saroug, Homiliae Contre les Juifs,* Patrologia Orientalis t.38, fasc. 1, no. 174, M. Albert, ed. (Turnout: Brepols,1976),279-80.

ഒരു രശ്മിപോലെ പ്രകാശത്തിന്റെ കുരിശിൽ
നീ തുറക്കപ്പെട്ടു: പ്രപഞ്ചത്തിന്റെ നാലു
മൂലകളിലും നിന്റെ മഹത്വം പ്രകാശിക്കുന്നു. *മെമ്രാ*, 181[33]

### 7.3.2 രാജ്യത്വത്തിന്റെ അടയാളമാണ് കുരിശ്

നാം കണ്ടതുപോലെ, തങ്ങളുടെ അന്തിമലക്ഷ്യ സ്ഥാനത്തേയ്ക്കുള്ള യാത്രയിൽ വിശ്വാസികളെ കുരിശ് അനുഗമിക്കുന്നു. അത് അവരെ പിതാവിങ്കലേക്ക് നയിക്കുന്നു, അവർക്കുവേണ്ടി അത് പറുദീസ തുറന്നു കൊടുക്കുന്നു, ക്രിസ്തുവിന്റെ വരവിന് മുമ്പ് അതു പ്രത്യക്ഷപ്പെടുന്നു. അന്തിമമായി സ്വർഗ്ഗരാജ്യത്തേക്ക് അവരെ നയിക്കുന്നു. അപ്പോൾ, ആ രാജ്യത്തിന്റെ അടയാളമാണ് കുരിശ്, എന്തെന്നാൽ അത് മഹാരാജാവിന്റെ അടയാളമാകുന്നു.

#### 7.3.2.1 കുരിശ് രാജാവിന്റെ അടയാളമാകുന്നു.

മനുഷ്യാവതാരത്തിന്[34] ദീർഘകാലം മുമ്പുതന്നെ ക്രിസ്തുവിന്റെ രാജത്വം പ്രവചിക്കപ്പെട്ടിരുന്നു എങ്കിലും, കുരിശാണ് ഈ പ്രവചനം നിറവേറ്റിയതും കർത്താവിന്റെ രാജത്വം പ്രഖ്യാപിച്ചതും. കുരിശിന്മേൽ ക്രിസ്തു മഹത്വീകരിക്കപ്പെട്ട് രാജാവായി പ്രഖ്യാപിക്കപ്പെട്ടു: ആകയാൽ അഫ്രഹാത്ത് എഴുതുന്നു.

ക്രിസ്തുവിനെ ദൈവപുത്രൻ
എന്നു വിളിക്കുവാൻ ദാവീദിൽ നിന്നും നാം പഠിച്ചു:
ഏശായായിൽ നിന്ന് അവനെ ദൈവമെന്ന്
വിളിക്കുവാനും നാം പഠിച്ചു. അവൻ തന്റെ
കുരിശെടുത്തുകൊണ്ട് യറുശലേമിന് വെളിയിലേക്ക് പോയതി
നാൽ ഏശായ പറയുന്നു: 'അവന്റെ ആധിപത്യം
അവന്റെ തോളിന്മേൽ ഇരിക്കും'
Demonstration XVII: De Christo Dei Filio[35]

ക്രിസ്തു തന്റെ കുരിശ് വഹിക്കുന്നത് ഏശായ 9:6 ന്റെ നിറവേറലായി അഫ്രഹാത്ത് വ്യക്തമായി കാണുന്നു: രാജാവിന്റെ അധികാരത്തിന്റെ അടയാളമായി കുരിശിനെയും. ഇതേ പരാമർശം, ഏശായ 9:6, ആലങ്കാരികമായി കുരിശിനെ അർത്ഥമാക്കുന്നു എന്ന് വ്യാഖ്യാനിച്ചുകൊണ്ട് Hans Urs von Balthasar നടത്തുന്നു.[36]

---

33 *Homiliae Selectae Mar-Jacobi Sarugensis,* V:769.

34 ഏശയാ, 9:6, സഖര്യാവ് 9:9

35 *Aphraatis Sapientis Persae Demonstrationes,* Patrologia Syriaca Vols. I & II, J. Parisot, ed. (Paris: Instituti Francici, 1894 & 1905),804.

36 Hans Urs von Balthasar, *The Scandal of the Incarnation, Irenaeus Agaist the Heresies* (San Francisco: Ignatius Press, 1990),15.

കുരിശിൽ ക്രിസ്തുവിനെ, തന്റെ ജനത്തെ കൂട്ടിചേർക്കാൻ സിംഹാസനാരൂഢനാകുന്ന രാജാവായി യാക്കോബും നോക്കി കാണുന്നു. അദ്ദേഹം പറയുന്നു:

രാജാവ് കുരിശിൽ കരേറിയപ്പോൾ, അവന്റെ
രക്ഷ പ്രത്യക്ഷപ്പെട്ടു. അഗാധ നിദ്രയിലാണ്ടിരുന്ന
ദാസന്മാരെ ഉണർത്താനായി അവൻ
കരയുവാനും തുടങ്ങി മെമ്രാ 176[37]

ക്രിസ്തുവിന്റെ രാജത്വത്തിന്റെ അടയാളമാണ് കുരിശ് എന്ന ഈ ആശയം റോമൻ, ബൈസാൻഷ്യൻ രാജാക്കന്മാരുമായി ബന്ധപ്പെടുത്തി വികസിപ്പിച്ചതാണെന്ന് നിരീക്ഷിക്കുന്നത് രസകരമാണ്. മത പരിത്യാഗിയായിരുന്ന യൂലിയാനായിൽ (Julian) നിന്നും യോവിയാൻ (Jovian) ഭരണം ഏറ്റെടുത്തപ്പോൾ യൂലിയാന ഉപയോഗിച്ചുകൊണ്ടിരുന്ന കിരീടം അണിയുവാൻ യോവിയാൻ വിസമ്മതിച്ചു. ആ കിരീടം, ക്രിസ്തു രാജാവിന്റെ കിരീടമായ കുരിശിന് മുകളിൽ, ശുദ്ധീകരിച്ച് വാഴ്ത്തപ്പെടാനായി, വയ്ക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു.[38]

ചക്രവർത്തിയുടെ കിരീടവുമായി കുരിശിനെ ബന്ധിപ്പിക്കുന്ന വീണ്ടും ഒരു വികസനം Ps-methodius ൽ പരാമർശിച്ചിരിക്കുന്നു. ഈ പാരമ്പര്യ പ്രകാരം, കാലാവസാനത്തിൽ ഗ്രീക്കുകാരുടെ രാജാവ് അഥവാ ചക്രവർത്തി, രാജ്യം പിതാവം ദൈവത്തിന് കൈമാറുന്ന വിധത്തിൽ, തന്റെ കിരീടം കുരിശിന് മുകളിൽ സ്ഥാപിക്കും.[39]

### 7.3.2.2 കുരിശും അന്ത്യവിധിയും

അന്ത്യനാളിൽ കുരിശടയാളത്തിന് പിന്നാലെ ക്രിസ്തുവരുമ്പോൾ, നീതിമാന്മാരെ ദുഷ്ടരിൽ നിന്നും കുഞ്ഞാടുകളെ കോലാടുകളിൽ നിന്നും വേർതിരിച്ച് ന്യായവിധിക്കായി കൂട്ടിചേർക്കും.[40] ആ അന്ത്യവിധിയിൽ കുരിശിനും ഒരു പങ്ക് വഹിക്കാനുണ്ട്- അഫ്രേമിനെ സംബന്ധിച്ചിടത്തോളം കുരിശിൽ വിശ്വസിക്കുന്നവരെ പ്രതിരോധിക്കുക എന്നതാണ് ആ പങ്ക്. നമുക്കുവേണ്ടി വാദിക്കുന്ന ഒരു അഭിഭാഷകനായിരിക്കും അത്. അദ്ദേഹം എഴുതുന്നു.

---

37 Homiliae Selectae Mar-Jacobi Sarugensis, V:645.

38 G.J. Reinink, "Ps-Methodius: A Concept of History in Response to the Rise of Islam," in the *Byzantine and Early Islamic Near East,* Studies in Late Antiquity and Early Islam , A. Cameron & L. Conrad, eds. (Princeton, Nj: The Darwin Press, 1992), 172.

39 G.J. Reinink, "Ps-Methodius: A Concept of History in Response tot he Rise of Islam,"

40 മത്തായി 25

കുരിശ് നമ്മെ പ്രതിരോധിച്ച് സംരക്ഷിക്കും
കോടതിയിൽ നമ്മുടെ അഭിഭാഷകനായിരിക്കും കുരിശ്.
Hymni Disperso XXI,19[41]

കുരിശിന്റെ സഹായത്തോടുകൂടി വിധി പ്രസ്താവിച്ചശേഷം, നീതിമാന്മാരായ ജനത്തോടൊപ്പം അത് തുടർന്നും സന്നിഹിതമായിരിക്കും. തലവന്റെ ശിരസ്സ് അലങ്കരിക്കുന്ന കിരീടമായി തീരും. യാക്കോബ് എഴുതുന്നു:

അരാമ്യരുടെ മകളേ![42] നീ എത്ര സുന്ദരിയാകുന്നു!
മഹത്വമുള്ള കിരീടമായി നിന്റെ ശിരസ്സിൽ വി. കുരിശ്
സ്ഥാപിച്ചിരിക്കുന്നു. മെമ്രാ VI[43]

അതും കൂടാതെ, വിശ്വാസിയുടെയൊ വിശ്വാസിനിയുടെയൊ വിശ്വസ്തതയുടെ പാരിതോഷികമായി ഓരോ വിശ്വാസിക്കും കുരിശ് വ്യക്തിഗത കിരീടമായി തീരും. അഫ്രേം പറയുന്നു:

നിന്റെ കുരിശ് നിന്റെ ജയത്തിന്റെ കിരീടമാകുന്നു
സഭയെക്കുറിച്ചുള്ള മെമ്രാ XXVI,[44]

കുരിശ് വിശ്വാസികൾക്ക് നൽകപ്പെടുന്ന കിരീടമായി പരിഗണിക്കുന്ന ആശയം II തിമോത്തിയോസ് 4:8 ലുള്ള പൗലോസ് ശ്ലീഹായുടെ ചിന്തയിന്മേൽ സ്ഥാപിതമെന്നത് സംശയരഹിതമാണ്. ഇതേ ആശയം യാക്കോബിന്റെ ലേഖനം 1:13 ലും കാണാം. വിശ്വാസികൾക്ക് കുരിശ് നിത്യ സങ്കേതമായി, അതിൽ നിത്യജീവൻ അവർ കണ്ടെത്തുകയും ചെയ്യുമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് അഫ്രേം വീണ്ടും ഒരു പടി കൂടെ മുമ്പോട്ടുപോകുന്നു.
(sermons III.IV 109-112, 717-720)[45]

---

41 *Sancti Ephraem Syri Hymni et Sermones,* IV:767.

42 സുറിയാനി - അരമൈക്ക് ഭാഷ സംസാരിക്കുന്ന അരാമ്യൻ വംശജരാണ് ക്രിസ്ത്യാനികളായ സുറിയാനി പുറജാതികളിൽ മിക്കവരും എന്ന വസ്തുതയിൽ നിന്നുമാണ് ഈ പേരു സഭയ്ക്കുണ്ടായത്.

43 *Jacques de Saroug, Homelies Contre les Jufis,* 335, 339.

44 *Des Heiligen Ephraem des Syrers Hymnen de Ecclesia,* CSCO 198, Scr. Syri 84, E. Beck, ed. (Louvain: Secretariat du CorpusSCO, 1960),59.

45 *Des Heiligen Ephraem des Syrers Sermones III*, 37,50.

# ഉപസംഹാരം

സുറിയാനി ദൈവശാസ്ത്രത്തിന്റെ ഒഴിച്ചു കൂടാനാവാത്ത ഭാഗമാണ് പ്രതീകങ്ങൾ. ഗ്രീക്ക് സ്വാധീനത്തിൽ നിന്നും വളരെ അകലെയായിരുന്ന സുറിയാനി ലോകത്ത് ആദ്യം തഴച്ചുവളർന്നിരുന്ന ഈ ദൈവശാസ്ത്രത്തിന്റെ സുപ്രധാന ഘടകങ്ങൾ, വാസ്തവത്തിൽ, ഈ പ്രതീകങ്ങളായിരുന്നു. എന്നിരുന്നാലും, ക്രൈസ്തവ ലോകത്ത് പൊതുവെ അത് അതിന്റെ വഴി കണ്ടെത്തുന്നുണ്ട്.

പ്രതീകാത്മതയുടെയും പ്രതീകാത്മ ദൈവശാസ്ത്രത്തിന്റെയും അനുഭൂതി പശാചാത്യലോകത്ത് നഷ്ടപ്പെട്ടുപോയി. അതിനുള്ള ആദ്യത്തെ കാരണം, പ്രതീകാത്മത അതിന്റെ നിഗൂഢ വികാര തീവ്രതയിൽ (mystic fervour) അത്യുന്നതി പ്രാപിക്കുകുയം അതിന്റെ തകർച്ച അനിവാര്യമായി തീരുകയും ചെയ്തു എന്നതാണ്. രണ്ടാമത്തെ കാരണം, നവീകരണ (protestantism) ത്തിന്റെയും മാനവികത (Humanism) യുടെയും ഉദയം പ്രതീകാത്മതയിലുള്ള താല്പര്യത്തെ സ്ഥാനഭ്രംശമാക്കി എന്നതാണ്.

പാശ്ചാത്യ സമൂഹങ്ങളിലെ ആത്മീയ ശൂന്യവാസ്ഥ, പുരാവൃത്തങ്ങളിലും പ്രതീകാത്മതയിലും അതിധന്യമായ പൗരസ്ത്യമതങ്ങളിലേയ്ക്ക് ഈ നൂറ്റാണ്ടിൽ അവരിൽ അനേകരെ നയിച്ചിട്ടുണ്ട്. ഈ വസ്തുത ക്രിസ്ത്യൻ അനുഭൂതികളുടെ (mysticism) വേരുകൾ പുനരായി കണ്ടെത്താൻ ഏതാനും പാശ്ചാത്യ ദൈവശാസ്ത്രജ്ഞർക്ക് ക്രിസ്ത്യൻ പ്രതീകാത്മതയെ നവീനമായി കാണുവാൻ പ്രചോദനമേകി. പ്രതീകാത്മത ദൈവശാസ്ത്രത്തിന്റെ സുപ്രധാനഘടകങ്ങളിലൊന്നെന്ന അനുമാനത്തിൽ അവർ എത്തി. Karl Rahner പറയും പ്രകാരം 'ദൈവശാസ്ത്രം സാരാംശമായി പ്രതീകങ്ങളുടെ ഒരു ദൈവശാസ്ത്രം അല്ലെങ്കിൽ, അതിനെ ഉൾക്കൊള്ളാനാവാത്തതാണ്'.[1]

ആകയാൽ, പ്രതീകങ്ങളുടെ ദൈവശാസ്ത്രം ഇന്നും സ്വാധീനശക്തിയുള്ളതാണെന്ന് തെളിയുന്നു. മനുഷ്യ മനസ്സുകൾക്കും ബോധങ്ങൾക്കും വളരെ ആകർഷണീയമായ വിധത്തിൽ, വെളിപ്പെട്ടിട്ടുള്ള അഗാധ സത്യങ്ങളെ, ആശയവിനിമയം ചെയ്യുന്നതിനുള്ള ഒരു പ്രബലരീതിയാണിത്. ഭൗതികത്വവും വ്യക്തിഗതത്വവും ആത്മീയതയ്ക്ക് സ്ഥാനം നല്കാത്ത ഈ കാലത്ത് അതിനു കൂടുതൽ പ്രസക്തിയുണ്ട്. എന്നിരുന്നാലും പ്രതീകാത്മത, പുരാവൃത്ത ഐതീഹ്യങ്ങളിലേക്ക് തിരിഞ്ഞ്, അനേക

---

1 K. Rahner, "The Theology of the Symbol," in *Theological Investigations*, vol. 4 (London: Darton, Longman & Todd, 1966), 235.

പ്രകൃതിമതങ്ങളിലൊന്നായി ക്രിസ്തുമതത്തെ കരുതുന്നുവരുടെ കൈകളിലെത്തിച്ചേരുന്ന തികച്ചും ഒരു അപകടാവസ്ഥയും നിലവിലുണ്ട്. ആകയാൽ, നമ്മുടെ ആരാധനപരമായ പ്രതീകങ്ങളെ പുനഃപരിശോധനയ്ക്ക് ഇപ്പോൾ വിധേയമാക്കേണ്ടിയിരിക്കുന്നു. ആ പ്രക്രിയയിലൂടെ കടന്നുപോകുമ്പോൾ, സൂക്ഷ്മതയോടെ അവയെ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു; കാരണം, ഇന്നത്തെ പുരുഷനും സ്ത്രീയും ഇപ്പോഴും പ്രതീകങ്ങളുടെ ഭാഷയാണ് ഉപയോഗിക്കുന്നത്, അവർക്ക് വേണ്ടത് ഇന്നത്തെ ഭാഷയിൽ അവരോട് സംസാരിക്കുന്ന പ്രതീകങ്ങളെയാണ്.

സുറിയാനി ക്രിസ്ത്യാനി ലോകത്ത് പ്രതീകങ്ങളുടെ ദൈവശാസ്ത്രം, സഭയുടെ ജീവനത്തിൽ ഇപ്പോഴും ഒരു മുഖ്യ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു- അതിന്റെ കേന്ദ്രബിന്ദുവിൽ കുരിശും. ദൈവശാസ്ത്രത്തിന്റെ എല്ലാ ഘടകങ്ങളിലും കുരിശിന്റെ സാന്നിദ്ധ്യവും ഉണ്ട്. സുറിയാനി ദൈവശാസ്ത്രം യഥാർത്ഥമായും കുരിശിന്റെ ദൈവശാസ്ത്രം എന്ന് തികച്ചും ന്യായമായി പറയാം.

ആദിമുതൽ തന്നെ ദൈവമനസ്സിൽ കുരിശ് സന്നിഹിതമാണ്. ഏദനിലെ പറുദീസായിൽ അതിനെ നട്ടു: മനുഷ്യവർഗ്ഗത്തിന്റെ[2] മരണത്തിന് കാരണഭൂതമായ അറിവിന്റെ വൃക്ഷം, ജീവൻ നൽകുന്ന കുരിശിന് വൈരുദ്ധ്യപരമായ സാദൃശത്തിൽ, ഒരു പ്രതീകമായി നിലകൊള്ളുന്നു. മറിച്ച്, സമീപിക്കുന്നവർക്ക് ജീവൻ നല്കാനായി പറുദീസായിൽ നട്ട ജീവന്റെ വൃക്ഷം.[3] വിശ്വസിക്കുന്നവർക്ക് ജീവൻ നൽകുന്ന കുരിശിന്റെ പ്രതീകമാണ്.

പറുദീസായിലാണ് നാം കുരിശുമായി ആദ്യം സംഗമിക്കുന്നത്; പക്ഷേ അത് ഒരു ആരംഭം മാത്രമാണ്, എന്തെന്നാൽ ദൈവജനത്തിന്റെ ചരിത്രത്തിലാകമാനം കുരിശ് ഒരു പങ്ക് വഹിച്ചുകൊണ്ടു തുടരുന്നു. പഴയനിയമ കഥാപാത്രങ്ങളിൽ പലരുടെയും ജീവിതത്തിലും പ്രവർത്തിയിലും അത് സജീവമാണ്. കുരിശുമായി ബന്ധമുള്ള രണ്ടു സംഭവങ്ങളിലൂടെ, ജാതികളുടെ പിതാവായ അബ്രഹാം ഗോത്രപിതാക്കന്മാരിൽ ഒരുവനാണ്. അതിൽ ഒന്നാമത്തെ സംഭവം, വാഗ്ദത്ത നാട്ടിലൂടെ നെടുകയും കുറുകയും അദ്ദേഹം വരച്ചുകാണിച്ചു. അങ്ങനെ ചെയ്തതിലൂടെ, കുരിശിലൂടെ മാത്രമെ, സ്വർഗ്ഗീയ പറുദീസായാകുന്ന വാഗ്ദത്ത നാട് നമുക്ക് സ്വായത്തമാക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അദ്ദേഹം നമ്മെ പഠിപ്പിച്ചു. രണ്ടാമതായി, തന്റെ ഏകജാതനായ ഇസഹാക്കിന്റെ ബലിയിലൂടെ പിതാവിന്റെ ഏകജാതനായ പുത്രന്റെ കുരിശിലുള്ള ബലിയെ കുറിച്ച് അബ്രഹാമിന് അറിയാമായിരുന്നു: അതിൽ അദ്ദേഹം ആനന്ദിക്കുകയും ചെയ്തു.

---

2 ഉത്പത്തി 2:17

3 ഉത്പത്തി 3:22

മറിച്ച്, ഇസഹാക്കിന്റെ ബലി,[4] പലവിധത്തിൽ ക്രിസ്തുവിന്റെ പരിപൂർണ്ണ പ്രതീകമായി ഇസഹാക്കിനെ ആക്കി തീർക്കുന്നു. തന്റെ ബലിക്കായി വിറകു ചുമക്കുന്ന ഇസഹാക്ക് കുരിശുമരം ചുമക്കുന്ന ക്രിസ്തുവിന്റെ ഒരു പ്രതീകമാണ്. പാരമ്പര്യപ്രകാരം മോറിയാമല തന്നെയാണ് ക്രിസ്തുവിന്റെ കുരിശുമരം നാട്ടിയ ഗോൽഗോത്ത. ഇസഹാക്കിനെ വീണ്ടെടുത്ത ആട്ടിൻ കൊറ്റൻ ലോകത്തെ വീണ്ടെടുത്ത ക്രിസ്തുവിന്റെ പ്രതീകമാണ്. ആട്ടിൻകൊറ്റനെ വഹിച്ച മരം കർത്താവിനെ വഹിച്ച കുരിശിന്റെ പ്രതീകമാണ്.

അനേക സംഭവങ്ങളിലൂടെ ഗോത്രപിതാവായ യാക്കോബ് കുരിശുമായി ബന്ധപ്പെട്ടിരിക്കുന്നു. ആദ്യജാതനായ തന്റെ സഹോദരൻ ഏശാവിനായി കരുതിയിരുന്ന അനുഗ്രഹങ്ങൾ തന്റെ പിതാവായ ഇസഹാക്കിൽ നിന്നും അദ്ദേഹം കൈവരിക്കുന്നു. വീണ്ടും അപ്രകാരം തന്നെ, യൗസേഫിന്റെ മക്കൾക്ക് യാക്കോബ് അനുഗ്രഹം നൽകുന്നു. തന്റെ കൈകൾ വിലങ്ങനെ പിടിച്ച് വലതുകരം എഫ്രേയിമിൻ മേലും ഇടതുകരം മനശെ മേലും വച്ച്, കുരിശ് രൂപം കൈകൾകൊണ്ട് തീർത്ത് ഇളയവനായ എഫ്രേമിന് അദ്ദേഹം അനുഗ്രഹങ്ങൾ നൽകുന്നു. തൽഫലമായി, ആദ്യജാതർക്ക് അർഹതപ്പെട്ട അനുഗ്രഹങ്ങൾ, യാക്കോബ് നിഷേധിച്ച്, മറ്റുള്ളവർക്ക് നൽകുന്നു. ജന്മാവാകാശ അനുഗ്രഹങ്ങൾ ജാതിയിൽ നിന്നുമെടുത്ത് അവയെ, വിശ്വാസത്തിൽ ഇളയവരും കുരിശിനെ സ്വീകരിച്ചതിനാൽ അർഹരുമായ ജാതികൾക്ക് നൽകുന്നു.

പഴയനിയമ പ്രവാചകന്മാരും കുരിശുമായി പരിചയമുള്ളവരായിരുന്നു. അവരും കുരിശിന്റെ ശക്തിയെക്കുറിച്ച് അവബോധമുള്ളവരും ആ ശക്തി അനേക പ്രാവശ്യം പ്രയോജനപ്പെടുത്തിയവരും ആണ്. അങ്ങനെയുള്ള പ്രവാചകന്മാരിൽ പ്രഥമൻ മോശയാണ്. അദ്ദേഹത്തിന്റെ വടി കുരിശിന്റെ ഒരു യഥാർത്ഥ പ്രതിരൂപമാണ്. അതുപയോഗിച്ച് ചെങ്കടലിനെ അദ്ദേഹം വിഭജിച്ചു[5] പാറയിൽ നിന്നും[6] വെള്ളം വരുത്തി. വിശ്വാസത്തോടുകൂടി നോക്കുന്ന ഏവരെയും സൗഖ്യമാക്കുന്ന, മരുഭൂമിയിൽ മോശ ഉയർത്തിയ പിത്തളസർപ്പം[7] കുരിശിന്റെ വേറൊരു പ്രതീകമാണ്. അമാലേക്യർക്കെതിരെയുള്ള യുദ്ധത്തിൽ, ശത്രുക്കളെ പരാജയപ്പെടുത്തിയ[8] കുരിശിന്റെ ഒരു രൂപം, മോശ തനിയെ സൃഷ്ടിച്ചു. കുരിശിൽ ക്രിസ്തുവിന്റെ ബലിയിലൂടെ നിറവേറപ്പെട്ടതിന്റെ മുൻകുറിയായി രഹസ്യങ്ങളുടെ രഹസ്യമായി പെസഹ[9] നിലകൊള്ളുന്നു.

---

4 ഉത്പത്തി 22

5 പുറപ്പാട് 14:16

6 പുറപ്പാട് 17:6

7 സംഖ്യ 21:4-9

8 പുറപ്പാട് 17:8-13

9 പുറപ്പാട് 12

എന്നാൽ, തിരുവെഴുത്തുകളിലൂടെ മാത്രമൊ കുരിശ് നമുക്ക് വെളിപ്പെടുത്തപ്പെട്ടത്? സുറിയാനി പിതാക്കന്മാരെ സംബന്ധിച്ചിടത്തോളം ദൈവിക അത്ഭുതങ്ങൾ നമുക്കായി തുറക്കപ്പെട്ട രണ്ടാം തിരുവെഴുത്താണ് പ്രകൃതി. കന്യാത്വത്തെക്കുറിച്ചുള്ള മെമ്രായിൽ (*Hymns on Virginity*) അഫ്രേം പറയുന്നു:

> നിങ്ങളുടെ കണ്ണുകൾ എങ്ങോട്ടുതിരിച്ചാലും
> അവിടെ ദൈവത്തിന്റെ അടയാളമുണ്ട്
> നിങ്ങൾ എന്തുവായിച്ചാലും അവന്റെ
> സാദൃശ്യങ്ങൾ നിങ്ങൾ കണ്ടെത്തും XX,12[10]

ആകയാൽ, തിരുവെഴുത്തുകളിലെന്നപോലെ തന്നെ കുരിശ് പ്രകൃതിയിലും സന്നിഹിതമാണ്. ലോകഹൃദയത്തിന്റെ നേരെ ഉള്ളിൽ അതുണ്ട്. അതിനുള്ളിൽ ലോകത്തിന്റെ നാലു കോണുകളും സംയോജിക്കുന്നു; അങ്ങനെ അത് ലോകത്തിന്റെ കേന്ദ്രമായി ഭവിക്കുന്നു. വാസ്തവത്തിൽ അനേക സൃഷ്ടികളും ഉപാധികളും (പക്ഷി, നൗക, കലപ്പ ........) ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, കുരിശുമായി അവ ബന്ധിക്കപ്പെടുന്നില്ലെങ്കിൽ അവയ്ക്ക് ജീവിക്കുവാനൊ കർത്തവ്യനിർവ്വഹണത്തിനൊ സാധിക്കുകയില്ല. മരം പൊതുവെ കുരിശിന്റെ പ്രതീകമായി ഭവിക്കുന്നു; എന്തെന്നാൽ ക്രിസ്തുവിന്റെ കുരിശ് മരത്താൽ നിർമ്മിക്കപ്പെട്ടതായിരുന്നു.

നമ്മുടെ ജീവിതവുമായി ഈ പ്രതീകങ്ങളും സാദൃശ്യങ്ങളും ബന്ധിക്കപ്പെടുന്നില്ലെങ്കിൽ അവയ്ക്ക് വലിയ അർത്ഥം കല്പിക്കുവാനാകയില്ല. കുരിശ് ഒരു ചരിത്ര സംഭവമാണ്; ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ അത് തെളിയിക്കുന്നു, ലോകത്തിന്റെ രക്ഷ കൈവരിക്കുന്നതിൽ ക്രിസ്തുവിന്റെ വാഹനമായി (മാധ്യമമായി) അത് സേവനം അനുഷ്ഠിക്കുന്നു. പാപത്തിന്മേലും മരണത്തിന്മേലുമുള്ള കുരിശിന്റെ ജയത്തിലൂടെയാണ് നാം രക്ഷിക്കപ്പെട്ടത്. കുരിശ് നമ്മുടെ കടങ്ങൾ വീട്ടി, നമ്മെ മോചിപ്പിച്ചു, നമ്മുടെ സ്വഭാവത്തെ പുതുക്കി, കുരിശാലുള്ള വീണ്ടെടുപ്പിനുള്ള മാധ്യമമായി മാമോദീസ നമുക്കു നല്കി.

നമ്മുടെ ദൈനംദിന ജീവിതത്തിൽ പ്രതിബിംബിക്കത്തക്കവണ്ണം കുരിശ് ജീവനുള്ള ഒരു യാഥാർത്ഥ്യം കൂടി ആകുന്നു. നാം ജീവിക്കുന്നത് കുരിശിന്റെ ഫലങ്ങൾ ഇവിടെയും ഇപ്പോഴും സന്നിഹിതമായിരിക്കുന്ന ആരാധനാകാല (liturgical time)ത്തായതിനാലാണ് ഇത് സാധ്യമാകുന്നത്. ഈ സാന്നിദ്ധ്യം നമുക്ക് രണ്ടുവിധത്തിൽ അനുഭവപ്പെടാം.

---

10 *Des Heiligen Ephraem des Syrers Hymnen de Virginitate,* CSCO 223, Scr. Syri 94., E. Beck, ed. Louvain: Secretariat deu CorpusSCO, 1962),70.

ഒരു രക്ഷകൻ, സഭയുടെ ശില്പി, ഗുരു, സമാധാനത്തിന്റെ ചിഹ്നം എന്നീ കുരിശിന്റെ അനുഗ്രഹങ്ങളിൽ നിന്നും നമുക്ക് പ്രയോജനമായി ഭവിക്കുന്ന സാക്ഷാത്തായ (positive) ഒന്നുണ്ട്. കുരിശിലേക്കു നമ്മെ നയിച്ച് അതിന്റെ ശത്രുക്കളുടെ വീഴ്ചക്ക് കാരണഭൂതമാക്കുന്ന ഇടുങ്ങിയ പാതയുടെ അനുഭവമായി നിഷേധപര(negative) മായ വേറൊന്നുമുണ്ട്.

കുരിശിന്റെ അന്ത്യകാല മാനമാണ് അതിനെ കൂടുതൽ പ്രാധാന്യമുള്ളതാക്കി തീർക്കുന്നത്. നാം കുരിശിനെ പൂർണ്ണമായി അറിഞ്ഞ് അനുഭവവേദ്യമാക്കുന്നത് പറുദീസായിലാണ്. അവിടെയാണ് എല്ലാ പ്രതീകങ്ങളും അവയുടെ നിറവേറൽ കണ്ടെത്തുന്നത്. പറുദീസായുടെ വാതിലുകൾ തുറന്ന് പിതാവിങ്കലേക്കുള്ള നമ്മുടെ വഴി കുരിശ് തെളിക്കും. നിത്യജീവിതത്തിലേക്കുള്ള നമ്മുടെ യാത്രയിൽ അത് നമ്മെ കാത്തുസൂക്ഷിക്കും. അത് നമ്മെ സ്വർഗ്ഗരാജ്യത്തിലേക്കു നയിക്കും. എന്തെന്നാൽ, ആ രാജ്യത്തിന്റെയും രണ്ടാം പ്രാവശ്യം വരാനിരിക്കുന്ന രാജാവിന്റെയും ചിഹ്നം അതാകുന്നു. ഭൗമികജീവിതത്തിൽ നാം ജീവിച്ചതും നേടിയതുമായ രക്ഷയുടെ നിറവിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്ന കുരിശിന്റെ ദൗത്യം അപ്പോൾ മാത്രമെ പൂർണ്ണമായി നിറവേറുകയുള്ളൂ. അഫ്രേം പറയുംപോലെ, നമ്മുടെ ജീവിത്തിലെ സർവ്വസ്വമായി, അങ്ങനെ, കുരിശ് തീരുന്നു:

കുരിശ് നമ്മുടെ ആയുധവും മതിലുമാകുന്നു;
അത് നമ്മുടെ ജീവിതവും പ്രകാശവുമാകുന്നു;
കുരിശ് എല്ലാവരെയും ഐക്യപ്പെടുത്തി പുതുക്കുന്നു;
അത് ഓരോരുവനെയും ശുദ്ധീകരിച്ച് പുണ്യ
പ്പെടുത്തുന്നു; കോപിച്ചിരുന്ന ഇരുകക്ഷികളെയും
ഒരുമപ്പെടുത്തുന്ന ഒരു പോംവഴിയായി
കുരിശ് ഭവിച്ചു. *Hymni Dispersi* XX,2[11]

---

11 *Sancti Ephraem Syri Hymni et Sermones,* 4 cols. T.J. Lamy, ed. (Mechliniae: H. Dessain, Summi Pontificis, S. Congregations de Propaganda Fide et Archiepiscopatus Mechliniensis Typographus, 1882-1902),IV:755.

# BIBLIOGRAPHY

## PRIMARY SOURCES

### Ephrem

*Prose works*

*A Select Library of Nicene and Post-Nicene Fathers of the Christian Church.* Second Series, Vol. XIII. P. Schaff & H. Wace, eds. J. Gwynn, tr. Grand Rapids, MI: Eerdmans, 1969.

*Des Heiligen Ephraem des Syrers Sermo de Domino Nostro.* Corpus Scriptorum Christianorum Orientalium 270, Scriptores Syri 116. E. Beck, ed. Louvain: Secrétariat du CorpusSCO, 1966.

*Éphrem de Nisibe, Commentaire de L'Évangile Concordant ou Diatessaron: traduit du syriaque et de l'arménien.* Sources Chrétiennes 121. L. Leloir, ed. Paris: Éditions du Cerf, 1966.

*Saint Éphrem, Commentaire de L'Évangile Concordant.* Texte Syriaque (Manuscrit Chester Beatty 709). L. Leloir, ed. Dublin: Hodges Figgis & Co. Ltd., 1963.

*Saint Ephrem's Commentary on Tatian's Diatessaron. An English Translation of Chester Beatty Syriac MS 709 with Introduction and Notes.* Journal of Semitic Studies Supplement 2. Carmel McCarthy, tr. Oxford: Published by Oxford University Press on behalf of the University of Manchester, 1993.

*Sancti Ephraem Syri In Genesim et in Exodum Commentarii.* Corpus Scriptorum Christianorum Orientalium 152, Scriptores Syri 71. R. M. Tonneau, ed. Louvain: L. Durbecq, 1955.

*Sancti Ephraem Syri Hymni et Sermones.* 4 vols. T. J. Lamy, ed. Mechliniæ: H. Dessain, Summi Pontificis, S. Congregationis de Propaganda Fide et Archiepiscopatus Mechliniensis Typographus, 1882-1902.

**Poems**

*Ephrem the Syrian: Hymns.* Classics of Western Spirituality. K. E. McVey, ed. New York: Paulist Press, 1989.

*Des Heiligen Ephraem des Syrer Hymnen de Fide.* Corpus Scriptorum Christianorum Orientalium 154, Scriptores Syri 73. E. Beck, ed. Louvain: L. Durbecq, 1955.

*Des Heiligen Ephraem des Syrers Hymnen Contra Haereses.* Corpus Scriptorum Christianorum Orientalium 169, Scriptores Syri 76. E. Beck, ed. Louvain: L. Durbecq, 1957.

*Des Heiligen Ephraem des Syrers Hymnen de Paradiso und Contra Julianum.* Corpus Scriptorum Christianorum Orientalium 174, Scriptores Syri 78. E. Beck, ed. Louvain: Secrétariat du CorpusSCO, 1957.

*Des Heiligen Ephraem des Syrers Hymnen de Nativitate (Epiphania).* Corpus Scriptorum Christianorum Orientalium 186, Scriptores Syri 82. E. Beck, ed. Louvain: Secrétariat du CorpusSCO, 1959.

*Des Heiligen Ephraem des Syrers Hymnen de Ecclesia.* Corpus Scriptorum Christianorum Orientalium 198, Scriptores Syri 84. E. Beck, ed. Louvain: Secrétariat du CorpusSCO, 1960.

*Des Heiligen Ephraem des Syrers Sermones de Fide.* Corpus Scriptorum Christianorum Orientalium 212, Scriptores Syri 88. E. Beck, ed. Louvain: Secrétariat du CorpusSCO, 1961.

*Des Heiligen Ephraem des Syrers Carmina Nisibena I.* Corpus Scriptorum Christianorum Orientalium 218, Scriptores Syri 92. E. Beck, ed. Louvain: Secrétariat du CorpusSCO, 1961.

*Des Heiligen Ephraem des Syrers Hymnen de Virginitate.* Corpus Scriptorum Christianorum Orientalium 223, Scriptores Syri 94. E. Beck, ed. Louvain: Secrétariat du CorpusSCO, 1962.

*Des Heiligen Ephraem des Syrers Carmina Nisibena II.* Corpus Scriptorum Christianorum Orientalium 240, Scriptores Syri 102. E. Beck, ed. Louvain: Secrétariat du CorpusSCO, 1963.

*Des Heiligen Ephraem des Syrers Hymnen de Ieiunio.* Corpus Scriptorum Christianorum Orientalium 246, Scriptores Syri 106. E. Beck, ed. Louvain: Secrétariat du CorpusSCO, 1964.

*Des Heiligen Ephraem des Syrers Paschahymnen (De Azymis, De Crucifixione, De Resurrectione).* Corpus Scriptorum Christianorum Orientalium 248, Scriptores Syri 108. E. Beck, ed. Louvain: Secrétariat du CorpusSCO, 1964.

*Des Heiligen Ephraem des Syrers Sermones I.* Corpus Scriptorum Christianorum Orientalium 305, Scriptores Syri 130. E. Beck, ed. Louvain: Secrétariat du CorpusSCO, 1969.

*Des Heiligen Ephraem des Syrers Sermones II.* Corpus Scriptorum Christianorum Orientalium 311, Scriptores Syri 134. E. Beck, ed. Louvain: Secrétariat du CorpusSCO, 1970.

*Des Heiligen Ephraem des Syrers Sermones III.* Corpus Scriptorum Christianorum Orientalium 320, Scriptores Syri 138. Louvain: Secrétariat du CorpusSCO, 1972.

*Des Heiligen Ephraem des Syrers Hymnen auf Abraham Kidunaya und Julianos Saba.* Corpus Scriptorum Christianorum Orientalium 322, Scriptores Syri 140. E. Beck, ed. Louvain: Secrétariat du CorpusSCO, 1972.

*Des Heiligen Ephraem des Syrers Sermones IV.* Corpus Scriptorum Christianorum Orientalium 334, Scriptores Syri 148. E. Beck, ed. Louvain: Secrétariat du CorpusSCO, 1973.

*Des Heiligen Ephraem des Syrers Sermones in Hebdomadam Sanctum.* Corpus Scriptorum Christianorum Orientalium 412, Scriptores Syri 181. E. Beck, ed. Louvain: Secrétariat du CorpusSCO, 1979.

**Aphrahat**

*Aphraatis Sapientis Persae Demonstrationes.* Patrologia Syriaca Vols. I & II. J. Parisot, ed. Paris: Instituti Francici, 1894 & 1905.

**Jacob of Sarug**

*Homiliae Selectae Mar-Jacobi Sarugensis.* 5 vols. P. Bedjan, ed. Paris, Leipzig: Otto Harrassowitz, 1905-10.

*Iacobi Sarugensis Epistulae Quotquot Supersunt.* Corpus Scriptorum Christianorum Orientalium 110, Scriptores Syri 57. G. Olinder, ed. Louvain: Durbecq, 1952.

*Jakob von Sarug Drei Gedichte über Den Apostel Thomas in Indien.* W. Strothmann, ed. Wiesbaden: Otto Harrassowitz, 1976.

*Jacques de Saroug, Homélies contre les Juifs.* Patrologia Orientalis t. 38, fasc. 1, no. 174. M. Albert, ed. Turnhout: Brepols, 1976.

*Jacques de Saroug, Six Homélies Festivales En Prose.* Patrologia Orientalis t. 43, fasc. 4, no. 196. F. Rilliét, ed. Turnhout: Brepols, 1986.

*Jacques de Saroug, Quatre Homélies Métriques, sur la Création.* Corpus Scriptorum Christianorum Orientalium 508 & 509, Scriptores Syri 214-215. K. Alwan, ed. Louvain: Peeters, 1989.

**Philoxenos of Mabbug**

*The Discourses of Philoxenus, Bishop of Mabbogh, A.D. 485-519.* E. A. W. Budge, tr. London: Asher & Co., 1894.

*Sancti Philoxeni Episcopi Mabbugensis, Dissertationes Decem De Uno e Sancta Trinitate Incorporato et Passo.* Patrologia Orientalis tom. 15, fasc. 4, no. 75 (1920); tom. 38, fasc. 3, no. 176 (1977); tom. 39, fasc. 4, no. 181 (1979); tom. 40, fasc. 2, no. 183 (1980). M. Briére & F. Graffin, eds. Paris: Firmin-Didot, 1920-1982. [Vols. 2-5 have imprint Turnhout: Brepols]

*Philoxène de Mabbog, Lettre aux Moines de Senoun.* Corpus Scriptorum Christianorum Orientalium 231-232, Scriptores Syri 98-99. A. de Halleux, ed. Louvain: Secrétariat du CorpusSCO, 1963.

*Philoxène de Mabbog, Commentaire du Prologue johannique (Ms. Br. Mus. Ad. 14,534).* Corpus Scriptorum Christianorum Orientalium 380-381, Scriptores Syri 165-166. A. de Halleux, ed. Louvain: Secrétariat du CorpusSCO, 1977.

*Philoxenus of Mabbug, Fragments of the Commentary on Matthew and Luke.* Corpus Scriptorum Christianorum Orientalium 392-393, Scriptores Syri 171-172. J. W. Watt, ed. Louvain: Secrétariat du CorpusSCO, 1978.

**Narsai**

*Narsai Homiliae et Carmina.* 2 vols. A. Mingana, ed. Mosul, Iraq: Typis Fratrum Praedicatorum, 1905.

*The Liturgical Homilies of Narsai.* R. H. Connolly, tr. Cambridge: University Press, 1909.

*Homélies de Narsai sur la Création.* Patrologia Orientalis tom. 34, fasc. 3-4. P. Gignoux, ed. Turnhout: Brepols, 1968.

*Narsai's Metrical Homilies on the Nativity, Epiphany, Passion, Resurrection, and Ascension.* Patrologia Orientalis tom. 40, fasc. 1, no. 182. F. G. McLeod, ed. Turnhout: Brepols, 1979.

## SECONDARY SOURCES

Alwan, K. "Le 'Remzo' Selon La Pensée de Jacques de Saroug." *Parole de l'Orient* XV (1988/9): 91-106.

Baldock, J. *The Elements of Christian Symbolism.* Shaftesbury, Dorset: Elements, 1990.

Balthasar, H. U. von. *The Scandal of the Incarnation, Irenaeus Against the Heresies.* San Francisco: Ignatius Press, 1990.

Bardenhewer, O. *Patrology: The Lives and Works of the Fathers of the Church.* Freiburg: Herder, 1908.

Barsaum, Ignatius, Aphram I. *Histoire Abrégée de L'Eglise.* Homes, Syria: 1940.

———. *Histoire des Sciences et de la Littérature Syriaque.* Holland: St. Ephrem der Syrer Kloster, 1987.

Bayne, J. S. *Secret and Symbol.* Edinburgh: 1949.

Beggiani, S. J. *Early Syriac Theology with Special Reference to the Maronite Tradition.* Lanham, MD: University Press of America, 1983.

Bevan, E. *Symbolism and Belief.* London: G. Allen & Unwin, Ltd. 1938. [Reprinted. The Fontana Library, 1962.]

Bridge, A. C. *Images of God: An Essay on the Life and Death of Symbols.* London: Hodder & Stoughton, 1960.

Botte, B. "Post-baptismal Anointing in the Ancient Patriarchate of Antioch." In, *Studies on Syrian Baptismal Rites.* The Syrian Churches Series 6. J. Vellian, ed. Kottayam, India: J. Vellian, 1973.

Bou Mansour, T. *La Pensée Symbolique de Saint Ephrem le Syrien.* Bibliothèque de l'Université Saint-Esprit 16. Kaslik, Lebanon: Université Saint-Esprit, 1988.

———. *La Théologie de Jacques de Saroug, Tome I, Création, Anthropologie, Ecclésiologie et Sacraments.* Bibliothèque de l'Université Saint-Esprit 36. Kaslik, Lebanon: Université Saint-Esprit, 1993.

———. "*Étude de la Terminologie Symbolique chez Ephrem.*" *Parole de l'Orient* XIV (1987): 221-262.

———. "*Analyse de Quelques Termes Christologiques chez Ephrem.*" *Parole de l'Orient* XV (1988/9): 3-19.

Brock, Sebastian P. *The Harp of the Spirit: Twelve Poems of St. Ephrem.* Studies Supplementary to Sobornost 4. London: Fellowship of St. Alban & St. Sergius, 1975.

———. "World and Sacrament in the Writings of the Syrian Fathers." *Sobornost* 6:10 (1974): 685-96.

———. "The Mysteries Hidden in the Side of Christ." *Sobornost* 7:6 (1978): 464-72.

———. "The Poet as Theologian." *Sobornost* 7:4 (1977): 243-50.

———. *Syriac Perspectives on Late Antiquity.* London: Variorum Reprints, 1984.

———. *Studies in Syriac Spirituality.* The Syrian Churches Series 13. J. Vellian, ed. Kottayam, India: Jyothi Book House, 1988.

———. *The Luminous Eye: The Spiritual World Vision of St. Ephrem.* Rome: C.I.I.S., 1985. [Reprinted. Muvattupuzha-India.]

———. *St. Ephrem the Syrian, Hymns on Paradise.* Crestwood, NY: St. Vladimir's Seminary Press, 1990.

———. "The Poetic Artistry of St. Ephrem: An Analysis of H. Azym. III." *Parole de l'Orient* VI-VII (1975/6): 21-28.

———. "Baptismal Themes in the Writings of Jacob of Serugh." In, *Symposium Syriacum, 1976: célébré du 13 au 17 septembre 1976 au Centre culturel Les Fontaines de Chantilly, France.* Orientalia Christiana Analecta 205. Roma: Pontificium Institutum Orientalium Studiorum, 1978. 325-47.

———. *Studies in Syriac Christianity: History, Literature and Theology.* Hampshire, UK: Variorum, 1992.

Buckley, J. J. "On Being a Symbol." *Theological Studies* 40 (1979): 453-73.

Budge, E. A. W. *The Book of the Bee.* Anecdota Oxoniensa Semitic Series vol. I, part II. Oxford: Clarendon Press, 1886.

Burkitt, F. C. *Early Christianity Outside the Roman Empire.* London: Cambrige University Press, 1899.

———. *Evangelion da Mepharreshe: The Curetonian Version of the Four Gospels.* Cambridge: University Press, 1904.

Clément, O. *The Roots of Christian Mysticism.* Dublin: New City, 1993.

Chesnut, R. *Three Monophysite Christologies.* London: Oxford University Press, 1976.

Chirat, H. "Cross, Finding the Holy." In, *The New Catholic Encyclopedia*, Vol. 4. New York: McGraw-Hill, 1967. 479-82.

Chupungo A. J. "Symbolism and Liturgical Celebrations." In, *Symbolisme et Théologie.* Studia Anselmiana Philosophica Theologica 64. Rome: Anselmiana, 1974. 173-79.

Cook, R. *The Tree of Life: Symbol of the Centre.* Art and Imagination. London: Thames & Hudson, 1974.

Costaz, L. *Syriac English Dictionary.* Beyrouth: Imprimerie Catholique, 1963.

Cross, F. L., ed. *Oxford Dictionary of the Christian Church*, 2nd ed. London: Oxford University Press, 1963.

Cousins, E. "Models and the Future of Theology." *Continuum* 7 (1969): 78-92.

Daniélou, Jean. *Primitive Christian Symbols.* Compass Books. London: Burns & Oates, 1964.

———. *The Theology of Jewish Christianity.* The Development of Christian Doctrine Before the Council of Nicaea, Vol. 1. London: Darton, Longman & Todd, 1964.

———. "The Problem of Symbolism." *Thought* 25 (1950): 423-440.

———. *Sacramentum Futuri, Études sur les Origines de la Typologie Biblique.* Études de théologie historique. Paris: Beauchesne, 1950.

———. *From Shadows to Reality: Studies in Biblical Typology of the Fathers*. London: Burns & Oates, 1960.

Dillistone, F. W. *Traditional Symbols and the Contemporary World*. London: Epworth Press, 1973.

Eliade, Mircea. *Images and Symbols: Studies in Religious Symbolism*. Mission, KS: Sheed, Andrews & McMeel, 1961.

Falls, T., ed. *Saint Justin Martyr: The First Apology; The Second Apology; Dialogue With Trypho; Exhortation to the Greeks; Discourse to the Greeks; The Monarchy, or The Rule of God*. The Fathers of the Church, Vol. 6. Washington, D.C.: The Catholic University of America Press, 1977.

Fawcett, Th. *The Symbolic Language of Religion*. Minneapolis: Augsburg Publishing House, 1971.

Florovsky, G., *The Eastern Fathers of the Fourth Century*. Collected Works of Georges Florovsky, Vol. 7. Belmont, MA: Notable & Academic Books, 1987.

———. *Aspects of the Church History*. Collected Works of Georges Florovsky, Vol. 4. Belmont, MA: Nordland Publishing Company, 1975.

Forestell, J. T. *The Word of the Cross: Salvation as Revelation in the Fourth Gospel*. Analecta Biblica 57. Rome: Biblical Institute Press, 1974.

Gilkey, L. "Symbols, Meaning, and Divine Presence." *Theological Studies* 35 (June 1974): 249-67.

Glimm, F. X., J. M.-F. Marique, G. G. Walsh. *The Apostolic Fathers*. The Fathers of the Church, Vol. 1. Washington, D.C.: The Catholic University of America Press, 1969.

Graffin, F. "L'Eucharistie chez Saint Éphrem." *Parole de l'Orient* IV (1973): 93-116.

Guardini, R. *Sacred Signs*. St. Louis: Pio Decimo Press, 1956.

Guinan, M. "The Eschatology of James of Sarug." Ph.D. dissertation, The Catholic University of America, 1972.

Gwynn, J., tr. *A Select Library of Nicene and Post-Nicene Fathers of the Christian Church.* Second Series, Vol. XIII. P. Schaff & H. Wace, eds. Grand Rapids, MI: Eerdmans, 1969.

Hale, R. P. "Religious Symbols as Evocative of Insight: The Model of Method of Ewart Cousins." In, *Symbolisme et Théologie.* Studia Anselmiana Philosophica Theologica 64. Rome: Anselmiana, 1974. 71-90.

Harris, R. & A. Mingana, eds. *The Odes and Psalms of Solomon.* 2 vols. New York: Longmans Green & Company, 1916-1920.

Hengel, M. *Earliest Christianity.* J. Bowden, tr. London: SCM Press, 1986.

———. *Crucifixion in the Ancient World and the Folly of the Message of the Cross.* J. Bowden, tr. Philadelphia: Fortress Press, 1977.

Harkins, P., tr. *Saint John Chrysostom, Discourses Against Judaizing Christians.* The Fathers of the Church, Vol. 68. Washington, D.C.: The Catholic University of America Press, 1979.

Ibrahim, G. Y. "Mar Yacoub As-Sarouji'." *The Patriarchal Journal of the Syrian Orthodox Patriarchate* [Damascus] 131-132 (January-February 1994): 20-36.

Iwas, Ignatius Zakka I, Patriarch. *Seerat Mar Aphram Al-Syriani.* Cairo: 1990.

Jacob, Ignatius III. *History of the Syrian Church of Antioch.* Losser, Holland: Bar Hebraeus Verlag, 1989.

———. *Hibat Al-Iman Au Almalfan Mar Yacoub as-Sarouji.* Damascus: 1971.

Jung, C. G. *Man and His Symbols.* London: Aldus Books Ltd., 1964.

El Khoury, Nabil, "The Use of Language by Ephraim the Syrian." In, *Studia Patristica, Vol. XV-XVI: Papers Presented to the Seventh International Conference on Patristic Studies Held in Oxford, 1975.* E. A. Livingstone, ed. Berlin: Akademie-Verlag, 1985. 93-99.

Labourt, Jérome. "Ephraem." In, *The Catholic Encyclopedia*, Vol. V. New York: Appleton, 1909.

Lack, R. "L'Image Symbolique Littéraire dans la Bible." In, *Symbolisme et Théologie*. Studia Anselmiana Philosophica Theologica 64. Rome: Anselmiana: 1974. 137-149.

Lawler, M. *Symbol and Sacrament: A Contemporary Sacramental Theology*. New York: Paulist Press, 1987.

Leclercq, H. "Croix (Sign de la)." In, *Dictionnaire d'Archéologie Chrétienne et de Liturgie*, 3. Paris: Letouzey et Ané, 1914. 3139-3144.

Leloir, L. *Doctrines et Méthodes de S. Ephrem d'après son Commentaire de l'Évangile concordant (originale syriaque et version arménienne)*. Corpus Scriptorum Christianorum Orientalium 220, Scriptores Syri 18. Louvain: Secrétariat du CorpusSCO, 1961.

———. *Saint Ephrem: Commentaire de l'évangile concordant, Text Syriaque (MS Chester Beatty 709)*. Chester Beatty Monographs 8. Dublin: Hodges Figgis, 1963.

———. *Ephrem de Nisibe, Commentaire de l'Évangile concordant ou Diatessaron, traduit du syriaque et de l'arménien*. Sources Chrétiennes 121. Paris: Éditions du Cerf, 1966.

Levene, A. *The Early Syrian Fathers on Genesis*. London: Taylor's Foreign Press, 1951.

Lonergan, B. *Method in Theology*. London: Darton Longmans & Todd, 1972.

Lubac, Henri de. *Aspects du Bouddhisme*. La sphere et la croix. Paris: Éditions du Seuil, 1951.

McCauley, L. & A. Stephenson. *The Works of Saint Cyril of Jerusalem*. 2 vols. The Fathers of the Church, Vol. 64. Washington, D.C.: The Catholic University of America Press, 1970.

Maritain, J. "Sign and Symbol." *Journal of the Warburg Institute* I (1937): 1-11.

Macquarrie, J. *Principles of Christian Theology*. London: SCM, 1977.

McVey, Kathleen E. *Ephrem the Syrian, Hymns*. New York: Paulist Press, 1989.

Miller, J. H. "Cross." In, *The New Catholic Encyclopedia*, Vol. 4. New York: McGraw-Hill, 1967. 433-479.

———. "Crucifix." In, *The New Catholic Encyclopedia*, Vol. 4. New York: McGraw-Hill, 1967. 485.

Moltmann, J. *The Crucified God: The Cross of Christ as the Foundation and Criticism of Christian Theology*. 2nd ed. London: SCM, 1973.

Morris, L. *The Cross in the New Testament*. England: Paternoster Press, 1965.

Murray, Robert S.J. "Ephrem Syrus, St." In, *A Catholic Dictionary of Theology*, Vol. II. London: Nelson, 1967. 220-223.

———. "'The Lance Which Re-opened Paradise', a Mysterious Reading in the Early Syriac Fathers." *Orientalia Christiana Periodica* 39 (1973): 224-234, 491.

———. "The Theory of Symbolism in St. Ephrem's Theology." *Parole de l'Orient* VI-VII (1975/6): 1-28.

———. "A Hymn of St. Ephrem to Christ." *Sobornost* New Series 1, No. I (1979): 39-50

———. *Symbols of Church and Kingdom: A Study in Early Syriac Tradition*. London: Cambridge University Press, 1975.

Payne Smith, J., ed. *A Compendious Syriac Dictionary founded upon the Thesaurus Syriacus of R. Payne Smith*. Oxford: Clarendon Press, 1903.

O'Rahilly, A. *The Crucified*. Dublin: The Kingdom, 1985.

Ortiz de Urbina, I. "Aphraates." In, *The New Catholic Encyclopedia*, Vol. 1. New York: McGraw-Hill, 1967. 653-654.

Rahner, K. "The Theology of the Symbol." In, *Theological Investigations*, Vol. 4. London: Darton, Longman & Todd, 1966. 221-252.

Reinink, G. J. "Ps-Methodius: A Concept of History in Response to the Rise of Islam." In, *The Byzantine and Early Islamic Near East*. Studies in Late Antiquity and Early Islam 1. A. Cameron & L. Conrad, eds. Princeton, NJ: The Darwin Press, 1992.

Richter, K. *The Meaning of the Sacramental Symbols, Answers to Today's Questions*. Collegeville, MN: Liturgical Press, 1990.

ܒܝܬ ܡܪܕܘܬܐ

ܕܡܠܦܢܐ ܓܘܪܓܝܣ ܒܪ ܐܢܛܘܢ ܕܒܝܬ ܟܝܪܐܙ

# Ex Libris

## Beth Mardutho Library

**The Malphono George Anton Kiraz Collection**

ܟܠ ܐܢܫ ܕܫܐܠ ܠܗ ܠܟܬܒܐ ܗܢܐ ܡܢ ܒܝܬ ܐܪܒܐ
ܐܘ ܦܣܩ ܡܢܗ ܡܕܡ ܢܗܘܐ ܡܫܬܐܠ ܩܕܡ ܒܝܡܐ
ܘܕܚܝܠܐ ܡܢ ܒܢ̈ܝ ܡܠܟܝܐ ܘܫܒܩܐ ܕܢܣܒ ܢܟܠ ܘܐܢ
ܠܡܠ ܠܗ ܫܒܩܐ ܠܐ ܢܣܒ ܢܗܘܐ ܠܗ ܫܒܩܐ ܥܡܠ
ܥܕܡܐ ܕܢܬܗܦܟ ܠܗ ܠܕܘܟܬܗ܀

Anyone who asks for this volume, to read, collate, or copy from it, and who appropriates it to himself or herself, or cuts anything out of it, should realize that (s)he will have to give answer before God's awesome tribunal as if (s)he had robbed a sanctuary. Let such a person be held anathema and receive no forgiveness until the book is returned. So be it, Amen! And anyone who removes these anathemas, digitally or otherwise, shall himself receive them in double.

പൂർവിക സുറിയാനി പിതാക്കന്മാരുടെ രചനകളെ അടിസ്ഥാനമാക്കി കുരിശിന്റെ പ്രതീകങ്ങളെക്കുറിച്ച് പരിശുദ്ധ ഇഗ്നാത്യോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ നടത്തിയ ഗവേഷണ പഠനങ്ങളുടെ സമാഹരണമാണ് ഈ കൃതി. സുറിയാനി ഭാഷയിലെ ഏറ്റം വിശ്രുതനായ കവിയും വേദജ്ഞനുമായ എഡേസ്സായിലെ മോർ അപ്രേമിന്റെ ജീവിതവും രചനകളും അടിസ്ഥാനമാക്കിയിരിക്കുന്നു എന്നുള്ളത് ഈ കൃതിയുടെ പ്രത്യേകതയാണ്. അദ്ദേഹത്തിന് ശേഷമുള്ള പ്രമുഖ സുറിയാനി പണ്ഡിതന്മാരുടെ രചനകളും ഈ കൃതിയുടെ രചനയ്ക്ക് അടിത്തറയാണ്. അമേരിക്കയിലെ ജോർജിയസ് പ്രസ് പ്രസിദ്ധീകരിച്ചിട്ടുള്ള ഈ കൃതി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത് ജേക്കബ് വർഗീസ് മാന്നാകുഴിയിലാണ്. ഡോ. കുര്യാക്കോസ് കോറെപ്പിസ്കോപ്പാ മൂലയിൽ സംശോധന ചെയ്ത് മോർ ആദായി സ്റ്റഡി സെന്റർ പ്രസിദ്ധീകരിക്കുന്ന ഈ കൃതി സഭാപഠിതാക്കൾക്ക് വളരെ പ്രയോജനം ചെയ്യും.


FRIENDS OF ANTIOCH

## Our Mission

Trust in God and the holy apostolic faith of the Syriac Orthodox Church,
firm unflinching loyalty to the Holy throne of Antioch, promote our rich traditions and customs and serve in Christ's love..

FAITH

Declare & promote our unshakable trust and faith in one true God and share with the world His love and life giving good news, taught by the one holy and catholic Syriac Orthodox Church.

STUDY

Study and spread the exalted & praiseworthy Syrian Orthodox prayers, traditions, rites and customs amongst the faithful, which were hitherto not readily available to all.

SERVICE

To serve the society by upholding Christ's love and providing services to the less privileged brethren, for the glorification of our Lord and the enrichment of our Christian life.

www.friendsofantioch.org www.facebook.com/friendsofantioch/